
The Book-a-month Club

Series 4 - No. 3. March



ആധുനിക നേതാക്കന്മാർ 2

THE
BOOK-A-MONTH
ERNAKULAM

Series IV No. 3

★

THEY LIVED THE FAITH

By THOMAS P. NEILL, PH. D.
Professor of History, St. Louis University, U. S. A.

★

Translated by

Rev. Dr. THOMAS MOOTHEDAN, M. A., D. D.,
Vice Principal, Nirmala College, Muvattupuzha

Presented to the Echo Catholicæ,
By the Rev. Fr. Jamarius, T.O.C.D.

MARCH 1956

All Rights Reserved
Book-A-Month Club, Ernakulam
First Edition, March 1956

With the kind permission of Thomas P. Neill PH. D., and The Bruce Publishing Company, Milwaukee, U. S. A.

Printed at the I. S. Press, Ernakulam, and Published by K. P. Ittyerah, Secretary, Book-A-Month Club, Ernakulam.

Cum permissu Superiorum

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

●

ആധുനിക നേതാക്കന്മാർ


(രണ്ടാം ഭാഗം)

●

LR
നാ 92

മൂലഗ്രന്ഥകാരൻ

ഫാദർ തോമസ് പി. നെയിൽ, പിഎച്ച്. ഡി.



പരിഭാഷകൻ :

റവ. ഡോക്ടർ തോമസ് മൂത്തേടൻ, എം. എ., ഡി. ഡി.

ഉള്ളടക്കം

ഫ്രെഡറിക്ക് ഒസാനാം — 1

ജോസഫ് ഗോറെസ്സ് — 47

ഡൊണോസോ കോർട്ടെസ്സ് — 90

ചാൾസ് മോണ്ടലമ്പെർ — 140

ആധുനിക നേതാക്കന്മാർ

(രണ്ടാം ഭാഗം)

പ്രസ്താവന

വിപ്ലവപരമായ മാറ്റങ്ങൾക്കും, സാമ്പത്തികമായ അധഃപതനത്തിനും, വിപരീതങ്ങളായ പുതിയസിദ്ധാന്തങ്ങൾക്കും കളമൊരുക്കി ആഞ്ഞടിച്ചിരുന്ന 19-ാം നൂറ്റാണ്ടിൽ, കത്തോലിക്കാസഭയുടെ നിലനില്പിനും പുരോഗതിക്കും വേണ്ടി, സഭയുടെ സേവനത്തിനായി, തങ്ങളുടെ സമയവും കഴിവുകളും പരമാവധി ഉപയോഗിച്ച 13 അൽമായനേതാക്കന്മാരുടെ ചരിത്രമാണ് They Lived the Faith എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഈ ജീവചരിത്രസംഗ്രഹങ്ങളിൽ ഡാനിയൽ ഒക്കോണൽ, പൌളിൻ മേരി ഷാരിക്കോ, ജോസഫ് ഡമയിസ്സർ എന്ന മൂന്നെണ്ണം ഒന്നാംഭാഗത്തിൽ ചേർത്തിരുന്നു. ഫ്രാൻസ് മോണ്ടലമ്പെർ, ഫ്രെഡറിക്ക് ഒസാനാം, ജോസഫ് ഗോറെസ്സ്, ഡൊണോസോ കോർട്ടെസ്സ് എന്ന നാലെണ്ണം ഈ രണ്ടാംഭാഗത്തിൽ ചേർത്തിരിക്കുന്നു. വിന്തോഴ്സ്റ്റ്, ഗാർസ്യാ മൊരേനോ, ആൽബർട്ട് ഡംമൂൺ, ഓറെസ്റ്റെസ് ബ്രൗൺസൺ, ലൂയി വോയിലോ, വിൽഫ്രിഡ് വാർഡ് എന്ന ആറു ചരിത്രസംഗ്രഹങ്ങളും അനന്തരഭാഗമായി പ്രസിദ്ധപ്പെടുത്തുന്നതാണ്.


തന്റെ ചരിത്രനായകന്മാർ സഭയ്ക്കും സമുദായത്തിനും ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളുടെ വൈപുല്യം വിശദമാക്കുന്നതിനായി പത്തൊൻപതാംനൂറ്റാണ്ടിന്റെ രാഷ്ട്രീയവും സാമൂഹ്യവും മതാത്മകവുമായ പശ്ചാത്തലം ഭംഗിയായി വിവരിച്ചുകൊണ്ടു മൂലഗ്രന്ഥകാരനായ, അമേരിക്കയിലെ സെൻറ് ലൂയി സർവ്വകലാശാലാ ചരിത്രപ്രൊഫസർ, ഫാദർ തോമസ് പി. നെയിൽ വിജ്ഞേയമായ ഒരു ഉപോദ്ഘാതം എഴുതിച്ചേർത്തിട്ടുണ്ട്. ഈ ഉപോദ്ഘാതത്തിന്റെ പരിഭാഷ ഒന്നാംഭാഗത്തിൽ (പുറം 1-23) ചേർത്തിരിക്കുന്നു. അതുപോലെതന്നെ ഗ്രന്ഥത്തെ രാഷ്ട്രീയം, സാമൂഹ്യം, മാനസികം എന്ന മൂന്നായി വിഭജിച്ചാണ് പ്രതിപാദിച്ചിരിക്കുന്നതു്. ഓരോ വിഭാഗത്തിനും പ്രത്യേകമായി ഓരോ മുഖവുരയും അനുബന്ധിച്ചിരി

ക്കുന്നു. രാഷ്ട്രീയ സമീപനം (പുറം 24–33), സാമുദായിക സമീപനം (പുറം 89–97), മാനസീക പ്രവർത്തനം (പുറം 140–152) എന്ന അധികരണത്തിലുള്ള പ്രസ്തുത മുഖവുരകളും ഒന്നാംഭാഗത്തിൽ ചേർത്തിട്ടുണ്ട്. ഈ രണ്ടാംഭാഗം വായിക്കുന്നതിനു മുൻപു പ്രസ്തുത പ്രവേശകങ്ങൾകൂടി വായിച്ചിരിക്കുന്നതു നല്ലതാണു്.

ചരിത്രപരമായ സത്യങ്ങൾ വെളിച്ചത്തുകൊണ്ടുവരിക, സഭയുടെ അവകാശസംരക്ഷണത്തിൽ കത്തോലിക്കാ അൽമേനികർ നിർവ്വഹിച്ചിരിക്കുന്ന സേവനങ്ങൾ ചൂണ്ടിക്കാണിക്കുക; മുതലായ ലക്ഷ്യങ്ങൾ മുൻനിർത്തിയാണു മൂലഗ്രന്ഥകാരൻ ഗ്രന്ഥനിർമ്മാണംചെയ്തിരിക്കുന്നതു്. കത്തോലിക്കാപ്രവർത്തനം ജീവിതലക്ഷ്യമായി അംഗീകരിച്ചിരുന്ന പ്രശസ്ത നേതാക്കന്മാരായിരുന്ന ഈ അൽമായപ്രമുഖർ. അവരുടേതിനു തുല്യമായ പരിതസ്ഥിതികളോടുകൂടിയ ഇന്നു്, അവരെപ്പോലെയുള്ള നിസ്വാർത്ഥരായ അൽമായനേതാക്കന്മാർ സഭയ്ക്കു് അത്യന്താപേക്ഷിതമായിരിക്കുന്നു. സഭാസേവനത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുവാൻ ഇന്നത്തെ അൽമേനികർക്കു് ഒരു പ്രചോദനവും മാതൃകയുമായിരിക്കട്ടെയെന്നുള്ള ഉദ്ദേശ്യവും ഈ പുസ്തകരചനയിൽ മൂലഗ്രന്ഥകാരനുണ്ടായിരുന്നു. അതേ ലക്ഷ്യങ്ങൾ മുൻനിറുത്തിത്തന്നെയാണു് ഇതു മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയിട്ടുള്ളതും. ആരെങ്കിലും ഇതു പാരായണംചെയ്തു സേവനതല്പരരായിത്തീരുവാൻ സന്ദർഭം വരുത്തുന്നെങ്കിൽ, പ്രതിമാസഗ്രന്ഥക്ലബ്ബും പരിഭാഷകനും കൃതാർത്ഥരാകും.

ഫാദർ തോമസ് മൂത്തേടൻ

നിർമ്മലാകോളേജ്
മൂവാറ്റുപുഴ
8—9—1955



ഫ്രെഡറിക്കു് ഒസാനാം

1813 ഏപ്രിൽ 23–ാംനു- അർദ്ധരാത്രി ലിയോൺസ് നഗരിയിൽ ഷാരിക്കോഭവനത്തിനു സമീപം അന്റോയിൻ ഫ്രെഡറിക്കു് ഭ്രജാതനായി. ജോൺ അന്റോയിൻ ഒസാനാം എന്നായിരുന്നു പിതാവിന്റെ പേർ. അന്റോയിൻ ഒസാനാമിന്റെ മറ്റു പത്തുമക്കളെപ്പോലെ ഫ്രെഡറിക്കും ശിശുപ്രായത്തിൽത്തന്നെ മരിക്കാഞ്ഞതു സാധുജനങ്ങളുടേയും തിരുസ്സഭയുടേയും ഭാഗ്യാതിരേകമായി. ജീവിതസരണിയിൽ ഉപവിപ്രവൃത്തികൾക്കു സ്ഥാനം നല്കുവാൻ അതീവവിമുഖമായിരുന്ന ഒരു ശതാബ്ദത്തിൽ സ്നേഹത്തിന്റെ മന്ദാനിലൻ വീശുവാൻ ഫ്രെഡറിക്കു

ജീവിച്ചിരുന്നതു് ഒരു മഹാനുഭാവനെന്നു. മിശിഹാ യിൽ തന്റെ സ്നേഹിതന്മാരായിട്ടാണു സാധുജന ങ്ങളെ അദ്ദേഹം വീക്ഷിച്ചതു്. അതുകൊണ്ടു് അവർക്കു വേണ്ടി അദ്ദേഹം പ്രയത്നിച്ചു. സമകാലികന്മാർ സാധുജനങ്ങളെ വ്യർത്ഥികെട്ട ജന്തുക്കളായി തിരസ്കരി ക്കുകയും, അസൌകര്യവും ചെലവും കഴിയുന്നതു കുറച്ചു വഹിക്കേണ്ട ഒരു അനുപേക്ഷണീയഭാരമായി അവരെ പരിഗണിക്കുകയും ചെയ്തിരുന്ന കാലത്താണു് ഒസാ നാം ഇപ്രകാരം ചെയ്തതു്.

തിരുസ്സഭയുടെ ശത്രുക്കളെക്കൂടി ഒസാനാം സ്നേഹിച്ചിരുന്നു. അവരുടെ ചിന്താഗതി മനസ്സി ലാക്കി അവരോടു് അനുകമ്പാപൂർവ്വം പ്രവർത്തിക്കുകയും, അവർക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുകയും ചെയ്തു. എന്നാൽ സമകാലികന്മാർ ദൈവത്തെ സ്തുതിച്ചിരു ന്നതു് ഇടത്തുട്ടുകാരെ കഠിനമായി വിമർശിച്ചുകൊ ണ്ടാണു്. പത്തൊമ്പതാം ശതാബ്ദത്തിൽ ക്രിസ്തുനാഥ നുവേണ്ടി അടരാടിയ മോണ്ടാലമ്പെർ വിന്തോ ഴ്സ്റ്റും ദൈവത്തിന്റെയും സത്യത്തിന്റെയും കുരിശ്ശുയോദ്ധാക്കളാണെങ്കിൽ, ഒസാനാം ദുഃഖിതരെ ആശ്വസിപ്പിക്കുവാനും, ക്ഷതരെ ശുശ്രൂഷിക്കുവാനും, അവരുടെ ലൗകികവും ആത്മീയവുമായ ആവശ്യങ്ങൾ നിറവേറുവാനുമായി എവിടേയും പറന്നെത്തിയി രുന്ന ഒരു നല്ല സമരിയാക്കാരനാണു്. കുരിശ്ശുയോദ്ധാ ക്കളായ സമകാലികർ നിശിതമായ ഖഡ്ഗംകൊണ്ടു നേടിയതിനേക്കാൾ കൂടുതൽ വിജയങ്ങൾ ഒരു കോപ്പ വെള്ളംകൊണ്ടു് ഈ നല്ല സമരിയാക്കാരൻ നേടി യെന്നു് ആർക്കാണു് അറിയുവാൻ പാടില്ലാത്തതു്? അങ്ങനെ വിചാരിക്കുവാൻ ചരിത്രപരമായ ലക്ഷ്യ ങ്ങൾ സുലഭമാണു്.

തക്കസമയത്തു തക്കസ്ഥാനത്തു യുവാവായ ഒസാനാമിനെ ദൈവം നിയോഗിച്ചയച്ചു. തൊഴിലാളികൾ വിയർപ്പൊലിച്ചു് അദ്ധ്വാനിച്ചിരുന്ന ഒരു വ്യവസായനഗരമായിരുന്നു ലിയോൺസ്. തലസ്ഥാനനഗരത്തിൽനിന്നു പടയാളികൾ വന്നു തൊഴിലാളികളെ അടിച്ചു വീഴിക്കുകയോ, വെടിവച്ചു കൊല്ലുകയോ ചെയ്തിരുന്ന രംഗങ്ങൾ ലിയോൺസിൽ വളരെയായിരുന്നു. വ്യവസായജീവിതത്തിന്റെ ഇരുണ്ട വശം ദർശിച്ച ഒരു നഗരമായിരുന്നു ലിയോൺസ്. ഫാക്ടറി സമ്പ്രദായത്തിനു് അകമ്പടിയായി നിന്നിരുന്ന ശത്രുതയും ദുരിതവും എരിപൊരിക്കൊണ്ടിരുന്ന ആ പട്ടണത്തിൽ. ലിയോൺസിലെ ബഹുഭ്രൂരിപക്ഷത്തിനുണ്ടായിരുന്ന ദാരിദ്ര്യമോ, ഷാരിക്കോ കുടുംബത്തിനുംമറവും ഉണ്ടായിരുന്ന സുഭിക്ഷതയോ ഒസാനാം കുടുംബത്തിനുണ്ടായിരുന്നില്ല. ഏഴാം ശതാബ്ദത്തിൽ കത്തോലിക്കാസഭയിലേക്കു പ്രവേശിച്ച ഫോസാനാം എന്നൊരു യഹൂദകുടുംബത്തിൽനിന്നാണു ഫ്രെഡറിക്കിന്റെ ഉൽപത്തി. പല ഗണിതശാസ്ത്രജ്ഞന്മാരേയും സന്ന്യാസികളേയും പ്രൊഫസർമാരേയും ലോകത്തിനു നല്കി പ്രസിദ്ധി സമാർജ്ജിച്ചിട്ടുള്ള ഒരു കുടുംബമായിരുന്നു അതു്. ഫ്രെഡറിക്കിന്റെ പിതാവു് ഒരു ഭിഷഗ്വരൻ എന്ന നിലയിലും, ധർമ്മിഷ്ഠൻ എന്ന നിലയിലും ലിയോൺസിലെങ്ങും പ്രസിദ്ധി സമാർജ്ജിച്ചിരുന്നു. മാനസികസംസ്കാരത്തിനും ക്രിസ്തീയസുകൃതങ്ങൾക്കും പ്രശസ്തിയുണ്ടായിരുന്ന അദ്ദേഹത്തിന്റെ അമ്മയ്ക്കു്. അങ്ങനെ സൊർബോണിൽ അദ്ധ്യാപകജോലി നോക്കുന്നതിനും, പാരീസിൽ ഉപവിപ്രവൃത്തികൾ ചെയ്യുന്നതിനും വേണ്ട ശിക്ഷണം ഫ്രെഡറിക്കിനു വീട്ടിൽനിന്നുതന്നെ ലഭിച്ചിരുന്നു. മാതാപി

താക്കന്മാരുടെ ശ്രദ്ധാപൂർവ്വമായ മേലനേഷണത്തിൽ നല്ല പുസ്തകങ്ങളും മധുരഗാനങ്ങളും സഖാക്കളായി, സമൃദ്ധവും സാന്മാർഗ്ഗികവുമായ അന്തരീക്ഷത്തിൽ, അവൻ വളർന്നുവന്നു.

തന്റെ രണ്ടാമത്തെ പുത്രൻ ഒരു അഭിഭാഷകനാകണമെന്നായിരുന്നു ഡോക്ടർ ഒസാനാമിന്റെ താല്പര്യം. അഭിഭാഷകവൃത്തിയിൽ ഫ്രൈഡറിക്കിനു പ്രത്യേക സന്തുഷ്ടിയൊന്നും തോന്നിയില്ലായിരുന്നുവെങ്കിലും, അനുസരണാശീലനായ സുതനെന്നനിലയിൽ പ്രസ്തുത ജോലിക്കായിത്തന്നെ അവൻ ഒരുങ്ങി. കലാലയങ്ങളിൽ സാധാരണമായി അഭ്യസിപ്പിച്ചിരുന്ന ഗണിതശാസ്ത്രം, പ്രസംഗകല, തത്വശാസ്ത്രം മുതലായ വിഷയങ്ങൾക്കുപുറമെ ജർമ്മൻ, ലത്തീൻ, ഗ്രീക്കു്, ഇംഗ്ലീഷ്, ഹീബ്രൂ എന്നീ ഭാഷകൾകൂടെ അവൻ പഠിച്ചു. ഈ ഭാഷകളിലും സ്വദേശഭാഷകളായ ഫ്രഞ്ചിലും ഇറ്റാലിയനിലുമുള്ള പാണ്ഡിത്യം വഴി ലോകസാഹിത്യത്തിൽ വിശിഷ്ടമായവ സമസ്തവും പരിചയപ്പെടുവാൻ അവനു കഴിഞ്ഞു. അങ്ങനെ പതിനേഴാമത്തെ വയസ്സിൽ ലിയോൺസിലെ റോയൽ കോളേജിലെ ബിരുദം അവൻ നേടുകയും, നിയമപഠനത്തിനു് ഒരുക്കമായ വിജ്ഞാനം കരസ്ഥമാക്കുകയും ചെയ്തു.

സർവ്വകലാശാലയിലെ പഠനം ആരംഭിക്കുവാൻ ഫ്രൈഡറിക്കിനു് ഇനിയും പ്രായമായില്ലെന്നു തോന്നുകയാൽ, സ്ഥലത്തെ ഒരഭിഭാഷകന്റെകൂടെ അവൻ ഒരു കൊല്ലം പരിശീലനം നടത്തട്ടെയെന്നു പിതാവു നിശ്ചയിച്ചു. അഭിഭാഷകവൃത്തിക്കു് ഒരഭിരുചിയും തനിക്കില്ലെന്നു് അവിടെവച്ചു് അവൻ മനസ്സി

ലാക്കി. അക്കാലത്തുതന്നെയാണു പല ഇരുണ്ട സംശയങ്ങളും അവന്റെ മനസ്സിൽ സ്ഥലംപിടിച്ചതു്. യൗവനകാലത്തെ പഠനവിജയങ്ങൾവഴിയുണ്ടാകുന്ന ഒരു സാധാരണപ്രലോഭനമാണു മനസ്സിന്റെ അഹങ്കാരം. ആ പൈശാചികവാസനയിൽനിന്നുൽഭൂതമായ സന്ദേഹങ്ങൾ കുറേമാസം അവന്റെ ഹൃദയത്തിൽ വേരുന്നിനിന്നു. തമോനിബിഡമായ ആ കാലങ്ങളിൽ ഫ്രെഡറിക്കിനെ സുരക്ഷിതമായി നയിച്ചുപോന്നതു ഫാദർ നോയിറോയാണു്. ഈ അന്ധകാരഘട്ടത്തിൽനിന്നു് അവസാനം അവൻ ബഹിർഗ്ഗമിക്കുകയും, മറുവശത്തു വിശ്വാസത്തിന്റെ താഴ്വരയിൽ സൂര്യൻ ഉദിച്ചുനില്ക്കുന്നതു് അവൻ കാണുകയും ചെയ്തു. തങ്ങൾക്കു പുറമേ ഒരു ദൈവമുണ്ടോ, തങ്ങളുടെ മനസ്സിന്റെ വ്യാപ്തിയിൽ കവിഞ്ഞ ഒരു സത്യമോ വിജ്ഞാനമോ ഉണ്ടോ, എന്നു സംശയിക്കുന്ന പല യുവാക്കളേക്കാൾ കൂടുതലായി അവൻ സഹിച്ചു. വളരെ മൃദുലമായ പ്രകൃതിയായിരുന്നതിനാൽ അവന്റെ ക്ലേശം സൂക്ഷ്മമായിരുന്നു. ഈ സംശയഘട്ടം ധാർമ്മികപ്രേഷിതത്വത്തിനു ഫ്രെഡറിക്കിനെ ഒരുക്കുകയാണു ചെയ്തതു്; കാരണം, കത്തോലിക്കാസഭയെ വിമർശിക്കുന്നവരുടെ ആത്മാക്കൾ അനുഭവിക്കുന്ന വേദന അനുകമ്പാപൂർവ്വം വീക്ഷിക്കുന്നതിനു് അവനു കഴിഞ്ഞു. യൗവനകാലത്തുണ്ടായ ഈ പ്രലോഭനങ്ങൾ നിമിത്തം, ക്രിസ്തുവിന്റെ സഭയെ എതിർത്തിരുന്നവരെ മറു കത്തോലിക്കർ പിശാചസന്താനങ്ങളായി സംതൃജിച്ചപ്പോൾ, ആ ശത്രുക്കളുടെയിടയിൽ കാരുണ്യക്ഷമമായി പ്രേഷിതവൃത്തിചെയ്യുന്നതിനു് ഒസാനാമിനു കഴിഞ്ഞു. ലാമർട്ടിൻ ഒസാനാമിനെപ്പറ്റി എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്: "ഒരാൾ അദ്ദേഹ

ത്തോട്ട വിയോജിച്ചേക്കാമെങ്കിലും വൈരാഗ്യമൊന്നും തോന്നുകയില്ല; കാരണം അദ്ദേഹത്തിന്റെ പ്രകൃതി മധുരമാണ്. അദ്ദേഹത്തിന്റെ അഭിപ്രായസഹിഷ്ണുത ഒരു വിട്ടുവീഴ്ചപോലെ തോന്നുകയില്ല; പ്രത്യുത ബഹുമാനാദരംപോലെ തോന്നും."

1830–ലേയും 1831–ലേയും വിപ്ലവത്തിൽ സെയിൻറ് സിമോണിയനിസത്തെപ്പറ്റി പ്രസംഗിച്ചിരുന്നവർ ലിയോൺസിലുമെത്തി. പ്രസ്തുത "ഇസം" തിരുസ്സഭയ്ക്കും രാഷ്ട്രത്തിനുമെതിരായ ഒരു വിചിത്രതരം സോഷ്യലിസം ആകകൊണ്ടും, അവയ്ക്കു പകരം സുസംഘടിതമായ ഒരു യൂട്ടോപ്പിയാ സ്ഥാപിക്കാമെന്നു വാഗ്ദാനംചെയ്തിരുന്നതുകൊണ്ടും, അവരുടെ ചരക്കുകൾ ചിലതു നഗരത്തിലെ തൊഴിലാളികളുടെ ഇടയ്ക്കു വിറ്റഴിക്കുവാൻ അവർ പ്രയത്നിച്ചു. ലിയോൺസിൽ അവർ ചെയ്ത പ്രസംഗങ്ങൾക്കു പ്രത്യാഖ്യാനമായി, പതിനെട്ടുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന, ഫ്രെഡറിക്ക് ഒരു ചെറിയ പുസ്തകമെഴുതി. നൂറുപക്ഷത്തോളമുണ്ടായിരുന്ന ആ പുസ്തകത്തിന്റെ പേരു്, "സെയിൻറ് സൈമന്റെ തത്വങ്ങളെപ്പറ്റി ചില ചിന്തകൾ" എന്നായിരുന്നു. അന്നു ജീവിച്ചിരുന്ന പ്രഗത്ഭബുദ്ധികളായ ലാമർട്ടിൻ, ലമെന്നേ, ഷറോബ്രിയൻ തുടങ്ങിയ പലരുടേയും ശ്രദ്ധയെ ആ ചെറുപുസ്തകം ആകർഷിച്ചു. അവരെല്ലാവരും അതിനെ അത്യധികം പ്രശംസിക്കുകയുണ്ടായി.

വേറൊരു കാരണത്തെ അടിസ്ഥാനപ്പെടുത്തി ഒസാനാമും ആ പുസ്തകത്തിനു വിലകല്പിച്ചു. അക്കാലത്തു് ഒരു കസിനു് അദ്ദേഹം എഴുതിയതു് ഇപ്രകാരമാണു്: "എന്റെ ജീവിതത്തിൽ ഞാൻ ചെയ്യുവാനു

ദ്ദേശിക്കുന്ന സംഗതികളുടെ ഒരു സമാഹാരം ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളതുകൊണ്ടാണ് ഈ ചെറു പുസ്തകം എനിക്ക് ഇഷ്ടപ്പെട്ടിരിക്കുന്നതു്." പതിനെട്ടു വയസ്സിൽത്തന്നെ പല വോള്യങ്ങളുള്ള ഒരു വലിയ പുസ്തകം എഴുതുവാൻ അദ്ദേഹം നിശ്ചയിച്ചു. "മനുഷ്യ വർഗ്ഗത്തിന്റെ വിശ്വാസസംഹിതകളുടേയും പാരമ്പര്യങ്ങളുടേയും സാവ്വത്രികതയിൽനിന്നു കത്തോലിക്കാവിശ്വാസത്തിനുള്ള തെളിവുകൾ" എന്ന പേരും കൂടി ആ ചെറുപ്രായത്തിൽത്തന്നെ തീരുമാനിച്ചുവച്ചിരുന്നു. ഭാവി മുഴുവനും ആ മഹാഗ്രന്ഥം രചിക്കുന്നതിനു് ഉഴിഞ്ഞുവെക്കുകയെന്നതു് ഒരു സാഹസപ്രവൃത്തിയായിത്തോന്നിയേക്കാം; എന്നാൽ ഒസാനാം തന്റെ പ്രേമഭാജനത്തെ തിരഞ്ഞെടുത്തുകഴിഞ്ഞു. ഫൊർട്ടൂം എന്നൊരു സ്നേഹിതനു് അദ്ദേഹം ഇപ്രകാരമെഴുതി: "എന്റെ ഭാഗം ഞാൻ തിരഞ്ഞെടുത്തുകഴിഞ്ഞു; എനിക്കുള്ള ജീവിതസരണി അടയാളപ്പെടുത്തിയിരിക്കയാണു്."

നോട്ടർഡാം കോൺഫ്രൻസുകൾ

ഫ്രെഡറിക്കിന്റെ ഈ ഭാവനകൾക്കു കടകവിരുദ്ധമായി വന്നുനിന്ന പിതാവിന്റെ ഉദ്ദേശ്യങ്ങൾ. പാരീസ് സവ്വകലാശാലയിൽ നിയമപഠനത്തിനു മകൻ അടുത്തവർഷംതന്നെ പോകണമെന്നായിരുന്നു ഡോക്ടർ ഒസാനാമിന്റെ നിശ്ചയം. അതിനാൽ 1831-ലെ ശരൽക്കാലത്തുതന്നെ ഫ്രെഡറിക്കു് പാരീസിലേക്കു പുറപ്പെട്ടു. "സ്വാർത്ഥതയുടെ തലസ്ഥാനം" എന്നാണു യുവാവായ ഒസാനാം പാരീസുപട്ടണത്തെ സംബോധനചെയ്തിരുന്നതു്. അവിടെ അവൻ ഏകാ

കിയായിപ്പോയി. വോൾട്ടയറിന്റെ ചൈതന്യമായിരുന്ന നഗരത്തിൽ മുഴുവനുമുണ്ടായിരുന്നതു്. ദൈവാലയത്തിൽ വൃദ്ധസ്ത്രീകളല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. അഭ്യസ്തവിദ്യരെല്ലാം സംശയവാദികളായിരുന്നു; സർവ്വകലാശാലാപ്രൊഫസർമാരെല്ലാവരുംതന്നെ മതവിശ്വാസത്തെ ദ്വേഷിച്ചിരുന്നു. ഉർബ്ബുലബുദ്ധികളായ അബലകഥകളെ മാത്രം കൊള്ളാവുന്ന അന്ധവിശ്വാസമായി മതത്തെ തള്ളി. തന്റെ ക്ലാസുകളിൽ ആകപ്പാടെ മൂന്നുപേർ മാത്രമേ യഥാർത്ഥകത്തോലിക്കവിശ്വാസികളായിട്ടുണ്ടായിരുന്നുള്ളുവെന്നറിഞ്ഞപ്പോൾ വലിയ ഒരു മനോവേദനയാണു ഫ്രെഡറിക്കിനുണ്ടായതു്. മൃദുലസ്വഭാവിയായ ഈ ബാലനു ശത്രുവിന്റെ തലസ്ഥാനമെന്നു തോന്നിയ പാരീസിൽ, അനേകവാരങ്ങളായിട്ടു സ്നേഹിതന്മാർ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ദൈവത്തോടു പ്രാർത്ഥിക്കും; അമ്മയ്ക്കു് ഓരോ കത്തുമെഴുതും.

താമസിയാതെ തുല്യചിന്താഗതിയുള്ളവരും ഉത്സാഹഭരിതരുമായ ചില യുവസ്നേഹിതന്മാരെ ഫ്രെഡറിക്കു കണ്ടെത്തി. പുണ്യചരിതനും ശാസ്ത്രജ്ഞനുമായ ആമ്പിയർ, തന്റെ വീട്ടിൽ ഒസാനാമിനു് ഒരു മുറി നല്കി. പത്തൊൻപതാംശതാബ്ദത്തിലെ കത്തോലിക്കാനവീകരണത്തിന്റെ ആണിക്കല്ലായിത്തീർന്ന പലരേയും അവിടെവച്ചു പരിചയപ്പെടുവാൻ ഫ്രെഡറിക്കിനു സാധിച്ചു. പാരീസിലെ കത്തോലിക്കാക്കളരിയുടെ അദ്ധ്യക്ഷതവഹിച്ചിരുന്ന ഷാറോ ബ്രിയൻ, ലമെനേ, മോണ്ടാലമ്പെർ, കത്തോലിക്കാകേന്ദ്രങ്ങളിൽ ഒരിക്കൽ വിരാജിച്ചിരുന്ന ലാമർട്ടിൻ എന്ന കവി, ജർമ്മൻ സെൻട്രൽപാർട്ടിയിൽ വിന്തോ

ഴ്സ്റ്റിനോട് സഹകരിച്ച് പ്രവർത്തിച്ച കാൾ ഫ്രെഡറിക്ക് വോൺ സവീഞ്ഞി, പാരമ്പര്യവാദത്തിന്റെ പ്രചാരകനായിരുന്ന ഡെൻമാർക്കുകാരൻ എക്സ്റ്റെയിൻ, പ്രസിദ്ധ പോളിഷ് കവി മിക്കീവിക്സ്, തുടങ്ങിയ പലരേയും ഫ്രെഡറിക്ക് കണ്ടുമുട്ടി. ഇതുയും ഉൽകൃഷ്ടമതികൾ ആധുനികകാലത്തുപോലും ഒരുമിച്ചു കൂടിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഫ്രഞ്ച് പാണ്ഡിത്യത്തിന്റെ ചരിത്രത്തിൽ ഇതുയും സമുൽകൃഷ്ടമായ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല.

സർവ്വകലാശാലയിൽവച്ച്, മതതുഷ്ണമായ ഫ്രാൻസിൽ കത്തോലിക്കാ ജീവിതനവീകരണത്തെ ലാക്കാക്കി പ്രവർത്തിക്കുവാൻ കൊതിച്ചിരുന്ന ചിലയുവാക്കളെ ഒസാനാം കണ്ടുമുട്ടി. യൂനിവേഴ്സിറ്റി പ്രൊഫസർമാരുടെനേർക്കാണ് ആട്യം അവർ തങ്ങളുടെ ശരങ്ങൾ തൊട്ടുതൂവിട്ടത്. പ്രൊഫസർമാർ തിരുസ്സഭയുടെമേൽ ആരോപിച്ച കുറ്റങ്ങൾക്ക് എതിരായ ആക്ഷേപങ്ങൾ ഒസാനാം അവരുടെ കൈയിൽ എഴുതിക്കൊടുത്തു. അടിസ്ഥാനരഹിതങ്ങളായ പ്രസ്താവനകൾ തെളിവുകൂടാതെ തട്ടിമൂളിച്ചിരുന്ന പ്രൊഫസർമാർക്ക് ഈ ആക്ഷേപങ്ങൾ കൊതുകുകടിപോലെ ശല്യമായിരുന്നു. പലപ്പോഴും പറഞ്ഞ ഒരുത്തരം കണ്ടുപിടിക്കുന്നതിനു് അവർക്ക് ആഴ്ചകൾ പലതു വേണ്ടിവന്നു.

ഒരു ചരിത്രപഠനക്കളരികൂടി സ്ഥാപിച്ചു, ഒസാനാമും അദ്ദേഹത്തിന്റെ ചങ്ങാതിമാരും. ചരിത്രംവഴിതിരുസ്സഭയുടെ സത്യാവസ്ഥ സമകാലികന്മാർക്കു വിശദമാക്കിക്കൊടുക്കാമെന്നു കരുതി. മതവിരോധികളായ പ്രൊഫസർമാർ തിരുസ്സഭയെ എതിർക്കുവാൻ എന്തു

മാത്രം ചരിത്രം കരിച്ചിരുന്നുവെന്നും, അതേസമയം യൂറോപ്പിന്റെ സാമൂഹായികവും സാംസ്കാരികവുമായ ചരിത്രത്തിൽ തിരുസ്സഭ എത്രമാത്രം ഉയർന്നുനിന്നിരുന്നുവെന്നും അവക്കു് അറിയാമായിരുന്നു. പ്രാചീന ചിന്തകരുടെ യുക്തിവാദത്തിനെതിരായി ഫ്രാൻസിലും ജർമ്മനിയിലും ഇംഗ്ലണ്ടിലുമുണ്ടായ ഒരു പ്രത്യാഖ്യാനമാണു ചരിത്രാന്വേഷണപദ്ധതി. അതുകൊണ്ടാണു് ഗോറെസ്സും മറ്റു ജർമ്മൻ കത്തോലിക്കരും ചെയ്തിരുന്നതുപോലെ ചരിത്രത്തിൽനിന്നു വേണ്ട മരുന്നെടുത്തു തോക്കുനിറച്ചു തിരുസ്സഭയുടെ സത്യാവസ്ഥ വിശദമാക്കുവാൻ വിചിത്രമായ ആ യുഗത്തിലെ യുവാക്കൾ ശ്രമിച്ചതു സ്വാഭാവികം മാത്രമാണല്ലോ. ചരിത്രസമ്മേളനങ്ങൾ തുറന്ന പ്രസംഗവേദികളായിരുന്നു. ഇരുകക്ഷികൾക്കും അനാതുകാലത്തു് ഉജ്ജ്വലമായിരുന്ന പ്രശ്നങ്ങൾ അവിടെ ആനയിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ശത്രുപക്ഷത്തിലുൾപ്പെട്ട കോളേജുവിദ്യാർത്ഥികളെ ഈ മാർഗ്ഗത്തിലൂടെ സത്യത്തിലേക്കു് ആകർഷിക്കാമെന്നു് ഒസാനാം കരുതി.

സത്യത്തിന്റെ വശ്യശക്തിയിലാണു സകലകാലത്തുമുള്ള കോളേജുവിദ്യാർത്ഥികളെപ്പോലെ ഒസാനാം പ്രഭൃതികളും വിശ്വസിച്ചിരുന്നതു്. ചരിത്രസമ്മേളനങ്ങൾ വാദപ്രതിവാദയോഗങ്ങളായി മാറി. അവ ഉജ്ജ്വലങ്ങളായിരുന്നുവെങ്കിലും ഫലം സ്വപ്നാനിരാശാജനകമായിരുന്നു. പാതിരാത്രിവരെ വാദം നീട്ടിക്കൊണ്ടുപോകുവാൻ കോളേജുവിദ്യാർത്ഥികൾ താല്പര്യംകാണിച്ചു; എന്നാൽ സത്യത്തെ തങ്ങളുടെ മനസ്സിൽ സ്വീകരിച്ചു് അതിഥിപൂജ ചെയ്യുന്നതിനു് അവർ ഒട്ടും തല്പരരായിരുന്നില്ല. വൃദ്ധജനങ്ങൾ മനസ്സിലാക്കിവച്ചിരിക്കുന്ന ഒരു കാര്യം ഒസാനാമിനും

ബോദ്ധ്യമായി. അതായതു മുൻവിധിയാകുന്ന ആവരണംകൊണ്ടു കണ്ണു മൂടിക്കെട്ടുന്നവരാണു ഭ്രൂരിപക്ഷമെന്നും, ചുരുക്കം ചിലർ മാത്രമാണു യാഥാർത്ഥ്യം കാണുന്നതെന്നും, കൂത്തോലിക്കാവിശ്വാസത്തിലേക്കു് ഈയുവാക്കളെ സമാകർഷിക്കുവാൻ വേറെയെന്തോ ആവശ്യമാണെന്നും ഒസാനാം കണ്ടു. തുറന്ന മനസ്സാക്ഷിയും സൂക്ഷ്മബുദ്ധിയും ഒസാനാമിന്റെ പ്രത്യേകഗുണവിശേഷങ്ങളായിരുന്നുവെങ്കിലും എന്താണാവശ്യമായിരുന്നതെന്നു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല.

കുറേനാൾകൂടി വാദപ്രതിവാദത്തിൽത്തന്നെ നിക്ഷേപിച്ചു ഫ്രെഡറിക്കു തന്റെ വിശ്വാസം മുഴുവനും. അങ്ങനെയിരിക്കെ ഒരു ദിവസം വാഗ്മിയായ ലക്കോർഡയർ പ്രസംഗിക്കുന്നതു ഫ്രെഡറിക്കു കേൾക്കുവാനിടയായി. തിരുസ്സഭയുടെ എതിരും വലിയ ശത്രുവായി സപ്തകലാശാലയിൽ ഉണ്ടായിരുന്ന ജൂഫ്റോയെ പരാജയപ്പെടുത്തുവാൻ പറ്റിയ മനുഷ്യൻ ലക്കോർഡയർതന്നെയാണെന്നു ഫ്രെഡറിക്കു നിശ്ചയിച്ചു. നോട്ടർഡാം കത്തീഡ്രലിൽ ലക്കോർഡയറിനേക്കൊണ്ടു് ഒരു പ്രസംഗപരമ്പര നടത്തിക്കുവാൻ വേണ്ട അനുവാദം നല്കുണമെന്നു് ഒസാനാമും കൂട്ടുകാരും പാരീസ് മെത്രാപ്പോലീത്തയോടാവശ്യപ്പെട്ടു. ഡി കൊലൈൻ ആയിരുന്ന അന്നത്തെ പാരീസു മെത്രാപ്പോലീത്താ. സത്യത്തിന്റെ പ്രകാശം കാണാതെ അന്ധകാരത്തിൽ തപ്പിത്തടഞ്ഞുനടക്കുന്ന അനേകായിരങ്ങളുടെ മാനസാന്തരത്തിനു പറ്റിയ ആൾ ലക്കോർഡയറാണെന്നു് അവർ മെത്രാപ്പോലീത്തായെ ധരിപ്പിച്ചു. എന്നാൽ ചില കാരണങ്ങളാൽ മെത്രാപ്പോലീത്താ അതു സമ്മതിച്ചില്ല.

രണ്ടു കൊല്ലം കഴിഞ്ഞു. 1834–ൽ 200 യുവാക്കൾ ഒപ്പിട്ടിരുന്ന ഒരു അഭ്യർത്ഥന ഒസാനാം വീണ്ടും പാരീസു മെത്രാപ്പോലീത്തായ്ക്കു നല്കി. കത്തോലിക്കാ സഭയെ ആകർഷകമായി ചിത്രിക്കുന്നതും മനുഷ്യ ന്റേയും സമുദായത്തിന്റേയും ആവശ്യങ്ങൾ സാധി ക്കുന്നതിനു പര്യാപ്തമായി പ്രകാശിപ്പിക്കുന്നതുമായ നോമ്പുകാലപ്രസംഗങ്ങൾ നോട്ടർഡാം ദൈവാലയ ത്തിൽവച്ചു ലക്കോർഡയറേക്കൊണ്ടു നടത്തിക്കുവാ നാണു ഹർജ്ജിക്കാർ ആവശ്യപ്പെട്ടിരുന്നതു്. തിരുസ്സ ഭയുടെകാര്യത്തിൽ ഈ ചെറുപ്പക്കാർ പ്രകാശിപ്പിച്ച താൽപര്യം മെത്രാപ്പോലീത്തായുടെ ഹൃദയത്തെ സ്പർ ശിച്ചു. വൃദ്ധനായ ആ വൈദികമേലദ്ധ്യക്ഷനു "തീപ്പൊ രി"യായിരുന്ന ലക്കോർഡയറെ പേടിയായിരുന്നു. നോമ്പുകാലപ്രസംഗങ്ങൾ ചെയ്യുന്നതിനു കുറേക്കൂടി ശാന്തരായ ഏഴുപേരെ തിരഞ്ഞെടുത്തു. പ്രസംഗ ങ്ങൾക്കു കുഴപ്പമൊന്നുമുണ്ടായിരുന്നില്ല; എന്നാൽ അവ മുഷിപ്പൻപ്രസംഗങ്ങളായിരുന്നു. ആസ്ഥാന ങ്ങളെല്ലാം ഒഴിഞ്ഞാണു കിടന്നിരുന്നതു്. ലക്കോർഡ യർ സെൻറ് സ്റ്റനിസ്ലാവോസുകോളേജിൽ പ്രസം ഗിച്ചു. അവിടെ ശ്രോതാക്കൾ തടിച്ചുകൂടിയപ്പോൾ നോട്ടർഡാം കത്തീഡ്രലിലെ പ്രസംഗങ്ങൾ ശ്രവിക്കു വാൻ ഒഴിഞ്ഞ ബഞ്ചുകളാണു കൂടുതലുണ്ടായിരുന്നതു്.

ഒരു കൊല്ലം കഴിഞ്ഞു കോളേജ് വിദ്യാർത്ഥി കൾക്കു നല്ല ഒരവസരം കിട്ടി. അവ നോമ്പുകാലപ്രസം ഗങ്ങൾ നോട്ടർഡാമിൽ നടത്തുന്നതിനു ലക്കോർഡയ റിനോട് മെത്രാപ്പോലീത്താ ആജ്ഞാപിച്ചു. ഓരോ പ്രസംഗത്തിനും കത്തീഡ്രലിൽ ജനങ്ങൾ തിങ്ങിക്കൂ ടിയിരുന്നു. പ്രസംഗം ശ്രവിച്ച കത്തോലിക്കർ ഉത്സാ

ഹരിതരായി; അകത്തോലിക്കാശ്രോതാക്കളുടെ ഹൃദയം ഇളകിമറിഞ്ഞു. ഒസാനാമിന്റെ അഭിപ്രായത്തിൽനിഴലിച്ചുകാണാം അദ്ദേഹത്തിന്റെ ഉത്സാഹം. "കത്തോലിക്കാവിശ്വാസം ഒരിക്കലും അന്തരിക്കാത്തതുകൊണ്ടു് അതിന്റെ പുനരുത്ഥാനമല്ല, പ്രത്യുത സമുദായത്തിന്റെ മതാത്മകമായ പുനരുത്ഥാനത്തെയാണു ഞങ്ങൾ ദർശിക്കുന്നതെന്നു തോന്നി." പാരീസ് ആർച്ചുബിഷപ്പിന്റെ മുമ്പിൽ സമർപ്പിച്ച അനുസൃതമായ നിവേദനങ്ങൾവഴി ഈ പ്രസംഗപരമ്പരകൾ തുടർന്നു. അചിരേണ നോട്ടർഡാം കോൺഫ്രൻസുകൾ പ്രസിദ്ധങ്ങളായി. അവ ഫ്രഞ്ചു കത്തോലിക്കാസഭയിലെ ദീപങ്ങളായി പ്രശോഭിക്കുവാൻതുടങ്ങിയിട്ടു് ഒരു ശതാബ്ദംതന്നെ കഴിഞ്ഞിരിക്കുന്നു. ഫ്രെഡറിക്കിനു് ഇരുപത്തിയൊന്നുവയസ്സായില്ല നോട്ടർഡാം കോൺഫ്രൻസുകളിൽ അദ്ദേഹം കാര്യമായി പങ്കെടുത്തുതുടങ്ങിയപ്പോൾ. പത്തൊമ്പതാം ശതാബ്ദത്തിലെ എത്രയും പ്രസിദ്ധനായ പ്രാസംഗികനെ വെട്ടത്തേക്കു കൊണ്ടുവന്നതും ഫ്രെഡറിക്കുതന്നെയാണു്.

വിൻസെന്റ് ഡിപോൾ സൊസൈറ്റി

അക്കാലത്തൊരിക്കൽ ചരിത്രപഠനക്ലബ്ബിന്റെ ഒരു യോഗത്തിൽ സെൻറ് സിമോണിയൻകാരിൽ ഒരാൾ ചൂണ്ടിക്കാണിച്ചു, വാദപ്രതിവാദത്തിനുപുറമേ എന്താണു മാനസാന്തരത്തിനാവശ്യമുള്ളതെന്നു്. യൂറോപ്പിൽ തിരുസ്സഭ ചെയ്തിട്ടുള്ള സേവനത്തെപ്പറ്റി നടന്ന ഒരു വാദപ്രതിവാദയോഗത്തിൽ ആയാൾ ഒസാനാമിനെ ഇങ്ങനെ വെല്ലുവിളിച്ചു: "ഭൂതകാലങ്ങളിൽ ക്രിസ്തുമതം അത്ഭുതകരമായ കാര്യങ്ങൾ

ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നു് അതെന്താണു ചെയ്യുന്നതു്? ഒരു കത്തോലിക്കനാണെന്നുള്ളതിൽ അഭിമാനിക്കുന്ന നിങ്ങൾതന്നെ സാധുക്കൾക്കായി എന്തു ചെയ്യുന്നുണ്ടു്? നിങ്ങളുടെ വിശ്വാസത്തിന്റെ പ്രായോഗികപ്രാധാന്യം വ്യഞ്ജിപ്പിക്കുന്ന എന്തെങ്കിലും നേട്ടങ്ങൾ നിങ്ങൾക്കു പറയാനുണ്ടോ? അവയെ ഞങ്ങൾ പ്രതീക്ഷിച്ചിരിക്കയാണു്. അവമാത്രമേ ഞങ്ങളെ മാനസാന്തരപ്പെടുത്തുകയുള്ളൂ."

ഈ വെല്ലുവിളിയിൽനിന്നാണു വിൻസെന്റ് ഡിപോൾ സൊസൈറ്റി രൂപമെടുത്തതു്. സെയിന്റ് സിമോണിയൻസു തങ്ങളെ പരാജയപ്പെടുത്തിയതു കാണുവാൻ ഒസാനാമിനു വേണ്ടിടത്തോളം സത്യസന്ധതയുണ്ടായിരുന്നു. സൽപ്രവൃത്തികൾ കാണണം, അല്ലാതെ പ്രസംഗിക്കേണ്ടതില്ലായെന്നു കോളേജ് വിദ്യാർത്ഥികൾ പറയുന്നതുപോലെ തോന്നി. വീട്ടിലേക്കുള്ള മടക്കയാത്രയിൽ വെല്ലുവിളിയെപ്പറ്റിത്തന്നെയാണു് ഒസാനാം ചിന്തിച്ചതു്. ഉപവിപ്രവൃത്തികൾവഴി തിരുസ്സഭയുടെ ആദർശങ്ങൾ വിശദമാക്കുന്നതാണു മാനസാന്തരമാർഗ്ഗമെന്നു് അദ്ദേഹം നിശ്ചയിച്ചു. പ്രസംഗംകൊണ്ടെന്നതിനേക്കാൾ പ്രവൃത്തികൊണ്ടാണു് ആത്മാക്കളെ രക്ഷിക്കാവുന്നതെന്നു ബോദ്ധ്യമായി. "അവയുടെ ഫലങ്ങൾകൊണ്ടു നിങ്ങൾ അവയെ അറിയും" എന്നാണല്ലോ ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുള്ളതു്. ഇതുവരെ യുവാവായ ഒസാനാം നല്ല യുക്തികൾ കണ്ടുപിടിക്കുവാനാണു ശ്രമിച്ചിരുന്നതു്; എന്നാൽ മേലിൽ സൽപ്രവൃത്തികളെ ആശ്രയിക്കണമെന്നു് അദ്ദേഹം തീരുമാനിച്ചു.

അതുകൊണ്ടു് ഒസാനാം സാധുജനങ്ങളെ സമീപിക്കുവാൻ നിശ്ചയിച്ചു. അങ്ങനെ 1833–ലെ ഹേമന്ത

ത്തിൽ വിൻസെൻറ് ഡി പോൾ സൊസൈറ്റി സ്ഥാപിതമായി. "ലാ ത്രിബൂൺ കത്തോലിക്കു" എന്ന പ്രസിദ്ധീകരണത്തിൻെറ പത്രാധിപരായിരുന്ന ബെയിലിയുടെ ആഫീസിൽ മേയ് മാസത്തിലെ ഒരു സായാഹ്നത്തിൽ ആറു വിദ്യാർത്ഥികൾ സമ്മേളിച്ചു. സാധുജനങ്ങൾക്കു ലൗകികസഹായങ്ങളും ആദ്ധ്യാത്മികപ്രചോദനങ്ങളും നല്കുവാൻ അവരെല്ലാവരുംകൂടി സംഘടിക്കാമെന്നു് ഉറയ്ക്കുകയും ചെയ്തു. മീറ്റിങ്ങുകളിൽ ബെയിലി അദ്ധ്യക്ഷത വഹിക്കുകയും, ഒന്നാമത്തെ വിൻസെൻറ് ഡിപോൾ കോൺഫ്രൻസിൻെറ പ്രസിഡണ്ടായി അദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്തുവെങ്കിലും, സംഘടനയുടെ യഥാർത്ഥസ്ഥാപകൻ യുവാവായ ഫ്രെഡറിക്കു് ഒസാനാംതന്നെയായിരുന്നു. പ്രാഥമികാംഗങ്ങൾ എല്ലാവരും പറയുന്നുണ്ടു് ഫ്രെഡറിക്കിൻെറ ചൈതന്യമാണു സർവ്വവും ഭരിച്ചതെന്നും, അദ്ദേഹത്തിൻെറ സ്വരമാണു സമസ്തവും നിയന്ത്രിച്ചതെന്നും, അദ്ദേഹത്തിൻെറ ഓജസ്സാണു് അവരെ ഉത്സാഹഭരിതരാക്കിയതെന്നും, അദ്ദേഹത്തിൻെറ ദൃഢനിശ്ചയമാണു് കോൺഫ്രൻസിനെ ഉറച്ച ഒരു സംഘടനയാക്കിത്തീർത്തതെന്നും. പൌളിൻ മേരി ഷാരിക്കോ വേദപ്രചാരസംഘത്തിൻെറ സ്ഥാപകയാണോ എന്നതിനെപ്പറ്റി തർക്കങ്ങളുണ്ടായിട്ടുണ്ടെങ്കിലും, വിൻസെൻറ് ഡിപോൾ സംഘത്തിൻെറ സ്ഥാപകൻ ഫ്രെഡറിക്കു് ഒസാനാമാണു് എന്നതിനെപ്പറ്റി സന്ദേഹമൊന്നും ഉണ്ടായിട്ടില്ല.

അങ്ങനെ ഇരുപതാമത്തെ വയസ്സിൽത്തന്നെ ഫ്രെഡറിക്കു് തൻെറ ജീവിതത്തിലെ എത്രയും മഹത്തായ പ്രവർത്തനം ആരംഭിച്ചു. നവമായ ഈ സംഘ

ടനയുടെ ഓജസ്സു പലരുടേയും ശ്രദ്ധയ്ക്കു വിഷയമായതിനാൽ പുതിയ അംഗങ്ങളെ ചേർക്കണമോ എന്ന പ്രശ്നം പ്രാഥമികാംഗങ്ങളെ അഭിമുഖീകരിച്ചു. ഒസാനാമിന്റെ അഭിപ്രായംതന്നെ പാസ്സായി. ഗ്രസ്റ്റാവ് ഡെ ലാനു എന്നൊരാളെ എട്ടാമത്തെ അംഗമായി ചേർക്കുവാനും, പ്രവേശനം ആവശ്യപ്പെട്ടവരെയും ചേർക്കുവാനും ഒസാനാം വാദിച്ചു. ഒരു കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കു ചുരുക്കത്തിൽ നൂറിലധികം യുവാക്കൾ അംഗങ്ങളായി ചേർന്നുകഴിഞ്ഞതിനാൽ പല കോൺഫ്രൻസുകളായി തിരിക്കുകയോ, അല്ലെങ്കിൽ പുതിയ അംഗങ്ങളെ ചേർക്കാതിരിക്കുകയോ ചെയ്യണമെന്ന നിലയായി. തർക്കങ്ങൾ ശക്തിപ്പെട്ടു മൂർച്ഛിച്ചുതുടങ്ങിയപ്പോൾ വിവേകമതിയായ ബെയിലിയോഗം നിർത്തിവച്ചു. തുടർച്ചയായി രണ്ടു സമ്മേളനങ്ങളിൽക്കൂടി വാദപ്രതിവാദം നടന്നു. ഇരുപക്ഷത്തുനിന്നും നല്ല യുക്തികൾ ഉന്നയിച്ചു. അവസാനം ഒസാനാമിന്റെ അഭിപ്രായമനുസരിച്ചു തീരുമാനമുണ്ടായി. വേറൊരു കോൺഫ്രൻസുകൂടി ഉടനെ സ്ഥാപിക്കുകയും, അങ്ങനെ അനന്തരകാലങ്ങളിൽ അനേകായിരം കോൺഫ്രൻസുകൾ ഉദിച്ചുവരുന്നതിനു മാർഗ്ഗം തെളിക്കുകയും ചെയ്തു.

ആ പ്രഥമവത്സരങ്ങളിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി അത്ഭുതകരമാംവണ്ണം വികസിച്ചു. വളർച്ചയുടെ ധൃതികൊണ്ടുതന്നെ അതു നശിച്ചുപോകാവുന്നതായിരുന്നു. അടുത്തകാലങ്ങളിൽ അതിവേഗം വികസിച്ചുവന്ന കത്തോലിക്കാപ്രവർത്തനസംഘങ്ങളെപ്പോലെ വിൻസെന്റ് ഡി പോൾ കോൺഫ്രൻസുകൾ നശിക്കാതിരുന്നെങ്കിൽ അതിനുള്ള കാരണം പ്രാഥ

മികയുംങ്ങളുടെ യഥാർത്ഥ ഉപവി സംഘടനയുടെ കാതലിൽത്തന്നെ പ്രവേശിച്ചുവെന്നതാണ്. ആ ഉപ വിതന്നെയാണ കഴിഞ്ഞ ഒരു ശതാബ്ദം മുഴുവനും വിൻ സെൻറ് ഡി പോൾ കോൺഫ്രൻസുകളെ താങ്ങിപ്പോ ന്നിട്ടുള്ളതു്. ആ ഒരു ചൈതന്യമാണ വെറും ധർമ്മ സ്ഥാപനങ്ങളിൽനിന്നും സാമൂഹ്യികശാസ്ത്രീയസംഘ ടനകളിൽനിന്നും വിൻസെൻറ് ഡി പോൾ കോൺ ഫ്രൻസിനെ വേർതിരിക്കുന്നതു്. പൂർവ്വോക്തസംഘടന കൾ വെറും ഭ്രൂതദയയിൽ അധിഷ്ഠിതമാണെങ്കിൽ വിൻസെൻറ് ഡി പോൾ കോൺഫ്രൻസിന്റെ ജീവൻ അതിസ്വാഭാവികമായ സ്നേഹമാണ്.

1836–ൽ സൊസൈറ്റിയുടെ നിയമങ്ങൾ എഴു തിയുണ്ടാക്കി. കോൺഫ്രൻസുകളുടെ പ്രവർത്തനപരിധി യത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ നിയമാ വലി ഉണ്ടാക്കിയിട്ടുള്ളതെന്നും, അല്ലാതെ വെറും സിദ്ധാന്തപരമായ തീരുമാനങ്ങളല്ലെന്നും ഒന്നാമത്തെ പൊതുകോൺഫ്രൻസിൽ ബെയിലി വിശദമാക്കി. വെറും ധർമ്മത്തിൽനിന്നു യഥാർത്ഥസ്നേഹത്തെ വേർതി രിക്കുന്നതാണ നിയമാവലി. യഥാർത്ഥസ്നേഹമാണ് അതു നിശ്വസിക്കുന്നതു്. ഭൗതികവസ്തുക്കളെ ഭൗതിക വസ്തുക്കളുടെ സ്ഥാനത്തുതന്നെ നിറുത്തിയിരിക്ക യാണ്. ലൗകികവസ്തുക്കളിൽ യഥാർത്ഥസ്നേഹം കലരു മ്പോൾ അതിന്റെ വില അമൂല്യമായ ലൗകികവസ്തു ക്കളുടേതിനേക്കാൾ വലുതാണ്. ഒരു വിൻസെൻറ് ഡിപോൾ കോൺഫ്രൻസ് ഒരു സഹായം നൽകുമ്പോൾ ആ ദാനം ദാതാവിനും ദാനം സ്വീകരിക്കുന്നവനും ഒരുപോലെ പ്രയോജനകരമാണ്. ദാനം സ്വീകരിക്കു ന്നവൻ ദാതാവിനേക്കാൾ താണ ഒരു സാമൂഹ്യികനി

ലയിലാകുന്നില്ല. പല ഫോറങ്ങളുംമറവും പൂരിപ്പിച്ചു ധർമ്മാർഹത വിശദമാക്കി ഒരു സഹായം വാങ്ങിക്കുമ്പോൾ സഹായം വാങ്ങിക്കുന്നവൻ താണ ഒരു നിലയിലാണു നില്ക്കുന്നതെന്നു വിചാരിക്കുന്നു.

ക്രിസ്തീയജീവിതത്തിൽ അംഗങ്ങളെ ഉറപ്പിച്ചു നിറുത്തുന്നതാണു വിൻസെന്റ്ഡിപോൾ സൊസൈറ്റിയുടെ പ്രാഥമികോദ്ദേശ്യമെന്നു നിയമാവലി പ്രസ്താവിക്കുന്നു. രണ്ടാമത്തെ ഉദ്ദേശ്യം സാധുക്കളെ സന്ദർശിക്കുന്നതും ഓരോ സാധനമായിട്ടു സഹായം നല്കുന്നതും മതാത്മകമായ ആശ്വാസം പ്രദാനംചെയ്യുന്നതുമാണ്. സാധുക്കൾക്കു സഹായംനല്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യംഅർഹിക്കുന്നതു സ്നേഹചൈതന്യമാണെന്നുള്ളതു നിയമാവലി ഉറപ്പിച്ചുപറയുന്നു. നിയമത്തിന്റെ ചില ശാസനകൾ ശ്രവിച്ചാലും: "നമ്മിൽ പരസ്പരം അനുകമ്പാപൂർവ്വം വർത്തിക്കണം; അങ്ങനെതന്നെ നാം സന്ദർശിക്കുന്ന സാധുജനങ്ങളോടും പെരുമാറണം....സഹോദരമനോഭാവമുണ്ടെങ്കിലേ ഉപവിപ്രവൃത്തികൾക്കുള്ള ഈ സംഘം ഇതരർക്കു പ്രയോജകീഭവിക്കുകയോ ഒരു സാധനപാഠം ആകുകയോ ചെയ്യുകയുള്ളൂ.....നമുക്കു പരസ്പരം സ്നേഹിക്കാം." ഇതാണ് ഒസാനാമിന്റെ ചൈതന്യം. ഇതുതന്നെയാണ് അദ്ദേഹം സ്ഥാപിച്ച സംഘംവഴി കൈവരിച്ച വിജയത്തിന്റെ രഹസ്യം. സംഘത്തിന്റെ അത്ഭുതാവഹമായ പ്രചാരത്തിന്റെ രഹസ്യവും ഇതുതന്നെയാണ്. 1853–ൽ അദ്ദേഹം ലോകത്തോടു് അന്തിമയാത്ര പറയാറായപ്പോഴേക്കു ലോകമാസകലം മൂവ്വായിരം കോൺഫ്രൻസുകൾ ഉണ്ടായി. ഫ്രാൻസിലും ഫ്രാൻസിന്റെ ഉപരാജ്യങ്ങളിലും ജർമ്മനിയിലും ഇംഗ്ല

ണ്ടിലും അയർലൻറിലും, അമേരിക്കൻ രാജ്യങ്ങളിലും ആഫ്രിക്കയിലും ഏഷ്യയിലുംകൂടി കോൺഫ്രൻസുകൾ വ്യാപിച്ചു.

മൈനർസ്ഥാനംവെടിഞ്ഞു മേജർസ്ഥാനത്തേക്കു കാലു് ഊന്നുന്ന 21–ാമത്തെ വയസ്സു പൂർത്തിയാകുന്നതിനുമുമ്പുതന്നെ രണ്ടു വലിയ ധർമ്മസ്ഥാപനങ്ങൾക്കു് അടിത്തറയിടുവാൻ ഒസാനാമിനു കഴിഞ്ഞു. ഇന്നും ആ രണ്ടു സ്ഥാപനങ്ങൾ വളർന്നുവരികയാണു്. അന്ധകാരത്തിൽ നിവസിക്കുന്നവർക്കു സത്യത്തിൻെറ പ്രകാശം നല്കുവാൻ നോട്ടർഡാം കോൺഫ്രൻസുകൾ അദ്ദേഹം സമാരംഭിച്ചു. അതാണല്ലോ ഏറ്റവും വലിയ സ്നേഹപ്രവൃത്തി. സാധുക്കളെ സാഹയിക്കുവാനും കത്തോലിക്കാസഭയാണു ക്രിസ്തുവിൻെറ ന്യായമായ മണവാട്ടിയെന്നു പ്രായോഗികമായി സംശയഗ്രസ്തമായലോകത്തിനു വ്യക്തമാക്കിക്കൊടുക്കുവാനും സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി അദ്ദേഹം സ്ഥാപിച്ചു. രണ്ടു സ്ഥാപനങ്ങളും ഒസാനാമിനുണ്ടായിരുന്ന മൗലികതാല്പര്യത്തിൻെറ ഇരുവശങ്ങളാണു്. കത്തോലിക്കാസഭയുടെ അവകാശവാദങ്ങൾ ന്യായമാണെന്നു ലോകത്തിനു തെളിയിച്ചുകൊടുക്കുകയാണു് ഒസാനാമിൻെറ അതിപ്രധാനമായ താല്പര്യമെന്നു ലിയോൺസിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം വിശദമാക്കുകയും ചെയ്തിട്ടുണ്ടു്. ഒസാനാം പ്രഥമതഃ തൻെറ സഹോദരരെ സ്നേഹിച്ചിരുന്ന ഒരു വ്യപദേശകനാണു്; അതിനാൽ സത്യത്തിലുംകൂടി അവർ പങ്കുകാരാകണമെന്നു് അദ്ദേഹം അത്യധികം ആഗ്രഹിച്ചു. സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടേയും നോട്ടർഡാം കോൺഫ്രൻസിൻേറയും ഉദ്ദേശ്യം

അതായിരുന്നു. ദൈവത്തേയും സമസൃഷ്ടികളേയും ഒസാനാം അത്യധികം സ്നേഹിച്ചിരുന്നതുകൊണ്ടു പൂർവ്വോക്തമായ സ്ഥാപനങ്ങൾ രണ്ടിന്റേയും അന്തിമോദ്ദേശ്യം വഴിതെറ്റിയവരുടെ മാനസാന്തരമാണു്.

ഒസാനാമിന്റെ പൗരുഷം

ഒരു അമേരിക്കനോ ഇംഗ്ലീഷുകാരനോ ഒസാനാമിന്റെ സ്വഭാവമോ വ്യക്തിവിലാസമോ ഗ്രഹിക്കുവാൻ സാധിക്കുകയില്ല. അദ്ദേഹം ഒരു പുണ്യപുരുഷനായിരുന്നു. സമകാലികന്മാർ അദ്ദേഹത്തെ നന്മയിൽനിന്നു കടഞ്ഞെടുത്ത കാതലായിട്ടാണു കരുതിയിരുന്നതു്. പുണ്യവാനാണോ എന്ന പരിശോധനരോമയിൽ സമാരംഭിച്ചിട്ടുണ്ടു്. ശത്രുക്കൾപോലും അദ്ദേഹത്തിന്റെ സുകൃതജീവിതത്തെ ബഹുമാനപൂർവ്വം ആദരിക്കുകയും പലവിധത്തിൽ അവരുടെ സ്നേഹം പ്രകാശിപ്പിക്കുകയും ചെയ്തിരുന്നു. പ്രഥമവീക്ഷണത്തിൽ ഒരു തികഞ്ഞ ആംഗ്ലോ–സാക്സൺ വിചാരിച്ചേക്കും അദ്ദേഹം ഒരു സ്ത്രീയെപ്പോലെയാണെന്നു്. അടുത്തറിയുമ്പോൾ ഒരു കടുത്ത അമേരിക്കൻപോലും സമ്മതിക്കും, ഈ ഫ്രഞ്ചുകാരൻ സർവ്വഥാ ഒരു പുരുഷൻ തന്നെയാണെന്നു്. എങ്കിലും അദ്ദേഹം വികാരഭരിതനായിരുന്നു. വികാരങ്ങൾ അത്യന്തം സൂക്ഷ്മമായിരുന്നതിനാൽ ആധുനികലോകത്തു് ഒസാനാം ദീർഘമായി ജീവിക്കുകയെന്നതു പ്രയാസമായിരുന്നു. സഹിച്ചിരുന്നവരുടെകൂടെ അദ്ദേഹം സഹിച്ചു; ദുരിതങ്ങൾ അനുഭവിച്ചിരുന്നവരുടെ ദുരിതങ്ങളിൽ അദ്ദേഹം പങ്കെടുത്തു. സാമൂഹായിക അനീതിയും സാമ്പത്തിക അവശതയും ആദ്ധ്യാത്മിക ദാരിദ്ര്യവും കണ്ടുനില്ക്കുവാൻ

അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. സഹോദരങ്ങളുടെ വേദന കണ്ടു തഴമ്പിച്ച ഒരു പ്രകൃതിയല്ലായിരുന്നു ഒസാനാമിൻേറതു്. മിക്കമനുഷ്യരും സാധാരണമായി ലജ്ജാപൂർവ്വം മറച്ചുവയ്ക്കുന്ന ഗുണവിശേഷങ്ങളെല്ലാം അദ്ദേഹത്തിൻെറ ജീവിതത്തിൽ സ്വതന്ത്രമായി പ്രകാശിപ്പിച്ചുകൊണ്ടാണിരുന്നതെന്നു് അദ്ദേഹത്തിൻെറ എഴുത്തുകുത്തുകളിൽനിന്നു മനസ്സിലാക്കാം. സ്ത്രീസഹജമായ ഒരാർദ്രതയും, ലജ്ജാപൂർവ്വകമായ വിനയവും, അനുകമ്പയും ചിന്താശീലവും ഒസാനാമിൽ പ്രകടമായിരുന്നു. ഇവയെല്ലാം പുരുഷന്മാക്കെന്നതിനേക്കാൾ സംസ്കാരസമ്പന്നരായ സ്ത്രീകൾക്കു പ്രത്യേകമുള്ള ഗുണങ്ങളാണല്ലോ. യുവാക്കളായ തൻെറ സഖാക്കളോടും പിന്നീടു സ്വന്തം ശിഷ്യന്മാരോടും ആർദ്രശീലനായ ഒരു സ്നേഹിതനെപ്പോലെയാണു് അദ്ദേഹം വർത്തിച്ചതു്. വലിയ ഒരു കുടുംബത്തിലെ മൂത്ത ഒരംഗം ഇളയസഹോദരരേയും സഹോദരിമാരേയും കാത്തുസൂക്ഷിക്കുന്നതുപോലെ അവരോടെല്ലാം വ്യാപരിച്ചു.

ഫ്രെഡറിക്കു് ഒസാനാമിനെ ശരിയായി മനസ്സിലാക്കിയിട്ടുള്ളവർക്കെല്ലാം ബോധ്യമാണു് അദ്ദേഹം ഒരു സ്ത്രീയെപ്പോലെ ആയിരുന്നില്ലെന്നു്. കൂട്ടുകാരുടെ ഇടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന നേതൃത്വംതന്നെ അദ്ദേഹത്തിൻെറ പുരുഷത്തെ വ്യഞ്ജിപ്പിക്കുന്ന ഉത്തമലക്ഷ്യമാണു്. കൂട്ടുകാരും ശിഷ്യരും അദ്ദേഹത്തിൻെറ ധീരതയും സത്യസന്ധതയും ആർദ്രമായ പുറംചട്ടയുടെ മറയിൽ സ്ഥിതിചെയ്തിരുന്ന സ്വഭാവദാർഢ്യവും വാനോളം സ്തുതിക്കുകയുണ്ടായി. പുരുഷവും ആർദ്രതയും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നതു

കൊണ്ടു ധൈര്യശാലിയായി അദ്ദേഹം വർത്തിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വിദ്യാർത്ഥിയായിരിക്കുമ്പോൾ വിശ്വാസത്തിനെതിരായി പ്രൊഫസർമാർ ചെയ്ത പ്രസ്താവനകളെ എതിർക്കുവാനും, മതവിരോധിയായിരിക്കുന്നതു പരിഷ്കാരമായിരുന്ന കാലത്തു ചരിത്രപഠനക്ലാസുകളിൽ പരസ്യമായി മതവിശ്വാസം ഏറ്റുപറയുവാനും വേണ്ട ധാർമ്മികധൈര്യം അദ്ദേഹത്തിനുണ്ടായിരുന്നു. നോട്ടർഡാം കത്തീഡ്രലിൽ നോമ്പുകാലപ്രസംഗം ചെയ്യുന്നതിനു ലക്കോർഡയറെ നിർദ്ദേശിക്കണമെന്നു വീണ്ടും വീണ്ടും ആർച്ചുബിഷപ്പിനോടു് അഭ്യർത്ഥിക്കുകയെന്നതു ഭയശാലികളായ വിദ്യാർത്ഥികൾക്കു സുകരമല്ല; ധാർമ്മികധൈര്യം കൂടിയേ കഴിയൂ.

ശാരീരികമായ ധൈര്യവും ഒസാനാമിനുണ്ടായിരുന്നു. 1848–ലെ വിപ്ലവത്തെ നേരിടുവാൻ സംഘടിതമായ നാഷണൽ ഗാർഡുമായുടെക്കൂട്ടത്തിൽ ഒസാനാമും ചേർന്നു. ജനാധിപത്യത്തിൽ വിശ്വസിച്ചിരുന്ന ഒരാളെന്നനിലയിൽ പാരീസിലെ വിപ്ലവകാരികളോടു് അനുകമ്പയുണ്ടായിരുന്നെങ്കിലും, നിലവിലിരിക്കുന്ന ഗവൺമെൻറിനെ പിന്താങ്ങേണ്ടതു തൻെറ ചുമതലയാണെന്നു് അദ്ദേഹം കരുതി. പാരീസിൽ അദ്ദേഹത്തിനു നിശ്ചയിച്ചുകൊടുത്തിരുന്ന സ്ഥലത്തു ദീർഘസമയം ബാഹ്യപ്രകടനങ്ങളൊന്നുംകൂടാതെ, എന്നാൽ ധീരമായി, നിലകൊണ്ടു. ജൂൺ വിപ്ലവത്തിൽ ഒസാനാമിനു് ആരേയും വെടിവെക്കേണ്ടിവന്നില്ല; എന്നാൽ വേണ്ടിവന്നാൽ ആരെയും വെടിവെക്കുവാൻ സന്നദ്ധനായിട്ടാണു് അദ്ദേഹം നിന്നിരുന്നതു്.

അതുൽകൃഷ്ടമായ ധാർമ്മികധൈര്യം പ്രകടിപ്പിച്ച ചില സന്ദർഭങ്ങൾ ഒസാനാമിന്റെ ജീവിതത്തിലുണ്ടായിട്ടുണ്ട്. ആധുനികലോകത്തിൽ താദൃശമായ ധീരത അസാധാരണമാണ്. സൊർബോണിലെ ഒരു സഹാദ്ധ്യാപകനായിരുന്ന ചാൾസ് ലെനോർമൻ കത്തോലിക്കനായ സന്ദർഭത്തിൽ അങ്ങനെയൊരനുഭവമുണ്ടായി. സയ്കലാശാലയിലെ ഇതരപ്രൊഫസർമാർ ലെനോർമനെക്കൊണ്ടു പ്രസംഗിപ്പിക്കാതിരിക്കാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാരെ ഇളക്കിവിട്ടു. കൂട്ടികൾ ലെനോർമന്റെ ക്ലാസിൽ ചീറുവാനും മൂളംവിളിക്കുവാനും തുടങ്ങി. അദ്ദേഹത്തിനു ക്ലാസു തുടർന്നുകൊണ്ടുപോകുക പ്രയാസമായപ്പോൾ ഒസാനാം, പാരീസു സയ്കലാശാലയിലുള്ള തന്റെ സ്ഥാനത്തിനു് എന്തുസംഭവിക്കുമെന്നു പരിഗണിക്കാതെ, ക്ലാസുമുറിയിൽകടന്നു കൂട്ടികളെ ശാസിക്കുവാൻ തുടങ്ങി. വാദപ്രതിവാദസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നെന്നു ഭാവിച്ചവർ ആ സ്വാതന്ത്ര്യം തങ്ങളുടെ അദ്ധ്യാപകക്കു നൽകാത്തതിൽ പ്രകാശിപ്പിച്ച അസഹിഷ്ണുതയും ഭീരുത്വവും അദ്ദേഹം തൊലിപൊളിച്ചുകാണിച്ചു. ഒസാനാമിന്റെ ധീരതയേയും ഉപവിയേയും വിദ്യാർത്ഥികൾ ആദരിക്കുകയും, ലെനോർമനു പ്രസംഗങ്ങൾ തുടരുവാൻ സാധിക്കുകയുംചെയ്തു. അവിവേകമായ ധീരത പ്രകാശിപ്പിച്ച വേറൊരു സന്ദർഭമുണ്ടു്. ആരോ പറഞ്ഞുപരത്തി ഒസാനാം തന്റെ ആരോഗ്യത്തെപ്പറ്റി ചിന്തിച്ചു പ്രസംഗങ്ങൾ നടത്താതെ അലസനായി കഴിയുകയാണെന്നു്. ഭിഷഗ്വരന്മാരും ഭാര്യയും രോഗശയ്യയിൽനിന്നു് എഴുന്നേല്ക്കുവാൻ അനുവദിക്കാഞ്ഞതിനാലാണു് അദ്ദേഹം ക്ലാസിൽപോകാഞ്ഞതു്. മുൻവിവരിച്ച കിംവദന്തി

ഒസാനാമിന്റെ ചെവിയിലെത്തിയപ്പോൾ അദ്ദേഹം പോയി ഒരു ക്ലാസെടുത്തു. അതു പാരീസു് സർവ്വകലാശാലയിലെ അദ്ദേഹത്തിന്റെ അവസാനത്തെ ക്ലാസായിരുന്നു; കാരണം, പിന്നീടു് അദ്ദേഹത്തിനു പൂർണ്ണസുഖം സിദ്ധിക്കാതെ അടുത്ത വത്സരം ഇഹലോകത്തോടു യാത്ര പറയുകയാണു ചെയ്തതു്.

ഒസാനാം വലിയ ബുദ്ധിമാനായിരുന്നു. പതിനെട്ടുവയസ്സിൽ സോഷ്യലിസ്റ്റുകാക്കെതിരായി എഴുതിയ ഗ്രന്ഥം ഒരു ഹൈസ്കൂൾ പ്രബന്ധമൊന്നുമായിരുന്നില്ല. അതു പണ്ഡിതോചിതമായ ഒരു പ്രതിപാദനം തന്നെയായിരുന്നു. പാരീസു് സർവ്വകലാശാലയിലെ അദ്ധ്യയനം അവസാനിച്ചതു പ്രതിഭാസൂചകമായ ഡോക്ടറേറ്റിന്റെ പരീക്ഷയോടുകൂടെയാണു്. അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരും സ്നേഹിതന്മാരും പറയുന്നതു് ആ പരീക്ഷ ആ ശതാബ്ദത്തിലെ ബുദ്ധിപ്രാഭവത്തിന്റെ ഒരു അഭ്യാസമായിരുന്നുവെന്നാണു്. പ്രഥമവീക്ഷണത്തിൽ വെറും പ്രായോഗികവിഷയങ്ങളിൽമാത്രം ഇടപഴകിക്കഴിയുന്ന ഒരാളെന്നു തോന്നുന്ന ഒസാനാം സാംസ്കാരികചരിത്രത്തിൽ അതീവതാൽപര്യം പ്രദർശിപ്പിച്ചിരുന്ന സമർത്ഥനായ വിദ്യാർത്ഥിയായിരുന്നുവെന്നുള്ളകാര്യം വിസ്മരിച്ചുകൂടാ. ഒരു പ്രൊഫസർക്കു സാധാരണമായി ലഭിക്കുന്ന ആയുസ്സു് അദ്ദേഹത്തിനു സിദ്ധിച്ചിരുന്നെങ്കിൽ, ചരിത്രസത്യങ്ങൾ തേടിപ്പിടിക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന ഉദ്ഗ്രഥനശക്തിയും, പ്രാചീനസാഹിത്യഗ്രന്ഥങ്ങളിലും പണ്ടേ വിസ്മൃതമായിപ്പോയിട്ടുള്ള പ്രമാണങ്ങളിലും മറഞ്ഞുകിടന്നിരുന്ന സത്യങ്ങൾ കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവവും, അവ

യെപ്പററി ആസ്വാദ്യകരമാംവിധം പ്രതിപാദിക്കുവാനുണ്ടായിരുന്ന കഴിവും, ആ ശതാബ്ദത്തിലെ ചരിത്രകാരന്മാരിൽ അഗ്രഗണ്യനായി അദ്ദേഹത്തെ ഉയർത്തുന്നതിനു പര്യാപ്തമായിരുന്നു. എന്നാൽ ഒസാനാം നാല്പതാമത്തെ വയസ്സിൽ മരിച്ചു. പാരീസു് സർവ്വകലാശാലയിൽ കാല്പനീയകഥാഭാഷകളുടെ പ്രൊഫസറായി അദ്ദേഹം ജീവിതം അവസാനിപ്പിക്കുകയാണു ചെയ്തതു്. ദരിദ്രസഹോദരരുടെ സേവനത്തിനുകൂടി പ്രതിഷ്ഠിതമായിരുന്ന ആ ജീവിതം ഉൽകൃഷ്ടമായ വിശ്രുതിയിലേക്കു് ഉയർന്നു് അങ്ങനെ പൊലിഞ്ഞുപോയി.

ഒസാനാമിന്റെ തുലികാവൈഭവം

സ്ഥൂലവിദ്യാഭ്യാസം അവസാനിപ്പിക്കുന്നതിനു മുമ്പുതന്നെ നോട്ടർഡാം കോൺഫ്രൻസുകളും സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയും സ്ഥാപിച്ചുകാര്യം മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. നിയമബിരുദം സമ്പാദിച്ചപ്പോഴും അദ്ദേഹത്തിന്റെ ജീവിതനേട്ടങ്ങൾ സമാപിച്ചില്ല. പതിനെട്ടു വയസ്സുള്ളപ്പോൾ ഭാവനംചെയ്തിരുന്ന ആ മഹാഗ്രന്ഥത്തിന്റെ പലഭാഗങ്ങളും അനന്തരകാലങ്ങളിൽ അദ്ദേഹം പ്രസിദ്ധംചെയ്തു. പ്രാചീനകത്തോലിക്കസംസ്കാരവും നവസംസ്കാരവും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി സാമൂഹായികവും രാഷ്ട്രീയവുമായ ഒരു നൂതന ചിന്താവീഥി അദ്ദേഹം വെട്ടിത്തെളിച്ചു. മതവും സ്വാതന്ത്ര്യവുംതമ്മിൽ പൊരുത്തപ്പെടുത്തുന്ന കാര്യത്തിലും ചരിത്രഗവേഷണത്തിലും ഒസാനാം മൊണ്ടലമ്പെറിനെയും അതിശയിച്ചിരുന്നു. ജീവിത

ത്തിന്റെ ആദിമഘട്ടത്തിൽത്തന്നെ സാമുദായികജീവിതത്തിലെ വിവിധപ്രശ്നങ്ങളും ശ്ലാഘിച്ചു മനസ്സിലാക്കുന്നതിനു് ഒരു പ്രത്യേകവാസനയും, അവയെ അപഗ്രഥിക്കുന്നതിനു് ഒരു പ്രത്യേകപാണ്ഡിത്യവും ഒസാനാമിനു് ഉണ്ടായിരുന്നു. മോണ്ടലമ്പെറിന്റെ സാമുദായികനില ഈദൃശമായ പാണ്ഡിത്യം കരസ്ഥമാക്കുന്നതിനു സൗകര്യംനൽകിയിരുന്നില്ല. ഒസാനാമിനു ക്രമീകൃതമായ ശിക്ഷണവും വിദ്യാഭ്യാസവും സിദ്ധിച്ചു; മോണ്ടലമ്പെറിനു് അതു ക്രമമായ വിദ്യാഭ്യാസം സിദ്ധിച്ചിരുന്നില്ല. ഒസാനാം പാരീസിലെ ചെറുകുടിലുകളുടെ ഇടയിൽക്കൂടെ നടക്കുകമാത്രമല്ല, അവയിൽ താമസിച്ചിരുന്ന ഓരോരുത്തരുടേയും പേരു പറഞ്ഞു് അവരെ വിളിക്കുവാൻകൂടി അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. മോണ്ടലമ്പെർ സാധുക്കളെ അവരുടെ വീട്ടിൽവച്ചു കണ്ടിട്ടില്ല; അവർ പനിപിടിച്ചു വിറച്ചുകിടക്കുമ്പോൾ അവരോടു സംസാരിച്ചിട്ടില്ല. അതിനാൽ ക്ലേശങ്ങൾ നേരിട്ടുകാണാതെയാണു മോണ്ടലമ്പെർ സാധുക്കളോടു് അനുകമ്പ പ്രദർശിപ്പിച്ചിരുന്നതു്.

ഒസാനാമിന്റെ ജീവിതത്തിലെ അവസാനത്തെ ഇരുപതു സംവത്സരം, പൗളിൻഷാരിക്കോയെപ്പോലെ, അദ്ദേഹവും പുണ്യത്തിൽ പുരോഗമിച്ചുകൊണ്ടിരുന്നു. എന്നാൽ പൗളിനുണ്ടായ ഭൗതികപരാജയമൊന്നും ഒസാനാമിനുണ്ടായില്ല. അദ്ദേഹത്തിന്റെ ജീവിതം പ്രശാന്തമായിരുന്നു. 1836–ലെ ഹേമന്തത്തിൽ ഒസാനാം നിയമപഠനം പൂർത്തിയാക്കിയെങ്കിലും അദ്ദേഹത്തിന്റെ മൂലപ്രകൃതിക്കു് അഭിഭാഷകവൃത്തി എതുമേ അരോചകമായിരുന്നു. അദ്ദേഹം ഇപ്രകാര

മാണ്‌ ആവലാതിപ്പെട്ടിരുന്നതു്: "വക്കീൽഫീസു വളരെ വിഷമത്തോടെയാണു കക്ഷികൾ തരുന്നതു്. ബിസിനസ്സുകാരോടുള്ള ബന്ധം വളരെ വിരസവും ക്ലേശകരവും അനീതിപരവുമാണു്. അതിനാൽ അത്തരംബന്ധം പാലിച്ചുകൊണ്ടുപോരുവാൻ എനിക്കു പ്രയാസമാണു്." അതിനാൽ ഒസാനാം സാഹിത്യ പ്രൊഫസർസ്ഥാനം സ്വീകരിച്ചു്, ലിയോൺസിൽ നിന്നു പാരീസിലേക്കു പ്രത്യാഗമിച്ചു. അവിടെ അദ്ദേഹത്തിനു സൊർബോൺ സർവ്വകലാശാലയിലെ വിദേശസാഹിത്യാദ്ധ്യയനജോലികിട്ടി. ചുരുങ്ങിയ ആ ജീവിതത്തിലെ അവസാനത്തെ പന്ത്രണ്ടുവർഷവും ആ ഉദ്യോഗമാണു് അദ്ദേഹം വഹിച്ചതു്.

സമകാലികരായ "ആധുനികതാവാദി"കൾ തിരുസ്സഭയുടെ നേർക്കു ചെയ്തിരുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുന്ന ജോലി അവസാനംവരെ അദ്ദേഹം തുടർന്നുപോന്നു. ഒരു വൈദികനാകുന്നതു തന്റെ ജീവിതോദ്ദേശ്യസിദ്ധിക്കു കൂടുതൽ പര്യാപ്തമായിരിക്കുമെന്നു കുറേനാൾ അദ്ദേഹം വിചാരിച്ചിരുന്നു; മാത്രമല്ല ജീവിതത്തിന്റെ ഒരു ദശയിൽ അദ്ദേഹം ഏറെക്കുറെ തീരുമാനിച്ചതുതന്നെയായിരുന്നു ഡൊമിനിക്കൻസഭയിൽചേർന്നു ലക്കോർഡയറിനോടുകൂടെ പ്രവർത്തിക്കുവാൻ. അദ്ദേഹത്തിന്റെ ഉപദേഷ്ടാവായിരുന്ന ഫാദർ നോയിറോ പറഞ്ഞതു് അദ്ദേഹത്തിന്റെ പ്രകൃതി സന്ന്യാസജീവിതത്തിനു് അനുഗ്രണമല്ലെന്നാണു്. ആ അഭിപ്രായം ശരിയായിരുന്നുവെന്നു തോന്നുന്നു. ഈ ഉപദേശവും അൽമായപ്രേഷിതരെക്കൊണ്ടു തിരുസ്സഭയ്ക്കുള്ള ആവശ്യകതയെ സംബന്ധിച്ചു് അനുഭവസിദ്ധമായ അദ്ദേഹത്തിന്റെ ബോദ്ധ്യവുംകൂടി

യോജിച്ചുവന്നപ്പോൾ അദ്ദേഹം നിശ്ചയിച്ചതു വിവാഹംകഴിക്കുന്നതും കുടുംബമായി ജീവിക്കുന്നതും സർവ്വകലാശാലയിൽ അദ്ധ്യാപനംതുടരുന്നതുമാണു തന്റെ ഉദ്ദേശ്യം പ്രായോഗികമാക്കുവാൻ പറ്റിയ മാർഗ്ഗമെന്നത്രേ. വിജയപൂർവ്വം അദ്ദേഹം ഈ മാർഗ്ഗത്തിലൂടെ നടന്നു; അതേസമയം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ കാര്യങ്ങളും അദ്ദേഹം നോക്കിക്കൊണ്ടിരുന്നു. മാത്രമല്ല, തിരുസ്സഭ പണ്ടുകാലങ്ങളിൽ ചെയ്തിട്ടുള്ള സേവനത്തേയും പതിനാറാം ശതാബ്ദത്തിലെ യൂറോപ്യൻ സംസ്കാരത്തിൽ തിരുസ്സഭയ്ക്കുള്ള സ്ഥാനത്തേയും വിവരിച്ചു സഭാവിരോധികളുടെ ആക്രമണങ്ങളെ അദ്ദേഹം പ്രതിരോധിക്കയും ചെയ്തു.

പന്ത്രണ്ടു കൊല്ലമാണു ഫ്രെഡറിക്കു സൊർബോണിൽ അദ്ധ്യാപനംനടത്തിയതു്. തദവസരത്തിൽ സാഹിത്യചരിത്രത്തിന്റെ വിവിധവശങ്ങളെപ്പറ്റി പണ്ഡിതോചിതമായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. സാഹിത്യവിജ്ഞാന പ്രോത്സാഹനത്തിനു് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അത്യധികം പ്രയോജകീഭവിച്ചിട്ടുണ്ടു്. ഭൂതകാലത്തെ വീക്ഷിക്കുന്നതിനുള്ള ദൂരദർശിനിപോലെയായിരുന്നു ആ പ്രസംഗങ്ങൾ. ഭാരമേറിയ ഒരു ജോലിയായിരുന്നു ഇതു്. പഴയ കയ്യെഴുത്തുപ്രതികൾ വായിച്ചും പ്രാചീനകാലങ്ങളിലെ മഹാഗ്രന്ഥങ്ങൾ ചർച്ചചെയ്തും പഠിച്ചും ഓരോകാലത്തെ രാഷ്ട്രീയവും സാംസ്കാരികവുമായ ചരിത്രം അതിന്റെ പശ്ചാത്തലത്തുനിന്നു് അഭ്യസിച്ചുമാണു് ഓരോ പ്രസംഗത്തിനും ഒടുവിനാം രൂപംകൊടുത്തതു്. ആധുനികകാലത്തും മദ്ധ്യയുഗങ്ങളിലും യൂറോപ്യൻ സംസ്കാര

ത്തിന്റെ ജനയിതാവു കത്തോലിക്കാസഭയാണെന്നു തെളിയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഗ്രന്ഥരചനയുടെയെല്ലാം ഉദ്ദേശ്യം. അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ഹൃസു പറയുന്നതു് ഇപ്രകാരമാണു്: "ഓരോപ്രബന്ധവും, ദൈവത്തിന്റേയും സഭയുടേയും മഹത്വത്തിനായി എന്നെങ്കിലും നിർമ്മിച്ചു പൂർത്തിയാക്കുവാൻ അദ്ദേഹം താൽപര്യപ്പെട്ടിരുന്ന സ്മാരകത്തിന്റെ ഓരോ ഭാഗമാണു്. ഓരോന്നും സമയത്തിന്റെ ആക്രമണത്തെ ചെറുക്കുവാൻ കഴിയുന്ന ഉറച്ചശിലകളും പ്രേക്ഷകരുടെ കണ്ണും കരളും കവരുന്ന ശില്പവേലകളുമാണു്." ഒസാനാമിന്റെ ചരിത്രഗ്രന്ഥങ്ങൾ ഷറോബ്രിയന്റേയും മോണ്ടലമ്പെറിന്റേയും ഗ്രന്ഥങ്ങളെ അതിശയിക്കുന്നവയാണു്. പത്തൊമ്പതാം ശതാബ്ദത്തിലെ പ്രഥമാർദ്ധത്തിൽ വികസിച്ച നവകത്തോലിക്കാപ്രസ്ഥാനത്തിലെ ചരിത്രപഠിതാക്കളിലും സാഹിത്യകാരന്മാരിലും അഗ്രിമസ്ഥാനം ഒസാനാമിനുതന്നെയാണു്.

പതിനെട്ടാമത്തെവയസ്സിൽ ലിയോൺസിൽ വച്ചു് ഒസാനാം എഴുതുവാൻ നിശ്ചയിച്ച മഹാഗ്രന്ഥത്തിലെ അദ്ധ്യായങ്ങളായിട്ടുവേണം അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ഗ്രന്ഥങ്ങളും പരിഗണിക്കാൻ. അവയെല്ലാം വ്യാപദേശകങ്ങളാണു്. യൂറോപ്പൻ സംസ്കാരം സാധിക്കുന്നതിൽ തിരുസ്സഭ അഭിനയിച്ച ഭാഗം വ്യക്തമാക്കുകയാണു് അവയുടെയെല്ലാം ഉദ്ദേശ്യം. അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമം വ്യാപദേശകമായിരുന്നുവെന്നു വ്യക്തമാക്കുന്നുണ്ടു്, അദ്ദേഹത്തിന്റെ ക്ലാസുമുറിയുടെ വാതിൽക്കൽ ആരോ എഴുതിപതിപ്പിച്ച ലേബൽ: "ദൈവശാസ്ത്രാദ്ധ്യാ

യനം." എന്നാൽ തിരുസ്സഭയെ നീതീകരിക്കുവാൻ വേണ്ടി ചരിത്രം കരിക്കുവാൻ ഒസാനാം ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും! "കത്തീഡ്രൽ ദൈവാലയങ്ങളുടെ സുന്ദരഗാംഭീര്യത്തേയും കുരിശുയോദ്ധാക്കളുടെ ധീരതയേയും നാം സമാദരിക്കേണ്ടതാണു്. എന്നാൽ, അന്നസ്തൃതമായ യുദ്ധങ്ങളുടെ ഭീകരതയും, ഫ്യൂഡൽസ്ഥാപനങ്ങളുടെ നികൃഷ്ടതയും, വിവാഹമോചനത്തേയും മെത്രാൻസ്ഥാനവില്പനയേയും സംബന്ധിച്ചു രാജാക്കന്മാരും തിരുസിംഹാസനവും തമ്മിലുണ്ടായിട്ടുള്ള കലാപങ്ങളും, തജ്ജന്യമായ ഇടർച്ചകളും നാം നിഷേധിക്കേണ്ടതില്ല. തിന്മയെ അതിന്റെ സകല ഭയങ്കരതയോടുംകൂടെ നാം ദർശിക്കണം; അപ്പോഴാണു തിരുസ്സഭയുടെ സേവനങ്ങൾ സ്പഷ്ടമാകുന്നതു്. നമ്മൾ തെറ്റിദ്ധരിച്ചുവച്ചിരിക്കുന്ന കാലഘട്ടങ്ങളിൽ അവൾ ഭരിച്ചതല്ല, സഹിച്ചതാണു്, അവളുടെ മാഹാത്മ്യം."

മോണ്ടലമ്പെർ വോയിലോയും വിശ്വാസവിഷയങ്ങളെ സമീപിച്ചിരുന്ന കോണിൽക്കൂടെയല്ല ഒസാനാം അവയെ സമീപിച്ചതു്. തിരുസ്സഭയോടു് അവൾക്കുണ്ടായിരുന്ന സ്നേഹത്തേയും അവരുടെ ധീരതയേയും അദ്ദേഹം പുകഴ്ത്തിയിട്ടുള്ളതാണു്. എന്നാൽ, സത്യസന്ധതയിലും സൗമ്യതയിലും ഒസാനാം അവരെ രണ്ടുപേരേയും അതിശയിച്ചിരുന്നു. അവരെക്കാൾ കൂടുതൽ ശാസ്ത്രീയമായ രീതിയിലാണു് അദ്ദേഹം സത്യാന്വേഷണംചെയ്തിരുന്നതു്. കത്തോലിക്കാതാൽപര്യങ്ങൾക്കുവേണ്ടി ഒസാനാം നിലകൊള്ളുന്നില്ലെന്നു വോയിലോ കുറ്റാരോപണംചെയ്തപ്പോൾ, അദ്ദേഹം സ്വന്തം സഹോദരനു് ഇപ്രകാരമെഴുതി:

"അവിശ്വാസികളോട്" അതിരറ്റ സൗമ്യത കാണിക്കുന്നുവെന്ന് എന്റെമേൽ ഒരാക്ഷേപമുണ്ടായിട്ടുണ്ട്. സംശയമാകുന്ന ഉലയിൽകിടന്നു് ഉരുകിയ ഞാൻ, വിശ്വാസമെന്ന അമൂല്യദാനം സിദ്ധിച്ചിട്ടില്ലാത്തവരോട് ക്രൂരമായി വർത്തിക്കുന്നതു കൃതഘ്നതയും നീചത്വവുമായിരിക്കും." വ്യപദേശകവാദപ്രതിവാദങ്ങളിൽ അദ്ദേഹത്തിന്റെ തത്വം ഇതായിരുന്നു: "അക്രമം പ്രയോഗിച്ചു പരിശുദ്ധമായ താൽപര്യങ്ങളെ നഷ്ടപ്പെടുത്തരുതു്. അവിശ്വാസികളോട് അനുകമ്പാപൂർവ്വം വർത്തിക്കണം.....അവരുടെ സ്ഥിതി പണ്ടേ നികൃഷ്ടമാണു്. അവരെ നിന്ദിക്കയല്ല, ബോദ്ധ്യപ്പെടുത്തുകയാണ വേണ്ടതു്."

മോണ്ടലമ്പെറിന്റേയും വോയിലോയുടേയും പ്രവർത്തനങ്ങളെക്കാൾ കൂടുതലായി ഒസാനാമിന്റെ പ്രവർത്തനം കാലപ്രഴക്കത്തെ അതിജീവിച്ചിട്ടുണ്ടു്. വാദം ജയിക്കുവാൻവേണ്ടി സത്യത്തിന്റെ ഒരു കണികപോലും മറച്ചുവക്കുകയോ എതിരാളിയുടെ പക്ഷം വികൃതമായി ചിത്രിക്കുകയോ അദ്ദേഹം ചെയ്തിരുന്നില്ല. വാദപ്രതിവാദത്തിന്റെ ഇടിയും മിന്നലും നീങ്ങിയിട്ടും ഒസാനാമിന്റെ ഗ്രന്ഥങ്ങൾ ഉത്തമസാഹിത്യങ്ങളായിത്തന്നെ പരിലസിക്കുന്നു. മൻവിധിക്കു് അധീനരല്ലാത്ത എല്ലാവർക്കും ആ ഗ്രന്ഥങ്ങളിൽനിന്നു യൂറോപ്യൻസംസ്കാരം സാധിക്കുന്നതിൽ തിരുസ്സഭ വഹിച്ചിട്ടുള്ള പങ്കു് എത്ര വലുതാണെന്നു ഗ്രഹിക്കുവാൻ കഴിയും.

ഒസാനാമിന്റെ ജനാധിപത്യപ്രേമം

ഫ്രെഡറിക്കു് ഒസാനാമിന്റെ സാമൂഹ്യികവും രാഷ്ട്രീയവുമായ ചിന്തകളും വളരെ പ്രാധാന്യം

അർഹിക്കുന്നുണ്ട്. ഒസാനാം പ്രഥമത: പ്രവർത്തനശീലനായതുകൊണ്ട് ഡെ മായിസ്റ്റർ, ഡൊണോസൊകോർട്ടെസ്, മോണ്ടലമ്പെർ എന്നിവരെപ്പോലെ അടുക്കിനിരത്തിവച്ചിട്ടുള്ള ഒരു സാമൂഹായികതത്വചിന്ത അദ്ദേഹം നമുക്കു പ്രദാനംചെയ്തിട്ടില്ല. ക്രിസ്തുമതം ആരാധനയുടേയും തത്വചിന്തയുടേയും ഒരു രംഗം മാത്രമല്ല, അതു പ്രവർത്തനത്തിന്റേയും ചിന്തയുടേയും ഒരു രംഗംകൂടിയാണ്. "ഹാ, വാക്കുകളേക്കാൾ എത്ര ഉൽകൃഷ്ടമാണ പ്രവൃത്തി. ഇങ്ങനെ കുത്തിവരച്ചുകൊണ്ടിരിക്കുന്നതിനെ ഓർത്തു ഞാൻ എത്രമാത്രം ലജ്ജിക്കേണ്ടിയിരിക്കുന്നു?" എന്നാണ് അദ്ദേഹം ഒരിക്കൽ വിലപിച്ചതു. അതിനാൽ സാമൂഹായികപ്രവർത്തനങ്ങളെ സാമൂഹായികതത്വചിന്തയിൽനിന്നു വേർതിരിച്ചിരുന്നില്ല. പ്രവർത്തനപരിചയംവഴിയാണ തത്വചിന്തയിലേക്കു് അദ്ദേഹം കടന്നുപോയിരുന്നതു്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചാലും: "സാമൂഹായികസുസ്ഥിതിയേയും സാമൂഹായിക നവീകരണത്തേയും സംബന്ധിച്ച വിജ്ഞാനം കരസ്ഥമാക്കേണ്ടതു സാധുക്കൾ നിവസിക്കുന്ന മച്ചിൻപുറങ്ങളിലേക്കുള്ള ശോവണി കയറിയും, അവരുടെ രോഗശയ്യയുടെ അരികേ കാത്തിരുന്നും, അവരെ കുത്തിമുറിക്കുന്ന ശൈത്യം അനുഭവിച്ചും, സ്വരാലും പരിതൃക്തമായ അവരുടെ ഹൃദയത്തിന്റേയും വേദനിക്കുന്ന അവരുടെ മനസ്സിന്റേയും രഹസ്യങ്ങളിൽ പങ്കെടുത്തുമാണ്. സ്കൂളുകളിലും ഫാക്ടറികളിലും ആശുപത്രികളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും എന്നുവേണ്ട എവിടെയെല്ലാം സാധുക്കളെ ദൈവം താമസിപ്പിച്ചിട്ടുണ്ടോ അവിടെയെല്ലാം അവരുടെ സ്ഥിതി പരിശോധിക്കുമ്പോഴാണ സാമൂഹായികപ്രശ്നത്തിന്റെ ഭയങ്കരത വെളി

വാകുന്നതു്. അപ്പോൾ മാത്രമേ നമുക്കു് അതു മനസ്സിലാക്കുവാനും അതിനു നിവാരണം കണ്ടുപിടിക്കുവാനും സാധിക്കുകയുള്ളു.

ജീവൽപ്രശ്നങ്ങളെ ദരിദ്രന്റെ ചെറുകുടിലിൽ ചെന്നു പഠിച്ചതുകൊണ്ടു് ഒസാനാം നിർദ്ദേശിച്ച പരിഹാരമാർഗ്ഗം വോയിലോ, ഡൊണോസോ കോർട്ടെസു് മുതലായ കത്തോലിക്കർക്കു അതിരുകടന്നതും വിപ്ലവകരവുമായി തോന്നി. ഫൊർട്ടൂം എന്നൊരു സ്നേഹിതനു് ഒസാനാം ഇപ്രകാരമെഴുതി: "കണ്ടാലും, പഴയ വ്യവസ്ഥിതി തകരുന്നു; പ്രാചീനാടിസ്ഥാനങ്ങൾ ഇളകിമറിയുന്നു." ഒരു വിപ്ലവസന്ധിയിൽക്കൂടെയാണു ലോകം കടന്നുപോയിക്കൊണ്ടിരിക്കുന്നതെന്നും, ആ വിപ്ലവത്തിൽനിന്നു് ഒരു പുതിയ വ്യവസ്ഥിതി സംജാതമാകുമെന്നും അദ്ദേഹം അനുമാനിച്ചു. അന്നത്തെ നവീകരണനേതാക്കന്മാരെക്കാളെല്ലാം ഭേദമായിട്ടു് ഒസാനാമിനു മനസ്സിലായി, പാർലമെൻറുണ്ടാക്കുന്നതുകൊണ്ടും തിരഞ്ഞെടുപ്പുകൾ നടത്തുന്നതുകൊണ്ടും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്നു്. ലള്ളിയെയ്ക്കു് ഇപ്രകാരമെഴുതി: "ഒരു സാമുദായികപ്രശ്നമാണുള്ളതു്. ഒന്നും ഇല്ലാത്തവരും അധികം ഉള്ളവരും തമ്മിൽ, സമ്പത്തും ദാരിദ്ര്യവും തമ്മിൽ, ഉള്ളൊരു കൂട്ടിയടിയാണു് ഇന്നു നടക്കുന്നതു്. ആ സമരത്തിൽ നമ്മുടെ പാദത്തിൻകീഴ് ഭൂമി വിറകൊള്ളുന്നതുപോലെ തോന്നുന്നു."

കാറൽ മാക്സ് ധനികരും ദരിദ്രരുംതമ്മിലുള്ള വർഗ്ഗസമരത്തെപ്പറ്റി എഴുതുന്നതിനു് ഒരു വ്യാഴവട്ടം മുമ്പു്, 1837–ൽ, ഒസാനാം പറയുന്നതു ഫ്രാൻസു് രണ്ടു

പക്ഷമായി തിരിഞ്ഞുകഴിഞ്ഞിരിക്കുന്നുവെന്നാണ്. അദ്ദേഹം പറയുന്നു: "ഇവിടെ രാഷ്ട്രീയതാൽപര്യങ്ങൾ നിമിത്തമല്ല, സ്വന്തം ഗുണത്തെ ലാക്കാക്കി, ജനങ്ങൾ വിഭജിച്ചിരിക്കയാണ്. ഒരുവശത്തു ധനികരും മറുവശത്തു ദരിദ്രരും താവളമുറപ്പിച്ചിരിക്കുന്നു. ഒരു കൂട്ടരുടെ സ്വാർത്ഥം സമസ്തവും തങ്ങൾക്കായി സൂക്ഷിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. ഇവരുടെ സ്വാർത്ഥം സമസ്തവും അന്യരിൽനിന്നു തട്ടിപ്പറിച്ചെടുക്കുവാനുള്ള യത്നമായി കാണപ്പെടുന്നു. ഇരുകൂട്ടരും തമ്മിൽ ബദ്ധവൈരമാണ്. അതു സമൂലനാശത്തിനു വഴിതെളിക്കുന്ന ഒരു സമരത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു." നീതിയും, വിശിഷ്യ സ്നേഹവും, സംബന്ധിച്ച ക്രിസ്തീയതത്വങ്ങൾ പ്രായോഗികമാക്കുന്നതാണു പ്രസ്തുത പ്രശ്നത്തിനു പരിഹാരമായി ഒസാനാം നിർദ്ദേശിക്കുന്നതു്. "മൻവിധികൾ മാറുന്നതിനും, വൈരത്തിന്റെ ആയുധങ്ങൾ നിലത്തുവയ്ക്കുന്നതിനും, രണ്ടുപക്ഷക്കാരേയും സമരം കൂടാതെ അടുപ്പിച്ചുകൊണ്ടുവരുന്നതിനും, വേണ്ടി ക്രിസ്ത്യാനികൾ സ്നേഹത്തിന്റെ നാമത്തിൽ അവരുടെ മധ്യേ നില്ക്കണം."

ആകയാൽ ഒസാനാം ധനികരായ കത്തോലിക്കരോടും വൈദികലോകത്തോടും സാധുക്കളുടെ കാര്യത്തിൽ—ഇരുന്നു നടക്കുന്ന ഭിക്ഷുക്കളുടെകാര്യത്തിലെന്നതിനേക്കാൾ കൂടുതലായി, തൊഴിൽ ചെയ്തിട്ടും പട്ടിണികിടക്കേണ്ടിവരുന്ന സാധുക്കളുടെ കാര്യത്തിൽ—താൽപര്യം പ്രദർശിപ്പിക്കുവാൻ ആഹ്വാനം ചെയ്തു. ഒരുത്തനു സമ്പാദിക്കാവുന്ന ധനത്തിനു പരിധിയുണ്ടാകുവാൻ പറഞ്ഞിയ ഒരു സാമുദായികക്രമത്തെപ്പറ്റി അദ്ദേഹം പ്രസംഗിച്ചു. "അനുദിന അപ്പത്തിനുവേണ്ടി

പ്രാർത്ഥിക്കുവാൻ ആജ്ഞാപിച്ച കർത്താവു്, പത്തു വർഷത്തെ സുഭിക്ഷതയ്ക്കുവേണ്ടി അപേക്ഷിക്കുവാൻ ഒരിടത്തും നിർദ്ദേശിച്ചിട്ടില്ല." ആകയാൽ ധനികരുടെ ധനം കുറയണം; ദരിദ്രരുടെ ദാരിദ്ര്യവും കുറയണം. ലിബറൽ ചിന്തകക്കില്ലാവക്കും, ഫ്രഞ്ചു കത്തോലിക്കരിൽ ചിലക്കും, ഇതു വിപ്ലവകരമായിത്തോന്നി. അതുകൊണ്ടു് ഒസാനാം തന്റെ പിൻഗാമികളോടു് ഇപ്രകാരം ഉപദേശിച്ചു: "നിങ്ങളുടെ ചിന്താഗതിയിൽ അമർഷംപൂണ്ട ഭൂഷ്ടരായ ധനികർ നിങ്ങളെ കമ്മ്യൂണിസ്റ്റുകാരായി പുറംതള്ളുമ്പോൾ, നിങ്ങൾ ഭയപ്പെടരുതു്." സെൻറ് സിമോണിയൻ സുകാരുടെ ലൗകികസോഷ്യലിസവും, ക്രിസ്ത്യൻ സോഷ്യൽപദ്ധതിയും തമ്മിൽ കാതലായ അന്തരമുണ്ടെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു. അന്ന സ്നേഹത്തിന്റെ ശരിയായ അർത്ഥം അറിയാവുന്നവർ തുലോം വിരളമായിരുന്നതിനാൽ, 1891–ൽ പതിമൂന്നാം ലെയോ മാർപ്പാപ്പാ "റേരും നൊവാരും" എന്ന ചാക്രികലേഖനം പ്രസിദ്ധംചെയ്യുന്നതുവരെ, ഒസാനാമിന്റെ സാമൂദായികപ്രശ്നപരിഹാരമാർഗ്ഗം ലോകം മനസ്സിലാക്കിയില്ല.

പരിഹാരം എളുപ്പമാണെങ്കിലും പ്രായോഗികമാക്കുവാൻ പ്രയാസമാണെന്നു് ഒസാനാം മനസ്സിലാക്കി. അദ്ദേഹം പറയുന്നതു കേൾക്കുക: "ദരിദ്രങ്ങൾ നീക്കുക; ജനങ്ങളെ ക്രിസ്ത്യാനികളാക്കുക; എന്നാൽ വിപ്ലവങ്ങൾ സമാപിക്കും." ഇക്കാര്യത്തിൽ ക്രിസ്ത്യാനികൾക്കു്, വിശിഷ്യ വൈദികർക്കു്, ഉള്ള പരാജയമാണു 1848–ലെ വിപ്ലവമുണ്ടാക്കിയതെന്നതേ സഹോദരനായ വൈദികനു് ഒസാനാമെഴുതിയതു്.

നിയമപ്രഖ്യാപനം വഴിയല്ല, വിദ്യാഭ്യാസം വഴി യുള്ള സാന്മാർഗ്ഗികനവീകരണമാണ് അത്യന്താപേ ക്ഷിതമായ അടുത്ത പടിയായി ഒസാനാം നിർദ്ദേ ശിച്ചത്. വയോജനങ്ങൾക്കുവേണ്ടി നിശാപാഠശാല കളും തൊഴിലുകളാഗ്രഹിക്കുന്നവർക്കായി വ്യവസായ പരിശീലനക്കളരികളും സ്ഥാപിക്കുവാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. അതുപോലെതന്നെ ഗ്രന്ഥശാല കളും പരസ്പരസഹായസംഘങ്ങളും സ്ഥാപിക്കേണ്ട ആവശ്യകത അദ്ദേഹം സൂചിപ്പിച്ചു. യഥാർത്ഥ സാഹോദര്യം പാലിച്ചു കൂട്ടമായി ജീവിക്കുന്നതിനു് ഇവയെല്ലാം ഉപകരിക്കുമെന്നായിരുന്നു അദ്ദേഹ ത്തിന്റെ ബോദ്ധ്യം. വ്യാവസായീകരണംവഴി വന്നു ചേർന്നിട്ടുള്ള പ്രശ്നങ്ങൾക്കു സ്നേഹാധിഷ്ഠിതമായ പ്രവർത്തനമാണു പരിഹാരമെന്നായിരുന്നു ഒസാനാ മിന്റെ ഉറച്ച നിലപാട്. വ്യവസായവിപ്ലവ ത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഒസാനാം നൽകിയ ഈ നിർദ്ദേശങ്ങൾകൊണ്ടു മനസ്സിലാക്കാം, എത്രകണ്ടു വിദൂരദർശിയായ ഒരു ചിന്തകനായിരുന്നു അദ്ദേഹ മെന്നു്.

അനന്തരകാലങ്ങളിൽ കത്തോലിക്കരായ സാമൂ ഹ്യചിന്തകന്മാർ വിശദമാക്കിയ സാമൂഹ്യപ്രശ്നപരിഹാരമാർഗ്ഗത്തിനു് അടിത്തറയിട്ടതു് ഒസാനമാണു്. രാഷ്ട്രീയപ്രശ്നമെന്നതിനേക്കാൾ സാമൂഹ്യ കവും സാമ്പത്തികവുമായ പ്രശ്നമാണു തങ്ങൾ അഭിമുഖീകരിക്കുന്നതെന്നു് ഇതരർ ഗ്രഹിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിനു കാണുവാൻ സാധിച്ചു. സാധുജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കി യിട്ടുള്ള ചുരുക്കം ചില സാമൂഹ്യചിന്തകന്മാരിൽ

ഒരാളായിരുന്നതുകൊണ്ടാണ് ഒസാനാമിനു ശരിയായ ഒരു പ്രതിവിധി നിർദ്ദേശിക്കുവാൻ കഴിഞ്ഞതു്. ലണ്ടൻ കാഴ്ച്ചബംഗ്ലാവിലെ സ്ഥിതിവിവരക്കണക്കുകളാണു കാറൽ മാർക്സ് പഠിച്ചതു്. സാധുക്കളുടെ ഭവനങ്ങളും കാണാതെയാണു മോണ്ടലമ്പെർ ദരിദ്രരോടു് അനുകമ്പ പ്രദർശിപ്പിച്ചതു്. ഒസാനാമാണെങ്കിൽ ഇളകിക്കിടക്കുന്ന ഗോവണികളിൽക്കൂടെ മച്ചിൻ പുറത്തു കയറി രോഗികളായ തൊഴിലാളികളുടെ കിടക്കയിൽ ഇരുന്നാണു്, തൊഴിലാളിയുടെ ജോലി നഷ്ടപ്പെട്ടുകയോ മറേറാ ചെയ്യാൽ ഉണ്ടാകുന്ന, ക്ലേശങ്ങളും ദർശിച്ചതു്. 1848–ൽ പാരീസിൽ 267,000 പേർ തൊഴിൽരഹിതരായി ഉണ്ടായിരുന്നു; അതിന്റെ ഫലമെന്തായിരിക്കുമെന്നു് ഒസാനാം ഗ്രഹിച്ചതു പോലേ വേറെയാരും മനസ്സിലാക്കിയിട്ടുണ്ടായിരുന്നില്ല.

രാഷ്ട്രീയചിന്തകനെന്ന നിലയിൽ ഒസാനാം ജനാധിപത്യമാണു് ഇഷ്ടപ്പെട്ടിരുന്നതു്. ആധുനിക ലിബറൽ വാദികളും എന്തുതന്നെ വിചാരിച്ചാലും വേണ്ടതില്ല, ഒമ്പതാം പീയൂസു് മാർപ്പാപ്പായാണു് ഒസാനാമിനെ ജനാധിപത്യത്തിലേക്കു് ആകർഷിച്ചതു്. യൂറോപ്യൻ ഭരണകർത്താക്കളിൽ ഏറ്റവും കൂട്ടതലായി ലിബറലിസത്തെ താങ്ങിയിരുന്ന ഒമ്പതാംപീയൂസു് മാർപ്പാപ്പായുടെ കാലത്താണു് ഒസാനാം റോമാ സന്ദർശിച്ചതു്. 1848–ലെ വിപ്ലവത്തിനു കുറേ മാസങ്ങൾക്കു മുമ്പുതന്നെ ആ തിരുമേനിക്കു ബോദ്ധ്യമായി ലിബറലിസം ലോകത്തിനു രക്ഷ നൽകുകയില്ലെന്നു്. പാരീസിലേക്കു മടങ്ങിയതിനു ശേഷം ചെയ്ത ഒരു പ്രസംഗത്തിൽ ഒസാനാം ഇപ്രകാ

കാരം പറഞ്ഞു: "രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും സങ്കുചിതമായ താവളങ്ങളിൽനിന്നു്, നാം വിശാലമായ ലോകത്തിൽ ഇറങ്ങി, ജനങ്ങളുടെ പക്കലേക്കു പോയി, അവരെ തിരുസ്സഭയിലേക്കു് ആനയിക്കണം. .....വെറുപ്പും വൈരാഗ്യവും കളഞ്ഞു ജനാധിപത്യത്തിലേക്കു തിരിയുവിൻ. നമ്മളെ അറിഞ്ഞിട്ടില്ലാത്ത ജനങ്ങളുടെ പക്കലേക്കു നാം പോകണം. പ്രസംഗം കൊണ്ടു മാത്രമല്ല, ഉപകാരസഹായങ്ങൾകൊണ്ടുകൂടി അവരെ നാം നേടേണ്ടിയിരിക്കുന്നു. ധർമ്മം അവരെ എളിമപ്പെടുത്തുന്നതിനാൽ, അവർക്കു സ്വാതന്ത്ര്യം നല്കി അവരെ ഉയർത്തുന്നതിനു പര്യാപ്തമായ സാമൂഹ്യായികോപകരണങ്ങൾ നാം സ്വീകരിക്കണം. നമുക്കു കാട്ടുജാതിക്കാരുടെ പക്കലേക്കു പോകാം; ഒന്നാമപീയൂസു് മാർപ്പാപ്പായെ പിഞ്ചെല്ലുകയും ചെയ്യാം. (1)

രാഷ്ട്രീയപുരോഗമനത്തിന്റെ ഒഴിച്ചുകൂടാത്ത ഫലമാണു ജനാധിപത്യം. അതിലേക്കു ദൈവം ലോകത്തെ നയിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ താമസിയാതെ ഭരണാധികാരം കൈയടക്കുമെന്നു് അദ്ദേഹം കണ്ടു. തങ്ങളുടെ ശക്തി ശരിയായി ഉപയോഗിക്കുന്നതിനു വേണ്ട വിദ്യാഭ്യാസവും ക്രിസ്തീയചൈതന്യവും ഉണ്ടെങ്കിൽ ജനാധിപത്യം നല്ലതാണെന്നു് അദ്ദേഹം ഊന്നിപ്പറഞ്ഞു. "ജനങ്ങൾ തിരഞ്ഞെടുത്തയക്കുന്നവ

---

(1) ജനക്കൂട്ടത്തെപ്പറ്റി കാട്ടുജാതികൾ എന്നു പ്രയോഗിച്ചതു ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ടു്. ഒന്നാമൻ ജനങ്ങളെ കുറ്റം പറയുകയല്ല. റോമാ സാമ്രാജ്യത്തിന്റെ അധഃപതനത്തിങ്കൽ കാട്ടുജാതിക്കാരെ മാനസാന്തരപ്പെടുത്തി തിരുസ്സഭയെ പരിപുഷ്ടമാക്കിയതുപോലെ ചെയ്യണമെന്നു് ഒന്നാമൻ ഉപദേശിക്കുകയാണു്. ഒരു ചരിത്രസൂചനയായിട്ടു മനസ്സിലാക്കണം.

രുടെ ഗവമ്മെൻറിനെ ജനങ്ങളുടെ ആവശ്യവും രാഷ്ട്ര ത്തിൻെറ ചുമതലകളും നന്നായി അറിയുവാൻ സാധി ക്കയില്ലെ?" എന്നു് അദ്ദേഹം ചോദിക്കയാണു്. "നമുക്കു് അതിൽ വിശ്വാസം സമർപ്പിക്കാം; അതിനെ പിന്താങ്ങാം; പുതിയൊരു ഭരണക്രമ ത്തിൻെറകീഴ്നിന്നു തിരുസ്സഭയുടെ ആദർശങ്ങളെ നമുക്കു പ്രായോഗികമാക്കാം."

1848-ലെ വിപ്ലവംവരെ മോണ്ടലമ്പെറും ഈ അഭിപ്രായത്തോടു യോജിച്ചിരുന്നു. അതിനുശേഷം അദ്ദേഹത്തിനും ജനാധിപത്യവാദികളായിരുന്ന പല കത്തോലിക്കർക്കും സംശയമായി. എന്നാൽ, ഒസാനാം പിന്നെയും ജനാധിപത്യത്തിൽ വിശ്വസിക്കയാണു ചെയ്തതു്. 1848 ജൂണിൽ, ജനങ്ങളെ വെടിവെക്കേ ണ്ടിവന്നാൽ അതിനും തയ്യാറായി, സ്വന്തസ്ഥാനത്തു നിന്നിരുന്നപ്പോഴും ജനാധിപത്യത്തെ അദ്ദേഹം അവിശ്വസിച്ചില്ല. വിപ്ലവം തകർന്നതിനുശേഷം കമ്മ്യൂണിസത്തിൽനിന്നുള്ള മോചനമെന്ന നിലയിൽ മോണ്ടലമ്പെറും വോയിലോയും ലൂയി നെപ്പോളി യനെ പിന്താങ്ങിയപ്പോൾ ഒസാനാമും ഫാദർ ലക്കോർ ഡയറും ജനാധിപത്യത്തെ പിന്താങ്ങിക്കൊണ്ടുതന്നെ യിരുന്നു. അതിനായി നവയുഗം എന്നൊരു പത്രം അവർ സമാരംഭിച്ചു. ഹ്രസ്വജീവിയായിരുന്ന രണ്ടാ മത്തെ റിപ്പബ്ളിക്കിനേയും കത്തോലിക്കരേയും രമ്യപ്പെടുത്തി സഭയ്ക്കും സമുദായത്തിനും നന്മവരുത്താ മെന്നായിരുന്നു അവരുടെ ബോധ്യം. പ്രസ്തുത പത്ര ത്തിൽ ഒസാനാം അനുവാചകരെ ഇപ്രകാരം ഉദ് ബോധിപ്പിച്ചു: "ഫ്രാൻസിനെ ഒന്നു രണ്ടു പ്രാവശ്യം രക്ഷിച്ചാൽ പോരാ; ഒരു വലിയ രാജ്യത്തെ ദിവസം

തോഷം സംരക്ഷിക്കേണ്ടതായിവരും. ഇന്നു നിങ്ങൾ പട്ടണത്തിന്റെ ഒരറ്റത്തുനിന്നു മറ്റേ അറ്റംവരെ സമാധാനത്തോടെ നടക്കുന്നുണ്ടെന്നുള്ളതു ശരി. തെരുവീഥികളിൽനിന്നു വിപാടനം ചെയ്യതായി കരുതപ്പെട്ടന്ന വിപത്തു് ഇരുവശത്തുമുള്ള ഭവനങ്ങളുടെ മച്ചിൻപുറങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ടു്. വിപ്ലവം നിങ്ങൾ അടിച്ചമർത്തി; എന്നാൽ നിങ്ങൾക്കു പരിചയമില്ലാത്തതും, നിങ്ങൾ കേൾക്കുവാനിഷ്ടപ്പെടാത്തതുമായ ഒരു ശത്രുവുണ്ടു്—ദരിദ്രം. ആ ശത്രുവിനെപ്പറ്റി പ്രതിപാദിക്കുവാനാണു് ഇപ്പോൾ ആഗ്രഹിക്കുന്നതു്.” സമാധാനം പുനരുദ്ഘോഷിതമായപ്പോൾ, ഒസാനാം കത്തോലിക്കരെ ഇപ്രകാരം ഉപദേശിച്ചു: “ദരിദ്രജനസമൂഹങ്ങളുടെ താല്പര്യങ്ങൾ സാധിച്ചുകൊടുക്കുവാനും, ക്ലേശങ്ങൾ അനുഭവിക്കുന്നവരെ സമാശ്വസിപ്പിക്കുവാനും ദാരിദ്ര്യത്തെ ഉച്ചാടനംചെയ്യുവാനും നാം തയ്യാറാണെന്നു വ്യക്തമാക്കണം. എന്നാൽ ജൂൺ മാസത്തിൽ അഴിച്ചുവിട്ട കൊടുങ്കാറ്റിനും, ഇപ്പോഴും ഇരുണ്ടു മൂടിക്കിടക്കുന്ന കാർമേഘങ്ങൾക്കും, കാരണമായ തത്വങ്ങൾ നാം സമാദരിക്കേണ്ടതില്ല.

“നവയുഗം” പത്രം കാലാനുഗുണമായിട്ടുതന്നെയാണു നടത്തിയിരുന്നതു്. എന്നാൽ വോയിലോയെപ്പോലെയുള്ള രാജകക്ഷിയംഗങ്ങളായ കത്തോലിക്കർക്കും, ലിബറൽ വാദികളായ മോണ്ടലമ്പെർ പോലെയുള്ളവർക്കും ആ പത്രത്തിലെ തത്വങ്ങൾ കൈക്കൊള്ളുവാൻ പ്രയാസം തോന്നി. ആ പരിവർത്തനഘട്ടത്തിൽ തങ്ങളുടെ പത്രം കത്തോലിക്കരെ ഐക്യപ്പെടുത്തുന്നതിനു പകരം, അവരെ വിഭജിക്കുകയാണെന്നു കണ്ടപ്പോൾ പത്രത്തിന്റെ പ്രസിദ്ധീകരണം നിറുത്താ

മെന്നു വച്ചു. വോയിലോയുടെ അഭിപ്രായത്തിനു പകരം, ഒസാനാമിന്റെ അഭിമതം സ്വീകൃതമായിരുന്നുവെങ്കിൽ ഫ്രാൻസിൽ തിരുസ്സഭയുടെ ചരിത്രം സുഭഗതരമാകുമായിരുന്നു. എന്നാൽ വെറും സാദ്ധ്യതകളെപ്പറ്റി പ്രതിപാദിക്കുന്നതു പ്രയോജനശൂന്യമാണല്ലോ. ലിബറലിസമോ ഡെമോക്രസിതന്നെയോ വിജയം കൈവരിച്ചിരുന്നെങ്കിൽ തിരുസ്സഭയെ ഫ്രാൻസിൽ നിന്നു തുരത്തിയെന്നും വന്നേക്കാവുന്നതാണു്. എതായാലും അരശതാബ്ദത്തിനുശേഷം തിരുസ്സഭ ഒസാനാമിന്റെ അഭിപ്രായമാണു് അവസാനമായി സ്വീകരിച്ചതു്. ജനാധിപത്യമാകുന്ന കോതമ്പിനെ ലിബറലിസമാകുന്ന പതിരിൽനിന്നു വേർതിരിച്ചു. അദ്ദേഹത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ തത്വങ്ങൾ പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ റേരും നൊവാരും എന്ന തിരുവെഴുത്തിലും, രാഷ്ട്രീയതത്വങ്ങൾ ആ തിരുമേനിയുടെ പൊതുനയത്തിലും കാണാവുന്നതാണു്.

ഒസാനാമിന്റെ അവസാനനാളുകൾ

1848–ലെ ഗ്രീഷ്മകാലം വന്നുചേർന്നപ്പോഴേക്കും വിപ്ലവത്തിന്റെ ഹാലിളക്കം അവസാനിച്ചിരുന്നു. സൊർബോണിലെ ക്ലാസുകൾ പുനരാരംഭിച്ചു. യുവാവായ പ്രൊഫസറിനു് അഞ്ചുകൊല്ലവും കൂടിയേ ദൈവം നൽകിയുള്ളു. അവയിൽ പകുതിയും അനാരോഗ്യത്തിലാണു കഴിച്ചതു്. എന്നുവരുകിലും പ്രസംഗങ്ങളും ലേഖനങ്ങളും രോഗീസന്ദർശനങ്ങളും സ്നേഹിതന്മാരുമായുള്ള എഴുത്തുകുത്തുകളും മുടക്കംകൂടാതെ തുടർന്നുപോന്നു. ബന്ധുജനങ്ങളുടേയും ഡോക്ടരുടേയും

അഭിപ്രായത്തെ അവഗണിച്ചു് അദ്ദേഹം സപ്തകലാശാലയിലെ അദ്ധ്യാപനം തുടരുകതന്നെ ചെയ്തു. സ്വന്തം സഹോദരനു് ഇങ്ങനെ എഴുതി: "ഞാൻ ഒരു തൊഴിലാളിയാണു്; അതിനാൽ ദിവസന്തോറും തൊഴിൽ ചെയ്യണം." 1852–ലെ വസന്തകാലത്താണു് അവസാനത്തെ പ്രസംഗം നടത്തിയതു്. ഗ്രീഷ്മകാലത്തു പാരീസിൽനിന്നു ഭാര്യയോടും പുത്രിയോടുംകൂടെ ദക്ഷിണഭാഗങ്ങളിൽ ഒരു തീർത്ഥാടനം നടത്തി.

ഇതു് ഒസാനാമിന്റെ അവസാനത്തെ തീർത്ഥാടനമായിരുന്നു. ഡൊർബോണിൽ പ്രസംഗിക്കുവാൻ തുടങ്ങിയ കാലത്തു ചെയ്ത തീർത്ഥാടനംപോലെയാണു് ഇതും നടത്തിയതു്. കടൽക്കാറ്റും വെയിലുമുള്ള സുഖവാസസ്ഥലങ്ങൾ കണ്ടുപിടിക്കും. പ്രാർത്ഥനയ്ക്കു് ഏതെങ്കിലും ഒരു പുണ്യവാന്റെ തീർത്ഥാലയവും, വായനയ്ക്കു പുതിയ കൈയെഴുത്തുപ്രതികൾ സിദ്ധിക്കാവുന്ന ഒരു സ്ഥാപനവും, വേറൊരു വിൻസെന്റ് ഡി പോൾ കോൺഫ്രൻസു് സ്ഥാപിക്കാവുന്ന ഒരു പട്ടണവും, താമസസ്ഥലത്തിനു സമീപം ഉണ്ടാകാതിരിക്കയില്ല. ഈ അന്തിമതീർത്ഥാടനവും അപ്രകാരമായിരുന്നു. സ്വെയിനിലും അദ്ദേഹം തീർത്ഥാടനം നടത്തി. അനന്തരം ഇറ്റലിയിൽ പോയപ്പോൾ "രോഗികളുടെ വേലപുസ്തകം" രചിച്ചു. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ പലർക്കും ആ ഗ്രന്ഥം അനല്പമായ ആശ്വാസം നല്കി. അദ്ധ്വാനിക്കുകയും ക്ലേശിക്കുകയും ചെയ്യുന്നവർക്കുതന്നെയാണു് ആ പുസ്തകം സമർപ്പിച്ചതു്. 1852–ലെ ഹേമന്തകാലം അദ്ദേഹം ഇറ്റലിയിൽ കഴിച്ചു. തദവസരത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പല

കോൺഫ്രൻസുകളും അദ്ദേഹം സന്ദർശിച്ചു. ലെഘോ ണിലാണു് അദ്ദേഹം തന്റെ ജീവിതത്തിലെ അവ സാനത്തെ പ്രസംഗം ചെയ്തതു്. അതു് ആ നഗര ത്തിലെ വിൻസെൻറ് ഡി പോൾ കോൺഫ്രൻസു കാരോടായിരുന്നു താനും.

മരിക്കുന്നതിനു് ആറാഴ്ച മുമ്പാണു സീയെന്നാ യിൽ ഒരു വിൻസെൻറ് ഡി പോൾ കോൺഫ്രൻസു് സ്ഥാപിച്ചതു്. 1853 വരെ സൊസൈറ്റി സ്ഥാപി ച്ചിട്ടില്ലായിരുന്ന ചുരുക്കം ചില ഇറ്റാലൃൻ നഗര ങ്ങളിൽ ഒന്നാണു സീയെന്നാ. സീയെന്നായിൽ ധനി കർ ദരിദ്രരെ സന്ദർശിക്കുവാൻ സന്നദ്ധരല്ലെന്നുകണ്ടു് ഒരു പരാജിതമനസ്ഥിതിയോടെയാണു് അദ്ദേഹം സ്ഥലം വിട്ടതു്. അതൃത്തേജകമായ ഒരു അന്തിമകത്തു ഫാദർ പെൻറോളയ്ക്കു് ഒസാനാമെഴുതി. അദ്ദേഹ ത്തിന്റെ സ്വദേശമായ സീയെന്നായിൽ ഒരു കോൺ ഫ്രൻസു് സമാരംഭിക്കണമെന്നായിരുന്നു അതിൽ ഉദ് ബോധിപ്പിച്ചിരുന്നതു്. ഒസാനാം എഴുതിയതു് ഇപ്ര കാരമാണു്: "സീയെന്നായിലെ യുവാക്കൾ എന്താണു വിശപ്പും ദാഹവും മച്ചിൻപുറങ്ങളിലെ ജീവിതവു മെന്നു മനസ്സിലാക്കണം. ദുരിതങ്ങളിൽ അമർന്നുപോ യിരിക്കുന്ന സഹോദരരേയും രോഗികളായ കുട്ടിക ളേയും വികൃതികളായ ബാലരേയും അവർ സ്നേഹ പൂർവ്വം ശുശ്രൂഷിക്കേണ്ടതാണു്. ആ കാഴ്ച അവരുടെ ഹൃദയതന്ത്രുക്കളെ ചലിപ്പിക്കും; അല്ലെങ്കിൽ ഈ തല മുറ നശിക്കുകതന്നെ ചെയ്യും." ഒസാനാമിന്റേയും സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയു ടേയും ചൈതന്യം ഇതാണു്. ഏതായാലും സെൻറ് വിൻസെൻറ് ഡി പോളിന്റെ തിരുനാൾദിവസം

ഒസാനാമിനു് ഒരു കമ്പി കിട്ടി. കോളേജിലും പട്ടണത്തിലും സൊസൈറ്റിയുടെ ഓരോ കോൺഫ്രൻസുകളും സ്ഥാപിച്ചിരിക്കുന്നുവെന്നതായിരുന്നു വാർത്ത.

അചിരേണ ഒസാനാം ക്ഷീണിച്ചു കിടക്കയിൽ നിന്നു് എഴുന്നേല്ക്കുവാൻ വഹിയാതെയായി. സ്വർഗ്ഗാരോപണത്തിരുനാൾദിവസമാണു് അവസാനമായി ഒസാനാം പള്ളിയിൽ പോയതു്. 1853 സെപ്തംബർ 8–ാംനു- ദൈവമാതാവിന്റെ ജനനത്തിരുനാൾ ദിവസം ഒസാനാം സമാധാനത്തിൽ അന്ത്യശ്വാസം വലിച്ചു. ഒരു ഭിഷഗ്വരനുംകൂടിയായിരുന്ന ഇളയ സഹോദരൻ ചാൾസു് സമീപത്തു് ഒരു സഹായവും നല്കുവാൻ കഴിയാതെ നില്ക്കുമ്പോൾ, വൈദികസഹോദരൻ അൽഫോൺസു് അന്തിമശുശ്രൂഷകൾ ചെയ്തു സമീപേ നില്ക്കുന്നുണ്ടായിരുന്നു. അങ്ങനെ നാല്പതാമത്തെ വയസ്സിൽ അസാധാരണക്കാരനായ ഈ ഫ്രഞ്ചുകാരൻ ദിവംഗതനായി. ചുരുങ്ങിയ കാലയളവിൽ വലിയ നേട്ടങ്ങൾ അദ്ദേഹം നേടി.

സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനായിട്ടാണു സാധാരണമായി ഒസാനാം അനുസ്മരിക്കപ്പെടുന്നതു്. അദ്ദേഹം അതു സ്ഥാപിച്ചതും അതിൽ തന്റെ സ്നേഹചൈതന്യം നിശ്വസിച്ചതും അതിപ്രധാനമായ കാര്യങ്ങളാണു്. നോട്ടർഡാം കോൺഫ്രൻസുകളും വലിയ ഒരു അനുഗ്രഹമാണു്. കഴിഞ്ഞ ശതാബ്ദത്തിൽ ആദ്ധ്യാത്മികക്ഷുത്തു് അനുഭവിച്ചിരുന്ന പലരും ഈ കോൺഫ്രൻസുകൾവഴി സത്യത്തിലേക്കു സമാനയിക്കപ്പെട്ടിട്ടുണ്ടു്. ആവശ്യക്കാക്കു സത്യവും സ്നേഹവും പ്രദാനംചെയ്തി

രുന്ന ഈ രണ്ടു സംഘങ്ങൾ സ്ഥാപിക്കമാത്രമല്ല ഒസാനാം ചെയ്തത്. അവ അദ്ദേഹത്തിന്റെ വത്സല സ്ഥാപനങ്ങളായി എന്നും കഴിഞ്ഞു. പ്രസംഗങ്ങൾ വഴി തന്റെ വിദ്യാർത്ഥികൾക്കും, ഗ്രന്ഥങ്ങൾവഴി അഖിലലോകത്തിനും സത്യം പരിചയപ്പെടുത്തിക്കൊടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഔദ്യോഗികജോലി. പ്രസംഗകനും ഗ്രന്ഥകാരനും എന്ന നിലയിൽ സുന്ദരമായ ഒരു ശൈലിയും അഗാധമായ പാണ്ഡിത്യവും അദ്ദേഹത്തിൽ പ്രത്യക്ഷമായിരുന്നു.

ലക്കോർഡയർ ഇപ്രകാരമെഴുതിയിരിക്കുന്നു: "ഒസാനാമിനു പാണ്ഡിത്യവും ശൈലീവിശേഷവും സ്വാഭാവികമായിത്തന്നെ ഉണ്ടായിരുന്നു....യുവസഹജമായ ഉത്സാഹം ദൃഢനിശ്ചയത്തോടു ചേർന്നുണ്ടായതാണ് അദ്ദേഹത്തിന്റെ ധാർമ്മികബലം." അന്തിമമാസങ്ങളിൽ ഒസാനാംതന്നെ തന്റെ ജീവിതത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചു: "മനുഷ്യരുടെ പ്രശംസയ്ക്കു വേണ്ടിയല്ല, സത്യത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടിയാണ്, ഞാൻ പ്രവർത്തിച്ചിട്ടുള്ളതു മുഴുവനും." അദ്ദേഹത്തിന്റെ ചരിത്രപഠനങ്ങളും സാമൂഹ്യശാസ്ത്രങ്ങളും ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ട്. സമകാലികന്മാരുടെ പ്രവർത്തനങ്ങളേക്കാൾ കൂടുതലായി ഇന്ന് അനുസ്മരിക്കപ്പെടുന്നതു ഒസാനാമിന്റെ പ്രവർത്തനങ്ങളാണ്.

ഒസാനാം വേറൊരുവിധത്തിലുംകൂടെ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ട്. ലിയോൺസിലെ പൗളിൻ മരിയെ ഷാരിക്കോയെപ്പോലെ ഒസാനാമും

പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്യു. അദ്ദേഹത്തിന്റെ വിശുദ്ധി ബന്ധുജനങ്ങളേയും മിത്രങ്ങളേയും അനന്തരതലമുറകളേയും ഒന്നുപോലെ സമാകർഷിച്ചിട്ടുണ്ട്. സ്നേഹിതനായിരുന്ന മോണ്ടലമ്പെർ ഒസാനാമിന്റെ അകാലികമരണത്തിൽ അനുശോചിച്ചു് അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് എഴുതിയ വാക്കുകം, ഒസാനാമിനെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പു് എത്രമാത്രമെന്നു വ്യക്തമാക്കുന്നുണ്ടു്: "ഭവതീ, അദ്ദേഹം മരണക്ഷണത്തിൽത്തന്നെ നിത്യസൗഭാഗ്യത്തിലെത്തിച്ചേർന്നുവെന്നു താങ്കൾക്കെന്നപോലെ ഞങ്ങൾക്കും ഉറപ്പുതന്നിട്ടാണു പോയിട്ടുള്ളതു്. അദ്ദേഹത്തെപ്പോലെയുള്ള ഒരു ക്രിസ്ത്യാനിയുടെ രോഗശയ്യയിൽനിന്നു വീശിയ വെളിച്ചംകൊണ്ടു നിറഞ്ഞിരിക്കുന്ന ഒരാത്മാവിനോടു ദൈവത്തേയും സ്വർഗ്ഗത്തേയും പറ്റി പ്രതിപാദിക്കുവാൻ ഞാൻ ആളല്ല. ഭവതി അദ്ദേഹത്തിനുവേണ്ടി അദ്ദേഹത്തോടുകൂടി പ്രാർത്ഥിക്കുമ്പോഴും, താങ്കളെ പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുന്ന പ്രശാന്തസുന്ദരസ്ഥാനത്തു താങ്കം എത്തുമ്പോഴും, എന്നെ ഒന്നു സ്മരിക്കുക. ഒരു പഴയ സ്നേഹിതനും, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഒരു പഴയ അംഗവും, അതേ താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു പടയാളിയും, അദ്ദേഹത്തിന്റെ ഉപദേശങ്ങളും മാതൃകയും ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കാത്തവനുമായ എന്റെ ഭക്തിപൂർവ്വകമായ ദുഃഖം അദ്ദേഹത്തെ അറിയിക്കുകയും ചെയ്യുക."



ജോസഫ് ഗോരെസ്

പത്തൊമ്പതാം ശതാബ്ദത്തിലെ കത്തോലിക്കാ വൃപദേശകരാസ്ത്രം ജോസഫ് ഡമയിസ്റ്റർ, ജോസഫ് ഗോരെസ്സ് എന്ന രണ്ടു അൽമേനികളിൽ നിന്നാണ പൊട്ടിപ്പുറപ്പെട്ടതു്. ഡമയിസ്റ്റർ ക്രമവും സ്ഥിരതയും ഇഷ്ടപ്പെട്ടിരുന്ന ഒരു യാഥാസ്ഥിതികനായിരുന്നു. ശരിയായ മനുഷ്യജീവിതം അസാദ്ധ്യമാക്കിയതുകൊണ്ടു ഫ്രഞ്ചുവിപ്ലവത്തെ നിശിതമായി അദ്ദേഹം എതിർക്കുകയാണു ചെയ്തതു്. ഗോരെസ്സിനു ലിബറലിസത്തിലേക്കായിരുന്നു സ്വാഭാവികമായ ചായ്വു്. ഭൗമികവസ്തുക്കളെക്കാളെല്ലാം ഉപരിയായി

സ്വാതന്ത്ര്യത്തെയാണു് അദ്ദേഹം പ്രേമിച്ചിരുന്നതു്. യുക്തിവാദത്തിന്റെ സന്താനമായിരുന്നതുകൊണ്ടു മതാത്മകവും ലൗകികവുമായ അധികാരത്തെ അദ്ദേഹം എതിർത്തു; ഫ്രഞ്ചു വിപ്ലവത്തെ ഹൃദയംഗമമായി പിന്താങ്ങി; പ്രസംഗസ്വാതന്ത്ര്യത്തിനും പ്രസിദ്ധീകരണസ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസപ്രവർത്തന സ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹം അടരാടി. അമ്പതു കൊല്ലത്തെയ്ക്കു് അദ്ദേഹം സത്യത്തെയും സ്വാതന്ത്ര്യത്തെയും പിഞ്ചെന്നു. അവ പരസ്പരം അഗാധമായി ഇടപിണങ്ങിക്കിടക്കുകയാണെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു. പല സമാധാനങ്ങളും കണ്ടുപിടിച്ചുവെങ്കിലും അവ ഓരോന്നും തള്ളിത്തള്ളി അവസാനം കത്തോലിക്കാസഭയിൽ വന്നു നിന്നു. സുദീർഘമായി അന്വേഷിച്ചുകൊണ്ടിരുന്ന സത്യവും സ്വാതന്ത്ര്യവും അവിടെ അദ്ദേഹം കണ്ടെത്തി.

ഡമയിസ്കരെപ്പോലെ ജീവിതത്തിലെ അവസാനത്തെ ഇരുപത്തഞ്ചു സംവത്സരം തിരുസ്സഭയ്ക്കും പാപ്പാസ്ഥാനത്തിനും വേണ്ടി അദ്ദേഹം സമരംചെയ്തു. ആധുനികലോകത്തിൽ സത്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും രക്ഷാകർത്താവായി അവയേയാണു ഗോരെസ്സ് കണ്ടുപിടിച്ചതു്. ഡമയിസ്കറിൽനിന്നു് ഒരു സംഗതിയിൽ അദ്ദേഹം വ്യത്യാസപ്പെട്ടിരുന്നു. ഗോരെസ്സ് ക്രമപാലനത്തിനെന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം സ്വാതന്ത്ര്യത്തിനാണു കല്പിച്ചതു്. എന്നാവരുകിലും ഫ്രഞ്ചുവിപ്ലവവും, നെപ്പോളിയനും, മതവിരുദ്ധവും ലൗകായതികവുമായ ലിബറലിസവും, പൗരന്മാക്കുള്ള വിദ്യാഭ്യാസസ്വാതന്ത്ര്യവും മതസ്വാ

തന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും പ്രതിരോധിച്ചു കൊണ്ടിരുന്ന പ്രഷ്യയും ഒന്നുപോലെ, ഡമയിസ്കരുടേയും ഗോരെസ്സിന്റേയും ശത്രുക്കളായിരുന്നു.

സാരാംശത്തിൽ ഡമയിസ്കരും ഗോരെസ്സും യോജിച്ചിരുന്നു; പ്രതിപാദനരീതിയിലും ശൈലിയിലും വ്യത്യാസങ്ങളുണ്ടായിരുന്നുവെന്നു മാത്രം. ഡമയിസ്കർ കുലീനകുടുംബത്തിലാണു ജനിച്ചതു്; സ്വ്ലാ അദ്ദേഹം ഒരു ആര്യപുരുഷനായിരുന്നു. ഗോരെസ്സു് താണകുടുംബത്തിലാണു ജനിച്ചതു്; അതിനാൽ എതുവിധത്തിലുള്ള അധികാരത്തേയും വെല്ലുവിളിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവവാസന. ജീർണ്ണവസ്ത്രം ധരിച്ചു ക്ലാസിൽ പോയിരീലിച്ച ഗോരെസ്സു് ബാഹ്യവേഷത്തിലും വസ്ത്രധാരണത്തിലും യാതൊരു ശ്രദ്ധയും പതിച്ചിരുന്നില്ല. ഉപചാരബോധമൊന്നും കൂടാതെ വെറും കാടനെപ്പോലെയാണു് അദ്ദേഹം പെരുമാറിയിരുന്നതു്; എന്നാൽ എല്ലാകാര്യങ്ങളിലും സാധാരണമനുഷ്യനെ വെല്ലുകയും ചെയ്തിരുന്നു. മിടുക്കനായിട്ടു സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കേ, അദ്ദേഹം റയിൻ പ്രദേശത്തെ സ്കൂളുകളുടെ സുപ്പെരിന്റെൻഡന്റായി. സ്വ്ലകലാശാലയിൽ അദ്ദേഹം ഒരിക്കലും അദ്ധ്യയനം ചെയ്തിട്ടില്ലെങ്കിലും മൂന്നിച്ച സ്വ്ലകലാശാലയിൽ ഒന്നാംകിട പ്രൊഫസരായി ജോലിചെയ്തിരുന്നു. സ്വതന്ത്രചിന്തയെ വൈദികർ പ്രതിരോധിക്കുന്നുവെന്നു വിചാരിച്ചു യുവാവായ ഗോരെസ്സു് തികഞ്ഞ വൈദികവിദ്വേഷിയായിട്ടാണു വ്യാപരിച്ചതു്; എന്നാൽ അവസാനം ജർമ്മൻ വൈദികരുടെ രക്ഷാകർത്താവുപോലെയായിത്തീർന്നു. അങ്ങനെ ലിബറൽവാദിയായിരുന്ന

ഗോരെസ്സും, യാഥാസ്ഥിതികനായിരുന്ന ഡമയിസ്സും വ്യത്യസ്ത പഥങ്ങളിലൂടെയാണു നടന്നുതുടങ്ങിയതെങ്കിലും, അവസാനം രണ്ടുപേരും കത്തോലിക്കാസഭയുടെ ഉള്ളിൽ സത്യവും സ്വാതന്ത്ര്യവും കണ്ടെത്തി. ഫ്രഞ്ചു വിപ്ലവം അഴിച്ചുവിട്ട ലൗകായതികശക്തികളുടേയും, പതിനെട്ടാം ശതാബ്ദത്തിലെ യുക്തിവാദത്തിന്റേയും ആക്രമണങ്ങളിൽനിന്നു തിരുസ്സഭയെ രക്ഷിക്കുവാൻ രണ്ടുപേരും അത്യദ്ധ്വാനം ചെയ്യുകയുണ്ടായി.

ജർമ്മൻ വൈദികമേലദ്ധ്യക്ഷന്മാർ ദുർബ്ബലരായി നിലംപതിച്ചു കിടന്നിരുന്നപ്പോൾ, മാർപ്പാപ്പാ തിരുമേനിയേയും ജർമ്മൻ വൈദികരേയും ബലമായി പിന്താങ്ങിയെന്നതാണു ഗോരെസ്സിന്റെ പ്രാധാന്യം. അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, "ജർമ്മൻ കത്തോലിക്കർ തങ്ങളുടെ വിശ്വാസത്തിൽ അഭിമാനംകൊള്ളുവാൻ അഭ്യസിച്ചതു ഗോരെസ്സിൽനിന്നാണു". ജർമ്മൻപണ്ഡിതന്മാരുടെ ബഹുമാനത്തിനും ജർമ്മൻ രാഷ്ട്രതന്ത്രജ്ഞന്മാരുടെ ഭയത്തിനും അദ്ദേഹം പാത്രമായിരുന്നു. ഒരു പ്രകൃതിശാസ്ത്രജ്ഞനും ചരിത്രകാരനും തത്വശാസ്ത്രജ്ഞനുമായിരുന്നു ഗോരെസ്സ്. അതുകൊണ്ടു തിരുസ്സഭയ്ക്ക് അനുകൂലമായി അദ്ദേഹം ഉന്നയിച്ച യുക്തികളും അപ്രധാനമായിത്തള്ളുവാൻ നിവൃത്തിയില്ലായിരുന്നു. അങ്ങനെ ഗോരെസ്സ് ജർമ്മനിയിലെ കത്തോലിക്കാസഭയുടെ പ്രബലനും പ്രതിഭാസമ്പന്നനുമായ ഒരു അവകാശസംരക്ഷകനായി. അനുസ്യൂതമായി ഉയർന്നുനിന്നിരുന്ന അദ്ദേഹത്തിന്റെ സ്വരം വഴി, കുറേ കൊല്ലമായി അവഗണിക്കപ്പെട്ടുകിടന്നിരുന്ന കത്തോലിക്കരുടെ സ്വരവും ഉയർന്നുനിന്നു. അദ്ദേഹത്തിന്റെ ജീവിത

ത്തിലെ അവസാനത്തെ ഇരുപത്തഞ്ചു കൊല്ലം മൂന്നിച്ചിലെ കത്തോലിക്കാപുനരുദ്ധാരണപ്രസ്ഥാനത്തിനു അദ്ദേഹം നേതൃത്വം നല്കി. അടുത്ത തലമുറയിൽ ബിഷപ്പു വോൺ കെറെറലരുടേയും വിന്തോഴ്സ്റ്റിനേറയും കാലത്തു പ്രത്യക്ഷപ്പെട്ട ഉറച്ച കത്തോലിക്കാചൈതന്യം ആ പുനരുദ്ധാരണപ്രസ്ഥാനത്തിൽനിന്നു് ഉൽഭൂതമായതാണു്.

ഗോരെസ്സിന്റെ ശൈലി

ക്ലെമെൻസ് ബ്രെന്റാനോ എന്ന ഒരു സ്നേഹിതനെപ്പറ്റി ഗോരെസ്സ് ഒരിക്കൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "അദ്ദേഹത്തിന്റെ ഏറ്റവും നല്ല പുസ്തകത്തേക്കാൾ നല്ലതു് അദ്ദേഹംതന്നെയാണു്." ഇതു ഗോരെസ്സിനെപ്പറ്റിയും പറയാവുന്നതത്രേ. ധാരാളം എഴുതുകയും, ധാരാളം പഠിപ്പിക്കുകയും ചെയ്തിട്ടുള്ള ഒരു നല്ല എഴുത്തുകാരനും ഒരു നല്ല പ്രാസംഗികനുമായിരുന്നു ഗോരെസ്സ്; എന്നാൽ അദ്ദേഹത്തിന്റെ എത്രയും നല്ല പ്രസംഗത്തേക്കാളും, നല്ല പുസ്തകത്തേക്കാളും ഭേദം അദ്ദേഹംതന്നെയായിരുന്നു. ഗോരെസ്സ് സകലവിഷയങ്ങളിലും പണ്ഡിതനായിരുന്നതുകൊണ്ടു്, അദ്ദേഹത്തിന്റെ സൂക്ഷ്മമായ പാണ്ഡിത്യം സ്വതന്ത്രജീവിതകഥയിൽ മാത്രമേ കാണുകയുള്ളു. അദ്ദേഹം ഒരു പത്രപ്രവർത്തകനും, ഒരു ലേഖകനും, ഒരു അദ്ധ്യാപകനും, ഒരു തത്വശാസ്ത്രജ്ഞനും, ഒരു ചരിത്രകാരനും, ഒരു പ്രകൃതിശാസ്ത്രജ്ഞനുമായിരുന്നു. മാനുഷികവിജ്ഞാനം അകമാനം സമാശ്ലേഷിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രതിഭ. സർവ്വോപരി അദ്ദേഹം ഒരു പ്രവർത്തകനായിരുന്നു. തിരുസ്സഭയുടെ

അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി നടത്തിയ സന്ധിയില്ലാസമരംതന്നെയാണ്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രാധാന്യം. 60,000 ഈരടിയുള്ള "ഷാ നാമേ" എന്നൊരു പേഴ്സ്യൻ പുരാണം മുഴുവനും, പേഴ്സ്യൻ ഭാഷ പഠിച്ച്, വളരെ മോശമായിരുന്ന ഒരു കയ്യെഴുത്തുപ്രതിയിൽനിന്ന്, രണ്ടു കൊല്ലംകൊണ്ടു പരിഭാഷപ്പെടുത്തിയെന്നു പറയുമ്പോൾ ഊഹിക്കാമല്ലോ അദ്ദേഹത്തിന്റെ ഉത്സാഹശീലവും മാനസികകഴിവുകളും ഏതുതരമായിരുന്നുവെന്ന്.

ഗോരെസ്സിന്റെ ബുദ്ധിശക്തി, വിജ്ഞാനമോഹം നിമിത്തം കിടന്നു പിടയ്ക്കുകയായിരുന്നുവെന്നു പറയാം; തന്മൂലം ജർമ്മൻ പണ്ഡിതന്മാർക്കു സ്വാഭാവികമെന്നു പറയപ്പെടുന്ന ക്രമാനുസൃതമായ ഗവേഷണവൈഭവം ഗോരെസ്സിനില്ലായിരുന്നു. അദ്ദേഹം ഒന്നിൽനിന്നു മറ്റൊന്നിലേക്കു ചാടിനടക്കുകയായിരുന്നു. രാഷ്ട്രമീമാംസയിൽനിന്നു മനഃശാസ്ത്രത്തിലേക്കും, പിന്നീട് ഏഷ്യൻ പുരാണങ്ങളിലേക്കും, വീണ്ടും രാഷ്ട്രമീമാംസയിലേക്കും, അനന്തരം മിസ്റ്റിസിസത്തിലേക്കും, അവസാനം ചരിത്രത്തിന്റെ കത്തോലിക്കാതത്വശാസ്ത്രത്തിലേക്കും. പരിശോധിച്ചുകൊണ്ടിരുന്ന ഓരോ വിഷയത്തിലും സൂക്ഷ്മമായ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയുടെ ഉജ്ജ്വലമായ പ്രകാശം അദ്ദേഹം വീശിയിരുന്നു. പഠിച്ചിരുന്ന ഓരോ വിഷയത്തിലും അന്നു സമ്പാദിക്കാവുന്നിടത്തോളം പ്രാവീണ്യം അദ്ദേഹം സമ്പാദിക്കുകയും ചെയ്തു. ലൗകികവിഷയങ്ങളായ ഭക്ഷണത്തിലും വസ്ത്രത്തിലും അദ്ദേഹം ശ്രദ്ധ പതിച്ചിരുന്നില്ല. അദ്ദേഹ

ത്തിന്റെ മാനസികധൈര്യവും അതിരില്ലാത്ത ജിജ്ഞാസയും പ്രസംഗസ്വാതന്ത്ര്യവും സ്വതന്ത്ര ഗവേഷണത്തിനുള്ള താല്പര്യവും കൂടിച്ചേർന്നപ്പോൾ ബാഹ്യമായും ആന്തരികമായും ഒരു ബൊഹീമിയനെപ്പോലെ തോന്നി. ജീവിതത്തിലെ അന്തിമമൂന്നിയ ഭാഗം മുന്നിച്ചൽ ചരിത്ര പ്രൊഫസറായിട്ടാണ് ഗോറെസ്സ് കഴിച്ചുതു്. ചുണയും ചുറുചുറുക്കുമുള്ള ഒരു യുവാവിനെപ്പോലെയാണു് അദ്ദേഹമെന്നതേ കൂട്ടികളുടെ വിധി. കിഴക്കാൻതുക്കായി കിടക്കുന്ന പാറയുടെ മീതെ ഒഴുകുന്ന വെള്ളത്തോടാണു് അദ്ദേഹത്തിന്റെ പ്രസംഗത്തെ അവർ ഉപമിക്കുന്നതു്. ഒരു വിദ്യാർത്ഥി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അദ്ദേഹം നടന്നിരുന്നതു വളരെ വേഗമാണു്. ചുവടു വളരെ ചെറുതായിരുന്നു. അതുകൊണ്ടു ചാട്ടംപോലെ തോന്നും." ഗോറെസ്സിന്റെ മനസ്സും അപ്രകാരംതന്നെയാണു വ്യാപരിച്ചിരുന്നതു്. മാനുഷികവിജ്ഞാനവീഥിയിൽക്കൂടെ അതു പാറിപ്പറന്നിരുന്നു. ഭൂതകാലത്തെ മഹാമനസ്സുകളോടു യോജിച്ചു കഴിയുന്നതു് അദ്ദേഹത്തിനു മഹാനന്ദവുമായിരുന്നു.

പലതിൽ താല്പര്യം വരുമ്പോൾ ഒരുപരിപൂവത സാധാരണമാണു്; എന്നാൽ ഗോറെസ്സിന്റെ കാര്യത്തിൽ അതു വാസ്തവമല്ല. അദ്ദേഹത്തിന്റെ മിത്രങ്ങളും ജീവചരിത്രകാരന്മാരും അദ്ദേഹത്തിന്റെ സത്യസന്ധതയെ ഉന്നിപ്പറയുന്നുണ്ടു്. ഗോറെസ്സിനെപ്പറ്റി ഗവേഷണംനടത്തിയിട്ടുള്ള ആധുനികപണ്ഡിതരിൽ അഗ്രിമസ്ഥാനം വഹിക്കുന്ന വില്യം ഷെൽബർഗ്ഗ് അദ്ദേഹത്തെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു: "ഗോറെസ്സ് ഋജുഹൃദയനും, സത്യസന്ധനും, സന്തോ

ഷപ്രകൃതിയും, ഭാവംനടിക്കാത്ത ഒരു ശുദ്ധനും, ഭയരഹിതനും, ശാന്തശീലനും, സ്വാർത്ഥരഹിതനും എല്ലാവക്കും മിത്രവുമാണു്." അദ്ദേഹത്തെ കണ്ടു പരിചയമുള്ളവരെല്ലാവരും ഈ വിധത്തിൽ അദ്ദേഹത്തെ സ്തുതിക്കുന്നുണ്ടു്. ഗോരെസ്സിനെപ്പറ്റി എഴുതിയിട്ടുള്ള സകല പണ്ഡിതന്മാരുടേയും അഭിപ്രായം ഫാദർ കോറിഗൺ ഇപ്രകാരം സംക്ഷേപിച്ചിരിക്കുന്നു: "കള്ളത്തരത്തോടും, കാപട്യത്തോടും, വഞ്ചനയോടും ഗോരെസ്സു് പ്രദർശിപ്പിച്ചിരുന്ന ക്ഷമകേടു്, സത്യമെന്നു തോന്നിയിരുന്ന സംഗതികളിൽ സത്യത്തിൽനിന്നു് അണുപോലും വ്യതിചലിക്കാതിരുന്ന അദ്ദേഹത്തിന്റെ സ്വഭാവനിഷ്ഠയെത്തന്നെ വ്യഞ്ജിപ്പിക്കുന്നു. സ്വന്തം ലാഭമൊന്നും അദ്ദേഹം നോക്കിയിരുന്നില്ല; തനിക്കുണ്ടാകാവുന്ന ഭവിഷ്യത്തുകളെപ്പറ്റിയും അദ്ദേഹം ചിന്തിച്ചിരുന്നില്ല."

ഒരു മൂലഗ്രന്ഥകാരൻ എന്ന പ്രശസ്തിക്കു ഗോരെസ്സിനു് അർഹതയില്ല. ക്രിസ്തീയപാരമ്പര്യഭണ്ഡാഗാരത്തിൽനിന്നു് ആശയങ്ങളെടുത്തു നവമായ രീതിയിൽ സമകാലികപ്രശ്നങ്ങളെ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും, തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ വിജ്ഞാനവിതരണത്തിനു ശാശ്വതമായി യാതൊന്നും പ്രദാനം ചെയ്യുവാൻ ഗോരെസ്സിനു സാധിച്ചിട്ടില്ല. ഒരു പത്രപ്രവർത്തകനും താക്കീതുനല്കുമെന്ന പ്രാധാന്യമാണു് അദ്ദേഹത്തിനുള്ളതു്. "ഞാൻ ഒരു ദൈവശാസ്ത്രജ്ഞനല്ല" എന്നു് അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു. എന്നാൽ ശരീരശാസ്ത്രവും ചരിത്രവും രാഷ്ട്രമീമാംസയും അഭ്യസിച്ചിരുന്നതുപോലെ പ്രസിദ്ധരായ ഗ്രന്ഥകാരന്മാരിൽനിന്നു ദൈവശാസ്ത്രവും അദ്ദേഹം

അഭ്യസിക്കയുണ്ടായി. സമകാലിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ആ വിജ്ഞാനം വിതരണംചെയ്യുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ വിശേഷം സമകാലികന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1814–ൽ ഗോരെസ്സ് പ്രസാധനംചെയ്തിരുന്ന "റേനിഷ് മെർക്കുറി" എന്ന പത്രത്തെപ്പറ്റി നെപ്പോളിയൻ അഭിപ്രായപ്പെട്ടതു്, അതു്, തനിക്കെതിരായ സഖ്യത്തോടു ചേർന്നിട്ടുള്ള "അഞ്ചാമത്തെ ശക്തി"യാണെന്നത്രേ. ഗോരെസ്സിന്റെ പത്രം നാലു സൈന്യനിരകൾക്കു തുല്യമാണെന്നു പ്രഷ്യയിലെ മാർഷൽ ബ്ലൂക്കെർ അഭിപ്രായപ്പെടുകയുണ്ടായി. "പത്തൊമ്പതാം ശതാബ്ദത്തിലെ പ്രധാന പത്രപ്രവർത്തകൻ" എന്നാണു ചരിത്രകാരന്മാർ ഗോരെസ്സിനെ സംബോധനം ചെയ്യുന്നതു്.

സെൻറ് തോമസ്മൂറിനെയും ഡമയിസ്സനെയും പോലെ സിദ്ധാന്തവും പ്രവർത്തനവും യോജിപ്പിച്ചുകൊണ്ടുപോയിട്ടുള്ള ചുരുക്കം ചിലവ്യക്തികളിൽ ഒരാളാണു ഗോരെസ്സ്. കത്തോലിക്കാപാരമ്പര്യത്തിലുറപ്പെട്ടുന്ന പ്രധാനസത്യങ്ങളുടെ പ്രചാരകൻ എന്ന നിലയിൽ, സമകാലികപ്രശ്നങ്ങൾക്ക് ആ സത്യങ്ങളെ പ്രയോഗിക്കുകയെന്നതും തന്റെ കർത്തവ്യം പോലെയാണു ഗോരെസ്സ് കരുതിയിരുന്നതു്. ക്രിസ്ത്യൻ മിസ്റ്റിസിസം ഒരു പ്രായോഗികവിഷയമായി അദ്ദേഹത്തിനു തോന്നിയതു് അക്കാരണത്താലാണു്. 1830–ൽ പ്രഷ്യൻ ഗവൺമെൻറ് കത്തോലിക്കാസഭയെ പീഡിപ്പിച്ചതിനു ദൈവശാസ്ത്രപരവും തത്വശാസ്ത്രപരവുമായ നിദാനമുണ്ടെന്നു് അദ്ദേഹം തെളി

യിച്ചിട്ടുണ്ട്. വായനശാലയിലെ പഴയ കയ്യെഴുത്തു പ്രതികളുമായി നല്ല പരിചയമുള്ള ഒരദ്ധ്യാപകനായിരുന്നു ഗോരെസ്സ്; എന്നാൽ അദ്ദേഹത്തിന്റെ പ്രധാനചുമതല, ശരിയായി മനസ്സിലാകത്തക്കവിധത്തിൽ, സത്യം പ്രകാശിപ്പിക്കുകയെന്നതായിരുന്നു.

അദ്ദേഹത്തിന്റെ ഭാഷാശൈലിയെപ്പറ്റി ഒരു വാക്കു പറയേണ്ടതുണ്ട്. ഇന്നു ഗോരെസ്സിന്റെ കൃതികൾ വായിക്കുന്നവർക്ക് അതിലെ ശൈലി ദുർഗ്രഹമായിത്തോന്നും. പത്തൊമ്പതാം ശതാബ്ദത്തിലെ ആദിമഘട്ടത്തിലുള്ള റൊമാന്റിക്കു സ്കൂളിൽപ്പെട്ട ഒരാളാണു ഗോരെസ്സ്. കടന്നുപോയ ശതാബ്ദത്തിലെ വരണ്ട യുക്തിവാദത്തിനു് എതിരുനിന്നവരാണു് ആ ഗണം. കത്തോലിക്കാസഭയിൽ സത്യവും സൗന്ദര്യവും മഹത്വവും കലീനതയും ദർശിച്ചവരാണവർ. റൊമാന്റിക്കു ഭാഷാശൈലി ഉപയോഗിച്ചു സുന്ദരവും ഉത്തേജകവുമായ ചില പക്ഷങ്ങൾ ഗോരെസ്സ് എഴുതിയുണ്ടാക്കി. യുക്തികൾ തർക്കരീതിയിൽ രചിക്കുന്നതിനു പകരം ഗദ്യകവിതപോലെയാണു് അദ്ദേഹം എഴുതിയതു്. ഗോരെസ്സിന്റെ സമ്പന്നമായ ഭാവനാശക്തി ചിന്തകളെ മാറിമറയ്ക്കുന്നതുസംബന്ധിച്ചു മിക്ക ജർമ്മൻനിരൂപകരും പ്രതിപാദിച്ചിട്ടുണ്ട്. റൊമാന്റിക്കു ഗ്രന്ഥകാരന്മാർക്ക് എത്രയും സംപ്രീതമായിരുന്ന ഗോത്തിക്കുശില്പകല പോലെയാണു് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. അന്നുവാചകർക്കു പ്രദർശിപ്പിക്കുവാൻ അഭിലഷിച്ചിരുന്ന ചിത്രത്തിൽ വർണ്ണനകളും ഉപമകളും ഉൽപ്രേക്ഷകളും ഗോരെസ്സ് സുലഭമായി പ്രയോഗിച്ചിട്ടുണ്ട്. പത്തൊമ്പതാം ശതാബ്ദത്തിന്റെ പ്രാരംഭത്തിൽ താദൃശശൈലി അന്നുവാചകർക്കു പ്രിയം

കരമായിരുന്നു; എന്നാൽ ഇന്നു് അത്തരം ഗ്രന്ഥങ്ങൾ വായിക്കുക എത്രയും ദുഷ്കരമാണു്. പരിഭാഷപ്പെടുത്തുവാൻ പ്രയാസവുമാണു്. ഗോരെസ്സിന്റെ ശൈലിയിൽനിന്നു് അദ്ദേഹത്തിന്റെ സ്വഭാവമെന്തെന്നു നമുക്കു നിഷ്പ്രയാസം അനുമാനിക്കാം. ഗ്രന്ഥത്തിന്റെ പ്രഥമഖണ്ഡികയിൽത്തന്നെ വിഷയത്തിലേക്കു പ്രവേശിക്കുന്ന അഗ്നിപർവ്വതംപോലെയുള്ള ഒരാളാണു ഗോരെസ്സു്. വാചകങ്ങൾക്കും ഖണ്ഡികകൾക്കും വലിയ ക്രമമൊന്നുമില്ല. ഉജ്ജ്വലശൈലിയിൽ എഴുതുന്ന ഒരുജ്ജ്വലമനുഷ്യൻതന്നെ അദ്ദേഹം. കൊട്ടുകാറിന്റെ ശക്തിയാണു ശൈലിയിലും മനുഷ്യനിലും സ്ഫുരിക്കുന്നതു്. അദ്ദേഹത്തിനുണ്ടായിരുന്ന ക്രമക്കുറവുകൊണ്ടു വലിയ ദുഷ്പ്രഭാവം ഉണ്ടായിട്ടില്ല. യുക്തിവാദികളുടെ ചിന്തയും ശൈലിയും ചിന്തകർക്കു വളരെ "മറിപ്പൻ" ആയിത്തോന്നിയിരുന്നതുകൊണ്ടു ഗോരെസ്സിന്റെ ശൈലി അന്നത്തെ സാഹചര്യങ്ങളിൽ ഉപകാരപ്രദമേ ആയിരുന്നുള്ളൂ. ഒരു ഭവിഷ്യത്തു മാത്രം. ജീവിതകാലത്തു് അദ്ദേഹത്തിനു നല്ല പ്രാധാന്യമുണ്ടായിരുന്നുവെങ്കിലും ഇന്നു് അദ്ദേഹത്തെ ചരിത്രത്തിന്റെ ഏടുകളിൽ മാത്രമേ അനുസ്മരിക്കുന്നുള്ളൂ.

ജീവിതസംക്ഷേപം

സത്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി സമരം ചെയ്ത ഗോരെസ്സു് ജീവിതം മുഴുവനും കഴിച്ചുകൂട്ടി. എന്നാൽ ആദ്യത്തെ അമ്പതു കൊല്ലം സത്യാന്വേഷണവും, യഥാർത്ഥ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പരീക്ഷണവും, മേല്പറഞ്ഞ സമരത്തോടൊപ്പുമാണു നിർവ്വഹിച്ചതു്. ആദർശങ്ങൾ ഓരോന്നു വ്യാജമാ

ണെന്നു തെളിയാൻ തുടങ്ങി; അങ്ങനെ പരാജയങ്ങൾ ഒന്നിനുപുറകേ ഒന്നായി വന്നുചേർന്നു. ഓരോ പരാജയം കഴിയുമ്പോഴും അന്വേഷണമാർഗ്ഗം മാറിയിരുന്നു. അവസാനം അമ്പതാമത്തെ വയസ്സിൽ ഗോരെസ്സ് തന്റെ ലക്ഷ്യം കത്തോലിക്കാതിരുസ്സഭയിൽ കണ്ടെത്തി. ജീവിതശിഷ്ടം അവിടെത്തന്നെ നിന്നു സ്വാതന്ത്ര്യത്തിനും സത്യത്തിനും കത്തോലിക്കാസഭയ്ക്കും വേണ്ടി അദ്ദേഹം പൊരുതുകയാണു ചെയ്തതു്. ഗോരെസ്സിനെ സംബന്ധിച്ചിടത്തോളം ചിന്തയും പ്രവർത്തനവും യോജിച്ചുപോയിരുന്നതുകൊണ്ടും, സത്യാന്വേഷണം ജീവിതത്തിലെ പ്രധാനസംഭവങ്ങളോടു ബന്ധിക്കപ്പെട്ടിരുന്നതുകൊണ്ടും, അദ്ദേഹത്തിന്റെ കൃതികളുടെ സാരം മനസ്സിലാക്കുവാനും, ഒരു അൽമേനിയെന്നനിലയിൽ വിശ്വാസസംരക്ഷണത്തിനു ചെയ്തിട്ടുള്ള സേവനത്തിന്റെ പ്രാധാന്യം ഗ്രഹിക്കുവാനും, അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ അറിഞ്ഞിരിക്കുന്നതു നല്ലതാണു്.

സ്വാതന്ത്ര്യചരിത്രത്തിലെ അതിപ്രധാനമായ 1776–ാം ആണ്ടിൽ റൈൻ നദീതടത്തിലുള്ള കോബ്ലെൻസു് നഗരത്തിലാണു ഗോരെസ്സു് ജ്യേഷ്ഠനായതു്. ജർമ്മൻരക്തവും ജർമ്മൻ ഭാഷയുമായിരുന്നു ആ നാട്ടുകാരുടേതു്; എന്നാൽ സംസ്കാരത്തിലും ചരിഷ്കാരത്തിലും ഫ്രഞ്ചുകാരോടായിരുന്നു അവർക്കു കൂടുതൽ സാമീപ്യം. വ്യാപാരികളായിരുന്ന ഗോരെസ്സ്കുടുംബക്കാർ പാരീസിൽ കേന്ദ്രീകരിച്ചിരുന്ന "ഉട്ടോപ്പരെ"ന്നു പറയുന്നവരോടു് അടുത്ത ബന്ധത്തിലാണു കഴിഞ്ഞിരുന്നതു്. ഗോരെസ്സു് വളർന്നുവന്നതു യുക്തിവാദം പ്രചാരത്തിലിരുന്ന ഒരു നഗരത്തിലുമാണു്.

അഭ്യസ്തവിദ്യക്കെല്ലാം മതത്തോട് പുച്ഛമായിരുന്നു; അല്ലെങ്കിൽ വൈദികവിദ്വേഷികളായിരുന്ന അവർ. തിരുസ്സഭയുടേയും രാഷ്ട്രത്തിന്റേയും അധികാരത്തെ ചെറുത്തിരുന്ന ഇടത്തരക്കാർ ജീവിച്ചിരുന്ന ഒരു പട്ടണമായിരുന്നു കോബ്ലെൻസ്. വോൾട്ടയർ, ഹോൾബാക്ക്, മോണ്ടെസ്കൃു, റൂസ്സോ തുടങ്ങിയവരുടെ വിപ്ലവാശയങ്ങൾക്ക് അനുയോജ്യമായ "ഒരുദ്ദീപ്ത" സമുദായമാണ് അവർ അഭിലഷിച്ചിരുന്നത്.

അതിനാൽ യുക്തിവാദം കലർന്ന ഒരു വിദ്യാഭ്യാസമാണ ഗോരെസ്സിനു ലഭിച്ചതു്. പള്ളിക്കൂടത്തിലെ അദ്ധ്യയനത്തിനു് അദ്ദേഹത്തിന്റെ മാനസികസംസ്കാരത്തിൽ എന്തു ഭാഗമുണ്ടെന്നു നമുക്കു നിർണ്ണയിക്കുവാൻ വഹിയാ; കാരണം ക്ലാസുമുറിയിൽ നിന്നു കിട്ടുന്ന വിജ്ഞാനം അതേപടി വിഴുങ്ങുവാൻ മാത്രം വിധേയത്വമുള്ള ഒരു യുവാവായിരുന്നില്ല ഗോരെസ്സ്. പ്രോഗ്രസ്സുകാർഡിൽനിന്നു മനസ്സിലാക്കാവുന്നതു് അദ്ദേഹം കവിത, പ്രസംഗകല, തർക്കം, ഊർജ്ജതന്ത്രം, ജ്യോതിശ്ശാസ്ത്രം, ഗണിതം, രസതന്ത്രം, തത്വശാസ്ത്രം എന്നീ വിഷയങ്ങളാണു പഠിച്ചിരുന്നതെന്നത്രേ. കവിത മനഃപാഠമാക്കുമ്പോഴത്തന്നെ ഓരോ പരീക്ഷണങ്ങളും ചെയ്തുകൊണ്ടിരിക്കയായിരിക്കും. സിസറോയുടെ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ, പ്രസാധകർ അച്ചടിക്കുവാൻ താല്പര്യപ്പെടാവുന്ന ഭൂമിശാസ്ത്രം രചിക്കുകയായിരിക്കും. ഗോരെസ്സിനു പരിശ്രമശീലമില്ലായിരുന്നുവെന്നു് അദ്ധ്യാപകർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹം അലസനായിരുന്നില്ല.

യുവാവായിരിക്കവെ ഗോരെസ്സ് പ്രദർശിപ്പിച്ച ജിജ്ഞാസ പല പ്രവർത്തനരംഗങ്ങളിലേക്കും, അവസാനം തിരുസ്സഭയിലേക്കും, അദ്ദേഹത്തെ സമാനയിച്ചു. ബാല്യത്തിൽ നടന്ന ഒരു സംഭവം അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ പലരും വിവരിക്കുന്നുണ്ട്. അതു വാസ്തവമാണോ വ്യാജമാണോ എന്നു തീർത്തുപറയുവാൻ വഹിയാ. ഏതായാലും അതിൽ നിന്നു മനസ്സിലാക്കാം ഗോരെസ്സ് വെറുതെ ഉപദേശങ്ങളും കേൾക്കുക മാത്രമായിരുന്നില്ല, നല്ലകാര്യങ്ങൾക്കെല്ലാം വേണ്ടി സമരം ചെയ്യുകൊണ്ടിരുന്നുവെന്നു്. ഒരു ദിവസം പള്ളിക്കൂടത്തിലെ കുട്ടികളെല്ലാം ദൈവദൂതന്മാരുടെ വേഷമണിഞ്ഞു കോബ്ലെൻസിലെ തെരുവീഥികളിൽക്കൂടി മാർച്ചുചെയ്കയുണ്ടായി. യുവാവായ ഗോരെസ്സ് വിശുദ്ധ മിഖായലിന്റെയും, നിർഭാഗ്യനായ വേറൊരു ബാലൻ ലൂസിഫറിന്റെയും വേഷമാണു് അണിഞ്ഞിരുന്നതു്. പെട്ടെന്നു മിഖായൽ വിചാരിച്ചു, ദൈവത്തിന്റെ ജോലി താൻ നിർവ്വഹിക്കണമെന്നു്. തന്നിമിത്തം പ്രദക്ഷിണം പെട്ടെന്നു ഭേദിച്ചുകൊണ്ടു മിഖായൽ തന്റെ മരവാൾകൊണ്ടു ലൂസിഫറെ പ്രഹരിക്കുവാൻ തുടങ്ങി. ഹതഭാഗ്യനായ ലൂസിഫർ സംഗതിയെന്താണെന്നു മനസ്സിലാക്കുന്നതിനുമുമ്പു മിഖായലിന്റെ പ്രതികാരായുധം അവന്റെമേൽ പതിച്ചുകഴിഞ്ഞു. ഈദൃശമായ പ്രവർത്തനതീക്ഷ്ണത ഗോരെസ്സിൽ നിന്നു വിട്ടുപിരിഞ്ഞില്ല. സത്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി കാലോചിതമായ ബന്ധനം നല്കുവാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു.

പതിനാറു വയസ്സുവരെ ജോസഫ് ഗോരെസ്സ് സ്ഥലത്തെ സ്കൂളിൽ പഠിച്ചു. അതോടുകൂടി ക്രമാനുഗതമായ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം അവസാനിച്ചു. മതവിശ്വാസബീജങ്ങളും അദ്ദേഹത്തിന്റെ മനസ്സിൽ പാകിയിരുന്നു; എന്നാൽ യുക്തിവാദത്തിന്റെ ദുഷിച്ച കളകളും അവ വളരുവാൻ അനുവദിച്ചില്ല. മനുഷ്യചരിത്രത്തിൽ ഉദയംചെയ്യുവാൻ പോകുന്ന ഒരുജ്ജ്വലനവയുഗത്തെപ്പറ്റിയുള്ള സ്വപ്നങ്ങളും അദ്ദേഹത്തിന്റെ ഭാവനയിൽ സ്ഥലംപിടിച്ചു. ഗോരെസ്സ് സ്കൂൾ വിടാറായപ്പോഴേക്കും ഫ്രഞ്ചുവിപ്ലവത്തിൽനിന്നുണ്ടായിരുന്ന സാങ്കല്പികപ്രതീക്ഷകളും റൈൻതീരത്തും വന്നുചേർന്നിരുന്നു. വിദേശസൈന്യസേവനത്തിനു മൂലങ്ങളെപ്പോലെ പ്രജകളെ വിറ്റിരുന്ന ചെറിയ രാജാക്കന്മാരെ അദ്ദേഹം വെറുത്തിരുന്നു. കോബ്ലെൻസിലേക്കു പലായനംചെയ്തിരുന്ന ഫ്രഞ്ചു പ്രഭുക്കന്മാരുടെ ദുർമ്മാർഗ്ഗജീവിതവും സുഖലോലുപതയും, വക്രബുദ്ധിയും അദ്ദേഹത്തിനു് അസഹ്യമായിത്തോന്നി. തന്മൂലം പഴയ ഭരണത്തെ അദ്ദേഹം വെറുക്കുകയും, വിപ്ലവത്തിനു സ്വാഗതം അരുളുകയും ചെയ്തു. വിപ്ലവം എല്ലാ പൗരരേയും സത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും സമാനയിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതീക്ഷ.

ആകയാൽ ഫ്രഞ്ചു വിപ്ലവപക്ഷവാദി, അഥവാ തികഞ്ഞ ഒരു യാക്കോബിൻ, ആയിട്ടാണു ഗോരെസ്സ് ജീവിതമാരംഭിച്ചതു്. പ്രഭുക്കന്മാരേയും വൈദികരേയും രാജാക്കന്മാരേയും അദ്ദേഹം മുറയ്ക്കു വിമർശിച്ചു. "അഖിലലോകസമാധാനം—ഒരാദർശം" എന്ന ലഘുലേഖയിൽ യുവാവായ ഗോരെസ്സ് തന്റെ ആശയ

ങ്ങളം സംക്ഷേപിച്ചു വിവരിച്ചു. സ്വേച്ഛാധിപത്യത്തെ അങ്ങേയറ്റംവരെ അദ്ദേഹം വെറുത്തിരുന്നുവെന്നു് അതിൽ വിശദമാക്കിയിട്ടുണ്ടു്. അന്ത്യശ്വാസംവരെ അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ മനസ്ഥിതി. കുറേനാൾ "ചുവന്ന പത്രം" എന്ന ഒരു പ്രസിദ്ധീകരണം അദ്ദേഹം നടത്തുകയുണ്ടായി. "ഭിഷ്വന്മാരോടെല്ലാം സന്ധിയില്ലാസമരം; നല്ലവക്കു വലതുകൈ" എന്നായിരുന്നു അതിന്റെ മുദ്രാവാക്യം. റൈൻ നദീതടം ഫ്രാൻസിൽ ഉൾപ്പെടുത്തണമെന്നു് ആവശ്യപ്പെടുന്ന ഒരു നിവേദകസംഘത്തെ 1799–ൽ യുവാവായ ഈ യാക്കോബിൻ പാരീസിലേക്കു സമാനയിക്കുകയുണ്ടായി. പാരീസിൽവച്ചു നടന്മാർ അണിയറയിൽ നില്ക്കുന്നതു ഗോരെസ്സു് നേരിട്ടു കണ്ടു. അവരും പഴയ ഭരണത്തിലെ നേതാക്കന്മാരെപ്പോലെതന്നെ നീചമായും സ്വാർത്ഥമായും പെരുമാറുന്നതാണു ഗോരെസ്സു് കണ്ട കാഴ്ച്ച. ജർമ്മനിയിലെ രാജാക്കന്മാരെപ്പോലെ അവരും ഉദ്ധതരും സ്വേച്ഛാധിപതികളുമായിട്ടാണു കാണപ്പെട്ടതു്. ഗോരെസ്സിനു് ഇതൊന്നും മതിയായിരുന്നു; കാരണം കാപടട്യം അദ്ദേഹത്തിനു ഉസ്സഹമായിരുന്നു. ജർമ്മനിയിൽ തിരിച്ചെത്തിയപ്പോൾ ജാക്കോബിൻ ആദർശങ്ങളെപ്പറ്റി അദ്ദേഹം ഇപ്രകാരമെഴുതി: "ഈ സ്വപ്നങ്ങളെല്ലാം പൂർവ്വചരിത്രമാണു്. ശാസ്ത്രത്തോടും കലയോടുമുള്ള എന്റെ പ്രേമത്തെ സുരക്ഷിതമായി ഈ കൊടുങ്കാറ്റിൽനിന്നു വീണ്ടെടുക്കുവാൻ സാധിച്ചതിനു സർവ്വേശ്വരനോടു ഞാൻ നന്ദിപറയുന്നു."

ഗോരെസ്സു് പിന്നീടു ശാസ്ത്രത്തിലേക്കു പിന്തിരിഞ്ഞു. പ്രസ്തുത രംഗത്തു രാഷ്ട്രീയാഭിപ്രായങ്ങൾ

സത്യാന്വേഷണത്തിനു തടസ്സമാകുന്നില്ല; ചിന്താസ്വാതന്ത്ര്യത്തെ പരിമിതമാക്കുന്നുമില്ല. അടുത്ത ആറു വർഷം കോബ്ലെൻസിലെ സെക്കൻഡറി സ്കൂളിൽ അദ്ദേഹം ഉയർന്ന പഠിപ്പിക്കുകയാണു ചെയ്തതു്. അക്കാലത്തു പല ശാസ്ത്രീയഗ്രന്ഥങ്ങളും അദ്ദേഹമെഴുതി; അക്കാലത്തെ ജർമ്മൻ റൊമാന്റിക്കു പ്രസ്ഥാനത്തിൽ അദ്ദേഹം കൂടുതൽ കൗതുകം പ്രദർശിപ്പിച്ചുതുടങ്ങി. ജർമ്മൻ സംസ്കാരം ആരോഗ്യപരമായിരുന്ന കാലത്തേക്കു നോക്കി ഒരു ജർമ്മൻ സംസ്കാരപുനരുത്ഥാനം സാധിക്കുന്നതിനാവശ്യമായ ആദർശങ്ങളും തത്വങ്ങളും കണ്ടുപിടിക്കുവാൻ പരിശ്രമിച്ചിരുന്ന ഒരുകൂട്ടം യുവാക്കളെ ഗോരെസ്സിന്റെ സ്നേഹിതനായിരുന്ന ക്ലെമെന്റ് ബ്രെന്റാനോ അദ്ദേഹത്തിനു പരിചയപ്പെടുത്തിക്കൊടുത്തു. ഇവിടെ കുറേക്കൂടി സജീവവും സുധീരവുമായ കത്തോലിക്കാവിശ്വാസം ദർശിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രശസ്തിക്കെല്ലാം നിദാനമായ ജോലിയിലേക്കു് ഇതുവഴി അദ്ദേഹം ഒന്നുകൂടിയടുത്തു.

1806–ൽ റൊമാന്റിക്കു പ്രണയികൾ സമ്മേളിച്ചിരുന്ന ഹീഡെൽബർഗ്ഗ് സർവ്വകലാശാലയിലേക്കുള്ള ഒരു ക്ഷണം ഗോരെസ്സു് സ്വീകരിച്ചു. കത്തോലിക്കാവിശ്വാസം പ്രാചീനവും അതേസമയം യൗവനയുക്തവുമായിക്കണ്ടതുകൊണ്ടും, ധൂമമാകട്ടെ കീർത്തനങ്ങളാകട്ടെ അതു തിരസ്കരിച്ചിട്ടില്ലാഞ്ഞതിനാലും, ബുദ്ധിശക്തിയേയും ഹൃദയത്തേയും ഒന്നുപോലെ അതു് ആകർഷിച്ചുകൊണ്ടിരുന്നതു നിമിത്തവും, യുവാക്കൾ കത്തോലിക്കാവിശ്വാസത്തിലേക്കു് ആകൃഷ്ടരായി. ഏതൊരു കാരണങ്ങളാൽ യുക്തിവാദികൾ തിരസ്ക

ഭയെ നിന്ദിക്കുകയും നിരസിക്കുകയും ചെയ്യുവാനിട യായോ, അതേ കാരണങ്ങളാൽ ഈ യുവാക്കൾ തിരു സ്സഭയെ സ്നേഹിച്ചു. ഹീഡെൽബർഗ്ഗിൽ ശരീരശാസ്ത്രത്തെപ്പററി പ്രസംഗിക്കുകയായിരുന്ന ഗോരെസ്സിന്റെറ ജോലി; എന്നാൽ വിദ്യാർത്ഥികളുടെ എഴുത്തുകളിൽ നിന്നും അദ്ദേഹത്തിന്റെറ സ്വഭാവപ്രകൃതിയിൽ നിന്നും അനുമാനിക്കേണ്ടതു് അദ്ദേഹം മാനുഷികവി ജ്ഞാനത്തിന്റെറ എല്ലാ വശങ്ങളേയും പ്രസംഗിച്ചുവെ ന്നാണു്. ഒരു വിദ്യാർത്ഥി അദ്ദേഹത്തിന്റെറ ക്ലാസ്സു കളെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു: "നിഗ്രഥങ്ങ ളായ അഗാധതകളുടെ ഇടയിൽ വീഴുന്ന കൊടുങ്കാ റുപോലെയാണു് അദ്ദേഹത്തിന്റെറ പ്രസംഗങ്ങൾ. ചിലപ്പോൾ പ്രകൃതിരമണീയമായ കാഴ്ചകൾ പ്രകാശിതമാകുന്നു. ഒരുത്തന്റെറ ജീവിതം മുഴുവനും സ്പർശിക്കുന്ന ചിന്തകളാണു ചിലപ്പോൾ ഉയർന്നുവരുന്നതു്." ഇതു് അസ്ഥികളേയും ഞരമ്പുകളേയും സംബന്ധിക്കുന്ന ഒരു പ്രസംഗംപോലെ തോന്നുന്നില്ല. ഒരു കാല്പനികകഥാപ്രണയി, ചരിത്രവും സാഹിത്യവും മിസ്റ്റിസിസവും മതവും തത്വശാസ്ത്രവും ഒരുമിച്ചു കലയിൽ മുക്കിയെടുക്കുന്നതുപോലെയിരിക്കുന്ന ഗോരെസ്സിന്റെറ പ്രസംഗങ്ങൾ.

ഹീഡെൽബെർഗ്ഗിൽ പ്രൊഫസർമാർ തമ്മിൽ താമസിയാതെ വലിയ ഒരു സമരമുണ്ടായി. പ്രോട്ടസ്റ്റൻറുകാരും യുക്തിവാദികളുമായ പ്രൊഫസർമാർ, യുവാക്കളായ റൊമാൻറിക്കുകാക്കെതിരായി നിന്നു. റൊമാൻറിക്കുവാദികൾ പ്രോട്ടസ്റ്റൻറ് സഭയ്ക്കു പകരം കത്തോലിക്കാസഭയെ സ്വീകരിക്കുവാൻ നിശ്ചയിച്ചതാണു സമരനിദാനം. അവർ ഏതെങ്കിലും

പള്ളിയിൽ പോയിരുന്നതുകൊണ്ടും മറ്റൊന്നുമല്ല ഈ കലഹമുണ്ടാക്കിയതു്. യൂക്തിവാദികളുടെ ആക്രമണം ഗോരെസ്സിന്റെ നേരെയാണു കേന്ദ്രീകരിച്ചതു്. അദ്ദേഹത്തിനു് ഈ അദ്ധ്യാപകരോടൊന്നും ഒരു ബഹുമാനവുമുണ്ടായിരുന്നില്ല. വർഷം മുഴുവനും വിശ്വാസമെന്നു കരുതി പഠിച്ചുകൊണ്ടിരുന്നവരാണു് അവരെല്ലാമെന്നതേ ഗോരെസ്സു് അവരെപ്പറ്റി പറഞ്ഞിരുന്നതു്. പോം, വോസ്സു്, തുടങ്ങിയ പഴയ പ്രൊഫസർമാക്കു് ഒട്ടും ഇഷ്ടമായില്ല, റൊമാന്റിക്കു വാദികളും കത്തോലിക്കാദർശങ്ങളെ സ്തുതിക്കുന്നതു്. അവക്കു ക്രമവും പാണ്ഡിത്യവുമില്ലെന്നായിരുന്നു ആക്ഷേപം. യൂക്തിവാദികളും ക്രമേണ പരാജയപ്പെട്ടു തുടങ്ങി; അതുകൊണ്ടു് അവർ ഗോരെസ്സിനെ ബഹിഷ്കരിക്കുവാനുള്ള പരിശ്രമമായി. 1808–ൽ അദ്ദേഹം അവിടെനിന്നു പോന്നു. സർവ്വകലാശാലാപ്രൊഫസരായിട്ടു കഴിച്ചു രണ്ടു കൊല്ലം വൃഥാ അദ്ദേഹം ചെലവഴിച്ചില്ല. കുറേ നല്ല സ്നേഹിതന്മാരെ നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അനന്തരകാലങ്ങളിൽ അവർ അദ്ദേഹത്തോടു സഹകരിച്ചുവെന്നു മാത്രമല്ല, അവർ വഴി അദ്ദേഹത്തിനു കത്തോലിക്കാസഭയോടു സപ്പോർട്ടു പ്രതിപത്തി തോന്നുകയും ചെയ്തു. അങ്ങനെയാണു് അവസാനം അദ്ദേഹം കത്തോലിക്കാസഭയിൽ പ്രവേശിക്കുവാനിടയായതു്.

കോബ്ലെൻസിൽ തിരിച്ചെത്തിയപ്പോൾ ഗോരെസ്സിനെ സ്ഥലത്തെ സ്കൂളിന്റെ ഡയരക്ടറായി നിയമിച്ചു. "ഏഷ്യൻ പുരാണങ്ങളുടെ ചരിത്രം" പ്രസിദ്ധംചെയ്തതോടുകൂടി ഒരു പണ്ഡിതൻ എന്നുള്ള അദ്ദേഹത്തിന്റെ പ്രശസ്തി സർവ്വത്ര അംഗീകൃതമായി. എന്നാൽ പ്രവർത്തനത്തിനുള്ള ഒരാഹ്വാനമുണ്ടായപ്പോൾ, പണ്ഡിതൻ എന്നുള്ള പേരുകൊണ്ടു് അദ്ദേഹ

ത്തിനു തുപ്പിപ്പെട്ടവാൻ കഴിഞ്ഞില്ല. വീണ്ടും അദ്ദേഹം രാഷ്ട്രീയപ്രവർത്തനങ്ങളം ആരംഭിച്ചു. വോൺ സ്റ്റെയിൻ, ഗേഥേ മുതലായവരോടുകൂടെ ചേർന്നു ഗോരെസ്സ് പല രാഷ്ട്രീയലഘുലേഖകളം പ്രസിദ്ധംചെയ്തു. വിമോചനസമരത്തിൽ നെപ്പോളിയനെതിരായി അണിനിരക്കുവാൻ ജർമ്മൻജനതയോട് ഒരാഹ്വാനമായിരുന്ന ആ ലഘുലേഖകം. 1814-ൽ അദ്ദേഹം "റെനിഷ് മെർക്കുറി" എന്ന പത്രം പ്രസിദ്ധം ചെയ്യാൻ തുടങ്ങി. സമകാലികനായ ഒരു ആംഗ്ലേയൻ അഭിപ്രായപ്പെട്ടത് ആ പത്രം "ജർമ്മനിയിൽ പ്രസിദ്ധംചെയ്യപ്പെട്ടിട്ടുള്ളതിൽ ഏറ്റവും വിശിഷ്ടം"മെന്നായിരുന്നു. മുമ്പൊരിക്കൽ പ്രസ്താവിച്ചതുപോലെ, ഈ പത്രികയെപ്പറ്റിയാണു നെപ്പോളിയൻ, പറഞ്ഞതു "പഞ്ചമമഹാശക്തി"യെന്നു്. മാർഷൽ ബ്യൂക്കെർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "പ്രഷ്യാക്കാരായ നമുക്കു നാലു സഹായികളുണ്ടു്: ഇംഗ്ലണ്ടു്, റഷ്യാ, ആസ്ട്രിയാ, ഗോരെസ്സു്."

നെപ്പോളിയന്റെ പരാജയത്തിനുശേഷം, ഗോരെസ്സ് ഒരു ഐക്യജർമ്മനിക്കുവേണ്ടിയുള്ള പരിശ്രമം തുടങ്ങി. പ്രഷ്യായ്ക്കെതിരായി ചെറിയരാജ്യങ്ങൾക്കു് അദ്ദേഹം തന്റെ സഹായഹസ്തം നീട്ടി. എല്ലാ രാജ്യങ്ങൾക്കും സ്വതന്ത്രഭരണഘടന വേണമെന്നു് അദ്ദേഹം വാദിച്ചു. പ്രഷ്യൻ ഗവർമ്മെൻറിന്റെ താല്പര്യങ്ങൾക്കെതിരായിരുന്ന ഗോരെസ്സിന്റെ പ്രവൃത്തി. തന്മൂലം 1816-ൽ "റെനിഷ് മെർക്കുറി" നിരോധിച്ചു; രാജ്യസമാധാനത്തിനു വിപല്ക്കരമെന്നാണു കാരണം പറഞ്ഞതു്. "ജർമ്മൻ പ്രത്യാഖ്യാനം" എന്നൊരു പുസ്തകമെഴുതി ഗവർമ്മെൻറിനെ അദ്ദേഹം വിമർശിച്ചു. ഗവർമ്മെൻറ് അധികാരികളം രോഷാകുലഹൃദയരായി. റൈൻലാൻറിൽ ഗോരെസ്സി

ണ്ടായിരുന്ന സ്കൂൾ ഇൻസ്പെക്ടർസ്ഥാനം അവർ എടുത്തുകളഞ്ഞു. "ജർമ്മനിയും വിപ്ലവവും" എന്നൊരു പുസ്തകമെഴുതി ഗോരെസ്സ് തന്റെ പ്രതിഷേധം പ്രകാശിപ്പിച്ചു. ഗവർമ്മെൻറ് ആ പുസ്തകം നിരോധിച്ചതുകൊണ്ടോ എന്തോ അതിന്റെ പ്രതികൾ സുലഭമായിട്ടു വിറ്റഴിഞ്ഞു. ജർമ്മൻ രഹസ്യപ്പോലീസിന്റെ നടപടികൾ ആ പുസ്തകത്തിൽ അദ്ദേഹം വിമർശിച്ചു. ശരിയായി ഭരിക്കുന്ന രാജ്യത്തു് അത്തരം പോലീസിന്റെ ആവശ്യമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഗവർമ്മെൻറ് ഭരണകാര്യങ്ങളിൽ ജനങ്ങൾക്കു പങ്കുനല്കുന്ന ഒരു ഭരണഘടനയുണ്ടാക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ജർമ്മൻ പൗരന്മാരുടെ സ്വാതന്ത്ര്യത്തേയും അഭംഗമായ അവകാശങ്ങളേയും അദ്ദേഹം ഉറ്റുനിരീക്ഷിച്ചു.

ഗോരെസ്സും പ്രഷ്യായും തമ്മിലുണ്ടായ ഈ യുദ്ധത്തിൽ ചെറിയ ശക്തി ക്രമമായി പിന്മാറുന്നതാണു തന്ത്രമെന്നു വന്നുകൂടി. ഗോരെസ്സിന്റെ പക്ഷത്തു സത്യമുണ്ടായിരിക്കാം; എന്നാൽ പ്രഷ്യൻ ഗവർമ്മെൻറിനു പോലീസുണ്ടായിരുന്നു. അവർ ഗോരെസ്സിനെ അറസ്റ്റു ചെയ്യുവാൻ ആജ്ഞാപിച്ചു. തന്മൂലം 1819–ൽ ഈ തീപ്പൊരിപ്രസാധകൻ സ്റ്റ്റാസ്ബർഗ്ഗിലേക്കു പലായനംചെയ്തു. അവിടെ എട്ടുകൊല്ലം വായിച്ചും എഴുതിയും ചിന്തിച്ചും കഴിച്ചുകൂട്ടി. പ്രഷ്യായുടെ സേച്ഛാധിപത്യവും മെറ്റേർണിക്കിന്റെ യാഥാസ്ഥിതികതത്വവും കൂടി ഗോരെസ്സിനെ വീണ്ടും നിരാശയിലമർത്തി. ഫ്രഞ്ചുവിപ്ലവത്തിലും വിമോചനസമരത്തിലും ഗോരെസ്സ് സ്വാതന്ത്ര്യം അന്വേഷിച്ചു; എന്നാൽ അദ്ദേഹത്തിന്റെ പ്രതീക്ഷകൾ കുമ്പടയ്ക്കുകയാണു ചെയ്തതു്.

മൂന്നിച്ചു പ്രവർത്തനങ്ങൾ

സ്റ്റ്റാസ്ബർഗ്ഗിൽവച്ചു ഗോറെസ്സ് സ്വാതന്ത്ര്യവും സത്യവും അന്വേഷിച്ചതു നവമായ ഒരു മാർഗ്ഗത്തിലൂടെയാണ്. മതവിഷയങ്ങളെപ്പറ്റിയാണ് അന്നു് അദ്ദേഹം കൂടുതൽ എഴുതിയിരുന്നതു്. മെയിൻസ് നഗരത്തിൽ റേസും വെയിസും കൂടി സമാരംഭിക്കുകയും, 1824-ൽ സ്റ്റ്റാസ്ബർഗ്ഗിലേക്കു മാറ്റി പ്രസിദ്ധംചെയ്തു തുടങ്ങുകയും ചെയ്ത "കാത്തലിക്കു്" എന്ന മാസികയിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ വന്നുതുടങ്ങി. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെപ്പറ്റിയായിരുന്നു ഒരു ലേഖനപരമ്പര. സത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ഈ ലോകത്തിൽ നടത്തുന്ന അന്വേഷണത്തിൽ ഈ പുണ്യവാൻ ഒരു മാതൃകയാണെന്നാണു ഗോറെസ്സ് സമർത്ഥിച്ചതു്. സ്റ്റ്റാസ്ബർഗ്ഗിലെ താമസത്തിനിടയ്ക്കു് അദ്ദേഹം കത്തോലിക്കാസഭയിലേക്കു ക്രമേണ മാർച്ചുചെയ്തുതുടങ്ങിയെന്നു പറയണം. ലിബറലിസത്തിന്റെ ലൗകായതികകുതന്ത്രത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടതോടുകൂടി തൽസ്ഥാനത്തു യാതൊന്നും സ്ഥാപിക്കുവാനില്ലാതായി. സ്റ്റ്റാസ്ബർഗ്ഗിലെ ലിബറൽ വാദികൾ ആട്ടിപ്പായിച്ചുരസ്സുരം ഗോറെസ്സിനെ സ്വാഗതംചെയ്തു. അവരോടുള്ള സമ്പർക്കത്തിൽനിന്നു മനസ്സിലായി, താൻ ലിബറലിസത്തിൽനിന്നു് എത്രകണ്ടു് അകന്നുപോയെന്നു്. മാനസാന്തരത്തിനുശേഷം 1825-ൽ മകൾക്കെഴുതിയ ഒരു കത്തിൽ അക്കാലത്തു് അദ്ദേഹം അനുഭവിച്ചിരുന്ന മനോവേദന വിവരിച്ചിട്ടുണ്ടു്: "രാത്രിയിൽ നിദ്രയ്ക്കും ഉണർച്ചയ്ക്കും മദ്ധ്യേയുള്ള ഘട്ടത്തിൽ എനിക്കു തോന്നിയിരുന്നു, ഞാൻ മണ്ണിൽനിന്നു പിഴുതെടുത്ത വൃക്ഷംപോലെ, വേരാകട്ടെ ഒരു താങ്ങാകട്ടെ ഇല്ലാതെ, കഴിയുകയാണെന്നു്."

സ്റ്റ്റാസ്ബർഗ്ഗിൽ ഏകാകിയായി കഴിയുമ്പോഴും ജർമ്മൻചരിത്രത്തെപ്പറ്റിയും മനുഷ്യജീവിതത്തിൽ കത്തോലിക്കാസഭയ്ക്കുള്ള സ്ഥാനത്തെപ്പറ്റിയും തനിക്കുണ്ടായിരുന്ന അഭിപ്രായങ്ങളും ഗോരെസ്സ് ഒന്നു പരിഷ്കരിച്ചു. പ്രോട്ടസ്റ്റൻറ് വിപ്ലവം സ്വാതന്ത്ര്യം നേടാനുള്ള ഒരു പരിശ്രമമാണെന്നായിരുന്നു അന്നുവരെ അദ്ദേഹത്തിൻെറ അഭിപ്രായം. അതു വാസ്തവത്തിൽ ഒരു വിപ്ലവംതന്നെയായിരുന്നുവെന്നും, അതു വഴിയാണു സഹോദരവിദ്വേഷവും, തൽഫലമായി ജർമ്മനിയുടെ നാശവുമുണ്ടായതെന്നും അദ്ദേഹം അനുമാനിച്ചു. അധഃപതിച്ച മനുഷ്യവർഗ്ഗത്തിൻെറ ദിവ്യനായ രക്ഷാകർത്താവും, താൻ എത്രയുമധികം വിലമതിച്ചിരുന്ന സ്വാതന്ത്ര്യത്തിൻെറ കാവൽക്കാരനും തിരുസ്സഭയാണെന്നു ഗോരെസ്സിനു ബോദ്ധ്യമായി. ലൗകികയതികമായ രാഷ്ട്രത്തിൽനിന്നും അബദ്ധചിന്തകരിൽനിന്നും നമ്മെ രക്ഷിക്കാൻ കഴിവുള്ള മിത്രമാണു തിരുസ്സഭയെന്നു് അദ്ദേഹം കണ്ടു. തിരുസ്സഭ രാഷ്ട്രാതീതമായ ഒരു സ്ഥാപനമാണെന്നും, യാതൊരുവിധത്തിലും രാഷ്ട്രത്തിനു കീഴ്പ്പെട്ടിട്ടില്ലെന്നും, ക്രിസ്തീയസംസ്കാരത്തിൻെറ കാതലാണെന്നും, അദ്ദേഹത്തിനു മനസ്സിലായി. ശരിയായ സ്വാതന്ത്ര്യം എന്താണെന്നു് അദ്ദേഹത്തിനു കൂടുതൽ വിശദമാക്കുകയും ചെയ്തു. സ്വാതന്ത്ര്യം, സ്വേച്ഛാധിപതികളുടെ നിയന്ത്രണങ്ങളിൽനിന്നുള്ള മോചനം മാത്രമല്ലെന്നും, ദൈവത്തോടും സത്യത്തോടും യോജിച്ചിരിക്കുവാനുള്ള അവകാശവുംകൂടിയാണതെന്നും ഗോരെസ്സിനു കാണാൻ കഴിഞ്ഞു. 1825 നവമ്പറിൽ ഗോരെസ്സിൻെറ സത്യാന്വേഷണപര്യടനം സമാപിച്ചു; ഒരു ധ്യാനപ്രസംഗപരമ്പരയിൽ ചേർന്നു കത്തോലിക്കാസഭയിലേയ്ക്കു

പ്രവേശിക്കുകയും, യഥാർത്ഥകത്തോലിക്കനായി ജീവിതമാരംഭിക്കുകയും ചെയ്തു.

മാനസാന്തരത്തിനു മുമ്പുതന്നെ വിശ്വാസസംരക്ഷകനായി അദ്ദേഹം വാദം തുടങ്ങിക്കഴിഞ്ഞിരുന്നു. 1827 വരെ, രണ്ടു കൊല്ലത്തേയ്ക്കു "കാത്തലിക്കു" എന്ന മാസിക അദ്ദേഹമാണു പ്രസാധനംചെയ്തതു്. ജർമ്മനി മുഴുവനും അതിന്റെ പ്രശസ്തി വ്യാപിച്ചു. കത്തോലിക്കാവിശ്വാസം പ്രചരിപ്പിക്കുന്നതിനുള്ള ഒരുപകരണമായി അതിനെ വിനിയോഗിക്കുകയുംചെയ്തു. സജീവമായ കത്തോലിക്കാവിശ്വാസത്തിന്റേയും യഥാർത്ഥമായ പാണ്ഡിത്യത്തിന്റേയും കേന്ദ്രമാകത്തക്കവിധം, ബവേരിയായിലെ രാജാവു സ്ഥാപിച്ചു മ്യൂനിച്ചു സർവ്വകലാശാലയിൽ ചരിത്രം പഠിപ്പിക്കുവാൻ ഒന്നാം ലുഡ്വിഗ് രാജാവു് 1827-ൽ ഗോരെസ്സിനെ ക്ഷണിച്ചു. മ്യൂനിച്ചിലെ ചരിത്രപ്രൊഫസരുടെ ഉദ്യോഗം ഗോരെസ്സ് അത്യുത്സാഹത്തോടെ നിർവ്വഹിക്കുക മാത്രമല്ല, അതേസമയം മ്യൂനിച്ചു സ്കൂളിലെ പ്രധാനാദ്ധ്യാപകന്റെ ജോലികൂടി ഭംഗിയായി നടത്തുകയും ചെയ്തു. അടുത്ത രണ്ടു തലമുറകളിലെ അൽമായപ്രമുഖരും വൈദികമേധാവികളും ആ പള്ളിക്കൂടത്തിൽനിന്നാണുണ്ടായതെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ. ചരിത്രകാരനായ ഡോം ചാൾസ് പൗളെറർ ഈ സ്കൂളിനെപ്പറ്റി ഇപ്രകാരമെഴുതിയിരിക്കുന്നു: "ജോസഫ് വോൺ ഗോരെസ്സിന്റെ മേൽനോട്ടത്തിൽ കത്തോലിക്കാപ്രവർത്തനത്തിന്റേയും പാണ്ഡിത്യത്തിന്റേയും ഒരു കേന്ദ്രമായിരുന്നു ഈ വിദ്യാലയം. അദ്ദേഹമാണു് അവിടെ വട്ടമേശസമ്മേളനം ആരംഭിച്ചതും, അതിൽ അദ്ധ്യക്ഷത വഹിച്ചതും."

ഗോരെസ്സിന്റെ പാണ്ഡിത്യവിശേഷത്താൽ ആകൃഷ്ടരായും, പക്ഷേ യാദൃച്ഛികമായും, അവിടെ വന്നു കൂടീ, ജർമ്മനിയിലെ കത്തോലിക്കാസഭയുടെ പുനരുത്ഥാനത്തിനു പിന്നീട് നേതൃത്വം വഹിച്ച ഡോളിഞ്ചർ, സെപ്പ്, വിൻറിഷ്മേൻ, ബ്രന്നെർ, ഹാനെബെർഗ്, ഫിലിപ്സ്, മോയി, മോളെർ, സ്റ്റ്റെബെർ എന്നിവർ. ഗോരെസ്സിന്റെ കീഴിൽ പഠിച്ച ഈ വിദ്യാർത്ഥികളെല്ലാം അദ്ദേഹത്തിന്റെ അദ്ധ്യാപനസാമർത്ഥ്യവും, മാനസികപരിഷ്കരണവും, ഉത്തേജകമായ നേതൃത്വവും വാഴ്ത്തിയിട്ടുണ്ട്. അവരുടെ ദൃഷ്ടിയിൽ ഗോരെസ്സ് മൂനിച്ചുസ്സുകളിന്റെ ഹൃദയം മാത്രമല്ല; 1848-ൽ ദിവംഗതനായതുവരെ അദ്ദേഹം മൂനിച്ചുസ്സംതന്നെയായിരുന്നുവെന്നു പറയാം. താമസിയാതെ അദ്ദേഹത്തിന്റെ പ്രശസ്തി യൂറോപ്പു മുഴുവനും വ്യാപിച്ചു. തൽഫലമായി വിവിധസ്ഥലങ്ങളിൽനിന്നു ബ്രെൻറാനോ, ബോഹ്മെർ, ലക്കോർഡയർ, മോണ്ടലമ്പെർ തുടങ്ങിയ പല കത്തോലിക്കരും മൂനിച്ചു സന്ദർശിച്ചു ഗോരെസ്സിന്റെ ഉപദേശങ്ങളും സ്വീകരിക്കുകയും, വിജയമാർഗ്ഗങ്ങളും നേരിട്ടു മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

സങ്കുചിതമായ അർത്ഥത്തിലുള്ള ഒരു ചരിത്രകാരനായിരുന്നില്ല ഗോരെസ്സ്. ഓരോ മാനുഷികസംഭവത്തിൽനിന്നും ഉയർന്നും, ദൈവത്തിന്റെ ദൃഷ്ടിയിൽ അവ പരസ്പരം യോജിച്ചുനില്ക്കുന്നതുപോലെ കണ്ടു മനസ്സിലാക്കുവാൻ യത്നിച്ചിരുന്ന ചരിത്രതത്വശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ലൗകികവും ഭൗമികവുമായ ദൃഷ്ടികളിൽക്കൂടി, അന്നന്നു നടന്ന സംഭവങ്ങളും ഗ്രഹിക്കുവാൻ മാത്രമാണ് അന്നു ചരിത്രത്തെ ചരിത്രകാരന്മാർ ഉപയോഗിച്ചിരുന്നതു്. എന്നാൽ ഗോരെസ്സ് ചരിത്രത്തെ ക്രിസ്തീയദൃഷ്ടികളിൽക്കൂടി വീക്ഷിച്ചു

കൊണ്ടിരുന്നു. മൂന്നിച്ചു നിവാസകാലത്തു ചരിത്രപഠനത്തിൽ അദ്ദേഹം പ്രകാശിപ്പിച്ച ചൈതന്യവും ഉൽകൃഷ്ടചിന്താഗതിയും, കത്തോലിക്കാപ്രവർത്തന ചരിത്രത്തിലെ പ്രകാശമാനമായ ഒരദ്ധ്യായമായിട്ടുണ്ടെന്നാണു ഫാദർ കോറിഗൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഒരു മനുഷ്യനോ ഒരു സ്കൂളിനോ ചരിത്രത്തിൽ എത്രകണ്ടു പ്രേരണാശക്തി ചെലുത്തുവാൻ കഴിയുമെന്നു നിർണ്ണയിക്കുക ദുഷ്കരമാണു്. പത്തൊമ്പതാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ജർമ്മനിയിൽ തിരുസ്സഭയുടെ മഹത്തായ പുരോഗമനത്തിനു നേതൃത്വം വഹിച്ച മഹാന്മാരെ വളർത്തിക്കൊണ്ടുവന്നതു മൂന്നിച്ചുസ്കൂളാണെന്നു് എല്ലാവരും സമ്മതിക്കും. മൂന്നിച്ചിൽ ഗോരെസ്സിന്റെ ചുറവും കൂടിയിരുന്ന പ്രസിദ്ധ പണ്ഡിതന്മാർ തിരുസ്സഭയിൽ ആദ്ധ്യാത്മികജീവിതനവീകരണം സാധിക്കുവാനും ജർമ്മനിയിൽ തിരുസ്സഭയ്ക്കു പ്രവർത്തനസ്വാതന്ത്ര്യം നേടുവാനും കത്തോലിക്കാവിശ്വാസത്തിന്റെ സുദൃഢമായ അഭിവൃദ്ധിക്കു മാർഗ്ഗം തെളിക്കുവാനും വിജയപൂർവ്വം പരിശ്രമിച്ചു.

പത്തൊമ്പതാം ശതാബ്ദത്തിൽ തിരുസ്സഭയുടെ പുരോഗമനത്തിനു ഗോരെസ്സു് ചെയ്തിട്ടുള്ള അതിമഹത്തായ സേവനം ഇതാണു്. ജീവിതത്തിന്റെ അവസാനത്തെ ഇരുപതു സംവത്സരം തുടർച്ചയായി അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. ചിലപ്പോൾ "ക്രിസ്തീയ മിസ്റ്റിസിസം" എന്ന ഗ്രന്ഥംപോലെ എത്രയും പണ്ഡിതോചിതമായ പുസ്തകങ്ങളാണു് എഴുതിയിരുന്നതു്. തിരുസ്സഭാതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി "അത്തനേഷ്യസു" എന്ന ഗ്രന്ഥംപോലെ ചിലതു് അതിവേഗം എഴുതി അച്ചടിപ്പിച്ചിട്ടുണ്ടു്. കത്തോലിക്കാവിശ്വാസവും നടപടികളും നീതീകരി

ച്ചുകൊണ്ടുള്ള വ്യവഹാരലേഖനങ്ങളാണ് കൂടുതലായി അന്നു് എഴുതിയിരുന്നതു്. കത്തോലിക്കരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും, കത്തോലിക്കാതത്വങ്ങൾ പണ്ഡിതോചിതമായി പ്രതിപാദിക്കുവാനും വേണ്ടി 1838–ൽ "ചരിത്രരാഷ്ട്രനാമം" എന്നൊരു പത്രിക പ്രസിദ്ധംചെയ്യുവാൻ തുടങ്ങി. ഗോരെസ്സിന്റെ മകൻ ഗീഡോ ആയിരുന്നു പത്രാധിപർ; എന്നാൽ പത്തുകൊല്ലത്തേക്കു് അതിന്റെ പ്രശസ്തി മുഴുവനും പിതാവിന്റെ തൂലികാചലനത്തെത്തന്നെയാണു് ആശ്രയിച്ചിരുന്നതു്. മ്യൂനിച്ചിലുള്ളവരിൽ ചുരുക്കം നിവസിച്ചിരുന്ന പണ്ഡിതരായ കത്തോലിക്കരുടെ അഭിപ്രായമാണ് ഗോരെസ്സിന്റെ മാസിക നല്ലതായിരുന്നതെങ്കിലും ജർമ്മനി മുഴുവനും കത്തോലിക്കാതത്വങ്ങളുടെ ജിജ്ഞയായിട്ടു കരുതിയിരുന്നതു് ആ പ്രസിദ്ധീകരണമാണു്. ഈയിടയ്ക്കു വിൻസൺ അഭിപ്രായപ്പെട്ടതുപോലെ ജർമ്മനിയിൽ കത്തോലിക്കരുടെ പൊതുഅഭിപ്രായം ശരിയായി പ്രകാശിപ്പിക്കുന്ന അതിപ്രധാനമായ പ്രസിദ്ധീകരണംതന്നെയാണതു്.

ക്രിസ്ത്യൻ മിസ്റ്റിസിസത്തെപ്പറ്റിയുള്ള നാലു വാല്യങ്ങളാണ് ഗോരെസ്സിന്റെ ഏറ്റവും വിശിഷ്ടകൃതി. അതിനേക്കാൾ നല്ല പ്രബന്ധങ്ങളും, ഖണ്ഡികകളും, ലഘുലേഖനങ്ങളും എഴുതിയിട്ടുണ്ടെങ്കിലും ആ ഗ്രന്ഥത്തിന്റെ പ്രേരണാശക്തി, അദ്ദേഹം എഴുതിയിട്ടുള്ള മറ്റേതിനേക്കാളും, കൂടുതലാണു്. മിസ്റ്റിക്കൽ ജീവിതത്തിലെ വിവിധവശങ്ങൾ വിവരിച്ചും ഉദാഹരിച്ചും വിവേചിച്ചും "പുണ്യവാന്മാരിൽ ദൃഷ്ടമാകുന്ന ദൈവമഹത്വം ആവിഷ്കരിക്കുവാനാണു്" ഈ ഗ്രന്ഥം എഴുതിയതെന്നു് അദ്ദേഹം പറയുന്നു. ഈ വാല്യങ്ങളിൽ പ്രത്യക്ഷമായ പാണ്ഡിത്യവും ചിന്താ

സമൃദ്ധിയും കത്തോലിക്കാകേന്ദ്രങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രശസ്തിയെ പിന്നെയും വർദ്ധിപ്പിച്ചു. ഇന്നും അതു് അതിവിശിഷ്ടമായ ഒരു ഗ്രന്ഥമാണു്. ചരിത്രപരമായ വിമർശനത്തിലും ദൈവശാസ്ത്രസംബന്ധമായ കാര്യങ്ങളിലും തത്വശാസ്ത്രചർച്ചകളിലും ചില അബദ്ധങ്ങൾ കടന്നുകൂടിയിട്ടുണ്ടു്. ക്രിസ്തീയ ചരിത്രം മുഴുവനും വ്യാപിച്ചുകിടക്കുന്ന ഒരു വിഷയമാണു കൈകാര്യംചെയ്തിരിക്കുന്നതു്. ആകാശത്തിന്റെ വിസ്തീർണ്ണവും, പുണ്യാത്മാക്കളുടെ വിശുദ്ധിയുടെ രഹസ്യവും, പൈശാചികശക്തികളോടുള്ള മൽപിടിത്തവും, പ്രസാദവരരഹസ്യവും അതിൽ പ്രതിപാദിച്ചിരിക്കുന്നു. ഒരു അൽമേനി ഇത്രയും ചെയ്യുമ്പോൾ തെറ്റുവരുന്നതിൽ അത്ഭുതപ്പെടാനില്ല. കീർഷ് പറയുന്നു: "പുസ്തകം എത്രയും മനോഹരമായിരിക്കുന്നു. ക്രിസ്തീയവിശ്വാസത്തിനു് ഇതു് ഒരുത്തേജനവും, മതകാര്യങ്ങളിൽ അവലംബിക്കുന്ന ഉപരിപ്ലവയുക്തിവാദത്തിനു ചുട്ട ഒരടിയുമാണു"."

കുറേകൊല്ലങ്ങളായി, വിശ്വാസത്തെ തത്വശാസ്ത്രമായും പ്രാർത്ഥനയെ യുക്തിവാദമായും മാറ്റുവാൻ പൊതുവെ ഒരു വാസനയുണ്ടായിരുന്നു. പ്രസ്തുത യുക്തിവാദത്തിനെതിരായി രചിച്ചതാണു ഗോറെസ്സിന്റെ ഈ ഗ്രന്ഥം. തർക്കശാസ്ത്രത്തിലെ കടുത്ത നിയമങ്ങളെ അതിലംഘിച്ചു്, ദൈവത്തിലേക്കു നമ്മളെ പറപ്പിച്ചെത്തിക്കുന്ന ഈ മിസ്റ്റിക്കു് അനുഭവം പഠിപ്പിക്കുവാൻ, അദ്ദേഹം വേദപുസ്തകത്തിലേക്കും, തിരുസ്സഭയിലെ ആദിമസന്ന്യാസികളിലേക്കും, രക്തസാക്ഷികളുടെ മിസ്റ്റിസിസത്തിലേക്കും, മദ്ധ്യയുഗങ്ങളിൽക്കൂടെ കടന്നു സ്പെയിനിൽ 16–ാം ശതാബ്ദത്തിൽ വികസിച്ച മഹാമിസ്റ്റിക്കുപുണ്യവാന്മാരിലേക്കു, അവധാനപൂർവ്വം എത്തിനോക്കി. പൊതുവായ ചില

തത്വങ്ങളം മനുഷ്യഹൃദയത്തിൽ പതിക്കുവാൻ സാധിച്ചതാണ് ആ ഗ്രന്ഥത്തിന്റെ പ്രാധാന്യം. സഹനത്തിനും വിശുദ്ധീകരണത്തിനും ധ്യാനത്തിനും തിരുസ്സഭയിൽ നല്ല സ്ഥാനമുണ്ടായിരുന്നുവെന്നും, ദൈവാസ്തിക്യം തെളിയിക്കുന്നതിനോ, തിരുസ്സഭ ഭൂമിയിൽ ദൈവത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നുവെന്നുള്ളതിനോ, ഹാജരാക്കുന്ന യുക്തികളിന്മേലല്ല തിരുസ്സഭ അധിഷ്ഠിതമായിരിക്കുന്നതെന്നും, മതത്തിനു യുക്തിവാദം മാത്രമല്ല ആവശ്യമെന്നും ഗോരെസ്സിന്റെ കൃതി വിശദമാക്കി. പ്രസ്തുതഗ്രന്ഥം പ്രസിദ്ധംചെയ്തകാലത്തു് ഈ സംഗതികൾ ലോകത്തെ ധരിപ്പിക്കേണ്ടതുണ്ടായിരുന്നു. ഗോരെസ്സ് അതു ചെയ്തുവെന്നുള്ളതാണ് അദ്ദേഹത്തിന്റെ മാഹാത്മ്യം.

മിശ്രവിവാഹപ്രശ്നം

1838–ൽ മ്യൂനിച്ചിലെ അദ്ധ്യാപനം കുറേനാളത്തേക്കു നിറുത്തി, "അത്തനേഷ്യസ്" എന്ന അതിപ്രധാനമായ ഗ്രന്ഥം എഴുതി അച്ചടിപ്പിച്ചു. പ്രഷ്യൻ ഗവൺമെൻറിനു വഴങ്ങാതെ, മാർപ്പാപ്പായെ അനുസരിച്ചുവെന്ന കുറ്റത്തിനു കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട കൊളോൺ മെത്രാപ്പോലീത്തായെ നീതീകരിക്കുവാനായി രചിച്ചതാണ് ഈ ഗ്രന്ഥം. കുറച്ചു മാസങ്ങൾക്കുള്ളിൽ ഇതിന്റെ നാല് പതിപ്പുണ്ടായി. "കത്തോലിക്കാസഭയുടെ സ്വാതന്ത്ര്യത്തിനും, കത്തോലിക്കരുടെ രാഷ്ട്രീയസമത്വത്തിനുമുള്ള ഒരു കാഹളധ്വനിയായിരുന്ന ഈ പുസ്തകം." ഗോരെസ്സ് ഒരു സിംഹത്തെപ്പോലെ ഗർജ്ജിച്ചിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ ഒരു വിദ്യാർത്ഥി പറയുന്നതു്. ആ ഗർജ്ജനം ജർമ്മനി മുഴുവനും മുഴങ്ങിയതുകൊണ്ടു്, ജർമ്മൻ ഗവൺമെൻറിനു ഭാവിക്കുവാൻ സാധിച്ചില്ല സിംഹം ഒരു

മൂഷികൻ മാത്രമാണെന്നു്. അങ്ങനെ കത്തോലിക്കരുടെ സ്വരവും കേൾക്കേണ്ടതാണെന്നുള്ള ഒരു ബോധം ജനിപ്പിക്കുവാൻ ഗോരെസ്സിനു സാധിച്ചു.

പ്രഷ്യായിൽ മിശ്രവിവാഹപ്രശ്നത്തെപ്പറ്റി തക്കമുണ്ടായപ്പോഴാണു ഗോരസ്സു് ഗർജ്ജിച്ചതു്. തക്ക വിഷയത്തിന്റെ പ്രധാന വശങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം: 1815-ൽ, പ്രോട്ടസ്റ്റൻറു് പ്രധാനമായ പ്രഷ്യായ്ക്കു് കത്തോലിക്കാഭൂരിപക്ഷം നിവസിച്ചിരുന്ന റൈൻ നദീതലപ്രദേശങ്ങൾ കിട്ടി. മിശ്രവിവാഹങ്ങളിലെ സന്താനങ്ങളെ പിതാവിന്റെ മതത്തിൽ വളർത്തിക്കൊണ്ടുവരണമെന്നു് 1803-ൽ പ്രഷ്യായിൽ ഒരു നിയമം പാസ്സാക്കിയിരുന്നു. ഈ നിയമം റൈൻലാൻറിലും അനുസരിക്കണമെന്നു്, 1825-ൽ, കത്തോലിക്കാ വൈദികർക്കു പ്രഷ്യൻ ഗവമ്മെൻറു് ഒരു ശാസനം കൊടുത്തു. മെത്രാന്മാർ അതിനു വഴിപ്പെടാൻ സമ്മതിച്ചു. എന്നാൽ ചില കത്തോലിക്കാ നേതാക്കന്മാർ അതിനെ എതിർത്തു. കത്തോലിക്കാവിശ്വാസത്തെ നാമാവശേഷമാക്കുവാൻ പ്രഷ്യൻ ഗവമ്മെൻറു സ്വീകരിച്ചിരിക്കുന്ന ഒരു നടപടിയാണിതെന്നു് അവർ വാദിച്ചു. കത്തോലിക്കായുവതികളെ വിവാഹംകഴിക്കുവാൻ പ്രഷ്യായിൽ നിന്നു പ്രോട്ടസ്റ്റൻറു് യുവാക്കൾ ധാരാളം ഇറങ്ങിക്കണ്ടപ്പോൾ അവരുടെ സംശയം വർദ്ധിച്ചതേയുള്ളൂ.

1837-ൽ ക്ലെമെൻറു് ഓഗസ്റ്റു് വോൺ ഡ്രോസ്റ്റു്-വിഷെറിങ്ങു് കൊളോണിലെ ആർച്ചുബിഷപ്പായി നിയമിക്കപ്പെട്ടു. പുതിയ ആർച്ചുബിഷപ്പു സൈനികസാമർത്ഥ്യമൊന്നും പ്രദർശിപ്പിച്ചിട്ടില്ലാത്ത ഒരു വൃദ്ധനായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ പുരോഗാമിയെപ്പോലെ പ്രഷ്യൻ ഗവമ്മെൻറിനു കീഴ്പ്പെടുമെ

ന്നായിരുന്ന പ്രതീക്ഷ. എന്നാൽ അദ്ദേഹം ആർച്ച്ബിഷപ്പായ ഉടനെ, മിശ്രവിവാഹത്തെപ്പറ്റിയുള്ള പോപ്പൽ നിർദ്ദേശങ്ങൾ താൻ നടപ്പിലാക്കുവാൻപോകയാണെന്നും, കാനൺ നിയമങ്ങൾക്കു വിരുദ്ധമല്ലാത്ത ഗവമ്മെൻറ നിയമങ്ങൾ മാത്രമേ താൻ അനുസരിക്കുകയുള്ളുവെന്നും ഖണ്ഡിതമായി പ്രസ്താവിച്ചു. 1837-ൽത്തന്നെ വിഷെറിങ്ങിനെ ബെർലിനിലേക്കു വിളിപ്പിക്കുകയും, ഗവമ്മെൻറ് ഓർഡർ അനുസരിക്കുവാൻ നിർബ്ബന്ധം ചെലുത്തുകയും ചെയ്തു. ആർച്ച്ബിഷപ്പ് ഒട്ടും ഇളകിയില്ല; അതിനാൽ അദ്ദേഹത്തെ അവർ ജയിലിലടച്ചു. തങ്ങളുടെ പ്രവൃത്തിയെ നീതീകരിക്കുവാൻ ഗവമ്മെൻറ പ്രഖ്യാപനംചെയ്തു, ആർച്ച്ബിഷപ്പു രാജ്യദ്രോഹിയും അനുസരണയില്ലാത്ത പൗരനുമാണെന്നു്.

വൃദ്ധനായ ആർച്ച്ബിഷപ്പിനോടു ചെയ്ത ഈ കയ്യേറ്റത്തിൽ നാമമാത്രകത്തോലിക്കരുംകൂടി അമർഷംകൊണ്ടു. പ്രഷ്യായിലും സമീപസ്ഥജർമ്മൻ രാജ്യങ്ങളിലും കത്തോലിക്കർ രോഷാകുലരായി. ഈ വിഷയത്തിൽ ഗവമ്മെൻറിനുണ്ടായ പരാജയത്തിനും, കത്തോലിക്കരുടെ ഉറച്ച നിലയ്ക്കും പ്രധാനമായി കാരണഭൂതൻ ഗോരെസ്സാണു്. അത്തനേഷ്യസ്സും ക്രിസോസ്റ്റവുമെന്നപോലെ മതപീഡനം അനുഭവിച്ച വിശ്വാസികളുടേയും രക്തസാക്ഷികളുടേയും പട്ടികയിൽ കൊളോൺ ആർച്ച്ബിഷപ്പിൻറേയും നാമം അദ്ദേഹം ചേർത്തു് ഇന്നു സപ്പും അതിശയോക്തിയായി തോന്നിയേക്കാം. യഥാർത്ഥകാര്യങ്ങൾ വിവരിക്കുന്ന ചരിത്രകാരൻ, "അത്തനേഷ്യസ്സ്" എന്ന പുസ്തകത്തിൻറെ ഗ്രന്ഥകാരൻ വരച്ചിരിക്കുന്ന ചിത്രം സപ്പും ഭേദപ്പെട്ടതണമെന്നു് അഭിപ്രായപ്പെട്ടേക്കും. എങ്കിലും, ഗ്രന്ഥം എത്രയും ആസ്വാദ്യകരമാണു്. യുക്തികൗ

ഇന്നും സ്വീകാര്യംതന്നെ. അടിസ്ഥാനതത്വങ്ങൾക്ക് ഒരു കുറവുമില്ല. തിരുസ്സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചർച്ചചെയ്യുന്നവർക്ക് ഈ ഗ്രന്ഥത്തിൽനിന്നു വിജ്ഞാനമുത്തുകൾ നേടുവാൻ കഴിയും.

മിശ്രവിവാഹത്തെപ്പറ്റിയുള്ള പ്രശ്നത്തിനു സമാധാനമുണ്ടാക്കുവാൻ ആർച്ചുബിഷപ്പിനെ ഗവ മെന്റു ജയിലിൽ അടച്ചുതുകൊണ്ട്, മൗലികപ്രശ്നം, ബലം നീതിയെ ഭരിക്കുമോ, നീതി ബലത്തെ ഭരിക്കുമോ എന്നാണെന്നു ഗോരെസ്സ് ഉറപ്പിച്ചുപറയുന്നു. പ്രഷ്യാ ഇങ്ങനെ മുമ്പോട്ടുപോകയാണെങ്കിൽ കത്തോലിക്കരും ഇതരമതവിഭാഗങ്ങളും വളരെ കഷ്ടത്തിലാകുമെന്നാണ് അദ്ദേഹത്തിന്റെ വാദം. മതപീഡനം ദൈവത്തിന്റെ അനുഗ്രഹമായി അവർ സ്വീകരിക്കും; മതവിശ്വാസത്തിൽ അവർ ദൃഢമായി നിലകൊള്ളും. എല്ലാ കുറവുകളേയും സാവധാനത്തിൽ, എന്നാൽ തീർച്ചയായും, രക്ഷിക്കുന്ന സർവ്വേശ്വരന്റെ പക്കൽ അവർ തങ്ങളുടെ അപ്പീൽ ബോധിപ്പിക്കുകയാണു ചെയ്യുന്നതു്. മാത്രമല്ല ബലം നീതിയുടെമേൽ വിജയം നേടുവാൻ പോകുകയാണെങ്കിൽ, മതപീഡനം രാഷ്ട്രത്തിന്റെ കൈയിൽ എന്നും ഒരുപകരണമായിത്തന്നെ ഇരിക്കും.

പുസ്തകത്തിന്റെ ശേഷംഭാഗങ്ങളിൽ, ഗവമ്മെൻറിനു് എതിരായി ആർച്ചുബിഷപ്പു സ്വീകരിച്ച നിലപാടു ഗോരെസ്സ് വിവരിക്കുന്നു. ഒരു പ്രജയെന്ന നിലയിലും, തിരുസ്സഭയിലെ ഒരു രാജകുമാരനെന്ന നിലയിലും, തിരുസ്സഭയുടെ ഒരു അംഗമെന്നനിലയിലും, ആർച്ചുബിഷപ്പിന്റെ അവകാശങ്ങൾ അദ്ദേഹം ചർച്ചചെയ്തിട്ടുണ്ട്. പ്രഷ്യൻ ഭരണഘടനയിലും, ഐകൃജർമ്മനി രൂപവല്ക്കരിച്ചതിനു നിദാന

മായ ഫെഡറൽ ബില്ലിലും, തിരുസ്സഭാംഗങ്ങൾക്കുള്ള അവകാശങ്ങളും സ്വാതന്ത്ര്യവും വ്യക്തമായിട്ടുള്ളതാണു്. ദൈവനിയമങ്ങളേക്കാൾ ഉപരിയായി നിലകൊള്ളുന്ന ഒരു സേച്ഛാധിപശക്തിയെന്നറിഞ്ഞ ഭോഷത്തരം വിവരിച്ചുകൊണ്ടു് ആർച്ചുബിഷപ്പിന്റെ മോചനത്തിനുവേണ്ടി ഗോറെസ്സു വാദിക്കുന്നു. വേണമെങ്കിൽ രക്തസാക്ഷിത്വംതന്നെ കൈവരിച്ചു്, തിരുസ്സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശ്രമിക്കുവാനുള്ള ഒരാഹ്വാനമാണു ഗോറെസ്സിന്റേതു്. ക്രിസ്തുസ്ഥാപിച്ചതും പരിശുദ്ധാത്മാവു നിയന്ത്രിച്ചുവരുന്നതുമായ തിരുസ്സഭയ്ക്കെതിരായി നടത്തുന്ന ആക്രമണങ്ങളുടെ ബലഹീനത അദ്ദേഹം നഗ്നമായി വിവരിച്ചിരിക്കുന്നു. ജർമ്മൻ കത്തോലിക്കർക്കു് ഒരുജ്ജ്വലമായ ആഹ്വാനം നല്കിക്കൊണ്ടാണു ഗ്രന്ഥം സമാപിച്ചിരിക്കുന്നതു്: "റൈൻലാൻറിലെ കത്തോലിക്കരോടു നിങ്ങൾ ചേർന്നുനില്ക്കുവിൻ; കാരണം നിങ്ങളുടേയും അവരുടേയും ഉദ്ദേശ്യം ഒന്നുതന്നെ. നമുക്കു സുവ്യക്തമായി നല്കപ്പെട്ടിരിക്കുന്ന മതസ്വാതന്ത്ര്യം പൂർണ്ണമായി അനുഭവിക്കുകയെന്നതും, കൂടുതലോ കുറവോ കൂടാതെ മതങ്ങൾക്കുള്ള രാഷ്ട്രീയവും സാമുദായികവുമായ അവകാശങ്ങൾ പൂർണ്ണമായി പ്രാപിക്കുകയെന്നതുമാണു നമ്മുടെ എല്ലാവരുടേയും ഉദ്ദേശ്യം. സ്ഥിരോത്സാഹത്തോടെ അവരും നിങ്ങളും പരിശ്രമിക്കുകയാണെങ്കിൽ അവരും നിങ്ങളും പ്രസ്തുത ഉദ്ദേശ്യം പ്രാപിക്കുതന്നെ ചെയ്യും."

മിശ്രവിവാഹക്കാര്യത്തിൽ കത്തോലിക്കർ ജയിച്ചു. സമരം അവരിൽ ഐകമത്യം ഉളവാക്കി; അപ്പോഴാണു് അവരിൽ നിഗ്രഹമായി സ്ഥിതിചെയ്തിരുന്ന ശക്തി എത്രമാത്രമെന്നു മനസ്സിലായതു്. ഇതിന്റെ യശസ്സു് മുഴുവനും ഗോറെസ്സിനുള്ളതല്ല;

എന്നാൽ മറ്റാരേക്കാളും കൂടുതൽ യൂസ്സിനു് അദ്ദേഹം അർഹനായിരുന്നു. ജർമ്മൻ കത്തോലിക്കർ "അത്തനേഷ്യസു്" എന്ന ഗ്രന്ഥത്തെ "സ്വാതന്ത്ര്യസമരത്തിന്റെ പ്രതീക"മായിട്ടാണു കരുതുന്നതു്. "ജർമ്മൻ കത്തോലിക്കരുടെ ഒരു നവദിനത്തിന്റെ ഉദയ"മെന്നാണു് ഫാദർ കോറിഗൻ അതിനെ സംബോധന ചെയ്യുന്നതു്.

"അത്തനേഷ്യസു്" എന്ന ഗ്രന്ഥത്തോടുകൂടെ ഗോരെസ്സ് സമാരംഭിച്ച സമരം ഒരു പത്രികവഴി തുടർന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. "തിരുസ്സഭയും രാഷ്ട്രവും" എന്ന വേറൊരു ഗ്രന്ഥത്തിൽ കൂടുതൽ ചിന്തകനം അദ്ദേഹം നിരത്തിവച്ചു. ഇതിൽ ഒരു പ്രത്യേകസംഭവത്തെ മുൻനിറുത്തിയല്ല വിഷയം കൈകാര്യംചെയ്തിരിക്കുന്നതു്; പ്രത്യുത പൊതുവായ യുക്തികനം അദ്ദേഹം നല്കുന്നു. തിരുസ്സഭയും രാഷ്ട്രവും വേർതിരിക്കുവാൻ ലിബറൽ വാദികനം നടത്തുന്ന വാദങ്ങളാണു് ഇതിൽ ചർച്ചചെയ്തിരിക്കുന്നതു്. അവരുടെ തത്വങ്ങനം എത്രയും ന്യൂനമാണെന്നും അവരെ ഗോരെസ്സ് അനുസ്മരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകനം കേട്ടാലും: "തിരുസ്സഭയേയും രാഷ്ട്രത്തേയും വേർതിരിക്കുവാൻ ആധുനികകാലങ്ങളിൽ ചെയ്യുന്ന പരിശ്രമം നീചവും നിരർത്ഥകവും ഒരുവിധത്തിലും സ്വീകാര്യമല്ലാത്തതുമാണു്. സിദ്ധാന്തപരമായി നോക്കുമ്പോനം അതു സ്വീകാരയോഗ്യമല്ല, എന്തുകൊണ്ടെന്നാൽ തിരുസ്സഭയേയും രാഷ്ട്രത്തേയും ഒരു സ്ഥലത്തും പൂർണ്ണമായി വേർതിരിച്ചിട്ടില്ല; ഒന്നിനെ കൂടാതെ മറെറാന്നിനു നിലനില്ക്കുവാൻ പ്രയാസമാണു്."

തിരുസ്സഭയും രാഷ്ട്രവും പരസ്പരം സഹായിച്ചിട്ടുള്ളതും, പരസ്പരം ശക്തിപ്പെടുത്തിയിട്ടുള്ളതും, ചരിത്രസംഭവങ്ങൾകൊണ്ടു ഗോരെസ്സ് വിശദമാക്കുന്നു. അവയുടെ ധർമ്മം അന്യൂനപൂർണ്ണകമാണു്, പരസ്പരവിരുദ്ധമല്ല; ഏകപക്ഷീയവുമല്ല. ഭൂതകാലത്തു് അവ രണ്ടും പൊരുത്തത്തിൽ കഴിഞ്ഞു. ആ സ്ഥിതി മാറുന്നതോടുകൂടി തിരുസ്സഭയെ പിന്നോട്ടു പായിക്കുകയാണു ചെയ്യുന്നതു്. തന്മൂലം തിരുസ്സഭയുടെ വ്യാപ്തി കുറയും; എന്നാൽ ശക്തി കൂടും. തിരുസ്സഭയിൽനിന്നു രാഷ്ട്രം അപഹരിച്ചെടുക്കുന്ന ശക്തി അവസാനം രാഷ്ട്രത്തെ നശിപ്പിക്കും. ക്രിസ്ത്യീയസമുദായവും ക്രിസ്ത്യീയവ്യക്തികളും ഈ കലഹത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നതാണു്; കാരണം, സത്യവിശ്വാസത്തിലോ പ്രജകളുടെ മതാത്മകമായ സുസ്ഥിതിയിലോ താല്പര്യമില്ലാത്ത രാഷ്ട്രത്തിന്റെ കീഴിലായിപ്പോകുന്ന ജീവിതത്തിന്റെ ആദ്ധ്യാത്മികവശം. തിരുസ്സഭയേയും രാഷ്ട്രത്തേയും വേർതിരിക്കുന്നതു മതസ്വാതന്ത്ര്യത്തിലേക്കല്ല സ്വേച്ഛാധിപത്യത്തിലേക്കുള്ള ഒരു കാലുവ്വുപ്പായിരിക്കുമെന്നു ഗോരെസ്സ് തറപ്പിച്ചുപറയുന്നു.

സത്യവും സ്വാതന്ത്ര്യവും

ഗോരെസ്സിന്റെ മുദ്രാവാക്യം സത്യവും സ്വാതന്ത്ര്യവുമാണെന്നു് ആദ്യമേതന്നെ സൂചിപ്പിച്ചിട്ടുള്ളതാണു്. ഇവ രണ്ടും ദൃഢമായി ബന്ധപ്പെട്ടിരിക്കയാണെന്നും, ഒന്നിനെ ലംഘിച്ചാൽ മറ്റേതും ലംഘിക്കപ്പെടുമെന്നും ഗോരെസ്സിനു പൂർണ്ണബോധ്യമുണ്ടായിരുന്നു. അനന്തരജീവിതത്തിൽ സ്വാതന്ത്ര്യത്തേക്കാൾ കൂടുതൽ പ്രാധാന്യം സത്യത്തിനു വിട്ടുകൊടുത്തുവന്നിരുന്നു; കാരണം സ്വാതന്ത്ര്യം അദ്ദേഹത്തിനു്

എത്രയും പ്രിയമാണെങ്കിലും അത്ര കാത്തുകൊണ്ടുപോകുവാൻ അതിനെത്തന്നെ സ്വല്പം നിയന്ത്രിച്ചേ മതിയാവൂ എന്നു് അദ്ദേഹത്തിനു മനസ്സിലായി. ഗോരെസ്സിന്റെ സ്നേഹിതന്മാർ അദ്ദേഹത്തിന്റെ മഴലിക ചിന്ത ഇപ്രകാരമാണു വിവരിച്ചിരിക്കുന്നതു്: "നിയമത്താലും ഉപവിയാലും നിയന്ത്രിതമായ സത്യവും നീതിയും സ്വാതന്ത്ര്യവും." പ്രജകളുടെ ന്യായമായ സ്വാതന്ത്ര്യം യഥേഷ്ടം പ്രതിരോധിച്ചുകൊണ്ടിരുന്നതിനു നെപ്പോളിയനും, ജർമ്മൻ രാജകുമാരന്മാർക്കും; യഥാർത്ഥ സ്വാതന്ത്ര്യം കൊടുക്കാതെ സ്വാതന്ത്ര്യാഭാസം പ്രദാനംചെയ്തുകൊണ്ടിരുന്നതിനു ഫ്രഞ്ചു വിപ്ലവത്തിനും, ലിബറലിസത്തിനും; വ്യക്തികളുടേയും കുടുംബങ്ങളുടേയും സമുദായങ്ങളുടേയും ഗിൽഡുകൾ തിരുസ്സഭ മുതലായ സംഘടനകളുടേയും ചുമതലകൾ രാഷ്ട്രം നേരിട്ടു നിർവ്വഹിക്കുവാൻ പ്രകടിപ്പിച്ചിരുന്ന വാസന കണ്ടു രാഷ്ട്രത്തിനും; സ്വാതന്ത്ര്യത്തിന്റെ നാമത്തിൽ അമ്പതു കൊല്ലത്തെ തുലികാപ്രയോഗത്തിനിടയ്ക്കു ഗോരെസ്സു് നല്ല ചുട്ട അടികൾ കൊടുത്തിട്ടുണ്ടു്.

ഫ്രഞ്ചുവിപ്ലവം സേച്ഛാധിപത്യത്തിലേക്കുള്ള മാർച്ചാണെന്നു ഗോരെസ്സു് തീർത്തുപറയുന്നുണ്ടെങ്കിലും മോണ്ടലമ്പെറിനെപ്പോലെ രാജാധിപത്യമാണു് ഏകപ്രതിവിധിയെന്നുള്ള അബദ്ധത്തിൽ അദ്ദേഹം നിപതിച്ചില്ല. അധികാരം അധികാരത്തിനുവേണ്ടിയെന്നുള്ള തത്വം അദ്ദേഹം ചെറുത്തിരുന്നു. യാതൊരുതരത്തിലുള്ള രാഷ്ട്രീയവഞ്ചനകളും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പ്രഷ്യൻ രാജാവായിരുന്ന ഫ്രെഡറിക്കു് മഹാനെപ്പോലും സത്യവും നീതിയും ലംഘിക്കുമ്പോൾ അദ്ദേഹം വിമർശിച്ചിരുന്നു. നല്ല ഗവൺമെൻറുകൾക്കു സേച്ഛാപ്രഭുത്വമോ, രഹസ്യപ്പോലീസോ,

മക്കിയാവല്ലിയുടെ സൂത്രങ്ങളോ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ആവശ്യമായിരുന്നില്ല. "ജീവിതാടിസ്ഥാനം സ്വാതന്ത്ര്യമാണെന്നു് അംഗീകരിക്കാത്ത ഭരണാധികാരികൾ പൂർണ്ണമായും അന്ധരാണു്."

ഗോരെസ്സു് രാഷ്ട്രീയകാര്യങ്ങളെപ്പറ്റി വളരെയൊക്കെ എഴുതിയിട്ടുണ്ടു്. എന്നാൽ താല്ക്കാലിക പ്രശ്നങ്ങളേയും നികടസാഹചര്യങ്ങളേയും പറ്റി മാത്രമേ അദ്ദേഹം പ്രതിപാദിച്ചുള്ളൂ; അതിനാൽ അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രബന്ധങ്ങൾക്കു താല്ക്കാലിക പ്രാധാന്യമാണുള്ളതു്. ചില ഭാഗങ്ങൾക്കു ശാശ്വതപ്രാധാന്യമുണ്ടു്. മറ്റു ചില ഭാഗങ്ങൾ ചരിത്രകാരന്മാർ അനുസ്മരിക്കാതിരിക്കയില്ല; കാരണം അവ നടപ്പിലാക്കുവാൻ നിയമദാതാക്കളോ നയതന്ത്രവാദികളോ രാഷ്ട്രതന്ത്രജ്ഞന്മാരോ ശ്രദ്ധിക്കാഞ്ഞതിനാൽ ആവിർഭവിച്ച നഷ്ടം അപരിഹാര്യമായിരുന്നെന്നു ചരിത്രം സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു. ആസ്റ്റ്റിയായുടെ അഭിമുഖ്യത്തിൽ ഒരു ഐകൃജർമ്മനിയുണ്ടാക്കണമെന്നുള്ള അദ്ദേഹത്തിന്റെ വാദം അത്തരമാണു്. ഐകൃസംസ്ഥാനങ്ങളിലെന്നപോലെ ഐകൃജർമ്മനിക്കും ഓരോ പ്രത്യേകരാജ്യത്തിനും ഭരണഘടനയുണ്ടാകണമെന്നതായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. അങ്ങനെ ഗവർമ്മെൻറിനെ അതിന്റെ ന്യായമായ രംഗത്തു നിറുത്താമെന്നും, പൗരന്മാരെ ഭരണഘടന അനുവദിക്കുന്ന അവകാശങ്ങൾകൊണ്ടു സുരക്ഷിതരായി പരിപാലിക്കാമെന്നും അദ്ദേഹം വിചാരിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്തു താൽക്കാലമായ ഒരേകീകരണം സാധിച്ചിരുന്നുവെങ്കിൽ ജർമ്മൻചരിത്രം, തദ്വാരാ ലോകചരിത്രം, വേറൊരുവിധത്തിൽ പുരോഗമിക്കുമായിരുന്നു. ജർമ്മൻ

രാജ്യങ്ങളെ ഇരിമ്പുകൊണ്ടുള്ള അടകല്ലിൽവച്ചു പൊടിച്ചു രക്തംകൊണ്ടു കുഴച്ചു് ഒരു സാമ്രാജ്യമുണ്ടാക്കുവാൻ ബിസ്മാക്കു വേണ്ടിവരികയില്ലായിരുന്നു.

പ്രായമായപ്പോൾ രാഷ്ട്രീയകാര്യങ്ങളിൽ ഒരു മദ്ധ്യവർത്തിപദവിയാണു മോറെസ്സു് ആഗ്രഹിച്ചതു്. ഇക്കാര്യത്തിൽ പതിനാൻപതാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ അദ്ദേഹം ഏകാകിയായിത്തന്നെ നില്ക്കുന്നു. ഒസാനാമിനെപ്പോലെ ലിബറലിസത്തിലേക്കോ, ഡമയിസ്സറെപ്പോലെ യാഥാസ്ഥിതികത്വത്തിലേക്കോ അദ്ദേഹം ചാഞ്ഞുനിന്നില്ല. രാഷ്ട്രാധികാരം കുറയ്ക്കുന്ന കാര്യത്തിലും, ക്രമാനുഗതമായ പരിഷ്കരണനയം സ്വീകരിക്കുന്നതിലും അദ്ദേഹം ലിബറലിസത്തോടു യോജിച്ചു; ഭൂതകാലത്തെ തകർക്കാതെ ഭരണസൗധം തുടർന്നുകൊണ്ടുപോകണമെന്നുള്ള കാര്യത്തിൽ മോറെസ്സു് യാഥാസ്ഥിതികരെ അനുകൂലിക്കുകയും ചെയ്തു. പുരോഗമനം മോറെസ്സു് ഇഷ്ടപ്പെട്ടിരുന്നു; എന്നാൽ അക്രമപരമായ അതിവേഗത്തിലുള്ള ഭേദഗതികൾ അദ്ദേഹത്തിനു് ഒട്ടും പ്രിയമായിരുന്നില്ല. നൂതനത്വത്തിനു വേണ്ടി മാത്രം ഭേദഗതികൾ ചെയ്യുന്നതിനു് അദ്ദേഹം പ്രതികൂലമായിരുന്നു. മോറെസ്സു് ഇപ്രകാരമെഴുതിയിരിക്കുന്നു: "നിയന്ത്രണവും ശാന്തതയും ഗവൺമെൻറുകൾക്കു് ആവശ്യമാണു്. ഓരോ കാലത്തും ന്യായമായി ആവശ്യമുള്ള സമസ്തവും ചെയ്യണം. അതിരറ്റ യാതൊന്നും അരുതു്. ഗവൺമെൻറുകൾ അനീതിയും അക്രമവും ദൃഢതയോടുകൂടെ വർജ്ജിക്കണം. അധികാരം ദുരുപയോഗിക്കാതെയും, ആവശ്യമുള്ളതു മാത്രം ചെയ്യും, ഭാവിയെ ഭയപ്പെടാതെയും, ഭൂതകാലത്തോടു് ഒട്ടിപ്പിടിക്കാതെയും, ജനങ്ങളിൽ ശരണം ഉല്പാദിപ്പിച്ചാൽ സന്മനസ്സു

സംരക്ഷിച്ചുപോരുന്നതിനു ഗവമ്മെൻറുകൾക്കു സാധിക്കും."

ആധുനികകാലത്തേക്കും ഭാവിയിലേക്കുമായി ഭൂതകാലത്തെ നല്ല വസ്തുക്കൾ ശേഖരിച്ചുവച്ചിരിക്കുന്ന ഒരു പാത്രമായിട്ടാണു ഗോരെസ്സ് തിരുസ്സഭയെ വീക്ഷിച്ചതു്. അദ്ദേഹത്തിനു സ്വല്പം മുമ്പു ഡമയിസ്സനും അങ്ങനെതന്നെ കരുതിയിരുന്നു. ക്രിസ്തുമതത്തിന്മേൽ കത്തോലിക്കാസഭയ്ക്കുള്ള കുത്തക നശിപ്പിച്ചതിനു്, യുവാവായിരിക്കുമ്പോൾ ഗോരെസ്സ് പ്രോട്ടസ്റ്റൻറു് വിപ്ലവത്തെ പ്രശംസിച്ചിട്ടുള്ളതാണു്. "ഭാവിസാമ്രാജ്യത്തിൻെറ തലസ്ഥാനമായിട്ടാണു്" റോമയെ അദ്ദേഹം ഭാവനംചെയ്തതു്. റോമാസിംഹാസനത്തിനെതിരായ വിപ്ലവം സ്വാതന്ത്ര്യത്തിലേക്കല്ല, സ്വേച്ഛാധിപത്യത്തിലേക്കാണു് ആനയിച്ചതെന്നു മുപ്പതു വയസ്സായപ്പോഴേക്കും അദ്ദേഹത്തിനു തോന്നിത്തുടങ്ങി. നാല്പതു വയസ്സാകുന്നതിനു മുമ്പു തന്നെ ബോധ്യമായി, പ്രോട്ടസ്റ്റൻറു് വിപ്ലവം യൂറോപ്പിലെ എത്രയും വലിയ ഒരു ശോകാന്ത്യനാടകമാണെന്നു്. പ്രോട്ടസ്റ്റൻറുകാരുടെ നില അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നതിനാൽ അവരോടു വളരെ സഹിഷ്ണുതയോടുകൂടെയാണു വർത്തിച്ചതു്.

കുറേനാൾ അദ്ദേഹം വിചാരിച്ചു ജർമ്മനിയിലെ സഭകളുടെ ഐക്യം സാധ്യമാണെന്നു്. എന്നാൽ മ്യൂനിച്ചിലെത്തിയപ്പോൾ അദ്ദേഹത്തിനു മനസ്സിലായി, പുനരൈക്യം സാധ്യമല്ലായെന്നു്. "കത്തോലിക്കാവിശ്വാസത്തിനെതിരായി ദൈവം അനുവദിക്കുന്നിടത്തോളം കാലം പ്രോട്ടസ്റ്റൻറിസം നിലനില്ക്കുമെന്നു്" അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാ മതക്കാർക്കും മനസ്സാക്ഷിസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും

ഉണ്ടായിരിക്കണമെന്നു് അദ്ദേഹം വാദിച്ചുകൊണ്ടിരുന്നു. 1842–ൽ അദ്ദേഹം ഇപ്രകാരമെഴുതി: "നമ്മുടെ പിതാക്കന്മാരിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായ നമ്മളെല്ലാം പാപംചെയ്തു. മാനുഷികാബദ്ധങ്ങളാകുന്ന വസ്തുക്കൾ നാം ഓരോവിധത്തിൽ നെയ്യുകയാണു്. ആരും മറ്റാരേക്കാൾ ശ്രേഷ്ഠനാണെന്നു കരുതേണ്ടതില്ല. ദൈവം ആരിലും ഈമാതിരി കുറ്റം ഉണ്ടാകുവാൻ അനുവദിക്കയില്ല; പ്രത്യേകിച്ചു തൻറെ സ്നേഹിതരെന്നു വിളിക്കുന്നവരിൽ."

ഗോരെസ്സിനെ സംബന്ധിച്ചിടത്തോളം, കത്തോലിക്കാസഭ ദൈവശാസ്ത്രസത്യങ്ങളുടെ രക്ഷാകർത്താവും അധ്യാപതിച്ച മനുഷ്യനു് ആവശ്യമായ അതിസ്വാഭാവിക സഹായത്തിനുള്ള ഉപകരണവും മാത്രമല്ല; എന്നും മാറിക്കൊണ്ടിരിക്കുന്ന ഭ്രാന്തലോകത്തിൽ കത്തോലിക്കാസഭ ഒരു സംസ്കരണശക്തിയും, സ്ഥിരതയുടേയും ആരോഗ്യത്തിൻറേയും ധ്രുവവുമാണു്. തിരുസ്സഭയെപ്പറ്റി അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "മാറ്റമില്ലാത്തവനോടു ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ തിരുസ്സഭതന്നെ വിറങ്ങലിച്ചു നിശ്ചലമാകുമെന്ന ആക്ഷേപത്തെ അവൾ പരിഗണിച്ചിട്ടില്ല. ആശയങ്ങൾ മാറുവാനുള്ള വെകിളികാണിക്കും; എന്നാൽ അവ മാറുന്നില്ല. ലോകസംഭവങ്ങളുടെ കോളിളക്കത്തിനും കൊടുങ്കാറ്റിനും മദ്ധ്യേ അവൾ എന്നും സ്ഥിരമായി ഒരേസഭയായിട്ടുതന്നെ നിന്നു. അങ്ങനെ ലോകത്തിൻറെ നന്മയ്ക്കായി കുറവുകൂടാതെ തൻറെ സമ്പത്തു് അവൾ സൂക്ഷിച്ചിരിക്കുന്നു. അങ്ങനെ ഈ പരിവർത്തനഘട്ടത്തിൽനിന്നു കൂടുതൽ സമ്പത്തോ ദാരിദ്ര്യമോ കൂടാതെ അവൾ പുറത്തുവന്നിരിക്കുന്നു."

തുടർച്ചയായ നിലനില്പിനു പരിശുദ്ധാത്മാവിന്റെ സഹായമുണ്ടാകുമെന്നു ദൈവത്തിന്റെ വാഗ്ദാനമുള്ളതിനാൽ, മാനുഷികസഹായം ആവശ്യമില്ലാത്ത ഒരു സ്ഥാപനമായിട്ടാണു തിരുസ്സഭയെ ഗോരെസ്സ് ചിത്രീകരിച്ചതു്. എന്നുവരികിലും ദീർഘമായി അന്വേഷിച്ചുനടന്നതും, മരണംവരെ സാഷ്ടാംഗം സ്വാർത്ഥരഹിതമായി സമരംചെയ്തു സൂക്ഷിക്കുവാൻ ശ്രമിച്ചിരുന്നതുമായ സത്യവും സ്വാതന്ത്ര്യവും ലഭിച്ചതു തിരുസ്സഭയാകുന്ന പാത്രത്തിൽനിന്നാകയാൽ അതിന്റെ സംരക്ഷണത്തിനും സഹായത്തിനുമായി തന്നെത്തന്നെ അദ്ദേഹം പ്രതിഷ്ഠിച്ചു.

ഉപസംഹാരം

ജീവിതകാലത്തു ഗോരെസ്സിനെപ്പറ്റി പറഞ്ഞിരുന്നതു് അദ്ദേഹം "റൈൻലാന്റിലെ ഒക്കോണലാ" ണെന്നത്രേ. ഇതു ഗോരെസ്സിനെന്നതിനേക്കാൾ ഒക്കോണലിനാണു പ്രശംസയായിത്തീരുന്നതു്. ഭാവിതലമുറകൾക്കു നല്കിയ ഉത്തേജകമായ മാതൃകയെപ്രതിയും, യഥാർത്ഥത്തിൽ അദ്ദേഹം ചെയ്ത സംഗതികളെപ്രതിയും, ഒക്കോണലിനെപ്പോലെ മഹാനായിരുന്നു ഗോരെസ്സ്. ഗോരെസ്സിന്റെ മരണംകഴിഞ്ഞു് ഇരുപത്തഞ്ചു കൊല്ലമായപ്പോഴേക്കു് അദ്ദേഹം വിസ്മരിക്കപ്പെട്ടു; കാരണം ജർമ്മൻ കത്തോലിക്കർ തങ്ങളെ അന്നന്നു് അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങളിൽ വ്യാപൃതരായി കഴിയുകയായിരുന്നു. എന്നാൽ പത്തൊമ്പതാം ശതാബ്ദത്തിന്റെ അവസാനത്തിൽ ഗോരെസ്സിന്റെ പ്രാധാന്യം ജർമ്മൻ കത്തോലിക്കാലോകത്തിനു ബോദ്ധ്യമായി. 1876–ൽ ഒരു ഗോരെസ്സ് സമാജം സ്ഥാപിതമായി. അതോടുകൂടി ഒരു കല്പി

തകഥയിലെ നായകനെന്നപോലെ ഗോരെസ്സിനു പ്രാധാന്യമുണ്ടായിത്തുടങ്ങി. കത്തോലിക്കാകേന്ദ്രങ്ങളിൽ അദ്ദേഹം ഒരു അനുകരണപാത്രവും ആദർശവുമായിത്തീർന്നു. ഗോരെസ്സുസമാജം ജർമ്മനിയിലെ കത്തോലിക്കാപണ്ഡിതന്മാരുടെ സമ്മേളനകേന്ദ്രമായി.

സത്യത്തെ ഗോരെസ്സ് അത്യധികം സ്നേഹിച്ചിരുന്നതിനാൽ യഥാർത്ഥപാണ്ഡിത്യത്തെ അദ്ദേഹം വിലമതിച്ചിരുന്നു; എന്നാൽ പാണ്ഡിത്യം പാണ്ഡിത്യത്തിനുവേണ്ടി എന്നുള്ള തത്വം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു മഹാനും സൂക്ഷ്മഗ്രാഹിയുമായിരുന്നതുകൊണ്ട് അദ്ദേഹത്തിനു് അങ്ങനെ ഒരു അമളി പറ്റാൻ ഇടയില്ലല്ലോ. ഒരു തികഞ്ഞ മനുഷ്യനായതുകൊണ്ടു ഗോരെസ്സിന്റെ പ്രാധാന്യം മനസ്സിലാക്കാം; വർണ്ണിക്കാവുന്നതല്ല. ഒരു പുസ്തകം നന്നായിട്ടെഴുതി സ്ഥമാക്കിയവനെന്നോ, ധാരാളം പുസ്തകങ്ങളും വിഴുങ്ങിയിരിക്കുന്നവനെന്നോ പറഞ്ഞാൽ ശരിയാകയില്ല; അദ്ദേഹം ഒരു യോദ്ധാവും, ഒരു പ്രസാധകനും, ഒരദ്ധ്യാപകനും, ഒരു നേതാവും, പരിചയപ്പെട്ടിരുന്നവരെയെല്ലാം ഉത്തേജിപ്പിക്കുവാൻ കഴിവുള്ളവനായ ഒരു പ്രവർത്തകനുമായിരുന്നു. "കത്തോലിക്കാസത്യങ്ങളുടെ മഹാനായ സംരക്ഷകൻ" എന്നാണു കത്തോലിക്കർ അദ്ദേഹത്തെ വിളിച്ചിരുന്നതു്.

ജർമ്മൻ വൈദികമണ്ഡലം തങ്ങളുടെ ആടുകളെ ശരിയായി പാലിക്കുവാൻ മാത്രം ത്രാണിയും ശക്തിയും ഇല്ലാതിരുന്നകാലത്തു തിരുസ്സഭയ്ക്കുവേണ്ടി മഹത്തായ സേവനംചെയ്ത ഒരു അൽമേനിയാണു ഗോരെസ്സ്. ഒരദ്ധ്യാപകനെന്നനിലയിൽ അദ്ദേഹത്തിന്റെ പ്രാധാന്യം വലുതായിരുന്നു; കാരണം

പിൻസൺ പറഞ്ഞിട്ടുള്ളതുപോലെ "ജർമ്മനിയിൽ സംഘടിത കത്തോലിക്കാ രാഷ്ട്രീയപ്രവർത്തനത്തിന്റെ പ്രാരംഭം" മൂന്നിച്ച്യൂസ്സുകളിൽനിന്നാണ്. തുലികാകാരനെന്ന നിലയിലും ഗോരെസ്സ് മഹത്തായ സേവനമാണു ചെയ്തിട്ടുള്ളതു്. വമ്പിച്ച വിജയങ്ങളം അദ്ദേഹത്തിന്റെ തുലിക നേടി. അദ്ദേഹം സമാരംഭിച്ച പത്രികകളം കത്തോലിക്കരുടെ നിലപാടു വ്യക്തമായും ഭയരഹിതമായും വിവരിച്ചിരുന്നുവെന്നു മാത്രമല്ല, ജർമ്മൻ കത്തോലിക്കാപ്രസിദ്ധീകരണങ്ങളംക്കു് ഒരു മാതൃകയായിത്തീരുകയും ചെയ്തു. ഒരു മനുഷ്യനെന്നനിലയിൽ അദ്ദേഹത്തിന്റെ സത്യസന്ധതയും നീതിബോധവും മഹത്താണു്. അൽമായ വിശ്വാസ സംരക്ഷകനെന്നനിലയിൽ തലമുറതോറും പല ജർമ്മൻ അൽമേനികളംക്കും അദ്ദേഹം നല്ല ഒരു മാതൃകയും പ്രചോദനവുമായിത്തീർന്നു.



ഡൊണോസോ കോർട്ടെസ്സ്

1853–ൽ, നാല്പത്തിനാലാമത്തെ വയസ്സിലാണ്, വലെൻഡെഗാമാസിലെ പ്രഭുവായ ജൂവാൻ ഡൊണോസോ കോർട്ടെസ്സ് ദിവംഗതനായതു്. അഞ്ചു കൊല്ലങ്ങൾക്കുശേഷം ഈ സ്പാനിഷ്പ്രഭുവിന്റെ കൃതികൾ ലൂയി വോയിലോ ഫ്രഞ്ചുഭാഷയിലേക്കു പരാവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. പ്രസ്തുത പരിഭാഷയുടെ മുഖവുരയിൽ അദ്ദേഹം ഇപ്രകാരമെഴുതിയിരിക്കുന്നു: "ഡൊണോസോ കോർട്ടെസ്സിന്റെ നാമം അന്തരിക്കയില്ല; അതു വളരുകയേയുള്ളൂ. അദ്ദേഹം ഉദ്ഘോഷിക്കുന്ന ഓരോ സംഗതികൾ നിറവേറിത്തുടങ്ങുമ്പോൾ, അദ്ദേഹത്തിന്റെ ചിന്തകൾ വിസ്മൃതകോടിയിൽ അമരുകയില്ല." ലൂയി വോയിലോയ്ക്കു തെറ്റുപറ്റി. ഡൊണോസോ കോർട്ടെസ്സ് വിസ്മൃത

നായി. സ്പാനിഷ്പ സാഹിത്യമഞ്ജരികളിൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്കു് ഒരു സ്ഥാനമുണ്ടായിരുന്നതല്ലാതെ, മറ്റുവിധത്തിൽ അടുത്തകാലംവരെ അദ്ദേഹത്തെ ആരും അനുസ്മരിച്ചിരുന്നില്ല. ഈദൃശമായ ഒരു ഭാഗധേയമാണു ഡൊണോസോ തനിക്കു ഭാവനംചെയ്തിരുന്നതു്. "കത്തോലിസിസവും ലിബറലിസവും സോഷ്യലിസവും" എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ച അവസരത്തിൽ അദ്ദേഹം ഒരു സ്നേഹിതനു് എഴുതിയതു് ആ പുസ്തകം അതിൽ പ്രവചിച്ചിരിക്കുന്ന പ്രളയത്തിനുമുമ്പാണു പുറത്തുവന്നിരിക്കുന്നതെന്നും, പ്രളയം യൂറോപ്പിനെ നശിപ്പിച്ചുകഴിയുന്നതുവരെ അതിനു പ്രചാരമുണ്ടാകയില്ലെന്നുമാണു്.

രണ്ടു ലോകമഹാസമരങ്ങളും, ഫാഷിസവും നാസിസവും കമ്മ്യൂണിസവും അതിന്റെ അടുത്ത മിത്രങ്ങളായ സേച്ഛാധിപത്യഭരണരീതികളുമായി ഡൊണോസോ പ്രവചിച്ച പ്രളയം യൂറോപ്പിൽ വ്യാപിച്ചു. ഇന്നു് അദ്ദേഹത്തിന്റെ ഭ്രതത്തിനു ശരീരം കൊടുത്ത പണ്ഡിതന്മാർ അദ്ദേഹത്തെ കുഴിയിൽനിന്നു കുത്തിപ്പൊക്കിക്കൊണ്ടുവന്നിട്ടുണ്ടു്. യൂറോപ്പിന്റെ പതനത്തേയും നാശത്തേയും പറ്റിയുള്ള ഡൊണോസോയുടെ കരളലിയിക്കുന്ന പ്രവചനങ്ങളെ അമ്പരുകൊല്ലത്തിലധികം ലോകസംഭവങ്ങൾ നോക്കിച്ചിരിച്ചു. ഐശ്വര്യം വർദ്ധിച്ചു; വിപ്ലവം പ്രതിരോധിക്കപ്പെട്ടു; പുരോഗമനം തീർച്ചയായി. പിന്നീടു ലോകമഹായുദ്ധങ്ങളും വിപ്ലവങ്ങളും സാമ്പത്തികാധഃപതനങ്ങളും സേച്ഛാധിപത്യവും, ഡൊണോസോ ഒരു ശതാബ്ദം മുമ്പു പ്രവചിച്ചതു പോലെതന്നെ, വന്നുചേർന്നു. അദ്ദേഹത്തിന്റെ പ്രവചനങ്ങൾ വിസ്മയകരമാംവിധം നിറവേറി. അതിനാൽ അദ്ദേഹത്തിന്റെ കൃതികളെടുത്തു പൊടിതട്ടി

ക്കളെഞ്ഞു പഠനം തുടങ്ങി. സോഷ്യലിസത്തേയും ലിബറലിസത്തേയും പറ്റിയുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങൾ ഗൗരവമായി പരിശോധിച്ചു; അങ്ങനെ അദ്ദേഹം നമ്മുടെ യുഗത്തിന്റെ പ്രവാചകനായിരിക്കയാണു്.

ഒരു അഗാധ കത്തോലിക്കാചിന്തകനായിരുന്നതുകൊണ്ടാണു നമ്മുടെ ജീവിതയുഗത്തെപ്പറ്റി ഇത്രയും വിദഗ്ധമായ വിമർശനം അദ്ദേഹത്തിനു നല്കുവാൻ കഴിഞ്ഞതു്. കത്തോലിക്കാപാരമ്പര്യത്തിലുള്ള നിത്യസത്യങ്ങളെ അടിസ്ഥാനപ്പെടുത്തിലിബറലിസത്തേയും സോഷ്യലിസത്തേയും അദ്ദേഹം വിമർശിച്ചു. അന്നു കമ്മ്യൂണിസമെന്ന പദം നടപ്പിലായിട്ടില്ലായിരുന്നു; ഇന്നു നാം കമ്മ്യൂണിസമെന്നു പറയുന്നതാണു്, സോഷ്യലിസമെന്നു പറയുമ്പോൾ, ഡൊണോസോ മനസ്സിലാക്കുന്നതു്. ലിബറലിസവും സോഷ്യലിസവും എവിടെചെന്നു് അവസാനിക്കുമെന്നു് അദ്ദേഹം പ്രവചിച്ചു. ഒരു വ്യാപദേശകഗ്രന്ഥകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രാധാന്യം ചില്ലറയല്ല. പത്തൊമ്പതാം ശതാബ്ദത്തിലെ വലിയ വാദപ്രതിവാദങ്ങളുടെ ഇടയിൽ അദ്ദേഹം ശത്രുക്കളെ തേടിപ്പിടിച്ചു് എതിർക്കുകയാണു ചെയ്തതു്. ലിബറലിസവും സോഷ്യലിസവും കൊണ്ടുവന്നിരിക്കുന്ന നൂതനപദ്ധതികളും അടിസ്ഥാനത്തിൽ അബദ്ധമാണെന്നും, അവരുടെ രാഷ്ട്രീയവും സാമൂഹ്യികവും സാമ്പത്തികവുമായ അബദ്ധങ്ങളും ദൈവശാസ്ത്രപരമായ അബദ്ധങ്ങളിൽനിന്നാണു നിർഗ്ഗമിക്കുന്നതെന്നും, അവസാനം അവ അരാജകത്വത്തിലേക്കും സേച്ഛാധിപത്യത്തിലേക്കും വഴിതെളിക്കുകയേയുള്ളുവെന്നും അദ്ദേഹം വാദിച്ചു. അങ്ങനെ ലിബറലിസവും

സോഷ്യലിസവും അവരുടെ നിലപാട് നീതീകരിക്കേണ്ടതായി വന്നുകൂടി. സ്വേച്ഛാധിപത്യത്തിനും കത്തോലിക്കാവിശ്വാസത്തിനും മദ്ധ്യേ വേറൊരു മാർഗ്ഗമില്ലെന്ന് അദ്ദേഹം അചഞ്ചലമായി പ്രസ്താവിച്ചു. കത്തോലിക്കാപാരമ്പര്യം നിരസിക്കുന്നതു നിമിത്തം, ലിബറൽ യൂറോപ്പ് അധഃപതനത്തിലേക്കും സ്വേച്ഛാധിപത്യത്തിലേക്കും മാർച്ചുചെയ്യുവാൻ തുടങ്ങിയിരിക്കയാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

ഡൊണോസോ കോർട്ടെസ്സ് യൂറോപ്പിൽക്കൂടി യാത്രചെയ്ത് അതിന്റെ ആത്മഹത്യാപരമായ നയത്തെപ്പറ്റി അനുസ്മരിപ്പിച്ചുകൊണ്ടിരുന്ന കാലത്തേക്കാളെത്രയോ വളരെ കൂടുതൽ പ്രാധാന്യമാണ്, ചരിത്രസംഭവങ്ങളുടെ സമ്മർദ്ദത്താൽ, ഇന്ന് അദ്ദേഹത്തിന് സിദ്ധിച്ചിരിക്കുന്നത്. ലിബറലിസത്തിന്റെ ഫലങ്ങളും, ലിബറലിസം ഉണ്ടാക്കിയ പ്രശ്നങ്ങൾക്കു സോഷ്യലിസം കണ്ടുപിടിച്ച സമാധാനങ്ങളും, ഡൊണോസോ പ്രവചിച്ചതുപോലെ നമ്മുടെകാലത്തു് അനുഭവപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ചില കാര്യങ്ങളിൽ അദ്ദേഹത്തിനു തെറ്റുകൾ വന്നിട്ടുണ്ട്; എന്നാൽ യൂറോപ്യൻ ചരിത്രത്തിൽ റഷ്യ ഇന്നു വഹിക്കുന്ന ഭാഗത്തെപ്പറ്റി അദ്ദേഹം പ്രവചിച്ചതു പൂർണ്ണമായി ശരിയായിട്ടുണ്ട്. യൂറോപ്യൻ ചരിത്രത്തിന്റെ പൊതുവായ ഗതിയും അദ്ദേഹം ദീർഘദർശനംചെയ്തപോലെതന്നെയാണ്. അക്കാരണത്താൽ ഇക്കാലത്തു വായിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ട ഒരു മഹാപുരുഷനെന്ന നിലയിൽ ഡൊണോസോ പുനരുത്ഥാനം ചെയ്തിട്ടുണ്ട്.

കുലീനമായ ഒരു സ്പാനിഷ്കുടുംബത്തിൽ, 1809–ൽ, ഡൊണോസോ കോർട്ടെസ്സ് ഭൂജാതനായി. ഡൊണോസോയുടെ അമ്മ, പ്രസിദ്ധനായ ഹെർണാന്റോ കോർട്ടെസ്സിന്റെ വംശാവലിയിൽ ഉൾപ്പെട്ട ഒരു സ്ത്രീരത്നമായിരുന്നു. തികഞ്ഞ ഒരു യോഗ്യനും, ഭൗതികവസ്തുക്കളേയും ലൗകികതത്പരാസ്തുതിയേയും അവജ്ഞയോടെ വീക്ഷിച്ചിരുന്നവനും, തിരുസ്സഭയുടേയും രാഷ്ട്രത്തിന്റേയും ഒരവകാശവാദിയും, സമരരംഗത്തു തന്റെ നാട്ടുകാർ ശത്രുക്കളോട് എങ്ങനെ വർത്തിച്ചുവോ അങ്ങനെ ആശയലോകത്തു് എതിരാളികളോട് യാതൊരനുകമ്പയുമില്ലാതെ പടവെട്ടിയവനുമായിരുന്നു ഡൊണോസോ. ഒരു ആശാന്റെ കീഴിലാണ് അദ്ദേഹം പ്രാരംഭവിദ്യാഭ്യാസം നടത്തിയതു്. പന്ത്രണ്ടാമത്തെ വയസ്സിൽ സലാമാങ്കാ സർവ്വകലാശാലയിൽ ചേർന്നു; അവിടെ നിന്നു് അദ്ദേഹം കാച്ചെരെസ്സിലെ കലാലയത്തിലേക്കും, പിന്നീട് നിയമം പഠിക്കുവാൻ സെവീൽ സർവ്വകലാശാലയിലേക്കും പോയി. പഠനത്തിൽ അതീവസമർത്ഥനായിരുന്നതുകൊണ്ടു നിശ്ചിതസമയത്തിനു വളരെ മുമ്പുതന്നെ ഡൊണോസോ പഠനം പൂർത്തിയാക്കി. എന്നാൽ നിയമബിരുദം പ്രാപിക്കുന്നതിനു്, ചട്ടമനുസരിച്ചു വേണ്ട പ്രായമാകുന്നതുവരെ, വെറുതെ കാത്തുനില്ക്കേണ്ടിവന്നു. അക്കാലത്തു് അദ്ദേഹം ജോസ് കപിൻറാനാ എന്ന ഒരു പ്രശസ്ത ലിബറൽ വാദിയുടെ കീഴിൽ, സാഹിത്യവും ചരിത്രവും അഭ്യസിച്ചുകൊണ്ടിരുന്നു. കപിൻറാനായിൽനിന്നു ഡൊണോസോയ്ക്കു തികഞ്ഞ ഒരു ലിബറൽ വാദിയുടെ ചിന്താഗതി പ്രാപിക്കുവാൻ കഴിഞ്ഞു. അങ്ങനെ

സ്പാനിഷ്യ വിദ്യാഭ്യാസത്തോട്ട് ഒരു പുച്ഛവും, ഫ്രഞ്ച് യുക്തിവാദികളോട്ട നല്ല ബഹുമാനവും, ഭൂതകാലസംസ്കാരത്തോട്ട് ഒരവജ്ഞയും, മനുഷ്യന്റെ ഭാവിപുരോഗമനത്തിൽ അതിരുകടന്ന വിശ്വാസവും ഡൊണോസോയ്ക്കുണ്ടായി.

പത്തൊമ്പതാമത്തെ വയസ്സിൽ കാഡ്ഡെസ്സ് കലാലയത്തിൽ സാഹിത്യപ്രൊഫസരായി ഡൊണോസോ നിയമിതനായി. അദ്ദേഹത്തിന്റെ ഉൽഘാടനപ്രസംഗംതന്നെ വിജ്ഞാനത്തിന്റെ ഒരു ഉജ്ജ്വലദൃഷ്ടാന്തം ആയിരുന്നു. അഗാധമായ പാണ്ഡിത്യമില്ലായിരുന്നെങ്കിലും സുമധുരമായ വിജ്ഞാനകാന്തി വീശിയിരുന്നു. ഈ പ്രാരംഭകാലത്തുതന്നെ അസാധാരണമായ പ്രസംഗവൈഭവവും ചിന്താസ്വാതന്ത്ര്യവും അദ്ദേഹം പ്രകടിപ്പിച്ചു. അങ്ങനെ അദ്ദേഹത്തിനു കരസ്ഥമായിരുന്ന യുക്തിവാദപ്രവണത ക്രമശഃ തിരസ്കരിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. ചിലർ പറയുന്നതു് അദ്ദേഹത്തിനു രണ്ടു വിദ്യാർത്ഥികളേ ഉണ്ടായിരുന്നുള്ളുവെന്നാണു്; ചിലർ അതു് ഒരാളെന്നും പറയുന്നുണ്ടു്. എങ്കിലും ആയിരംപേരുണ്ടായിരുന്നാലെന്നതുപോലെയുള്ള ഉത്സാഹത്തോടും, സ്പാനിഷ്മുറയ്ക്കുള്ള വിശ്വാസത്തോടുംകൂടെയാണു് അദ്ദേഹം പ്രസംഗിച്ചിരുന്നതു്. അതെങ്ങനെയായിരുന്നാലും പത്തൊമ്പതാമത്തെ വയസ്സുമുതൽ സ്പെയിനിലേയും യൂറോപ്പിലേയും ബുദ്ധിപരമായ ജീവിതത്തിൽ ഒരുറച്ച സ്ഥാനം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. സ്പാനിഷ്, ഫ്രഞ്ച് പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിയിരുന്നതുമൂലവും, തക്കൊസ്സൂത്തിൽ പ്രതിയോഗിയെ നിലംപതിപ്പിക്കുവാൻ കഴിവുണ്ടായിരുന്നതിനാലും, തീപ്പൊരിഭാഷയിൽ ചിന്തകൾ പൊതിഞ്ഞുവിടാൻ നല്ല തന്റേടമു

ണ്ടായിരുന്നതുനിമിത്തവും അക്കാലത്തെ ലിബറൽ വാദികൾക്കു് അദ്ദേഹത്തെ തീരെ അവഗണിക്കുവാൻ നിവൃത്തിയില്ലാതായി.

ഡൊണോസോയുടെ ജീവചരിത്രകാരനായ വോയിലോ പറയുന്നതു്, തന്റെ സ്നേഹിതന്റെ ജീവിതത്തിൽ വിവരിക്കത്തക്ക സംഭവങ്ങൾ കുറവാണെന്നും അദ്ദേഹത്തിന്റെ ജീവിതം അദ്ദേഹത്തിന്റെ ചിന്തയുടെ ചരിത്രംമാത്രമാണെന്നുമത്രേ. അദ്ദേഹത്തിന്റെ ആശയങ്ങൾക്കു പ്രവർത്തനങ്ങളേക്കാൾ പ്രാധാന്യമുണ്ടെന്നുള്ളതു ശരിതന്നെയാണു്; എന്നാൽ അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങൾ വർണ്ണിക്കുവാൻ മാത്രമില്ലെന്നു വോയിലോ വിചാരിക്കുന്നതു്, സ്വാനിഷുചരിത്രത്തെ അവഗണിച്ചതുകൊണ്ടായിരിക്കണം. മാത്രമല്ല അദ്ദേഹത്തിന്റെ ചിന്തകൾ അന്നത്തെ സാമൂദായികവും രാഷ്ട്രീയവുമായ പശ്ചാത്തലത്തിൽ നിന്നു വേർതിരിക്കുന്നതു ശരിയുമല്ല. ഡൊണോസോകോർട്ടെസ്സിനു പല വശങ്ങളുണ്ടു്. കർട്ടിനാൾ നൂമൻ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഒരു ആര്യപുരുഷനാണദ്ദേഹം. തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ വിഷയങ്ങളിലെന്നപോലെ നയതന്ത്രത്തിലും പുതിയ ഒരു നികൃതിയെപ്പറ്റിയുള്ള വാദപ്രതിവാദത്തിലും ഒന്നുപോലെ വിദഗ്ധനായിരുന്നു ഡൊണോസോ.

ഇരുപത്തിമൂന്നാമത്തെ വയസ്സിൽ സ്പാനിഷു പിന്തുടർച്ചാവകാശമെന്ന ഒരു കുഴഞ്ഞ പ്രശ്നത്തെപ്പറ്റി ഡൊണോസോ ഒരു പ്രബന്ധമെഴുതി. അതോടുകൂടെ അദ്ദേഹം പ്രക്ഷുബ്ധമായ രാഷ്ട്രീയരംഗത്തേയ്ക്കു പ്രവേശിച്ചു. ഏഴാം ഫെർഡിനൻറു് രാജാവിന്റെ മകൾ ഇസബെലിനു സിംഹാസനാവകാശമുണ്ടോ

എന്നതായിരുന്ന പ്രശ്നം. ഇതിനൊരു സമാധാനം കണ്ടുപിടിക്കുന്നതിൽ, സ്പാനിഷ്ചരിത്രവും ഭരണഘടനാനിയമങ്ങളും സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വമ്പിച്ച വിജ്ഞാനം ഏറ്റവും വിശദമായി. യുക്തിയുക്തമായി വിഷയങ്ങൾ പ്രതിപാദിക്കുവാനും, ഒരേസമയത്തുതന്നെ അനുവാചകരുടെ ബുദ്ധിശക്തിയേയും, ഹൃദയത്തേയും സ്പർശിക്കുവാനുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ കഴിവു സുസ്പഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ പ്രബന്ധം മഹാരാജാവിനു വളരെ ഇഷ്ടപ്പെട്ടതിനാൽ, 1833–ൽ, 24–ാമത്തെ വയസ്സിൽ, അദ്ദേഹത്തെ നീതിന്യായമന്ത്രിയുടെ സഹായകനായി നിയമിച്ചു.

അന്നുമുതൽ മരണംവരേയുള്ള ഇരുപത്തിയൊന്നു കൊല്ലവും ഡൊണോസോ കോർട്ടെസ്സിനു സ്പാനിഷ് രാഷ്ട്രതന്ത്രത്തിൽ നല്ല സ്ഥാനമുണ്ടായിരുന്നു. വിനാശകരമായ ആഭ്യന്തരസമരങ്ങളിൽനിന്നും അരാജകത്വത്തിൽനിന്നും രാജ്യത്തെ രക്ഷിക്കാവുന്ന ഏക പുരുഷനായിട്ടാണു പലരും അദ്ദേഹത്തെ വീക്ഷിച്ചതു്. ചില കാരണങ്ങളാൽ രാഷ്ട്രീയമായ ഉന്നതസ്ഥാനങ്ങളെ അദ്ദേഹം ആരോഹണം ചെയ്തില്ല; താണനിലയിൽ കഴിഞ്ഞതേയുള്ളൂ. ഇതിന്റെ കാരണം ഇന്നും അജ്ഞാതമാണു്. പ്രത്യാശയ്ക്കു വകയില്ലാത്തവിധം സ്പെയിൻ നശിച്ചുവെന്നു് അദ്ദേഹത്തിനു ബോധ്യമായിരുന്നു. തന്റെ രാജ്യത്തേയും സംസ്കാരത്തേയും ലേഖനങ്ങളും പ്രസംഗങ്ങളുംവഴി രക്ഷാമാർഗ്ഗത്തിലേയ്ക്കു സമാനയിക്കുകയാണു്, മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കുപ്പലിൽ അമരം പിടിക്കുന്നതിനേക്കാൾ അത്യാവശ്യമെന്നു്, അദ്ദേഹം വിചാരിച്ചിരുന്നിരിക്കാം.

എന്നുവരികിലും രാഷ്ട്രീയകാര്യങ്ങളിൽ ഒരു സ്വാനിഷുപ്രഭുവെന്നനിലയിൽ ഡൊണോസോ നിർവ്വഹിക്കേണ്ട ഭാഗം അദ്ദേഹം നിർവ്വഹിക്കാതിരുന്നില്ല. കാർലിസ്റ്റു യുദ്ധങ്ങളിൽ ഡൊണോസോ ഇസബലിന്റെ അവകാശത്തെ മുറുകെപ്പിടിച്ചുനില്ക്കുകയാണു ചെയ്തതു്. കാർലിസ്റ്റുകാരുടെ അങ്ങേയറ്റംവരെ എത്തുന്ന യാഥാസ്ഥിതികത്വത്തിനും, ലിബറൽ വാദികളുടെ കാടുകയറ്റത്തിനും, മദ്ധ്യേ നിന്നു കോർട്ടെസ്സു്. പരിഷ്കാരങ്ങൾക്കായി നിലകൊണ്ടിരുന്ന മെൻറീസാബാൽ എന്ന ലിബറലിന്റെ ശവമ്മെൻറിൽ ഡൊണോസോയ്ക്കു് ഒരു സ്ഥാനമുണ്ടായിരുന്നു. പിന്നീടു് ആ കക്ഷി തീക്ഷ്ണവാദികളെന്നും മിതവാദികളെന്നും രണ്ടു ഭാഗമായി പിരിഞ്ഞപ്പോൾ, ഡൊണോസോ മിതവാദികളുടെ പക്ഷത്തു ചേർന്നു. എസ്പാർട്ടെരോയുടെ വിപ്ലവം ജയിക്കുകയും, 1840–ൽ ലിബറൽ തീക്ഷ്ണവാദികളുടെ ഭരണം ആരംഭിക്കുകയും ചെയ്തപ്പോൾ, റീജെൻറ് ക്രിസ്റ്റീനാ രാജ്ഞിയോടുകൂടെ ഡൊണോസോയും വിപ്രവാസമനുഭവിച്ചു. അമ്മരാജ്ഞിയുടെ സെക്രട്ടറിയെന്നനിലയിൽ പാരീസിലെ പണ്ഡിതസമൂഹങ്ങളിൽ ഇടപഴകുന്നതിനും, ഡമയിസ്സർ, ഡെ ബോണാൾഡു് മുതലായവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. അവരുടെ കൃതികളും സ്വായത്തമായ സ്വതന്ത്രചിന്തയും കൂടി സമ്മേളിച്ചപ്പോൾ ലിബറലിസം പുറത്തു ചാടിത്തുടങ്ങി.

1843–ൽ ഒരു ലിബറൽ മിതവാദി ശവമ്മെൻറു രൂപവല്ക്കരിക്കുന്നതിനും, ഇസബൽ രാജ്ഞിക്കു ഭരിക്കുവാൻ പ്രായമായി എന്നു പ്രഖ്യാപനംചെയ്യിക്കുന്നതിനും ഡൊണോസോ കാര്യമായ ഒരു ഭാഗം വഹിച്ചിട്ടുണ്ടു്. ജീവിതത്തിലെ അന്തിമദശാബ്ദം മുഴുവനും

സ്പാനിഷ് പാർലമെൻറിൽ, അഥവാ കോർട്ടെസ്സിൽ, ഡൊണോസോ ഒരു പ്രധാനാംഗമായി വിലസി. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ഏവരും ശ്രദ്ധയോടെ ശ്രവിച്ചിരുന്നു. മാഡ്രിഡിലേയും, ബഴ്സെലോണായിലേയും ജനങ്ങളെപ്പോലെതന്നെ പാരീസുകാരും ബെർലിൻകാരും റോമൻകാരും അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ നുള്ളിക്കീറിനോക്കിയിരുന്നു. കോർട്ടെസ്സിലേക്കുള്ള തിരഞ്ഞെടുപ്പിനിടയ്ക്കു ഡൊണോസോ കുറേനാൾ ബെർലിനിൽ അമ്പാസഡർസ്ഥാനം വഹിക്കുകയുണ്ടായി. വിപ്ലവകാരികൾ വിലപ്പം ചതുർത്ഥനെ ഭീഷണിപ്പെടുത്തുന്നതു് അവിടെവച്ചു അദ്ദേഹം കണ്ടു. വീണ്ടും പാരീസിൽ അമ്പാസഡർ ആയിരുന്നപ്പോഴാണു് 1851-ൽ രണ്ടാമത്തെ റിപ്പബ്ളിക്കു് പൊളിഞ്ഞതും, 1852-ൽ നെപ്പോളിയൻ തൃതീയൻ രാജാവായി സിംഹാസനാരോഹണം ചെയ്തതും. പ്രായോഗിക രാഷ്ട്രതന്ത്രത്തിൽനിന്നു സിദ്ധിച്ച ഈ അനുഭവങ്ങൾവഴി ലിബറൽ ഭരണത്തെപ്പറ്റിയുള്ള അദ്ദേഹത്തിൻെറ അഭിപ്രായം വളരെ വ്യത്യാസപ്പെട്ടു.

മൂന്നു യൂറോപ്യൻ തലസ്ഥാനങ്ങളിലും നടന്ന വിപ്ലവങ്ങളുടെ അപരിത്യാജ്യമായ ഫലം സോഷ്യലിസമോ സേച്ഛാധിപത്യമോ ആണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. ഈദൃശമായ രാഷ്ട്രീയാനുഭവങ്ങളും തൻെറ താത്വികചിന്തകളും കൂടിച്ചേർന്നു തന്നെ ലിബറലിസത്തിൽനിന്നൊട്ടുകത്തോലിക്കാ യാഥാസ്ഥിതികത്വത്തിലേക്കു് എത്തിച്ചിരിക്കയാണെന്നു ഡൊണോസോ കോർട്ടെസ്സു് മനസ്സിലാക്കി. അങ്ങനെ ഒരു തികഞ്ഞ ലിബറലായി രാഷ്ട്രീയവും മാനസികവുമായ ജീവിതമാരംഭിച്ച ഡൊണോസോ, അവസാനകാലങ്ങളിൽ ലിബറലി

സത്തിന്റെ പരമശത്രുവായി. അതിനാൽ മാഡ്രിഡിലെ "ഹെരാൾഡോ" എന്ന പത്രം, ചെറുപ്പകാലത്തെ തന്റെ ലേഖനങ്ങളിൽനിന്ന്, ലിബറലിസത്തിന് അനുകൂലമായി ഉദ്ധരിക്കുന്നതിനെ അദ്ദേഹം പ്രതിഷേധിച്ചു. പത്രാധിപക്കുള്ള ഒരു കത്തിൽ അദ്ദേഹം എഴുതുന്നു: "ഞാൻ വളരെ ചെറുപ്പമായിരുന്നപ്പോൾ, നിങ്ങളുടെ തത്വങ്ങൾതന്നെയാണ ഞാനും സ്വീകരിച്ചിരുന്നത്. എന്നാൽ ഇന്നത്തെ എന്റെ അഭിപ്രായങ്ങൾ അവയ്ക്കു കടകവിരുദ്ധമാണ്."

ഈ വൈരുദ്ധ്യം എന്തിലാണ് അടങ്ങിയിരിക്കുന്നതെന്ന് അദ്ദേഹംതന്നെ വിവരിച്ചിട്ടുണ്ട്. ആ വിവരണത്തിൽനിന്നു മനസ്സിലാക്കാം അദ്ദേഹവും ലിബറൽവാദികളും തമ്മിലുള്ള അന്തരം. "യുക്തിവാദംവഴി യുക്തമായവ ഗ്രഹിക്കാമെന്നും, പ്രായോഗികസ്വാതന്ത്ര്യം ലിബറൽ സിദ്ധാന്തംവഴി മാത്രമേ കരഗതമാകയുള്ളുവെന്നും, പാർലമെന്റ് വഴിയേ നല്ല ഗവമ്മെന്റ് ഉണ്ടാകുകയുള്ളുവെന്നും, വാദപ്രതിവാദം സത്യം കണ്ടുപിടിക്കുവാനുള്ള മാർഗ്ഗമാണെന്നും, രാജാക്കന്മാർ മനുഷ്യനിയമത്തിന്റെ മൂർത്തീകരണമാണെന്നും, നിങ്ങൾ വിശ്വസിക്കുന്നു. നേരേമറിച്ച് ഞാൻ വിശ്വസിക്കുന്നതു മാനുഷികനിയമങ്ങളില്ലെന്നും, ദൈവനിയമമില്ലാതെ മറ്റു നിയമങ്ങൾ ഉണ്ടാകുവാൻ നിവൃത്തിയില്ലെന്നുമാണ്. നിയമവും അവകാശങ്ങളും ദൈവത്തിങ്കൽനിന്നാണ്. മനുഷ്യനിൽ വിധേയത്വവും ചുമതലകളുമാണുള്ളതു്..... പാർലമെന്റ് ഭരണത്തിൽ ഗവമ്മെന്റാനുമില്ലെന്നും, ലിബറലിസം സ്വാതന്ത്ര്യത്തെ നിഷേധിക്കുകയാണെന്നും, യുക്തിവാദം ഭോഷത്തരമാണെന്നും, ഞാൻ വിശ്വസിക്കുന്നു." ഈ വാക്കുകളിൽനിന്ന്

അന്നത്തെ മൗലികപ്രശ്നങ്ങളെസംബന്ധിച്ചു ഡൊണോസോയും ലിബറൽവാദികളും തമ്മിലുള്ള അന്തരം സുവ്യക്തമാണു്.

കത്തോലിക്കാവിശ്വാസത്തിലേക്കു പെട്ടെന്നുണ്ടായ മാനസാന്തരംവഴിയാണു ലിബറലിസത്തോടു വെറുപ്പുണ്ടായതെന്നു ഡൊണോസോ വിശ്വസിച്ചിരുന്നു. ജീവിതാരംഭത്തിൽ അദ്ദേഹം ഒരു നാമമാത്ര കത്തോലിക്കനായിരുന്നു. മതവിശ്വാസം ഒരു സാധാരണ കാര്യം മാത്രമായി കരുതി; തന്മൂലം മതേതരമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നപ്പോഴും, മതത്തെപ്പറ്റി ചിന്തിക്കപോലും ചെയ്തിരുന്നില്ല. കത്തോലിക്കാസഭയാണു സത്യസഭയെന്നു വിശ്വസിച്ചിരുന്നു; എന്നാൽ തിരുസ്സഭ പഠിപ്പിക്കുന്ന തത്വങ്ങളിൽനിന്നു വ്യത്യസ്തമായ തത്വങ്ങൾ സ്വീകരിക്കുന്നതിൽ ഒരു വിഷമവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. വിശ്വാസാനുയോജ്യമായി ജീവിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല. ഈ ലൗകായതികമനഃസ്ഥിതിയിൽനിന്നും അദ്ദേഹത്തെ സംരക്ഷിച്ചതു രണ്ടു കാര്യങ്ങളാണു്: "സാന്മാർഗ്ഗികജീവിതത്തിന്റെ സൗന്ദര്യത്തെപ്പറ്റി എനിക്കുണ്ടായിരുന്ന സുവ്യക്തമായ ബോധ്യം കത്തോലിക്കാവിശ്വാസത്തെ ബഹുമാനിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. ദുർബ്ബലതയോടു സമീപിക്കുന്ന എന്റെ ഹൃദയാർദ്രത ആ വിശ്വാസത്തെ സ്നേഹിക്കുവാൻ എന്നെ പ്രേരിപ്പിച്ചു."

ഫ്രാൻസു് സന്ദർശനം അദ്ദേഹത്തിന്റെ വീക്ഷണഗതിയിൽ വലിയ ഒരന്തരം വരുത്തി. അവിടെ അദ്ദേഹം ചില ഉത്തമകത്തോലിക്കരെ കണ്ടുമുട്ടി. അതിസ്വാഭാവിക വരപ്രസാദത്തിന്റെ യാഥാർത്ഥ്യ

ത്തേയും ശക്തിയേയും സംബന്ധിച്ച് സുദൃഢമായ ഒരു ബോദ്ധ്യം, അവരുടെ സുകൃതജീവിതംവഴി, അദ്ദേഹത്തിലുണ്ടായി. അവിടെവച്ച് അദ്ദേഹം ഡമയിസ്ത്രുടെ കൃതികളും വായിച്ചു. അദ്ദേഹത്തിന്റെ ശൈലി ഡൊണോസോയുടേതിനു തുല്യമായിരുന്നു. അദ്ദേഹത്തിന്റെ യുക്തികളും ഡൊണോസോയുടെ മാനസിക വിഗ്രഹങ്ങളെ തകർത്തു തരിപ്പണമാക്കി. ഒസാനാമിന്റേയും വിപ്ലവങ്ങളുടേയും പാരീസാണ് അദ്ദേഹം കണ്ടതു്. പാരീസിലെ തെരുവീഥികളും വിപ്ലവരംഗങ്ങളായിരുന്നു; പകയും വെറുപ്പും ആലക്തികശക്തി നിറഞ്ഞിരുന്ന കാർമേഘങ്ങളെപ്പോലെ അവിടത്തെ അന്തരീക്ഷത്തിൽ തടിച്ചുകൂടിയിരുന്നു. വിപ്ലവം വരുത്തിയ ദുരിതങ്ങളും കഷ്ടതകളും കണ്ടു ഡൊണോസോ അമ്പരന്നുപോയി. മോണ്ടലമ്പെറിനു് അദ്ദേഹം ഇപ്രകാരമെഴുതി: "നല്ല തത്വങ്ങളിലേക്കുള്ള എന്റെ മാനസാന്തരം പ്രഥമത: ദൈവാനുഗ്രഹത്താൽത്തന്നെ; രണ്ടാമതായി വിപ്ലവങ്ങളെപ്പറ്റിയുള്ള പഠനങ്ങളാലാണു്." സ്വന്തം സഹോദരൻ മരിക്കുന്ന കാഴ്ചയാണു് അവസാനമായി അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കു് ആനയിച്ചതു്. ഒരുത്തമ അൽമേയ വ്യപദേശകനായി മരണംവരെ അദ്ദേഹം തിരുസ്സഭയിൽ ഉറച്ചു നില്ക്കുകയും ചെയ്തു.

ഡൊണോസോയുടെ ലേഖനങ്ങളും പ്രസംഗങ്ങളും അടുത്തു പരിശോധിച്ചാൽ കാണാം, ലിബറലിസത്തെ അദ്ദേഹം ഉപേക്ഷിച്ചതും കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടതും, അദ്ദേഹം വിചാരിച്ചിരുന്നതുപോലെ പെട്ടെന്നുണ്ടായ ഒരു മാറ്റമല്ലെന്നു്. പത്തൊമ്പതു വയസ്സുള്ളപ്പോൾ ഒരു പ്രൊഫസറായി ഉദ്ഘാടനപ്രസംഗംചെയ്ത നാൾമുതൽ 1847–ൽ സഹോദരന്റെ മരണം കണ്ടു പൂർണ്ണമായി

മാനസാന്തരപ്പെട്ടതുവരെ കത്തോലിക്കാവിശ്വാസത്തിലേക്കു സാവധാനത്തിൽ അദ്ദേഹം മാർച്ചുചെയ്യുകയായിരുന്നു. 1834–ൽ, അതായതു കോർട്ടെസ്സിനു് ഇരുപത്തഞ്ചു വയസ്സുള്ളപ്പോൾ, എഴുതിയ "നയതന്ത്രത്തെപ്പറ്റിയുള്ള ചിന്തകം" എന്ന ഗ്രന്ഥത്തിൽ, ഒരു സാമുദായികസ്ഥാപനമെന്നനിലയിൽ തിരുസ്സഭ വഹിച്ചിട്ടുള്ള ഭാഗം അദ്ദേഹം പ്രശംസിച്ചിട്ടുണ്ടു്. മൂന്നു സംവത്സരങ്ങൾക്കുശേഷം "മതവും സ്വാതന്ത്ര്യവും ബുദ്ധിശക്തിയും" എന്ന വിഷയത്തെപ്പറ്റി എഴുതിയ ഒരു ലേഖനത്തിൽ മനുഷ്യന്റെ സ്വാതന്ത്ര്യവും ബുദ്ധിശക്തിയും മതവിശ്വാസവും വികസിപ്പിക്കുന്നതിനു തിരുസ്സഭ ചെയ്തിട്ടുള്ള സേവനങ്ങൾ അദ്ദേഹം സ്തുതിച്ചിരിക്കുന്നു. ചരിത്രപുരുഷനായ ക്രിസ്തു ഒരാൾ മാത്രമേ പരിപൂർണ്ണ മനുഷ്യനായുള്ളൂവെന്നു പ്രകീർത്തിച്ചതും ഈ ലേഖനത്തിൽത്തന്നെയാണു്.

ജീവിതപ്രശ്നങ്ങൾക്കെല്ലാം സമാധാനം നല്കുന്ന ഒരു വിശ്വാസസംഹിത എന്ന നിലയിൽ ലിബറലിസത്തെ 1839–ൽത്തന്നെ അദ്ദേഹം പൂർണ്ണമായി തിരസ്കരിച്ചുകഴിഞ്ഞിരുന്നു. അതുവരെ യുക്തിവാദത്തിന്റെ ശരങ്ങളിൽനിന്നു ലിബറലിസത്തെ മോചിക്കുവാൻ അദ്ദേഹം പണിപ്പെട്ടിരുന്നു. അന്നുമുതൽ അദ്ദേഹം ഒരു കത്തോലിക്കാചിന്തകനായി. മാനസാന്തരംവഴി ബാഹ്യമായ പെരുമാറ്റത്തിലും ചിന്തയിലും ഒരന്തരവും കാണുന്നില്ല. മാനസാന്തരം ആത്മാവിന്റെ അഗാധങ്ങളിൽ അദ്ദേഹം അനുഭവിച്ച ഒരു വ്യത്യാസമായിരുന്നിരിക്കും. അതിനാൽ അവസാനത്തെ പതിനാലുകൊല്ലത്തെ ജീവിതത്തിൽ ഡൊണോസോ കോർട്ടെസ്സ് തിരുസ്സഭയുടെ ഉറച്ച ഒരു പക്ഷവാദിയും സോഷ്യലിസത്തിന്റേയും ലിബ

റലിസത്തിന്റേയും പരമശത്രുവുമായിരുന്നു. മാന സാന്തരത്തിനുശേഷം തന്റെ നില വ്യക്തമായതു കൊണ്ടു യുക്തികം അദ്ദേഹം ബലമായും വ്യക്തമായും പ്രസ്താവിച്ചുതുടങ്ങി. വാസ്തവത്തിൽ 1839 മുതൽ അദ്ദേഹത്തിന്റെ ചിന്താഗതി ഒന്നുതന്നെയായിരുന്നു.

വാഗ്മിത്വവും വാദരീതിയും

ഡൊണോസോ കോർട്ടെസ്സ് തികഞ്ഞ ഒരു വാഗ്മിയായിരുന്നു. മെറേറർണിക്കിന്റെ അഭിപ്രായത്തിൽ "പുരാണികകാലങ്ങൾക്കിപ്പുറമുള്ള ഏറ്റവും വലിയ വാഗ്മി"യാണ് അദ്ദേഹം. മഹാപ്രശ്നങ്ങൾ, രക്തവും ഖഡ്ഗവും കൂടാതെ, പ്രസംഗംകൊണ്ടു്, പരിഹരിക്കാമെന്നു ജനങ്ങൾ കരുതിയിരുന്നു, ബിസ്മാക്കിനു മുമ്പുള്ള കാലത്തു്. ആ റൊമാൻറിക്കു യുഗത്തിൽ ജീവിച്ചിരുന്ന ഒരു വാഗ്മിയാണു ഡൊണോസോ. ഇതു നാം അനുസ്മരിക്കേണ്ടതാണു്; അല്ലെങ്കിൽ അദ്ദേഹത്തിന്റെ വാഗ്മിത്വം പ്രസംഗകലാപ്രകടനംപോലെ തോന്നും. എന്നാൽ അദ്ദേഹത്തിന്റെ സമകാലികർക്കു് ആ പ്രകടനം അത്ഥസമ്പുഷ്ടമായിരുന്നു. തന്റെ വാഗ്മിത്വസാമത്ഥ്യത്തെപ്പറ്റി അദ്ദേഹം ഒട്ടും വിചാരിച്ചിരുന്നില്ല. പ്രസംഗകരുടെ അഹംബുദ്ധിയെപ്പറ്റിയും, വെറുംവാക്കുകളുടെ വ്യർത്ഥതയെപ്പറ്റിയും അദ്ദേഹം പലപ്പോഴും പ്രതിപാദിച്ചിരുന്നു. യഥാത്ഥനേതൃത്വം നല്കുന്നതോടു താരതമ്യപ്പെടുത്തുമ്പോൾ, പ്രസംഗപാടവത്തിനു താണ ഒരു നിലയേ ഉള്ളുവെന്നു്, വാഗ്മിയായ അഹറോന്റേയും വിക്കനായ മൂശയുടേയും ഉപമ ഉപയോഗിച്ചു്, ഒരിക്കൽ അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ഡൊണോസോ യഥാത്ഥത്തിൽ വിനയശീലനായിരുന്നു;

റൊമാൻറിക്കു കാലസന്ധിയിൽ വളരെ വിരളമായി രുന്ന ഒന്നായിരുന്നു എളിമ. പ്രഭാതത്തിൽ സ്പാനിഷ് അമ്പാസിഡരുടെ ഗാംഭീര്യത്തോടുകൂടെ വേഷഭ്രഷി തനായി നില്ക്കുന്നതും, സായാഹ്നത്തിൽ പാരീസിലെ അഗതികളുടെ കൊച്ചുസഹോദരിമാരുടെ ജീർണ്ണിച്ചു കിടക്കുന്ന ദൈവാലയത്തിൽ ഒരു ദരിദ്രശിശുവിൻെറ ജ്ഞാനസ്നാനപിതാവായി ശിശുവിനെ കൈയിൽ പിടിച്ചുനില്ക്കുന്നതും ചേർത്തു ചിന്തിക്കുമ്പോൾ ഡൊണോസോയുടെ സ്വഭാവവിശേഷം വ്യക്തമാകുന്നതാണ്. ഒസാനാമിനെപ്പോലെ ഡൊണോസോയും ദരിദ്രരെ സേവിച്ചുകൊണ്ടിരുന്നു. ദരിദ്രർ തിങ്ങിക്കൂടിയിരുന്ന പാരീസിലെ തെരുവീഥികളിൽക്കൂടി ഇവർ പരസ്പരം നോക്കി കടന്നുപോയിക്കാണും. അഗതികളുടെ കൊച്ചുസഹോദരിമാക്കു ഡൊണോസോ ഒരു സഹായിയും ഉപകാരിയുമായിരുന്നു. പാരീസിൽ മുഫെറാർഡ് എന്ന ഭാഗത്തു സാധുക്കളുടെ ഇടയിൽ അദ്ദേഹം ധാരാളം സമയം ചെലവഴിച്ചിരുന്നു.

എങ്ങനെയായാലും ഡൊണോസോയുടെ പ്രാധാന്യം വാഗ്മിതത്തിൽത്തന്നെയാണ്. സ്പാനിഷു പാർലമെൻറായ കോർട്ടെസ്സിൽ, കോർട്ടെസ്സ് സംസാരിച്ചിരുന്നപ്പോഴും, യൂറോപ്പിലെ വിവിധമാസികകളിലേക്കു ലേഖനങ്ങൾ എഴുതിയിരുന്നപ്പോഴും അദ്ദേഹത്തിൻെറ വാഗ്മിതം ഒന്നുപോലെ ശോഭിച്ചിരുന്നു. ഭംഗിയുള്ള പദങ്ങൾകൊണ്ടു തൻെറ ചിന്തകളെ അദ്ദേഹം അണിഞ്ഞിരുന്നു. വാഗ്മികൾക്കു പതിവുള്ളപോലെ, വാഗ്വിലാസത്തിനുവേണ്ടി ചിന്തകൾ ചിലപ്പോൾ പൊള്ളഞ്ഞുപോകും. വാഗ്വിലാസം പ്രസംഗകരെ ഒരു വഴിക്കു തിരിച്ചാൽ, അങ്ങേയറ്റംവരെ ആ വഴിക്കു തിരിയുമെന്നുള്ളതു

ഡൊണോസോയുടെ കാര്യത്തിൽ പ്രത്യേകം വാസ്തവമാണു്. സകല പ്രസംഗങ്ങളിലും കത്തോലിക്കാചൈതന്യം തിളച്ചിരുന്നു. പത്തൊമ്പതാം ശതാബ്ദത്തിലെ നവമായ യാതൊരു പ്രസ്ഥാനത്തോടും അദ്ദേഹത്തിനു പൊരുത്തപ്പെടുവാൻ കഴിഞ്ഞില്ല. അന്നു പ്രത്യക്ഷമായ ഭൗതികപ്രവണതകളെ ശാസിക്കുന്നതിൽ യാതൊരു ദാക്ഷിണ്യവും അദ്ദേഹം കാണിച്ചില്ല.

ഡൊണോസോയുടെ പ്രസംഗങ്ങൾ അതിശയോക്തിസമ്പുഷ്ടങ്ങളായിരുന്നു. ഒരു തത്വശാസ്ത്രജ്ഞനിലോ, ദൈവശാസ്ത്രജ്ഞനിലോ, കാണാൻപാടില്ലാത്ത അതിശയോക്തികൾ അദ്ദേഹം ഉപയോഗിച്ചിരുന്നു. ഇറ്റലിയിലെ നവോത്ഥാനചിത്രകാരന്മാർ തങ്ങളുടെ ബ്രഷ് ചലിപ്പിച്ചിരുന്നതുപോലെയാണു്, യൂറോപ്പിന്റെ മുഖത്തിൽക്കൂടെയും ചരിത്രസരണിയിൽക്കൂടെയും സാമാന്യീകരണബ്രഷ് ഓടിച്ചിരുന്നതു്. നവോത്ഥാനചിത്രങ്ങൾ, തക്ക ദൂരത്തുനിന്നു നോക്കിയാൽ, യാഥാർത്ഥ്യത്തെ വിശ്വസ്തമായി പ്രതിബിംബിപ്പിക്കുന്നുവെന്നു കാണാം; അടുത്തുനിന്നു നോക്കിയാൽ അകപ്പാടെ ചില കുത്തും വരയും മാത്രമേ കാണുകയുള്ളൂ. അതുപോലെതന്നെ ഡൊണോസോയുടെ ഓരോ വാചകവുമെടുത്തു സൂക്ഷ്മമായി പരിശോധിച്ചാൽ വ്യാജമായി തോന്നുമെങ്കിലും, പ്രബന്ധമോ പ്രസംഗമോ മുഴുവനായെടുത്തു പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ യുക്തികളെല്ലാം ശരിയായി തോന്നും. അദ്ദേഹത്തിന്റെ കൃതികൾ പദാനുപദം പരിശോധിക്കുവാനുള്ളതല്ല; പൂർണ്ണകൃതിയുടെ ഫലമെന്തായിരിക്കുമെന്നേ വീക്ഷിക്കുവാനുള്ളൂ. അങ്ങനെയാണു് അദ്ദേഹത്തിന്റെ ചിന്തകൾ സമകാലികർ മനസ്സിലാക്കിയിരുന്നതും. ലിബറൽവാദികൾ അടി

മകളാണെന്നു് അവരോടു പറഞ്ഞപ്പോഴും, യഥാർത്ഥ സ്വാതന്ത്ര്യം വിശ്വാസത്തിലേയുള്ളുവെന്നു പ്രസ്താവിച്ചപ്പോഴും, ലിബറൽവാദികൾക്കു സ്വതന്ത്രമനസ്സില്ല എന്നു് അദ്ദേഹം വാദിക്കുന്നതായി അവർ മനസ്സിലാക്കിയില്ല.

"ദൈവപരിപാലനയെപ്പറ്റി ഒരു ബോധവുമില്ലാത്ത മനുഷ്യൻ എല്ലാക്കാര്യങ്ങളിലും ഏറ്റവും വലിയ അജ്ഞനാകുന്നു" എന്നു ഡൊണോസോ എഴുതിയപ്പോൾ, ദൈവവിശ്വാസിക്കു ഗണിതശാസ്ത്രം അറിയാൻപാടില്ലെന്നു് അദ്ദേഹം സൂചിപ്പിക്കുന്നുവെന്നു് ആരും വിചാരിച്ചില്ല. ഇവ വാഗ്വിലാസപരമായ പ്രസ്താവനകളാണു്; അതിനാൽ സന്ദർഭം മുഴുവനായി അറിയാവുന്ന ശ്രോതാക്കൾക്കു് അവ ശരിയായി മനസ്സിലാകും.

തന്റെ പ്രബന്ധങ്ങളിൽനിന്നു്, ഫ്രാൻസിലെ ലിബറൽ കത്തോലിക്കർ ചെയ്തിരുന്നതുപോലെ, ചില ഭാഗങ്ങളെടുത്തു സന്ദർഭത്തിൽനിന്നു മാറ്റി താൻ കമ്മ്യൂണിസത്തിൽ വിശ്വസിക്കുന്നുവെന്നോ, മനുഷ്യയുക്തിയെ തരംതാഴ്ത്തിയിരിക്കുന്നുവെന്നോ, ഉത്ഭവപാപത്തിന്റെ ഫലങ്ങൾ അതിശയോക്തിയോടുകൂടെ പ്രതിപാദിച്ചിരിക്കുന്നുവെന്നോ, പ്രസ്താവിച്ചു കേട്ടിരുന്നപ്പോൾ ഡൊണോസോ അതിനെ ബലമായി പ്രതിഷേധിച്ചിരുന്നു. താൻ എഴുതുന്നതു ലിബറൽ വാദികൾക്കു് എതിരായിട്ടാണെന്നും, സെമിനാരിയിൽ പഠിപ്പിക്കാനല്ല ലിബറൽ വാദികൾക്കു് ഉപയോഗിക്കാനാണു് എന്നും, ഒരു ദൈവശാസ്ത്രജ്ഞനായിട്ടല്ല സാധാരണക്കാരനായിട്ടു്, സാധാരണക്കാർക്കുവേണ്ടിയാണെന്നും അദ്ദേഹം വ്യക്തമാക്കി. ലൂയി വോയിലോയ്ക്കു് അദ്ദേഹം ഇപ്രകാരമെ

ഴുതി: "ദൈവശാസ്ത്രം എനിക്ക് അറിഞ്ഞുകൂടാ. ഞാൻ അതു പഠിച്ചിട്ടുമില്ല. ഞാൻ ഒരു പണ്ഡിതനല്ല." കത്തോലിക്കാ ഗ്രന്ഥപരിശോധകരും ദൈവശാസ്ത്രജ്ഞന്മാരും സമ്മതിച്ചു, അദ്ദേഹത്തിന്റെ പുസ്തകങ്ങളും സെമിനാരികൾക്കുവേണ്ടി എഴുതിയിട്ടുള്ളതല്ലെങ്കിലും അവയിൽ തെറ്റുകളൊന്നുമില്ലെന്ന്. ദൈവശാസ്ത്രതത്ത്വങ്ങളും സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്കവിധം, സത്യത്തിനു ഹാനികൂടാതെ, വാഗ്വിലാസത്തോടെ, വിരചിച്ചതു ഡൊണോസോയുടെ മഹത്തായ ഒരു സേവനമാണെന്നു് ഇന്നു പരക്കെ സമ്മതിക്കുന്നുണ്ടു്.

താൻ ജീവിക്കുന്ന ലൗകായതികസമുദായത്തെ പ്രോസികൂട്ടചെയ്യുന്ന ഒരാഫീസറായും, തിരുസ്സഭയുടെ ഒരു പക്ഷവാദിയായുമാണു ഡൊണോസോ സംസാരിച്ചിരുന്നതു്. വാഗ്വാദങ്ങളും മുറയ്ക്കു നടത്തിക്കൊണ്ടിരുന്നെങ്കിലും, ഒരുതരം വാദങ്ങളും അദ്ദേഹത്തിനു് ഇഷ്ടമായിരുന്നില്ല. "ആരും അറിയാതെ ഗൂഢമായി യാത്രചെയ്യുവാൻ ആഗ്രഹിക്കുമ്പോൾ മരണം വാഗ്വാദം എന്ന പേരിലാണു സവാരിചെയ്യുന്നതു്" എന്നത്രേ അദ്ദേഹം എഴുതിയിരിക്കുന്നതു്. വേറൊരിക്കൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "തർക്കം വിപൽകരമാണു്; വാഗ്വാദം വ്യർത്ഥവും..... വാഗ്വാദങ്ങളിലും തർക്കങ്ങളിലും ഉൾപ്പെടുവാൻ ഞാൻ ഒരിക്കലും അഭിലഷിച്ചിരുന്നില്ല." വാഗ്വാദത്തോടു് ഇങ്ങനെ വെറുപ്പുണ്ടായിരുന്നുവെങ്കിലും താൻ വാദിക്കേണ്ടതാണെന്നു തോന്നിയിരുന്നപ്പോഴെല്ലാം സത്യത്തിനുവേണ്ടി അദ്ദേഹം വാദിച്ചിരുന്നു. ലിബറൽ വാദികളോടും സോഷ്യലിസ്റ്റുകാരോടും വാദപ്രതിവാദങ്ങളും നടത്തിയിരുന്നില്ല; നേരിട്ടു് അവരോടു വാദിച്ചിരുന്നുമില്ല. ദൈവാലയത്തിലുള്ള

പ്രസംഗപീഠത്തിൽനിന്നെന്നപോലെയാണ്, മൈതാനപ്രസംഗകനെപ്പോലെയല്ല, അദ്ദേഹം പ്രഭാഷണം നടത്തിയിരുന്നത്. ലിബറൽ വാദികളുടേയും സോഷ്യലിസ്റ്റുകാരുടേയും പ്രതിഷേധങ്ങളും എതിരുയുക്തികളും നോക്കാതെ, തന്റെ കാര്യം വെറുതെ വിവരിച്ചിരുന്നതേയുള്ളൂ. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും ഏഴ്സുകാരെപ്പോലെ എതിരാളികളുടെ വാദമുഖങ്ങൾ പരിശോധിച്ച് അവരുടെ അനുമാനങ്ങളുടെ അസാംഗത്യം വിശദമാക്കുകയല്ല അദ്ദേഹം ചെയ്തിരുന്നത്, നേരിട്ടയുക്തികൾ നല്കുകയത്രേ. അതു തൃപ്തികരമായ വാദരീതിയാണെന്നു പറയാൻ പാടില്ല, എല്ലായ്പോഴും.

താത്ത്വികമായ വാദരീതിയിൽ ലിബറലിസവും കത്തോലിസിസവും തമ്മിൽ അഭിപ്രായൈക്യമുള്ള വിഷയങ്ങൾ വളരെ പരിമിതിപ്പെട്ടവ. ഇരുകക്ഷിക്കാരും യോജിക്കുന്ന സംഗതികൾ കണ്ടുപിടിക്കുവാനാണ് മോണ്ടലമ്പെർ ഒസാനാമും പരിശ്രമിച്ചിരുന്നത്. എന്നാൽ ലിബറലിസത്തിൽനിന്നു കത്തോലിസിസത്തിലേക്കു കടക്കാൻ പാടില്ലാത്ത വലിയ ഒരഗാധതയാണ് ഡൊണോസോ വെട്ടിത്തീർത്തിയത്. അന്നത്തെ സമുദായം എത്രകണ്ടു് അകത്തോലിക്കവും കത്തോലിക്കാവിരുദ്ധവുമായിത്തീർന്നിരിക്കുന്നുവെന്നു വിശദമാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. കത്തോലിക്കരായ അദ്ദേഹത്തിന്റെ മിത്രങ്ങൾക്കു് അതു് ഇഷ്ടപ്പെട്ടില്ല; കാരണം, കത്തോലിക്കാസഭ കാലത്തിനൊത്ത പരിഷ്കാരങ്ങളില്ലാത്ത ഒരു സഭയാണെന്നു തോന്നുമെന്നു് അവർ വിചാരിച്ചു. ഇന്നു പുറകോട്ടുനോക്കുമ്പോൾ ഡൊണോസോയുടെ നയം നന്നായി എന്നാണു തോന്നുന്നതു്; എന്തുകൊണ്ടെന്നാൽ ആധുനികകാലത്തെ വിപത്തുകളെല്ലാം

ലിബറലിസത്തിന്റെ ഫലമാണെന്നും ആധുനിക വിനാശങ്ങൾക്കൊന്നും തിരുസ്സഭ ഉത്തരവാദിയല്ലെന്നും വ്യക്തമാകുന്നു. നാശം യൂറോപ്പിനു വന്നുകഴിഞ്ഞുവെന്നും, പേഗനിസത്തിന്റെ അന്ധകാരം ലോകമാസകലം വ്യാപിക്കുന്നതുവരെ വിനാശം വർദ്ധിക്കുകയേയുള്ളൂവെന്നും, അതിനെല്ലാം കാരണം ലിബറലിസം കത്തോലിക്കാവിശ്വാസം പരിത്യജിച്ചതാണെന്നും അദ്ദേഹം വാദിച്ചു.

ഡൊണോസോയുടെ ജീവിതകാലം

ഡൊണോസോയുടെ തത്വചിന്തകൾക്കാണു പ്രാധാന്യം. അദ്ദേഹം ജീവിച്ച ആ കാലസന്ധിയെ അനുസൃതമായി അദ്ദേഹം വിമർശിച്ചുകൊണ്ടിരുന്നു. അതു് ഒരു പരിവർത്തനഘട്ടമാണെന്നും, ആ വിഷമത്തിൽനിന്നു യൂറോപ്പു പൂർണ്ണമോചനം പ്രാപിക്കയില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അന്നത്തെ സാഹചര്യങ്ങളെപ്പറ്റി ചിന്തിക്കുന്ന ആരെയും വിഷമിപ്പിക്കുന്ന ഒരു കാലഘട്ടമായിരുന്നു അതു്. കാർലിസ്റ്റു സമരം സ്പെയിനിനെ സാമൂഹ്യമായും, രാഷ്ട്രീയമായും കലക്കിയിരുന്നു. 1820 മുതലുള്ള ഒരു ദശാബ്ദക്കാലം ഇറ്റാലിയൻ രാജ്യങ്ങളിൽ വിപ്ലവമുണ്ടായിരുന്നു. 1830–ൽ യൂറോപ്യൻ രാജ്യങ്ങളിലെല്ലാത്തിലും, 1848–ൽ സകലയിടത്തും വിപ്ലവംതന്നെയായിരുന്നു. അക്കൊല്ലം ഫെബ്രുവരി മാസത്തിൽ പാരീസിലാണു വിപ്ലവമാരംഭിച്ചതു്. ഗ്രീഷ്മകാലമായപ്പോഴേക്കു തൊഴിലാളികൾ തെരുവീഥികളിൽ സൈനികതാവളങ്ങളടിച്ചു. കോളേജു വിദ്യാർത്ഥികൾ അവരോടുചേർന്നു ജനാധിപത്യ സൈന്യത്തോടു് ഓരോ മൂലയിലുംനിന്നു സമരം

ചെയ്തു. ബെർലിൻ, വിയെന്നാ, ബുഡാപ്പെസ്റ്റ്, ബ്രസ്സൽസ്, നേപ്പിൾസ്, മിലാൻ, റോമാ എന്നീ നഗരങ്ങളിലെല്ലാം വിപ്ലവമുണ്ടായി. ബെർലിൻ തെരുവീഥികളിൽ പ്രകടനങ്ങൾ നടത്തിയിരുന്ന ജനക്കൂട്ടത്തിനു ഫ്രഡറിക് വില്യം രാജാവു കീഴ്പ്പെട്ടു. ഹാപ്സ്ബർഗ്ഗ് ചക്രവർത്തി വിയെന്നായിൽനിന്ന് ഇൻസ്ബ്രൂക്കിലേയ്ക്കു പലായനംചെയ്തു. മാർപ്പാപ്പാ റോമയിൽനിന്നു പ്രച്ഛന്നവേഷനായി ഗെറ്റായിലേക്കു മാറിത്താമസിച്ചു. പഴയ വ്യവസ്ഥിതിക്കു ജനക്കൂട്ടത്തിന്റെ മുമ്പിൽ നിവർന്നുനില്ക്കാൻ സാധിച്ചില്ല. ജനകീയനേതാക്കന്മാർ പെട്ടെന്ന് അധികാരസ്ഥാനത്തെത്തിയവരായതുകൊണ്ട് അവർക്കു ഭരിക്കുവാനും അറിഞ്ഞുകൂടായിരുന്നു.

ഡൊണോസോ കോർട്ടെസ്സ് മാത്രമല്ല കാലം ചീത്തയാണെന്നു മനസ്സിലാക്കിയതു്. മറ്റു പലരും ഡൊണോസോ കണ്ട വിപത്തുകൾ സൂചിപ്പിച്ചുവെങ്കിലും, ഇത്ര ഭംഗിയായി മറ്റാരും വിവേചനം ചെയ്തില്ല. രോഗം മരണകരമാണെന്നും, ലിബറൽ സംസ്കാരത്തിന്റെ നശിച്ച അവശിഷ്ടങ്ങളിൽനിന്നു വേണം ഒരു പുതിയ യൂറോപ്പു പുനരുത്ഥാനം ചെയ്യുവാനെന്നും ഡൊണോസോ വിശ്വസിച്ചു. "യൂറോപ്പ്, ചരിത്രത്തിലെ ഏറ്റവും വലിയ വിനാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. യൂറോപ്പു താമസിയാതെ കാട്ടാളന്മാരുടെ രാജ്യമാകും. പിന്നീടു കൊലയും കൊള്ളിയും തുടരും" എന്നാണു് അദ്ദേഹം എഴുതിയതു്. 1848-ലെ വിപ്ലവം കഴിഞ്ഞപ്പോൾ അദ്ദേഹം വിചാരിച്ചു ധനികരും ദരിദ്രരും തമ്മിൽ ഒരു ശീത സമരമാണു സമാരംഭിക്കുവാൻ പോകുന്നതെന്നു്. ഡൊണോസോ പറയുന്നു: "ലോകം സമരത്തിനും സമാധാനത്തിനും മദ്ധ്യേ നില്ക്കുന്നു. അതിനു സമാ

ധാനമില്ല, കാരണം സമരബുദ്ധിയാണ് അതിനുള്ളത്. ആയുധം താഴെ വച്ചിരിക്കുന്നതുകൊണ്ടു സമരവുമില്ല. തക്കവും മത്സരവുമാണ കാണുന്നതു; പുരുഷയോഗ്യമായ സമാധാനമല്ല; സ്ത്രീസഹജമായ സമരമാണുള്ളതു."

സോഷ്യലിസ്റ്റുകാർ ജയിക്കുകയോ, അല്ലെങ്കിൽ ഫാസിസമോ നാസിസമോ പോലെയുള്ള സേച്ഛാധിപത്യശക്തികൾ അവരെ പരാജയപ്പെടുത്തുകയോ ചെയ്യുന്നതുവരെ ഭാവിയിൽ ശീതസമരം തുടരുമെന്നതന്നെയായിരുന്നു ഡൊണോസോയുടെ വിശ്വാസം. "മനസ്സിന്റെ അന്ധകാരവും, ഹൃദയത്തിന്റെ വൈരാഗ്യവും, ലക്ഷ്യംകൂടാതെയുള്ള വാദകോലാഹലങ്ങളും, ഉദ്ദേശ്യമൊന്നുമില്ലാത്ത സമരങ്ങളും, സാമ്പത്തിക പരിഷ്കരണത്തിനുള്ള വെമ്പലും, മറവുമെല്ലാം സ്പഷ്ടമാക്കുന്നതു വരാനിരിക്കുന്ന കാലം ഉൽക്കണ്ഠയുടെ ഘട്ടമാണെന്നാണ്" എന്നു ഡൊണോസോ അഭിപ്രായപ്പെട്ടു. യൂറോപ്പു ദൈവത്തെ ഉപേക്ഷിച്ചതുകൊണ്ടു ഭാവി അപ്രകാരമേ ആയിരിക്കുകയുള്ളൂ. സത്യത്തിൽനിന്നു ലോകം അഴിഞ്ഞുപോകുന്നു; അതിന്റെ ഭൗമിക രക്ഷാകർത്താവായ കത്തോലിക്കാതിരുസ്സഭയെ അതു പരിത്യജിച്ചു. അങ്ങനെയുള്ള ലോകത്തിനു സാമുദായിക സമാധാനമോ, ജീവിതശാന്തിയോ ഉണ്ടാകയില്ലെന്നു അദ്ദേഹം തീർത്തുപറഞ്ഞു.

അദ്ദേഹത്തിന്റെ കാലത്തെ ലിബറൽ വാദികൾ ജീവിതോദ്ദേശ്യം വിസ്മരിച്ചുകൊണ്ടു മാലാഖമാരുടെ വേഷംകെട്ടി നില്ക്കുകയായിരുന്നു. ഉത്ഭവപാപവും മനുഷ്യസ്വഭാവത്തിന്മേലുണ്ടായിട്ടുള്ള അതിന്റെ വിനാശകരമായ ഭവിഷ്യത്തുകളും നിഷേധിച്ചു

കൊണ്ടു് ഓരോരുത്തനും താൻതന്നെ പോരുമെന്ന നിലയാണു സ്വീകരിച്ചതു്. കൂട്ടാൾകളും വരപ്രസാദവും കൂടാതെ മനുഷ്യനു നല്ല ജീവിതം കഴിക്കാമെന്നും, നല്ല ജീവിതമെന്നു പറയുന്നതു ഭൗതികസംതൃപ്തിയാണെന്നുമായിരുന്നു അവരുടെ വിശ്വാസം. ഏതേതു കാരണങ്ങളെ ആധാരമാക്കി ലിബറൽ വാദികൾ തങ്ങളുടെ സമുദായത്തിന്റെ മേന്മയെപ്പറ്റി വീമ്പടിച്ചുവോ, അതേ കാരണങ്ങളെ ആധാരമാക്കി ഡൊണോസോ അതിനെ കുറ്റപ്പെടുത്തി. "ഇതു വ്യാപാരപുരോഗതിയുടേയും, വ്യവസായത്തിളപ്പിന്റേയും, ധനികരുടെ ഔദ്ധത്യത്തിന്റേയും, ദരിദ്രരുടെ അക്ഷമയുടേയും കാലം, വെറും പ്രയോജനസിദ്ധാന്തങ്ങളുടെ കാലം, ആണു്" എന്നാണു ഡൊണോസോ പറഞ്ഞുവന്നതു്. സാമ്പത്തികവും സാമുദായികവുമായ പ്രശ്നങ്ങൾക്കു പ്രഥമസ്ഥാനം കൊടുത്തു്, ന്യായമായ ക്രമത്തെ തകിടംമറിച്ച ഒരു കാലമായിരുന്നു അതു്. പ്രസ്തുത പ്രശ്നങ്ങൾക്കല്ല ഒന്നാംസ്ഥാനം കൊടുക്കേണ്ടതെന്നു ഡൊണോസോ തീവ്രമായി വാദിച്ചു.

സാമുദായികവും സാമ്പത്തികവുമായ കോളിളക്കം രാഷ്ട്രീയവിപ്ലവങ്ങൾക്കു വഴിതെളിച്ചു. പത്തൊമ്പതാം ശതാബ്ദത്തിന്റെ പ്രാരംഭകാലത്തു ലിബറൽ ഭരണകർത്താക്കൾക്കു ഭരിക്കുവാനും, ഭരണീയർക്കു് അനുസരിക്കുവാനും അറിഞ്ഞുകൂടാഞ്ഞതിനാലാണു രാഷ്ട്രീയമായ അരാജകത്വം ആവിർഭവിച്ചതെന്നു ഡൊണോസോ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും: "ഇന്നു യൂറോപ്പിനെ ഭരിക്കുന്ന ഈ ഇടത്തരക്കാർക്കു ഭരണം സുസാധ്യമാക്കുന്ന രണ്ടു ഗുണവിശേഷങ്ങളില്ല. ആജ്ഞാപിക്കുന്നതിനോ അനുസരിക്കുന്നതിനോ അവർക്കു് അറിയാൻ

പാടില്ല. അനുസരിക്കുന്നവരോട് ആജ്ഞാപിക്കുവാൻ അറിഞ്ഞുകൂടാത്തതിനാലും, ആജ്ഞാപിക്കുന്നവരെ അനുസരിക്കുവാൻ അറിഞ്ഞുകൂടാത്തതിനാലും സമുദായം കലാപത്തിലാണു കഴിയുന്നതു്.....ഇത്തരക്കാർ ഭരിക്കുന്ന ജനത അരാജകത്വത്തിന്റെ പ്രതിവിധിയായ സേച്ഛാധിപത്യത്തിനും, സേച്ഛാധിപത്യത്തിന്റെ പ്രതിവിധിയായ അരാജകത്വത്തിനും മദ്ധ്യേ വർത്തിക്കുന്നു.”

ഈ കലാപത്തിൽനിന്നു് ഉൽഭ്രമകുവാൻ പോകുന്നതു് ഒന്നുകിൽ സോഷ്യലിസ്റ്റുപാർട്ടിയുടെ, അല്ലെങ്കിൽ സോഷ്യലിസത്തിൽനിന്നു ലോകത്തെ മോചിക്കുന്ന ഒരാളുടെ, സേച്ഛാധിപത്യമായിരിക്കുമെന്നു ഡൊണോസോ കണ്ടു. സേച്ഛാധിപത്യത്തെപ്പറ്റി സ്പാനിഷുപാർലമെന്ററിൽ ചെയ്ത അതിപ്രസിദ്ധമായ ഒരു പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: “ഭീമനും ശക്തനും വല്ലഭനുമായ ഒരു സേച്ഛാധിപതിക്കുള്ള വഴി തുറന്നുകിടക്കുകയാണു്. ശ്രദ്ധിച്ചു കേൾക്കുവിൻ. ഇനി എതിർപ്പുകൾക്കു സ്ഥാനമില്ല. തീക്കുപ്പുകളും തീവണ്ടിപ്പാളങ്ങളും രാജ്യങ്ങളുടെ അതിർത്തികളെ ഭേദിച്ചിരിക്കുന്നു. കമ്പിത്തപാൽ ദൂരത്തെ ഉന്മൂലനംചെയ്തിരിക്കയാണു്. ഇനി ധാർമ്മികപ്രതിരോധവും ഉണ്ടായിരിക്കുന്നില്ല. എല്ലാവരും വിഭിന്നാഭിപ്രായക്കാരാണു്. രാജ്യസ്നേഹമഖിലം അന്തരിച്ചുകഴിഞ്ഞിരിക്കുന്നു.” സ്വാതന്ത്ര്യം കാലഗതി പ്രാപിച്ചു പോയിരിക്കുന്നതിനാൽ സേച്ഛാധിപത്യമോ സ്വാതന്ത്ര്യമോ ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കുകയെന്ന പ്രശ്നം ഉള്ളതായി ഡൊണോസോയ്ക്കു തോന്നിയില്ല. യൂറോപ്പു സത്യത്തെ മറുതലിച്ചുനില്ക്കുന്നതുകൊണ്ടു ക്രിസ്തീയസ്വാതന്ത്ര്യം ഇനി അതിനു സംസിദ്ധമാകയില്ലെന്നു് അദ്ദേഹം

വിശ്വസിച്ചു. "ഇനി വിപ്ലവംവഴിയുള്ള സേച്ഛാധിപത്യമോ ശവമ്മെൻറ് മുറയ്ക്കുള്ള സേച്ഛാധിപത്യമോ ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കുന്നതിനു മാത്രമേ സാദ്ധ്യതയുള്ളൂ."

തൻെറ ജീവിതദശയെ സംബന്ധിച്ചു് ഇത്രയും അശുഭപ്രതീക്ഷയുണ്ടായതു ചരിത്രത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ വീക്ഷണഗതിയുടെ പ്രത്യേകതയാണു്. ജന്മപാപവും മനുഷ്യവർഗ്ഗോദ്ധാരണവുമെന്ന സപ്രധാനമായ രണ്ടു വസ്തുതകളിലാണു ചരിത്രത്തെ അദ്ദേഹം കേന്ദ്രീകരിച്ചതു്. ജന്മപാപംവഴി സത്യത്തിൻേറയും ജീവൻേറയും ഉത്ഭവസ്ഥാനത്തിൽ നിന്നു മനുഷ്യനെ ആദവും ഹവ്വായും കൂടി വെട്ടിമാറ്റി. അങ്ങനെ മനുഷ്യസ്വഭാവം ദുർബ്ബലമായി; ഇച്ഛാശക്തി കുറഞ്ഞു; ബുദ്ധിശക്തി കലുഷിതമായി. അങ്ങനെ അവൻെറ മനസ്സു് അബദ്ധത്തിലേക്കും ഇച്ഛാശക്തി തിന്മയിലേക്കും ചാഞ്ഞു. രക്ഷണകൃത്യംവഴി ക്രിസ്തു മനുഷ്യനെ ദൈവത്തോടു സംയോജിപ്പിച്ചു. വരപ്രസാദംവഴി മനുഷ്യനു വീണ്ടും അതിസ്വാഭാവികമായി സത്യത്തിലേക്കും വരപ്രസാദത്തിലേക്കും പിന്തിരിയാം. വരപ്രസാദംകൂടാതെ മനുഷ്യനു നന്നാകുവാൻ സാദ്ധ്യമല്ല.

ലിബറലിസം

തൻെറ കാലത്തുള്ള മനുഷ്യരെപ്പറ്റി ഡൊണോസോയ്ക്കുണ്ടായിരുന്ന അഭിപ്രായമാണു് ഇതുവരെ വിവരിച്ചതു്. ആദത്തിൻെറ മക്കൾ ആയിരിക്കുകയും, ക്രിസ്തുനാഥൻെറ മക്കളാകുവാൻ വിമുഖരായിരിക്കുകയും ചെയ്തതിനാൽ അവർ നിയമലംഘകരാണു്; സാന്മാർഗ്ഗികമായും നൈയ്യാമികമായും അവർ

ബഹിഷ്കൃതരായിത്തീർന്നിരിക്കുന്നു. ബലഹീനമായ മനസ്സിനെ നയിക്കുവാനും ദുഷിച്ച ഇച്ഛാശക്തിയെ നിയന്ത്രിക്കുവാനും മനുഷ്യൻ ഉറച്ച അധികാരത്തിൻ കീഴ് ഇരിക്കണമെന്നുള്ള ഡൊണോസോയുടെ വാദത്തെ ചരിത്രലക്ഷ്യങ്ങൾകൊണ്ട് അദ്ദേഹം തെളിയിച്ചു. പ്രസ്തുതാധികാരം ബാഹ്യമോ ആന്തരികമോ ആകാം. രാഷ്ട്രത്തിന്റെ സമ്മർദ്ദമാണു ബാഹ്യമായ അധികാരം; മതത്തിന്റെ ധാർമ്മികാധികാരമാണ് ആന്തരികം. മതത്തിന്റെ അധികാരം കുറഞ്ഞിരുന്ന കാലത്തു രാഷ്ട്രത്തിന്റെ അധികാരം വലുതായിരുന്നു. മതനിബന്ധനകൾ പ്രബലമായിരുന്നാപ്പോൾ ബാഹ്യമായി അധികാരം തുച്ഛവുമായിരുന്നു.

ഈ അനുഭവത്തിൽനിന്നു ഡൊണോസോ ഒരു നിയമം ഭാവനചെയ്തു: "മതം ചൂട് കൂട്ടുതൽ കാണിക്കുമ്പോൾ പീഡനത്തിന്റെ ചൂട് കുറഞ്ഞുവരുന്നു; നേരേ മറിച്ചു മതത്തിന്റെ ചൂട് കുറയുമ്പോൾ, സ്വേച്ഛാധിപത്യവും പീഡനവും വർദ്ധിക്കുന്നു." അദ്ദേഹത്തിന്റെ സമകാലികർ മതം നല്ലൂന്ന ശിക്ഷകളെ സമാദരിക്കാഞ്ഞതിനാൽ, രാഷ്ട്രം സ്വേച്ഛാധിപത്യത്തിലേക്കു കാൽവച്ചു. മതനിബന്ധനകളോടുള്ള അനാദരവു പൂജ്യത്തിലേക്കു താണുപോയതുകൊണ്ട്, എല്ലായിടത്തും സ്വേച്ഛാധിപത്യം വന്നിരിക്കുന്നുവെന്നു ഡൊണോസോ അനുമിച്ചു. മനുഷ്യനെ ഒന്നുകിൽ ദൈവം ഭരിക്കണം; അല്ലെങ്കിൽ ഭൂപതി ഭരിക്കണം; അല്ലെങ്കിൽ രണ്ടുപേരുംകൂടി ഭരിക്കണം. ദൈവത്തെ ജീവിതത്തിൽ നിന്നു മാറ്റിക്കളഞ്ഞു; അങ്ങനെയുണ്ടായ ഒഴിവിൽ സീസർ ഓടിക്കയറിയിരിക്കുന്നു.

ലിബറൽവാദികൾ ഇതുവരെ വാദിച്ചിരുന്നതു തിരുസ്സഭ, മനുഷ്യവർഗ്ഗത്തിന്റെ കഴുത്തിൽ കെട്ടി

ത്തുക്കിയിട്ടിരിക്കുന്ന ഒരു ആൽബട്രോസ് പക്ഷിയാണെന്നാണ്. ലിബറലിസം മനുഷ്യനു സ്വാതന്ത്ര്യം പ്രദാനംചെയ്യുന്നതിനു പകരം സോഷ്യലിസവും സേച്ഛാധിപത്യവുമാണു നല്കുന്നതെന്നു ഡൊണോസോ ആവർത്തിച്ചു പറയുവാൻ തുടങ്ങിയപ്പോൾ, തങ്ങളുടെ നിലപാട് വിശദീകരിക്കുവാൻ ലിബറൽ വാദികൾ നിർബ്ബന്ധിക്കപ്പെട്ടു. ഡൊണോസോയുടെ കാലത്തിനു മുമ്പു കത്തോലിക്കാവ്യവഹാരകർ സ്ഥാപിക്കേണ്ടിയിരുന്ന, തിരുസ്സഭ പുരോഗമനവിരോധിയല്ലെന്ന്. ഡൊണോസോയുടെ കാലശേഷം ലിബറൽവാദികൾ തെളിയിക്കേണ്ടിവന്നു, മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ളതാണു പുരോഗമനമെന്നും, തങ്ങളുടെ അടിസ്ഥാനതത്വങ്ങൾ സാധുവാണെന്നും. ഈ കളിയിൽ ഡൊണോസോ പന്തു പിടിച്ചെടുത്തു കത്തോലിക്കരുടെ കൈയിലാക്കി; ലിബറൽവാദികൾ, ഇനി എതിർത്തുകൊണ്ടിരുന്നാൽ മതിയാകയില്ലെന്നു മനസ്സിലാക്കി. തങ്ങളുടെ നിലപാട് ന്യായീകരിക്കുവാൻ നിർബ്ബന്ധിതരുമായി.

സമകാലികപരിഷ്കാരത്തെ ചരിത്രപരമായി സമീപിച്ചും, ലിബറലിസം പഴയ തെറ്റുകളുടെയെല്ലാം സമാഹാരമാണെന്നു വിശദീകരിച്ചുമാണു ഡൊണോസോ ഈ വിജയം നേടിയതു്. ഓരോ മനുഷ്യനിലും സമുദായത്തിലും നടക്കുന്ന നന്മയും തിന്മയും തമ്മിലുള്ള മത്സരമാണു ചരിത്രപരമായി അദ്ദേഹം ഭാവനംചെയ്തതു്. മനുഷ്യന്റെ ആ മത്സരമാണു ചരിത്രത്തിന്റെ ചുവപ്പുനൂൽ. തിന്മയിലേക്കുള്ള സ്വാഭാവികമായ വാസനയുടേയും, വരപ്രസാദം വഴി ദൈവം അവനു് അരുളുന്ന രക്ഷയുടേയും വിവരണമാണു ചരിത്രം. ഡൊണോസോ പറയുന്നു: "തിന്മ നന്മയുടെമേൽ സ്വാഭാവികമായി വിജയം നേടു

ന്നതും, ദൈവം തിന്മയെ ജയിക്കുന്നതുമാണ്" എന്നെറ തത്വസംഹിതയുടെ കഴമ്പ്". വഞ്ചകരായ ആധുനിക തത്വശാസ്ത്രജ്ഞന്മാർ, തങ്ങളുടെ ബാല്യത്തിൽനിന്ന് ഒരിക്കലും ഉയരാത്ത ജനങ്ങളെ മരവിപ്പിക്കുവാൻ ഉപയോഗിക്കുന്ന പുരോഗമനസിദ്ധാന്തങ്ങൾക്കെല്ലാം ചുട്ടയടിയാണിതു".” ചരിത്രത്തിലെ പ്രധാനസംഭവങ്ങൾ രണ്ടാണു": ആദത്തിന്റേയും ഹവ്വായുടേയും ഉത്ഭവപാപവും, രക്ഷണകൃത്യത്തിൽ ദൈവം നേരിട്ടെടുക്കുന്ന പങ്കും. ഉത്ഭവപാപം ലോകത്തിലുള്ള തിന്മ എവിടെനിന്നുണ്ടായെന്നു കാണിക്കുന്നു. മനുഷ്യനും സമുദായത്തിനും തിന്മയെ എങ്ങനെ ജയിച്ചടക്കാമെന്നു രക്ഷണകൃത്യം വിശദമാക്കുന്നു.

ചരിത്രത്തിലെ ഈ രണ്ടു വസ്തുതകളും നിഷേധിക്കുന്നതിനു ഡൊണോസോ ലിബറൽവാദികളെ കുറപ്പെടുത്തുന്നു. ഉത്ഭവപാപം അവർ നിഷേധിക്കുന്നതുകൊണ്ടു സകല മനുഷ്യരും അമലോത്ഭവരാണെന്നാണു ലിബറൽവാദികളുടെ ഭാവം. മനുഷ്യരെല്ലാം നല്ലവരാണെന്നും, സാഹചര്യങ്ങളും മാത്രമേ മോശമുള്ളുവെന്നും, പക്ഷികളും പുഷ്പങ്ങളും സുഗന്ധദ്രവ്യങ്ങളും അടങ്ങിയ ഒരു സാഹചര്യമുണ്ടായാൽ പാപം ഉണ്ടാകയില്ലെന്നും, ഭൂമിയിൽത്തന്നെ സ്വർഗ്ഗം സ്ഥാപിതമാകുമെന്നും ലിബറൽവാദികൾ പ്രസ്താവിക്കുന്നു. ഡൊണോസോയ്ക്ക് ഇതു വെറും ബുദ്ധിഹീനതയായിട്ടാണു തോന്നിയതു". മനുഷ്യർ തിന്മയിലേക്കും അബദ്ധങ്ങളിലേക്കും ചാഞ്ഞാണു നില്ക്കുന്നതെന്നും, ജന്മപാപത്തെപ്പറ്റിയുള്ള കത്തോലിക്കാപ്രബോധനങ്ങൾ കൊണ്ടു മാത്രമേ ഈ ഭീഷിച്ച വാസനയുടെ ഉത്ഭവം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളുവെന്നും, എല്ലാ തിന്മയുടേയും അടിസ്ഥാനമായ പാപത്തിനുള്ള കാര്യക്ഷമമായ പ്രതിവിധി കത്തോലിക്കാസഭ നല്കുന്ന

കൂട്ടാളികളാണെന്നും അദ്ദേഹം തീവ്രമായി ആവർത്തിച്ചുകൊണ്ടിരുന്നു. നല്ല സാഹചര്യങ്ങൾ സൃഷ്ടിച്ചു മനുഷ്യനെ നിർഭാഗ്യത്തിൽനിന്നും തിന്മയിൽനിന്നും അകറ്റിനിറുത്താമെന്നു കരുതി ലിബറൽവാദികൾ ചെയ്യുന്ന പരിശ്രമങ്ങൾ വ്യർത്ഥങ്ങളാണ്. കുരിശുമരണംവഴി ക്രിസ്തുനാഥൻ മനുഷ്യരെ രക്ഷിച്ചുവെന്നുള്ള തത്വം ലിബറൽവാദികൾ നിഷേധിക്കുന്നതുകൊണ്ടു ജീവന്റെ ഉല്പത്തിസ്ഥാനത്തിൽനിന്നുതന്നെ മനുഷ്യനെ വെട്ടിമാറ്റുന്നു; അങ്ങനെ തിന്മയെ ജയിക്കാനുള്ള മാർഗ്ഗത്തിൽനിന്നു അവനെ നീക്കി ഭ്രമിയിൽ തൃപ്തികരമായ ജീവിതം നയിക്കുവാനുള്ള സാദ്ധ്യതയുംകൂടെ ഇല്ലാതാക്കുന്നു.

ലോകത്തിന്റെ നാശങ്ങൾക്കു ലിബറലിസം നിർദ്ദേശിക്കുന്ന പ്രതിവിധികൾ തെറ്റാണെന്നു ഡൊണോസോ സമർത്ഥിക്കുന്നു. മനുഷ്യനെപ്പറ്റിയുള്ള അടിസ്ഥാനതത്വങ്ങൾതന്നെ അബദ്ധങ്ങളാകയാൽ അവർ നിർദ്ദേശിക്കുന്ന പ്രതിവിധികളോരോന്നും കുഴപ്പം വർദ്ധിപ്പിക്കുകയേ ഉള്ളു. ഉറച്ച സത്യത്തിൽനിന്നു ലിബറൽവാദികൾ അകന്നു കഴിഞ്ഞു. ശരിയായ മൂല്യങ്ങൾ വിസ്മരിച്ചു, താങ്ങിനിറുത്താൻപാടില്ലാത്ത സിദ്ധാന്തങ്ങളിന്മേൽ, അബദ്ധങ്ങളാകുന്ന ഇഷ്ടികകൾകൊണ്ട്, അവർ വീണ്ടും ബാബേൽകോട്ട നിർമ്മിക്കുകയാണ്. ലിബറൽവാദികളായ രാഷ്ട്രതന്ത്രജ്ഞന്മാരുടേയും തത്വശാസ്ത്രജ്ഞന്മാരുടേയും കീഴിൽ അഭ്രതപൂർവ്വമായ അബദ്ധങ്ങളാണു പ്രചരിച്ചിരിക്കുന്നതെന്നു ഡൊണോസോ വാദിച്ചു. "പുസ്തകങ്ങളിലും, സ്ഥാപനങ്ങളിലും, നിയമങ്ങളിലും, മാസികകളിലും, പ്രസംഗങ്ങളിലും, സംഭാഷണങ്ങളിലും, സന്ദർശനമുറിയിലും, ക്ലബ്ബിലും, വീട്ടിലും, തെരുവീഥിയിലും പറയുന്ന ഓരോ കാര്യ

ത്തിലും ചെയ്യുന്ന ഓരോ പ്രവൃത്തിയിലും അഭേദ്യം കാണാം" എന്നാണ ഡൊണോസോ എഴുതിയിരിക്കുന്നതു്. ലിബെറലിസത്തിനു് ഈ തെറ്റുകൾ തിരുത്തുവാൻ സാധിക്കുകയില്ല; എന്തുകൊണ്ടെന്നാൽ തെറ്റായ സ്ഥാനത്താണു് അവർ ഭേദഗതി കണ്ടെത്താമെന്നു വിചാരിക്കുന്നതു്. സാമ്പത്തികപരിഷ്കാരം കൊണ്ടുമാത്രം തെറ്റുകൾ നീങ്ങുകയില്ല. ഒരു മന്ത്രിസഭയ്ക്കു പകരം വേറൊരു മന്ത്രിസഭ വരുന്നതുകൊണ്ടും വിശേഷമില്ല. തിന്മയുടെ വാസസ്ഥലം മനുഷ്യൻ തന്നെയായതുകൊണ്ടു മനുഷ്യനിൽത്തന്നെ ഭേദഗതി ഉണ്ടാകണം. പ്രസംഗസ്വാതന്ത്ര്യവും പ്രസിദ്ധീകരണസ്വാതന്ത്ര്യവും സാമുദായികപരിഷ്കാരം സാധിക്കയില്ല; കാരണം തിന്മയുടെ പ്രചരണത്തിനു് ഇവ മാർഗ്ഗം വെട്ടിത്തെളിക്കുന്നതേയുള്ളൂ. വ്യാപാരസ്വാതന്ത്ര്യം ദരിദ്രജനങ്ങളെ തള്ളിമാറ്റാൻ ശക്തർക്കു കൂടുതൽ ശക്തി പ്രദാനംചെയ്യുന്നു. ലിബറൽവാദികളുടെ ഈദ്ദശപ്രതിവിധികൾ അവർ പരിഹരിക്കുവാൻ ശ്രമിക്കുന്ന തിന്മയേക്കാൾ മോശമാണു്.

ലിബറൽവാദികളുടെ പുരോഗമനസിദ്ധാന്തത്തിനു കടകവിരുദ്ധമായ ഒരു ചരിത്രസിദ്ധാന്തം ഡൊണോസോ ഉന്നയിക്കുകയുണ്ടായി. തുർഗോട്ടിനേയും കണ്ടോർച്ചെറിനേയും അടിസ്ഥാനപ്പെടുത്തി ലിബറൽവാദികൾ പ്രസ്താവിച്ചു, മനുഷ്യൻ അന്ധവിശ്വാസസമ്പുഷ്ടമായ ദൈവശാസ്ത്രത്തിൽനിന്നു വൈശേഷികത്തിൽക്കൂടെ ശാസ്ത്രീയയുക്തിവാദത്തിൽ വന്നു സ്ഥാനംപിടിച്ചിരിക്കയാണെന്നു്. നേരേമറിച്ചു ഡൊണോസോയുടെ അഭിപ്രായം, യൂറോപ്പു മുഴുവനും കത്തോലിക്കാവിശ്വാസം ആശ്ലേഷിച്ച മദ്ധ്യയുഗത്തിൽ യൂറോപ്യൻ സംസ്കാരം അത്യുച്ചിയിലെത്തിയെന്നും, പതിനാറാം ശതാബ്ദം മുതൽ

യൂറോപ്പിനു നിരന്തരമായ അധഃപതനമാണുണ്ടായതെന്നുമത്രേ. പ്രോട്ടസ്റ്റൻറവിപ്ലവം മൂലവും പതിനെട്ടാം ശതാബ്ദത്തിലെ ലൗകായതികചിന്താഗതി നിമിത്തവും യൂറോപ്പു, തത്വശാസ്ത്രജ്ഞന്മാരുടെ യുക്തിവാദസംസ്കാരവും കത്തോലിക്കാസംസ്കാരവും എന്നിങ്ങനെ പൊരുത്തമില്ലാത്ത രണ്ടു സംസ്കാരങ്ങളുടെ നികേതനമായി എന്നു ഡൊണോസോ വാദിച്ചു.

ലിബറൽസംസ്കാരത്തെ കത്തോലിക്കാസംസ്കാരത്തിൽനിന്നു വേർതിരിക്കുന്ന എത്രയും വ്യക്തമായ ഒരു രേഖ അദ്ദേഹമിട്ടു. ആ ശതാബ്ദത്തിലെ വേറൊരു തുലികാകാരനും ഇതു സാധിച്ചിട്ടില്ല. കത്തോലിസിസവും ലിബറലിസവും തമ്മിലുള്ള അന്തരം ഡൊണോസോയുടെ എല്ലാ ചിന്തകളിലുമൊന്നുപോലെ വളരെ തെളിഞ്ഞുതന്നെ കിടന്നു—ഒന്നു വെളുത്തതും ഒന്നു കറുത്തതും. ലിബറലിസത്തിൻെറ ചിന്താഗാരത്തിൽ ഏതെങ്കിലും സത്യമുണ്ടെന്നു സമ്മതിക്കുവാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. ബെർലിനിൽനിന്നു മോണ്ടലമ്പെറിനു ഡൊണോസോ ഇപ്രകാരമെഴുതി: "ഈ രണ്ടു സംസ്കാരങ്ങൾക്കും ഇടയിൽ ഒരു അഗാധഗർത്തം സ്ഥിതിചെയ്യുന്നുണ്ട്"; പൂർണ്ണമായ ഒരു വൈരുദ്ധ്യം. ഒന്നു് അബദ്ധവും ഒന്നു സത്യവും; ഒന്നു തിന്മയും ഒന്നു നന്മയുമാണു്. അവയിൽനിന്നു് ഒന്നു ശരിയായി തിരഞ്ഞെടുക്കണം. ഒന്നു തിരഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ അതിനെ എവിടെയും പ്രകീർത്തിക്കണം; മറേറതിനെ എവിടെയും ഭത്സിക്കണം.... ....കത്തോലിക്കാസംസ്കാരത്തിൽ തിന്മയുടെ കലർപ്പു കൂടാത്ത നന്മയുണ്ടെന്നും, യുക്തിവാദസംസ്കാരത്തിൽ നന്മയുടെ കലർപ്പില്ലാത്ത തിന്മ മാത്രമേയുള്ളുവെന്നും ഞാൻ വിശ്വസിക്കുന്നു." ലിബറൽവാദികൾ തനി അബദ്ധംതന്നെ സ്വീകരിക്കുന്നതിനും, അബദ്ധത്തി

മേൽ രാഷ്ട്രീയവും സാമുദായികവുമായ പദ്ധതികൾ കെട്ടിപ്പടുക്കുന്നതിനും ഡൊണോസോ അവരെ കുറ്റപ്പെടുത്തി. അറിഞ്ഞോ അറിയാതെയോ തിന്മയെ അന്വേഷിക്കുന്നതിനും, മാനുഷികപ്രവൃത്തികളുടെ ലക്ഷ്യമാക്കിക്കൊണ്ട് ആധുനികസംസ്കാരത്തിന്റെ ചട്ടക്കൂട്ടിൽ അതിനെ ചേർത്തു കെട്ടുന്നതിനും ലിബറൽവാദികളെ അദ്ദേഹം ആക്ഷേപിച്ചു.

ലിബറലിസത്തിന്റെ സന്താനം, സോഷ്യലിസം

മിക്ക കത്തോലിക്കരും വിശ്വാസവും ആധുനിക പരിഷ്കാരവും തമ്മിൽ പൊരുത്തം കണ്ടെത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ലിബറലിസത്തിനെതിരായി ഡൊണോസോ ഉറച്ചു ഒരു നിലസ്വീകരിച്ചതു് അദ്ദേഹം സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ ദൈവശാസ്ത്രത്തിന്റെ പ്രകാശത്തിൽ നിരീക്ഷണംചെയ്തതുകൊണ്ടാണു്. ലിബറലിസത്തിന്റേയും സോഷ്യലിസത്തിന്റേയും ദൈവശാസ്ത്രാധിഷ്ഠാനം അന്വേഷിക്കുവാൻ തുടങ്ങിയതാണു് ഒരുവിധത്തിൽ ഡൊണോസോയുടെ വലിയ നേട്ടം. ഇങ്ങനെ ഡൊണോസോ അന്നത്തെ ജീവൽപ്രശ്നങ്ങളെ ഉയർന്ന ഒരു തലത്തിൽ കയറ്റിവച്ചു. അവിടെ സാരാംശത്തിലുള്ള വ്യത്യാസങ്ങളും കാണുവാനും, കൃത്യമായ തീരുമാനങ്ങളും എടുക്കുവാനും എളുപ്പമായിരുന്നു. കത്തോലിക്കരും ലിബറൽവാദികളും സോഷ്യലിസ്റ്റുകാരും മുൻകാലങ്ങളിൽ കൂലിയെപ്പറ്റിയും തൊഴിലാളികളുടെ അവശതകളെപ്പറ്റിയും വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു; എന്നാൽ കൂടുതൽ കുഴപ്പവും അസ്പഷ്ടതയുമായിരുന്നു ഫലം. ഡൊണോസോ കോർട്ടെസ്സ് സാമുദായികവും

സാമ്പത്തികവുമായ പ്രശ്നങ്ങളുടെ മതാത്മകവശം പരിശോധിച്ചുകൊണ്ടു ലിബറലിസത്തിലും സോഷ്യലിസത്തിലും അന്തർലീനമായിരുന്ന ദൈവശാസ്ത്രപരമായ അബദ്ധങ്ങളും ഉയർത്തിക്കാണിച്ചു.

ഈ ചർച്ചയിൽ പത്തൊമ്പതാം ശതാബ്ദത്തിൽ നിലവിലിരുന്ന ചിന്താഗതികൾക്കെതിരായിട്ടാണു ഡൊണോസോ മാർച്ചുചെയ്തതു്. മതം ഒരു രഹസ്യകാര്യമാണെന്നും, ഒരു മനുഷ്യൻ ഈശ്വരനെപ്പറ്റി വിശ്വസിക്കുന്നതും വിചാരിക്കുന്നതും അവന്റെ ഭൗമികവും സാമൂഹ്യികവുമായ പ്രവർത്തനങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നുമായിരുന്ന ലിബറൽ വാദികളുടെ സിദ്ധാന്തം. ഞായറാഴ്ചദിവസത്തെ മതാചരണവും ആഴ്ചവട്ടത്തിലെ ലൗകായതികതയും നീതീകരിക്കുന്നതിനു ലിബറൽവാദികളുടെ സിദ്ധാന്തം പല കത്തോലിക്കർക്കും പ്രിയംകരമായിരുന്നു. അതിനാൽ ലിബറൽവാദികൾക്കും മിക്ക കത്തോലിക്കർക്കും ഇഷ്ടമില്ലാത്ത ഒരു പ്രശ്നമാണു ഡൊണോസോ ഉന്നയിച്ചതു്. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിനു മൗലികമായി ഒരു കുറവുമില്ലായിരുന്നു; പ്രായോഗികമായി വീക്ഷിക്കുകയാണെങ്കിലും യാതൊരു കുഴപ്പവുമില്ലെന്നു ചിന്തകരെല്ലാം ഇന്നു സമ്മതിക്കുന്നുണ്ടു്. ഉൽകൃഷ്ടവർഗ്ഗത്തിനു ലിബറൽവാദികൾ നല്കിയ അർച്ചന നാസിസത്തിന്റെ ഉത്ഭവത്തിനും, മാമോനു നല്കിയ വണക്കം തൊഴിലാളികളുടെ കഷ്ടപ്പാടിനും കാരണമായി.

ഡൊണോസോയുടെ ചിന്തയിൽ മതം വെറും ഒരു രഹസ്യകാര്യമല്ല. അതു് ഒരു സംസ്കാരത്തിന്റെ സാരവും, ഒരു പരിഷ്കാരത്തിന്റെ അടിസ്ഥാനവുമാണു്. യൂറോപ്യൻ സംസ്കാരം കത്തോലിക്കാവി

ശാസത്തിന്റെ ഫലമാണെന്നു തെളിയിക്കുവാൻ അദ്ദേഹം പക്ഷങ്ങൾ പലതു വിനിയോഗിച്ചിട്ടുണ്ടു്. ഡമയിസ്സുടെ പാദങ്ങളെ പിഞ്ചെന്നുകൊണ്ടു ഡൊണോസോ കൂടുതൽ ശക്തിമത്തായി വാദിക്കുന്നു, കത്തോലിക്കാവിശ്വാസം കൂടാതെ യൂറോപ്യൻ സംസ്കാരം ഉണ്ടാകയില്ലായിരുന്നുവെന്നു്. തിരുസ്സഭയെ അവഗണിക്കുന്നതുമൂലം യൂറോപ്പു്, പേഗൻജാതികളുടെ കാട്ടാളത്തത്തിലേക്കു താണുപോകയാണെന്നു പ്രസ്താവിച്ചുകൊണ്ടു ഡൊണോസോ തന്റെ വാദമുഖം സമാപിക്കുന്നു. മാർപ്പാപ്പാ തിരുമേനിയെ റോമയിൽനിന്നു പലായനംചെയ്യിക്കുകയും, പല യൂറോപ്യൻ തലസ്ഥാനങ്ങളിലെ ദൈവാലയങ്ങളെ അശുദ്ധമാക്കുകയും ചെയ്ത 1848-ലെ വിപ്ലവത്തെ ഡൊണോസോ വ്യാഖ്യാനിക്കുന്നതു മേല്പറഞ്ഞവിധത്തിലാണു്.

ലിബറൽവാദികൾ ദൈവപരിപാലനയെ നിഷേധിക്കുന്നതുമൂലം അടിസ്ഥാനമില്ലാതെ പരിഷ്കാരസൗധം നിർമ്മിക്കുകയാണു് എന്നു ഡൊണോസോ വാദിക്കുന്നു. സൃഷ്ടിക്കുന്ന ഒരു ശക്തിയുണ്ടായിരിക്കാമെന്നു് അവർ കരുതുന്നുണ്ടെങ്കിലും ആ ശക്തിക്കു വ്യക്തിത്വമുണ്ടെന്നോ, സൃഷ്ടികളുടെ പ്രവർത്തനങ്ങളിൽ അവിടുന്നു പങ്കെടുക്കുമെന്നോ അവർ സമ്മതിക്കാത്തതിനാൽ, ലിബറലിസം കത്തോലിക്കാവിശ്വാസത്തിനും നിരീശ്വരത്വത്തിനും മധ്യേയാണു നില്ക്കുന്നതു്. ഇതു് അവ്യക്തമായ ഒരു നിലയാണു്. അതിൽനിന്നു പിന്തിരിഞ്ഞു കത്തോലിക്കരുടെ ദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ, അവർ ക്രമേണ സോഷ്യലിസ്റ്റുകാരുടെ നിരീശ്വരത്വം സ്വീകരിക്കാതിരിക്കയില്ല. ലിബറലിസം അതിന്റെ തത്വങ്ങളെ അവയുടെ പൂർണ്ണവ്യാപ്തിയിൽ പരിശ

ണിച്ചു്, സകല അന്ധമാനങ്ങളും എടുത്തിരുന്നില്ലെന്നുള്ളതാണു ഡൊണോസോയുടെ എതുയും ശക്തിമത്തായ ആക്ഷേപം. അതിനാൽ ലിബറലിസം ഭൂതകാലത്തിലെ യഥാർത്ഥ ക്രിസ്തീയവിശ്വാസത്തിനും, വരാനിരിക്കുന്ന സോഷ്യലിസത്തിനും മദ്ധ്യേയുള്ള ഒരു താൽക്കാലിക സിദ്ധാന്തമായിരിക്കുമെന്നു് അദ്ദേഹം വാദിച്ചു. ലിബറലിസം തിന്മയെ മനുഷ്യനിൽ കാണുന്നതിനുപകരം, സാമൂഹ്യികസ്ഥാപനങ്ങളിൽ ദർശിച്ചതുകൊണ്ടു് അക്രമം പ്രയോഗിച്ചു സമൂഹത്തെ തകർക്കുന്നതിനുള്ള മാർഗ്ഗം സോഷ്യലിസത്തിനു തുറന്നുകൊടുത്തു. ലിബറലിസത്തിൽ അന്തർലീനമായിരുന്ന അജ്ഞേയവാദം സോഷ്യലിസത്തിലെ നിരീശ്വരത്വത്തിനു മാർഗ്ഗം തെളിച്ചു. സാമ്പത്തികപ്രശ്നങ്ങൾക്കു ലിബറലിസം കൊടുത്ത പ്രാധാന്യം ധനത്തെപ്പറ്റിയുള്ള മൗലികതത്വങ്ങളെ അടിപറിക്കുകയും, അങ്ങനെ സോഷ്യലിസ്റ്റുകാരുടെ ധനവ്യവസ്ഥിതിക്കു വഴിതുറക്കുകയുംചെയ്തു. അതിന്റെ സ്വാർത്ഥത സ്വകാര്യഉടമ നിഷേധിക്കുന്നതിനു സോഷ്യലിസ്റ്റുകാക്കു സന്ദർഭം നല്കി. അതിന്റെ അരാജകത്വം സർവ്വാധിപത്യസോഷ്യലിസ്റ്റുരാഷ്ട്രങ്ങളെ രൂപവല്കരിക്കുന്നതിനു് ഇടവരുത്തി. അവസാനമായി ഡൊണോസോ പറയുന്നു: "ലിബറൽവാദം ഒരേസമയത്തുതന്നെ അന്ധകാരത്തിന്റേയും പ്രകാശത്തിന്റേയും ശത്രുവാണു്. പ്രകാശമുള്ള നാട്ടകത്തിനും ഇരുൾനിറഞ്ഞയിടങ്ങൾക്കും മദ്ധ്യേ, നിത്യമായ അന്ധകാരത്തിനും ദിവ്യമായ ചക്രവാളത്തിനും മദ്ധ്യേ, എന്തൊരു സന്ധ്യാവെളിച്ചമാണാവോ അവർ തിരഞ്ഞെടുത്തിരിക്കുന്നതു്?.....ലിബറലിസത്തിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു."

ഇങ്ങനെ, ലിബറലിസത്തിന്റെ ഫലമായി സോഷ്യലിസം വരുന്നതു ഡൊണോസോ കണ്ടു. ലിബറലിസത്തിന്റെ സാമ്പത്തികതത്ത്വശാസ്ത്രം സ്വീകരിക്കുകയാണെങ്കിൽ റോബർട്ട് ഓവൻ, സെന്റ് സൈമൺ തുടങ്ങിയ സോഷ്യലിസ്റ്റുകാരുടെ അനുമാനങ്ങളും സ്വീകരിക്കേണ്ടിവരുമെന്നു് അദ്ദേഹം വാദിച്ചു. ആദർശത്തിലല്ല, ധൈര്യത്തിൽ മാത്രമേ രണ്ടുകൂട്ടരും തമ്മിൽ വ്യത്യാസമുള്ളുവെന്നായിരുന്നു ഡൊണോസോയുടെ വാദം. ലിബറൽസിദ്ധാന്തത്തിന്റെ അനുമാനങ്ങളും മാത്രമേ സോഷ്യലിസ്റ്റുകാർ സ്വീകരിക്കുകയുള്ളൂ. സിംഹക്കുഞ്ഞു് എങ്ങനെ പെൺസിംഹത്തിന്റെ കുട്ടിയായിരിക്കുന്നുവോ, അപ്രകാരംതന്നെ സോഷ്യലിസം ലിബറലിസത്തിന്റെ ശിശുവാണെന്നു ഡൊണോസോ വ്യക്തമാക്കി. ലിബറലിസമാകുന്ന അബദ്ധസിദ്ധാന്തത്തിന്റെ പരിണതഫലമായതുകൊണ്ടു സോഷ്യലിസം കൂടുതൽ വിനാശകരംതന്നെ. എന്നുവരികിലും സോഷ്യലിസ്റ്റുകാരുടെ ധീരതയേയും, തങ്ങളുടെ സിദ്ധാന്തങ്ങളിൽനിന്നുള്ള അനുമാനങ്ങളെ സ്വീകരിക്കുന്നതിൽ അവർ പ്രകാശിപ്പിച്ച ആത്മാർത്ഥതയേയും ഡൊണോസോ സമാദരിച്ചു. "പ്രശ്നങ്ങളെ ഉന്നയിക്കുന്നതിലും പ്രതിവിധികളെ കണ്ടുപിടിക്കുന്നതിലും ഒരു പ്രത്യേകപാടവമുണ്ടു സോഷ്യലിസ്റ്റുകാക്കു്" എന്നു ഡൊണോസോ പ്രസ്താവിച്ചിരിക്കുന്നു. ഇത്തരം ഒരു പ്രശംസ ലിബറൽവാദികൾക്കു് ഒരിക്കലും അദ്ദേഹം കൊടുത്തിട്ടില്ല; അവരോടു് എപ്പോഴും അദ്ദേഹത്തിനു പുച്ഛമേയുള്ളൂ. നന്മതിന്മകളുടെ സ്വഭാവം ലിബറലിസത്തിനു് അറിഞ്ഞുകൂടാ. ദൈവത്തേയോ, മനുഷ്യനെപ്പറ്റിതന്നെയോ, അവൾക്കു യാതൊരു ബോധവുമില്ല. വിശ്വാസസത്യങ്ങളൊന്നും സ്വീകരിക്കാത്തതു

കൊണ്ടു നന്മയ്ക്കു സാദ്ധ്യതയില്ല; അതറിയാതെതന്നെ നാശത്തിനു് അതു വിധിക്കപ്പെട്ടിരിക്കുന്നു. കരേത്താലിക്കാ തുറമുഖങ്ങളിലോ സോഷ്യലിസ്റ്റ് തീരങ്ങളിലോ ചെന്നു ചേരത്തക്ക ഒരു കപ്പലിൽ അതു കയറിയിരിപ്പാണു്.”

“സോഷ്യലിസ്റ്റ്കാർ മഹാപ്രശ്നങ്ങളെ നേരിട്ടു് അഭിമുഖീകരിക്കുന്നതുകൊണ്ടും, ക്ലിപ്തവും സുവ്യക്തവുമായ ഒരു തീരുമാനം നല്കുന്നതുകൊണ്ടും, ലിബറൽ വാദികളേക്കാൾ ശ്രേഷ്ഠരാണു്” എന്നതേ ഡൊണോസോ ഒരിക്കൽ എഴുതിയിട്ടുള്ളതു്. സോഷ്യലിസ്റ്റുകാരുടെ ധൈര്യത്തെ അദ്ദേഹം അഭിനന്ദിച്ചിരുന്നു; എന്നാൽ പരസ്പരവിരുദ്ധമായ പ്രബോധനങ്ങൾ നല്കുന്നതിനു് അവരെ കുറ്റപ്പെടുത്തുകയും ചെയ്തിരുന്നു. സ്വതന്ത്രമനസ്സു നിഷേധിച്ചിരുന്ന സോഷ്യലിസ്റ്റുകാർ നന്മതിന്മകളെപ്പറ്റി പ്രതിപാദിക്കുന്നതു് അദ്ദേഹത്തിനു് അത്യത്ഭുതകരമായിത്തോന്നി. റോബർട്ടു് ഓവനെപ്പറ്റി അദ്ദേഹം ഇപ്രകാരമെഴുതി: “നമ്മുടെ ഈ ഗ്രന്ഥകർത്താവു നിരുത്തരവാദികളായ മനുഷ്യർക്കു് ഒരു സമുദായവും, ഒരു ഗവൺമെൻറും രൂപവല്ക്കരിക്കുവാൻ ബദ്ധപ്പെട്ടാലുള്ള കാണുമ്പോൾ, ഭോഷത്തരം പോയി അചിന്ത്യമായ വിലക്ഷണമായിത്തീരുന്നു.” ഉത്തരവാദവും സ്വാതന്ത്ര്യവുമില്ലാത്തവരും, സ്നേഹിക്കുവാനോ നീതിപ്രവർത്തിക്കുവാനോ കാരുണ്യം കാണിക്കുവാനോ കഴിവില്ലാത്തവരുമായ മനുഷ്യരോടു്, കാരുണ്യവും നീതിയും സ്നേഹവും പ്രകാശിപ്പിക്കുവാൻ ഉപദേശിക്കുന്ന ഓവന്റെ അമിതമായ ധാരാളത്തരത്തെ ഡൊണോസോ നിശിതമായി ആക്ഷേപിക്കുന്നു.

തത്വത്തിൽ അങ്ങേയറ്റത്തെ സ്വാതന്ത്ര്യത്തെപ്പറ്റി പ്രസംഗിക്കുകയും, എന്നാൽ പ്രയോഗത്തിൽ കടുത്ത സേച്ഛാധിപതിയായി കഴിയുകയും ചെയ്യുന്ന സോഷ്യലിസ്റ്റ് സമ്പ്രദായത്തെയാണ് ഡൊണോസോ കൂടുതൽ എതിർക്കുന്നത്. രാഷ്ട്രം ആവശ്യമില്ലെന്നു പ്രസംഗിക്കുന്നതോടൊപ്പം, സർവ്വാധിപത്യരാഷ്ട്രം സ്ഥാപിക്കുവാൻ രഹസ്യമായി പണിതുകൊണ്ടിരിക്കുന്നതിനും സോഷ്യലിസ്റ്റുകാരെ ഡൊണോസോ കുറ്റപ്പെടുത്തി. പ്രൗഢമായ അദ്ദേഹം ഇങ്ങനെ കുറ്റപ്പെടുത്തുന്നു: "അദ്ദേഹം സ്വാതന്ത്ര്യത്തേയും സമത്വത്തേയും പുറന്തള്ളുകയും, സേച്ഛാധിപത്യം സ്ഥാപിക്കുകയും, അരാജകത്വത്തെ ഇഷ്ടപ്പെടുന്നുവെന്നു പ്രസ്താവിക്കുകയും അതേസമയം ഗവൺമെൻറുണ്ടാക്കുവാൻ വിശപ്പും ദാഹവുമായി കഴിയുകയും ചെയ്യുന്നു." സോഷ്യലിസ്റ്റുകാരുടെ സേച്ഛാധിപത്യം ആദർശപരമാണെന്നു സമ്മതിച്ചാൽത്തന്നെയും അതു മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന സമ്പ്രദായമാണ്. സോഷ്യലിസ്റ്റ് സമ്പ്രദായം വളരെ പന്നികളെ വളർത്തിക്കൊണ്ടിരിക്കുന്ന ഒരു വലിയ വയലിനോടു് ഉപമിക്കാമെന്നു ഡൊണോസോ പറയുന്നു. അവിടെ എല്ലാ പന്നികളേയും നല്ല കൂട്ടിലിട്ടു നല്ല തീറ്റകൊടുത്തു ശാസ്ത്രീയമായി ചികിത്സിച്ചു വളരെ ആർദ്രതയോടുകൂടെ വളർത്തിക്കൊണ്ടുവരുന്നു. അങ്ങനെ പന്നിയെപ്പോലെ മനുഷ്യനെ വളർത്താനാണു സോഷ്യലിസം ഉദ്ദേശിക്കുന്നതു്.

പ്രതിവിധി എന്താണു്?

താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ രോഗങ്ങൾക്കു് എളുപ്പമുള്ള ഒരു പ്രതിവിധി ഡൊണോസോ കണ്ടെത്തിയില്ല. അത്ഭുതപ്രതീക്ഷയേ അദ്ദേഹ

ത്തിനുണ്ടായിരുന്നുള്ളൂ. സ്പാനിഷ്ു് പാർലമെൻറിൽ അദ്ദേഹം ഇപ്രകാരം പ്രസംഗിച്ചു: "നമ്മുടെ രാജ്യം നശിച്ചുകഴിഞ്ഞു. നമ്മുടെ രാജ്യത്തിൻെറ സ്ഥിതി തന്നെയാണു മറു യൂറോപ്യൻ രാജ്യങ്ങളുടേതും..... വ്യക്തികൾക്കു രക്ഷപ്രാപിക്കാം; സമുദായത്തിനു രക്ഷപ്രാപിക്കുവാൻ സാധ്യമല്ല. സമുദായത്തിനു തന്നെത്തന്നെ രക്ഷിക്കുവാൻ സാധിക്കുകയില്ല. രക്ഷിക്കുവാൻ മാർഗ്ഗമില്ലാഞ്ഞിട്ടല്ല, രക്ഷപെടുവാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തുവിൻെറ മക്കളാകുവാൻ നാം ആഗ്രഹിക്കാത്തതുകൊണ്ടും, നാം ഇപ്പോൾ യഥാർത്ഥക്രിസ്ത്യാനികളല്ലാത്തതുകൊണ്ടുമാണു സമുദായത്തിനു രക്ഷയില്ലാതായിരിക്കുന്നതു്. ജീവൻെറ കാതലായ കത്തോലിക്കാചൈതന്യം സകലത്തേയും സജീവമാക്കാത്തതിനാലും, അതു വിദ്യാഭ്യാസത്തിനും ഗവൺമെൻറിനും സാമുദായികസ്ഥാപനങ്ങൾക്കും നിയമങ്ങൾക്കും ആചാരനടപടികൾക്കും ജീവൻ നല്കാത്തതുകൊണ്ടും സമുദായത്തിനു രക്ഷയില്ല."

അധഃപതിച്ച മനുഷ്യസ്വഭാവത്തെപ്പറ്റി ഡൊണോസോയ്ക്കു് ഉണ്ടായിരുന്ന അഭിപ്രായം വളരെ താഴ്ന്നതായിരുന്നതുകൊണ്ടാണു് അദ്ദേഹം ഒരു ദോഷദൃക്കായതു്. അതിസ്വാഭാവികവരപ്രസാദം കൂടാതെ മനുഷ്യനിൽനിന്നു് ഒന്നും പ്രതീക്ഷിക്കാവുന്നതല്ലെന്നായിരുന്ന അദ്ദേഹത്തിൻെറ ദൃഢമായ അഭിപ്രായം. ഡൊണോസോ ഇപ്രകാരമെഴുതിയിരിക്കുന്നു: "കത്തോലിക്കാപരിധികളുടെ പുറമേ നില്ക്കുന്ന മനുഷ്യവർഗ്ഗത്തെക്കാൾ നിന്ദ്യവും നീചവുമായി സൂക്ഷ്മകീഴ്ഞാനൊന്നും കാണുന്നില്ല....ഒരു സ്ത്രീയുടെ ഉദരത്തിൽ ദൈവം മാംസമെടുക്കുകയും മനുഷ്യവർഗ്ഗത്തിനുവേണ്ടി കുരിശിൽ മരിക്കുകയും ചെയ്തില്ലായിരുന്നെ

ങ്കിൽ, ഞാൻ ചവിട്ടിനടക്കുന്ന പുഴുവിനേക്കാൾ നിന്ദ്യമായിട്ടേ മനുഷ്യനെ ഞാൻ കരുതുകയുള്ളു..... ദൈവം വെളിപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ വങ്കന്മാരായ ഈ ജനങ്ങളുടെ കുലീനതയിൽ വിശ്വസിക്കുവാൻ എനിക്കു അസാദ്ധ്യമായേനേ." മനുഷ്യന്റെ അമലോത്ഭവത്തെപ്പറ്റിയുള്ള ലിബറൽവാദികളുടെ സിദ്ധാന്തത്തെസംബന്ധിച്ചു ഈ പ്രസ്താവത്തിൽ പ്രസംഗകസഹജമായ അതിശയോക്തികഥനത്തിനു ഒരു മാജ്ജിനിട്ടുകൊടുക്കാം. എന്നാലും സമുദായത്തിൽ മനുഷ്യനുണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങൾക്കു പരിഹാരം നേടുവാൻ മനുഷ്യസ്വഭാവത്തിനു സ്വയംസാധിക്കുമെന്നു ഡൊണോസോ കരുതിയിരുന്നില്ല.

മനുഷ്യനും സമുദായത്തിനും തിരുസ്സഭയിലല്ലാതെ രക്ഷയില്ലെന്നു് അദ്ദേഹത്തിനു പൂർണ്ണബോദ്ധ്യമായിരുന്നു. സഭയ്ക്കുപുറമേ നിത്യരക്ഷ മാത്രമല്ല ഇല്ലാത്തതു്; യഥാർത്ഥസംസ്കാരംപോലുമില്ല. പതൊമ്പതാം ശതാബ്ദത്തിൽ തിരുസ്സഭയിൽമാത്രമേ ക്രമമുണ്ടായിരുന്നുള്ളുവെന്നും, തിരുസ്സഭയിൽമാത്രമേ സർവ്വേശ്വരനു ശരിയായ സ്ഥാനം കൊടുത്തിരുന്നുള്ളുവെന്നും, ഡൊണോസോ അവകാശപ്പെടുന്നു. തിരുസ്സഭയിൽ മാത്രമേ സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളെപ്പറ്റി ശരിയായി ശ്രദ്ധപതിച്ചിട്ടുള്ളൂ. ആളുകൾക്കും വസ്തുക്കൾക്കും ന്യായമായ വില, അഥവാ പ്രാധാന്യം, തിരുസ്സഭയിൽ മാത്രം കാണും. സൃഷ്ടികളുടെ നാഥനും, ദൈവത്തിന്റെ എളിയ സൃഷ്ടിയുമെന്നനിലയിൽ മനുഷ്യനുള്ള സ്വാതന്ത്ര്യം തിരുസ്സഭയിൽമാത്രമാണുള്ളതു്. ദൈവത്തിന്റെ മക്കളും ക്രിസ്തുനാഥന്റെ സഹോദരരുമെന്നനിലയിലേ സത്യമായ സമത്വവും യഥാർത്ഥമായ സാഹോദര്യവുമുള്ളൂ. പതൊമ്പതാംശതാബ്ദത്തിൽ യഥാർത്ഥ

മായുണ്ടായിരുന്ന ഏകസമുദായം തിരുസ്സഭയാണെന്നും, വിവിധരാഷ്ട്രങ്ങളും യഥാർത്ഥസമുദായങ്ങളെന്ന ചേരിന്നുള്ള അർഹത നഷ്ടപ്പെട്ടതിനെയെന്നുംകൂടി ഡൊണോസോ അഭിപ്രായപ്പെട്ടു.

ആകയാൽ ലിബറൽവാദികളെ ഡൊണോസോ ഇപ്രകാരം ആഹ്വാനംചെയ്തു. തങ്ങളെത്തന്നെ രക്ഷിക്കുവാനും യൂറോപ്യൻസംസ്കാരത്തെ സംരക്ഷിക്കുവാനുമായി എളിമയോടുകൂടെ തിരുസ്സഭയിലേക്കു വരുവിൻ; അല്ലെങ്കിൽ മൂശസങ്കേതമായ സോഷ്യലിസ്റ്റ്വനങ്ങളിൽ അബദ്ധങ്ങളുടേയും നശിച്ച പ്രസ്ഥാനങ്ങളുടേയും മദ്ധ്യേ നിവസിച്ചുകൊള്ളുവിൻ. ഇക്കാര്യത്തിൽ ലിബറൽകത്തോലിക്കരായ മോണ്ടലമ്പെറിൽനിന്നും ഒസാനാമിൽനിന്നും വ്യത്യസ്തമായ ഒരു നിലയാണു ഡൊണോസോ സ്വീകരിച്ചതു്. ഒരു സ്നേഹിതനു് അദ്ദേഹം ഇപ്രകാരമെഴുതി: "ഈ നല്ല കത്തോലിക്കരുടെ രാഷ്ട്രീയപ്രവർത്തനത്തിൽ ഏനിക്കു യാതൊരു വിശ്വാസവും ശരണവുമില്ല. പൊതുസ്ഥാപനങ്ങളും വഴി സമുദായത്തെ നന്നാക്കാനുള്ള അവരുടെ ശ്രമം വ്യർത്ഥമാണു്." മോണ്ടലമ്പെറിനെപ്പോലെ തിരുസ്സഭയും ലിബറൽസമുദായവും തമ്മിൽ സന്ധിയുണ്ടാക്കുവാൻ ശ്രമിക്കുന്നവർ ആധുനികസമുദായം സത്യമായ സ്വാതന്ത്ര്യമെന്തെന്നു് അറിഞ്ഞിട്ടില്ലെന്നുള്ള കാര്യം മനസ്സിലാക്കിയിട്ടില്ലെന്നാണു ഡൊണോസോ വിചാരിച്ചതു്. ആധുനികസമുദായം സ്വാതന്ത്ര്യമെന്തെന്നു് അറിഞ്ഞിട്ടില്ലെന്നു ഡൊണോസോ ഉറപ്പിച്ചുപറഞ്ഞു. ആധുനികസമുദായത്തിനില്ലാത്ത ഒന്നാണു ലിബറൽകത്തോലിക്കർ ആ സമുദായത്തിൽനിന്നു് ആവശ്യപ്പെട്ടതു്. അവർ ആവശ്യപ്പെട്ട കാര്യം കത്തോലിക്കാസഭയിലേ ഉള്ളുവെന്നതും അവർ അറിയുന്നില്ല. അതിനാൽ ആധുനികസമുദായവും തിരുസ്സ

ഭയുംതമ്മിൽ സന്ധിചെയ്യേണ്ടതില്ലെന്നു ഡൊണോ സോ അഭിപ്രായപ്പെട്ടു. സത്യമായിട്ടോ നന്മയായിട്ടോ ആധുനികസമുദായത്തിനു് എന്തെങ്കിലും ഉണ്ടെങ്കിൽ അതു തിരുസ്സഭയിൽനിന്നു സിദ്ധിച്ചതാണു്. കത്തോലിക്കരുടെ ഇടയിൽ എന്തെങ്കിലും അബദ്ധങ്ങളുടെ കലർപ്പുണ്ടെങ്കിൽ അതു് ആധുനികതപംകൊണ്ടു വന്നുചേർന്നിട്ടുള്ളതുതന്നെ. തിരുസ്സഭയും അദ്ദേഹത്തിന്റെ ജീവിതകാലസന്ധിയും തമ്മിൽ യാതൊരു സന്ധിയും സാദ്ധ്യമല്ല. മനുഷ്യൻ ഒന്നുകിൽ കത്തോലിക്കനായിരിക്കണം, അല്ലെങ്കിൽ "ആധുനികൻ" ആയിരിക്കണം; അതായതു് ലിബറൽ അഥവാ സോഷ്യലിസ്റ്റ്.

ഈ സ്പാനിഷ്പ്രഭുവിന്റെ കൃതികൾ യൂറോപ്യൻ കേന്ദ്രങ്ങളിൽ ധാരാളമായി വായിച്ചിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ നിർദ്ദേശം അധികംപേരൊന്നും സ്വീകരിക്കുകയുണ്ടായില്ല. ലിബറൽവാദികളിൽനിന്നും കത്തോലിക്കരിൽനിന്നും പ്രതീക്ഷിക്കാവുന്നതിൽ കൂടുതലാണു് അദ്ദേഹം ആവശ്യപ്പെട്ടതു്. കത്തോലിക്കാതത്വങ്ങൾ പൂർണ്ണമായി സ്വീകരിക്കുവാനും പുണ്യജീവിതം ശരിയായി അഭ്യസിക്കുവാനുമാണു് അദ്ദേഹം ആവശ്യപ്പെട്ടതു്. ദരിദ്രർ ക്ഷമയോടെ സഹിക്കുവാനും, ധനികർ യഥാർത്ഥമായ ഉപവിയോടുകൂടെ ധനമെടുത്തുകൊടുക്കുവാനും ഡൊണോസോ ആഹ്വാനംചെയ്തു. ധനവിതരണപ്രശ്നം ഈ വിധത്തിൽ മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളുവെന്നു വീണ്ടും വീണ്ടും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. താത്ക്കാലികമായ പരിഹാരം അന്നത്തെ ലൗകായതികർക്കു് എങ്ങനെ ഇഷ്ടപ്പെടാനാണു്? അതു് അത്യന്തം അലൗകികമായിത്തോന്നി അവർക്കു്. തീവണ്ടിപ്പാളങ്ങൾ നിരത്തുകയും കമ്പിത്തപാൽ ആരംഭി

ക്കുകയും ചെയ്തിരുന്ന ഒരു കാലത്താണു ഡൊണോസോ തന്റെ ശ്രോതാക്കളോടു പറയുവാൻ ധൈര്യപ്പെട്ടതു്, അവരുടെ വിഷമങ്ങൾക്കുള്ള പരിഹാരം സാമ്പത്തികശാസ്ത്രഗ്രന്ഥങ്ങളിലല്ല, പുതിയ നിയമത്തിലാണു് എന്നു്. പ്രായോഗികബുദ്ധിയില്ലാത്തവനായി ലോകം അദ്ദേഹത്തെ പുറംതള്ളി. ആ സ്പാനിഷ്കു് അൽമേയ പിതാവു പറഞ്ഞതു പ്രായോഗികബുദ്ധിയുണ്ടെന്നു് അഭിമാനിച്ചിരുന്നവക്കു മനസ്സിലാക്കുവാൻ സമരങ്ങളും വിപ്ലവങ്ങളും തടങ്കൽപാളയങ്ങളും സ്വേച്ഛാധിപത്യവും വേണ്ടിവന്നു. മനുഷ്യസമുദായത്തിൽ മനുഷ്യക്കു യോജിച്ചവിധം ജീവിക്കുന്നതിനു് അത്യാവശ്യമായ കാര്യം, അഥവാ എന്തും പ്രായോഗികമായ മാർഗ്ഗം, ആണു ഡൊണോസോ നിർദ്ദേശിച്ചതു്.

നേട്ടങ്ങളും പോരായ്മകളും

സോഷ്യലിസം അവ്യക്തമായ ഒരു നൂതന സിദ്ധാന്തമായും, ലിബറലിസം മൂപ്പു തികയാറായും ഇരുന്ന പത്തൊമ്പതാം ശതാബ്ദത്തിലെ മദ്ധ്യദശയിലാണു ഡൊണോസോ ലിബറലിസത്തേയും സോഷ്യലിസത്തേയുംപറ്റി എഴുതിയതെന്നു് ഓർക്കുമ്പോഴാണു് അദ്ദേഹത്തിന്റെ മാഹാത്മ്യം മനസ്സിലാകുന്നതു്. മാർക്സിസം ഉയർന്നുവരുന്നതേയുണ്ടായിരുന്നുള്ളു; അതിനാൽ അതുവരെ മുതലാളികളെപ്പറ്റി നിശിതമായ ഒരു വിമർശം ആരും എഴുതിയിട്ടുണ്ടായിരുന്നില്ല. പുരോഗമനത്തിന്റെ നിഗ്രഹതത്വങ്ങളനുസരിച്ചു മനുഷ്യവർഗ്ഗം മുമ്പോട്ടുപോകയാണെന്നു ധനസ്ഥിതിയുള്ളവരെല്ലാം വിചാരിച്ചുകൊണ്ടിരുന്ന കാലത്തു്, "പുരോഗമനസിദ്ധാന്തം ശരിയല്ല; സമുദായം കിരാതത്വത്തിലേക്കു പായുകയാണു്" എന്നു

പ്രസ്താവിക്കുവാൻ മാത്രം ധൈര്യവും ദീർഘദൃഷ്ടിയും കോർട്ടെസ്സിനുണ്ടായി.

അദ്ദേഹത്തിന്റെ ഗ്രഹണശക്തി അത്ഭുതാവഹം തന്നെയായിരുന്നു; എന്തുകൊണ്ടെന്നാൽ ലിബറലിസത്തിന്റെ ബാല്യത്തിൽത്തന്നെ അതിന്റെ രോഗങ്ങളം നിശ്ചയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. രോഗം എങ്ങനെ പുരോഗമിക്കുമെന്നും, യൂറോപ്പിന്റെ രാഷ്ട്രീയശരീരത്തിൽ എന്തുമാത്രം ദ്രോഹം അതു വരുത്തുമെന്നും അദ്ദേഹം മുൻക്കൂട്ടിക്കണ്ടു. ഡൊണോസോയുടെ സമകാലികർക്ക് അദ്ദേഹത്തിന്റെ രോഗനിർണ്ണയസാമർത്ഥ്യം മനസ്സിലായില്ല. കാര്യം മനസ്സിലായ ഒരാളാണു ലൂയി വോയിലോ. അദ്ദേഹം തന്റെ സ്നേഹിതനെപ്പറ്റി ഇപ്രകാരമെഴുതിയിരിക്കുന്നു: "സമുദായത്തിന്റെ നാശത്തെപ്പറ്റി വേറെയാരും നമ്മുടെകാലത്തു് ഇത്ര അഗാധമായ ഒരു പഠനം നടത്തിയിട്ടില്ല; വേറെയാരും ആ നാശത്തിന്റെ ഉല്പത്തിയും അഗാധതയും ഇത്ര ഭംഗിയായി വിവരിച്ചിട്ടില്ല." ഇന്നു ഡൊണോസോ അദ്ദേഹം അർഹിക്കുന്ന സ്ഥാനത്തെത്തിയിരിക്കുന്നു. നമുക്കു് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയും യുക്തിവാദവൈദഗ്ധ്യവും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹം പറഞ്ഞിരുന്നതു് എത്ര ശരിയാണെന്നു നമുക്കു് അറിയാം. ഗെറ്റ്സ് ബ്രീഫ്സ് ഇപ്രകാരമെഴുതിയിരിക്കുന്നു: "ലിബറലിസത്തിന്റെ ഭാവിയും സോഷ്യലിസത്തിനു കൈവരാൻപോകുന്ന ശക്തിയും ആക്കും മുൻക്കൂട്ടി കാണുവാൻ സാധിക്കുകയില്ലായിരുന്നു. അവയുടെ കുറവുകളും നശീകരണശക്തിയും മനുഷ്യസ്വഭാവത്തോടുള്ള പൊരുത്തക്കുറവും കത്തോലിക്കാതത്വങ്ങളാകുന്ന മാനദണ്ഡംവച്ചു് അളന്നു തിട്ടപ്പെടുത്തിയതു ഡൊണോസോയുടെ വലിയ നേട്ട

മാണ്. വാസ്തവത്തിൽ അദ്ദേഹമാണ് ഈ വിഷയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള പ്രഥമഗ്രന്ഥകാരൻ."

ലിബറലിസത്തിനു ഡൊണോസോ നല്കിയ വിമർശനം കാറംമാർക്സിനേറതിനേക്കാളും സൂക്ഷ്മവും അഗാധവുമാണ്. മാർക്സിനെപ്പോലെ ഡൊണോസോയും വർഗ്ഗസമരത്തിന്റെ യാഥാർത്ഥ്യം ഗ്രഹിച്ചിട്ടുണ്ട്. മാർക്സ് "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" എഴുതി പൂർത്തിയാക്കുന്നതിനുമുമ്പു ഡൊണോസോ ഇപ്രകാരമെഴുതുകയുണ്ടായി: "ലോകത്തിൽ എല്ലാകാലത്തും ധനികരും ദരിദ്രരുമുണ്ടായിരുന്നു; എന്നാൽ നമ്മുടെ കാലത്തല്ലാതെ ധനികരും ദരിദ്രരും പരസ്പരം സമരംചെയ്ത സമുദായത്തെ ഇങ്ങനെ കീറിമുറിച്ചിട്ടില്ല." ഇടത്തരക്കാർകൂടി സ്വന്തം താല്പര്യങ്ങളെ മുൻനിറുത്തി കാര്യങ്ങൾ നടത്തിയിരുന്നതും, ദരിദ്രരെ ഞെരുക്കിയിരുന്നതും, ദരിദ്രരെ അമർത്തിനിറുത്തുവാൻ സ്കൂളുകളും സൈന്യവും മതവുംകൂടി വിനിയോഗിച്ചിരുന്നതും ഡൊണോസോ കണ്ടു. മാർക്സ് കണ്ട രോഗലക്ഷണങ്ങൾ ഡൊണോസോയും കണ്ടു. മാർക്സ് വിചാരിച്ച ആ രോഗലക്ഷണങ്ങൾ ഉല്പാദനശക്തികളുടെ സംഘടനാദോഷങ്ങളാണെന്നു; ഡൊണോസോ അഭിപ്രായപ്പെട്ടു, അതു് ഒരു ആദ്ധ്യാത്മികാലസ്യമാണെന്നു്. ഉല്പാദനശക്തികളുടെ വൈകല്യംകൊണ്ടാണു നാശങ്ങളെല്ലാം ഉണ്ടാകുന്നതെന്നു കാറംമാർക്സ് അഭിപ്രായപ്പെട്ടപ്പോൾ ഡൊണോസോ പ്രസ്താവിച്ചതു നാശമെല്ലാം ചീത്ത മനുഷ്യരിൽനിന്നുണ്ടായതാണെന്നത്രേ. മാർക്സ് വിചാരിച്ച ലോകത്തിലെ വിഷമങ്ങളുടെയെല്ലാം അടിസ്ഥാനം സാമ്പത്തികമാണെന്നും, സകല ക്രമക്കുറവുകളും മുതലാളിത്തത്തിന്റെ ഫലമാണെന്നും. എന്നാൽ ഡൊണോസോ വിചാരി

ച്ചതു കഴിപ്പുങ്ങളുടെ കാരണം ആദ്ധ്യാത്മികവും മതപരവുമാണെന്നത്രേ.

ഡൊണോസോയും മാർക്സും ഒരുപോലെ തങ്ങളുടെ യുഗത്തിലെ കുഴപ്പങ്ങളും കണ്ടു. എന്നാൽ ആ കുഴപ്പങ്ങളുടെയെല്ലാം വേരുവരെ എത്തുന്ന കാര്യത്തിൽ ഡൊണോസോ മാർക്സിനെ അതിശയിച്ചിരിക്കുന്നു. മാർക്സിനെപ്പോലെ ചില തെറ്റുകളും ഡൊണോസോയ്ക്കും പറ്റിയിട്ടുണ്ട്. കേവലം കാല്പനികമായ തത്വങ്ങളും മനുഷ്യൻ പ്രായോഗികമാകുമെന്നു മാർക്സിനെപ്പോലെ ഡൊണോസോയും വിചാരിച്ചിരുന്നു. റിക്കാർഡോയുടെ സാമ്പത്തികമനുഷ്യൻ സിദ്ധാന്തപരമായി എത്രകണ്ടു സ്വാർത്ഥനായിരുന്നുവോ, അത്രകണ്ടു ലിബറൽവാദികളും സ്വാർത്ഥരല്ലരായിരിക്കുമെന്നു അനന്തരകാലങ്ങളിൽ മാർക്സ് പറയുവാനിടയായതു ഡൊണോസോ നേരത്തേതന്നെ അഭിപ്രായപ്പെട്ടിരുന്നു. വിപ്ലവമാകുന്ന മേൽപുരതകർന്നു തലയിൽ വീണാലും വേണ്ടതില്ല ലിബറൽ സമുദായം അതിന്റെ തത്വങ്ങളും മുന്നോട്ടുകൊണ്ടുപോകുമെന്നായിരുന്നു ഡൊണോസോയുടെ വിശ്വാസം. വിവിധസംഘടനകളുടെ സമ്മർദ്ദത്താലും വിപ്ലവഭയത്താലും ലിബറൽസമുദായത്തിൽത്തന്നെ അതിന്റെ തത്വങ്ങൾക്കു വിരുദ്ധമായ പരിഷ്കാരങ്ങളും ഉണ്ടായേക്കാമെന്നുള്ളതു ഡൊണോസോ ചിന്തിച്ചില്ല. പരിഷ്കാരങ്ങളും ഉണ്ടാകുകതന്നെചെയ്തു. അതിനാലാണു ഡൊണോസോയുടെ പ്രവചനങ്ങളും തൽക്ഷണം അതേപടി നിറവേറാഞ്ഞതു്.

അവസാനമായി പരിവർത്തകർക്കും പ്രസംഗകർക്കും സാധാരണമായി വരാവുള്ള അബദ്ധം ഡൊണോസോയ്ക്കും പറ്റിയെന്നു കാലാന്തരത്തിൽ ചരിത്ര

ലക്ഷ്യങ്ങളം വിശദമാക്കി. അവർ സാധാരണമായി സമസ്തവും കറുപ്പും വെളുപ്പുമായിട്ടാണു ചിത്രിക്കാറുള്ളതു്. ഡൊണോസോയുടെ അഭിപ്രായത്തിൽ ലിബറൽവാദികളും സോഷ്യലിസ്റ്റുകാരും കറുപ്പു്. അവരിൽ ഒരു ഗുണവും കാണാഞ്ഞതു ശകലം അനീതിതന്നെയാണു്. തന്റെ യുഗത്തിനു് ഒരു നന്മയുമില്ലെന്നു ശഠിച്ചതുകൊണ്ടു് ആ ചിത്രം തീരെ ശുഷ്കമായിപ്പോയി. അദ്ദേഹത്തിന്റെ വിമർശങ്ങളം സാരാംശത്തിൽ ശരിതന്നെയായിരുന്നു; എന്നാൽ പൊതുവായ പ്രസ്താവനകളിൽ കണിശത്തിനു് ആവശ്യമായ ഭേദഗതികളം ചെയ്തിരുന്നില്ല. ലിബറലിസമാകുന്ന പാഷണ്ഡതയിൽ നിപതിക്കാതെ, ഒസാനാമും പതിമൂന്നാംലെയോ മാർപ്പാപ്പായും ചെയ്തതുപോലെ, ചില ലിബറൽ ആദർശങ്ങളും നടപടികളും കത്തോലിക്കർക്കു സ്വീകരിക്കാമെന്നുള്ളതു ഡൊണോസോ മനസ്സിലാക്കിയില്ല.

ഡമയിസ്തരുടെ ചിന്തകളം പത്തൊമ്പതാംശതാബ്ദത്തിന്റെ മദ്ധ്യകാലത്തേക്കു ഡൊണോസോ പ്രയോഗിച്ചതുകൊണ്ടു തിരുസ്സഭാചരിത്രത്തിൽ ഡൊണോസോയ്ക്കു നല്ല പ്രാധാന്യമുണ്ടു്. ലോകം അമ്പതുകൊല്ലവുംകൂടി മുന്നോട്ടു പോന്നിരുന്നതിനാൽ ആധുനികചിന്താഗതികളം മനസ്സിലാക്കുവാൻ ഡമയിസ്തരേക്കാളം ഭേദമായി ഡൊണോസോയ്ക്കു സാധിച്ചു. ഫ്രഞ്ചുവിപ്ലവംവഴി യൂറോപ്യൻ സമുദായത്തിന്റെ മുഖത്തിനു് അഗാധമായ അന്തരം വന്നുവെന്നും, പഴയ സാമുദായികക്രമത്തിലേക്കു പ്രത്യാഗമിക്കുക ഇനി അസാദ്ധ്യമാണെന്നും ഡൊണോസോയ്ക്കു കാണാമായിരുന്നു. പത്തൊമ്പതാംശതാബ്ദം ഒരു വിപ്ലവസന്ധിയായിരുന്നുവെന്നും, ഭാവിസംസ്കാരസംരക്ഷണത്തിനു് ഒരു പ്രതിരോധക കത്തോലിക്കാ

വിപ്ലവം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം കണ്ടു. യൂറോപ്യൻ ഉദ്യാനത്തിൽ കത്തോലിക്കാ സംസ്കാരകുസുമങ്ങൾ ഇനിയും തഴച്ചുവളരുമെന്നു വിചാരിച്ചതുകൊണ്ടു യുക്തിവാദമാകുന്ന കളകൾ പിഴുതുകളഞ്ഞാൽ മതിയാകുമെന്നു ഡമയിസ്റ്റർ വിചാരിച്ചു. എന്നാൽ ഡൊണോസോ മനസ്സിലാക്കി, ക്രിസ്തീയവിശ്വാസകൾ നട്ടുന്നതിനു ചെടികൾ വളരുന്ന കളങ്ങൾ നല്ലതുപോലെ കിളച്ചു വളം ചേർത്തു ഒരുക്കണമെന്നു്.

ഈ തത്വങ്ങൾ ഫ്രഞ്ചു് കത്തോലിക്കരുടെ ഇടയിലേക്കു ക്രമേണ കടന്നുചെന്നു. ഡൊണോസോ കോർട്ടെസ്സിന്റെ തോളുകളിൽ കയറിയാണു ലൂയിവോയിലോ പതുപ്രവർത്തനത്തിൽനിന്നു് ഉയർന്ന യഥാർത്ഥകത്തോലിക്കാചിന്താശൃംഗത്തിന്റെ ഉച്ചിയിൽ എത്തിയതു്. പല ഫ്രഞ്ചുകത്തോലിക്കരുടേയും വിശ്വാസതീക്ഷ്ണതയ്ക്കു കാരണമായിട്ടുണ്ടു് വോയിലോപ്രസിദ്ധംചെയ്ത ഡൊണോസോ കോർട്ടെസ്സിന്റെ കൃതികളുടെ ഫ്രഞ്ചു പരിഭാഷ. ഷൂളെ ബാർബി, വെഗ്രയി, ബ്ലോയി എന്നിവരും, ആധുനികരിൽ മാരിട്ടെയിനേപ്പോലുള്ള ഫ്രഞ്ചുകത്തോലിക്കരും ഡൊണോസോയോടു കടപ്പെട്ടാണിരിക്കുന്നതു്.

ലിബറൽകത്തോലിക്കരായ മോണ്ടലമ്പെറിനേയും ഒസാനാമിനേയും കടിഞ്ഞാണിട്ടുനിറുത്തുന്നതിൽ ഡൊണോസോയുടെ നിലപാടു് അത്യധികം സഹായിച്ചിട്ടുണ്ടു്. ഈ രണ്ടു യോഗ്യന്മാരും സമകാലിക ലിബറൽവാദികളുടെ ഇടയിൽ താമസിച്ചു് അവരുടെ തുറന്ന മനസ്ഥിതിയും മറ്റു ചില ഗുണങ്ങളും കണ്ടു് ആകൃഷ്ടരായിരുന്നതിനാൽ പുതിയ സമുദായത്തോടു യോജിച്ചുപോകുവാൻ തിരുസ്സഭ

കഴിവുള്ളതെല്ലാം ചെയ്യേണ്ടതാണെന്നു വിചാരിച്ചിരുന്നു. മാനുഷികഗതി വീക്ഷിക്കുമ്പോൾ ഈ ചിന്താഗതി വിപ്ലവത്തിലേക്കു് അവരെ ആനയിക്കുവാൻ പര്യാപ്തമായിരുന്നു. തിരുസ്സഭയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ സമ്മതിച്ചുകൊടുക്കാവുന്നതിൽ കൂടുതൽ സമ്മതിച്ചുപോയെന്നുവരാം. സമകാലികസമുദായത്തോടു സന്ധിചെയ്യുവാനുള്ള ധൃതിയിൽ മോണ്ടലമ്പെർപ്രഭൃതികൾക്കു വന്നേക്കാവുന്ന അബദ്ധങ്ങളെ തടയുവാൻ ഡൊണോസോയുടെ യാഥാസ്ഥിതികത്വം സഹായിച്ചു. ലിബറലിസവുമായുള്ള സന്ധിയിൽ വന്നേക്കാവുന്ന വിപത്തുകളെ മുൻകൂട്ടി കണ്ടുകൊണ്ടു, ലിബറലിസത്തിന്റെയും സോഷ്യലിസത്തിന്റെയും തനിനിറം ദൈവശാസ്ത്രത്തിന്റെ പ്രകാശത്തിൽ അദ്ദേഹം കാണിച്ചുകൊടുത്തു.

ഡൊണോസോ ഒരു സ്വതന്ത്രചിന്തകനായിരുന്നു. അടർക്കളത്തിൽ അദ്ദേഹത്തിന്റെ പൂർവ്വപിതാക്കന്മാർ എങ്ങനെയായിരുന്നുവോ, അപ്രകാരമായിരുന്ന ഡൊണോസോ ചിന്താരംഗത്തു്. പിതാക്കന്മാരെപ്പോലെ ഡൊണോസോയ്ക്കും ബോദ്ധ്യമായിരുന്നതന്റെ നിലപാടു ശരിയാണെന്നു്. യൂറോപ്പിന്റെ ബുദ്ധിയും ഹൃദയവും സ്വായത്തമാക്കിയിരുന്ന ലിബറൽവാദികളോടു ഡൊണോസോ തനിച്ചുനിന്നു് പൊരുതേണ്ടിവന്നു. മരിക്കുന്നതിനു കുറേനാൾമുമ്പു് ഒരു സ്നേഹിതനു് ഡൊണോസോ ഇപ്രകാരമെഴുതി: "എന്റെ അഭിപ്രായങ്ങൾ ശരിയാണെന്നാണു് ഇന്നും എന്റെ വിശ്വാസം. എന്നാൽ മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, വരാനിരിക്കുന്ന പ്രളയം വന്നു കഴിഞ്ഞിട്ടേ എന്റെ അഭിപ്രായങ്ങൾ സമാദരിക്കപ്പെടുകയുള്ളൂ." ആധുനികസംഭവങ്ങൾ ഡൊണോസോ

യെയാണ് ആദരിച്ചിരിക്കുന്നത്; അദ്ദേഹത്തിന്റെ പ്രതിയോഗികളെയല്ല. ലിബറൽസമുദായത്തിന്റെ ദോഷങ്ങൾ പല സംഗതികളിലും തെറ്റുകൂടാതെ അദ്ദേഹം ദീർഘദർശനംചെയ്തിരിക്കുന്നു. അതിനാൽ ഇന്നും അദ്ദേഹത്തിന്റെ കൃതികൾ പഠിക്കുവാൻ പറ്റിയവയാണ്. അദ്ദേഹം നിശ്ചയിച്ചിരിക്കുന്ന പ്രതിവിധി ക്രിസ്തുമതത്തോളം പഴക്കമുള്ളതാണ്; തന്മൂലം കാലത്തിന്റെ പ്രയാണത്തിൽ ക്രിസ്തുമതം എന്നതുപോലെ അതും സത്യമായിത്തന്നെ നില കൊള്ളും. അക്കാരണത്താൽക്കൂടി ഡൊണോസോ കോർട്ടെസ്സിന്റെ ചിന്തകൾ ഇന്നും സജീവമാണ്; അവ നമ്മുടെ കാലത്തേക്കും യോജിച്ചവതന്നെ.



ചാൾസ് മോണ്ടലമ്പെർ

ചാൾസ് ഫോർബെസ് മോണ്ടലമ്പെർ ഒരു ഫ്രഞ്ച് പ്രഭുവിന്റെ മകനാണ്. അമ്മ ഒരു ഇംഗ്ലീഷു വനിതയായിരുന്നു. അയർലൻറിൽ ഡാനിയൽ ഒക്കോണൽ അഭിനയിച്ച ഭാഗം, മോണ്ടലമ്പെർ ഫ്രാൻസിൽ നിർവ്വഹിക്കുവാൻ പരിശ്രമിച്ചു. രണ്ടു പേരുടേയും സമരത്തിനു സാമ്യമുണ്ട്; എന്നാൽ മോണ്ടലമ്പെർ ഒക്കോണലിനേക്കാൾ ഉന്നതമായ ഒരു ശ്രേണിയിൽനിന്നുകൊണ്ടാണു സമരം ചെയ്തത്. ജനങ്ങളുടെ ഹൃദയങ്ങളെ കോപംകൊണ്ടും വൈരാഗ്യം കൊണ്ടും തിളപ്പിക്കുന്ന തീപ്പൊരിപ്രസംഗകനായി

രുന്നു ഒക്കോണൽ; മോണ്ടലമ്പെർ വാക്കുകൾ ചെത്തി മിനുക്കിയെടുത്തു ജനങ്ങളുടെ മുമ്പിൽ നിരത്തിവച്ചു് അവരെ ആദർശമതികളാക്കുവാനാണു പരിശ്രമിച്ചതു്. ഒക്കോണൽ ഗദയെടുത്തുപ്രയോഗിക്കുന്നിടത്തു മോണ്ടലമ്പെർ തേജോമയമായ കൃപാണം മാത്രം പ്രയോഗിച്ചുകൊണ്ടിരുന്നു. ഒക്കോണൽ ഒരു ആര്യപുരുഷൻതന്നെയായിരുന്നു; എന്നാൽ സമകാലികരായ ഐറിഷുകാരുടേയും ആംഗ്ലേയരുടേയും മുരടിച്ച ചില വശങ്ങൾ അദ്ദേഹത്തിൽ ഇല്ലാതിരുന്നില്ല. മോണ്ടലമ്പെർ ഓരോ ഇഞ്ചും ആര്യപുരുഷൻ ആയിരുന്നു. പ്രകൃതിയും സ്വഭാവവും പെരുമാറ്റവും സംസാരവും ചിന്തയുമെല്ലാം ഒരു ആര്യപുരുഷനേറ്റതന്നെ.

ഭരണഘടനാപരമായും നൈയ്യാമികമായും തിരുസ്സഭയെ സംരക്ഷിക്കുന്നതിനുവേണ്ടി പത്തൊൻപതാം ശതാബ്ദത്തിലെ രാഷ്ട്രീയരംഗത്തു മോണ്ടലമ്പെറും ഒക്കോണലും സമരംചെയ്തു. രണ്ടുപേരും ഒറ്റയ്ക്കുനിന്നാണു് അടരാടിയതു്. യഥാർത്ഥശത്രുവിനെ അഭിമുഖീകരിക്കുന്നതിനു മുമ്പു സഹോദരകത്തോലിക്കരുടേയും മെത്രാന്മാരുടേയും എതിർപ്പുകൂടി അവർ നേരിടേണ്ടിവന്നു. കത്തോലിക്കരെ പാർലമെൻറിൽ പ്രവേശിപ്പിക്കുവാൻ ഒക്കോണൽ പടവെട്ടി. പ്രതിനിധിസഭയിലും പ്രഭുസഭയിലും മോണ്ടലമ്പെർ കത്തോലിക്കാപ്രതിനിധികളെ കണ്ടു; എന്നാൽ അവരെ ഒന്നു തട്ടിയുണർത്തേണ്ടിയിരുന്നു. പുതിയ ക്രമങ്ങൾ രൂപാന്തരപ്പെടുത്തി സ്വപക്ഷത്തേക്കു് ഉപയോഗിക്കേണ്ടതെങ്ങനെയെന്നു മോണ്ടലമ്പെർ അവരെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. ലണ്ടനിലും അയർലൻറിലും ഒക്കോണൽ ചെയ്ത സമരത്തേക്കാൾ എത്രയും അഗാധവും മൗലികവുമായിരുന്നു മോണ്ടല

ബ്രൂണിന്റെ പോരാട്ടം. ഫ്രാൻസിലും കത്തോലിക്കാ ലോകമാസകലവും ഒരു വിപ്ലവം സാധിച്ചു്, തിരുസ്സഭയെ രാഷ്ട്രത്തിന്റെ മേൽക്കോയ്മയിൽനിന്നു് അകറ്റി, പതിനാൻപതാംശതാബ്ദത്തിലെ നവ്യവ്യവസ്ഥിതിയുമായി പൊരുത്തപ്പെടുത്തുവാനായിരുന്ന മോണ്ടലമ്പെരുടെ പരിശ്രമം. നവ്യജനാധിപത്യവും നവ്യസ്വാതന്ത്ര്യവും സ്വീകരിച്ച കത്തോലിക്കാസഭയുടെ അഭിവൃദ്ധിക്കായും, അങ്ങനെ സമുദായ പുനരുജ്ജീവനത്തിനായും യത്നിക്കുവാൻ കത്തോലിക്കരെ അദ്ദേഹം പ്രേരിപ്പിച്ചു. ഒരു മനുഷ്യനോ ഒരു തലമുറയ്ക്കോ നിവ്വഹിക്കുവാൻ അസാദ്ധ്യമായിരുന്ന ഒരു സംഗതിയായിരുന്നു അതു്. സമരത്തിനുള്ള മാർഗ്ഗങ്ങളെല്ലാം അദ്ദേഹം ആസൂത്രണംചെയ്തു. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തികളേതെല്ലാമാണെന്നും കാവൽക്കോട്ടകളും സങ്കേതസൈന്യങ്ങളും എവിടെ ലഭിക്കുമെന്നും അദ്ദേഹം കണ്ടു. എന്നാൽ അദ്ദേഹത്തിന്റെ വീക്ഷണഗതിയായിരുന്നില്ല സമകാലികരുടേതു്. അതിനാൽ എട്ടുശതാബ്ദങ്ങൾക്കുമുമ്പു പീറ്റർ സന്യാസി, സമകാലികന്മാരെ കുരിശുയുദ്ധത്തിനു് ഇളക്കിവിട്ടതുപോലെ, മോണ്ടലമ്പെറിനു സമകാലികരെ പ്രേരിപ്പിക്കുവാൻ കഴിഞ്ഞില്ല.

മോണ്ടലമ്പെരുടെ വാഗ്മിതപം

മദ്ധ്യശതകങ്ങളിലെ കുരിശുയുദ്ധങ്ങളിൽ പങ്കെടുത്തിട്ടുള്ള പിതാമഹന്മാരുടെ രക്തമാണു മോണ്ടലമ്പെറിന്റെ സിരകളിൽക്കൂടി പ്രവഹിച്ചിരുന്നതു്. അടുത്തകാലത്തെ അദ്ദേഹത്തിന്റെ പൂർവ്വികന്മാരിൽ ചിലർ ഫ്രഞ്ചുരാജാക്കന്മാരുടെ കീഴിൽ ധീരമായി സമരംചെയ്തതായി കാണാം. ഫ്രഞ്ചു് വിപ്ലവകാലത്തു്, പ്രഭുവാണെന്ന കാരണത്താൽ, അദ്ദേഹത്തിന്റെ പിതാ

മഹൻ ബഹിഷ്കൃതനായിട്ടുള്ളതാണു്. പിതാവാകട്ടെ, ഇംഗ്ലീഷുകാരുടെ കീഴിൽ ഇന്ത്യയിലും അനന്തരം ഫ്രഞ്ചു നയതന്ത്രസമൂഹങ്ങളിലും സേവനം ചെയ്തിട്ടുണ്ടു്. ഈദ്ദേശമായ പാരമ്പര്യത്തോടുകൂടി ചാൾസു് മോണ്ടലമ്പെർ 1810–ൽ ലണ്ടൻ നഗരത്തിൽ ജനിച്ചു. കുറേനാൾ മാതാമഹന്റെകൂടെ ഇംഗ്ലണ്ടിൽ താമസിച്ചു; എന്നാൽ മാതാപിതാക്കന്മാർ ഫ്രാൻസിലേക്കു തിരിച്ചുപോകയാണു ചെയ്തതു്. ഇംഗ്ലീഷുകാരിയായ മാതാവിൽനിന്നു് ആംഗ്ലേയ രാഷ്ട്രീയസമ്പ്രദായത്തോടു് ഒരു പ്രതിപത്തി ചാൾസിനുണ്ടായി. നന്മയ്ക്കുവേണ്ടി അടരാടുവാനുള്ള ഒരു വാസന ഫ്രഞ്ചു പിതാവിൽനിന്നു് അദ്ദേഹത്തിനു സിദ്ധിച്ചു. പിതാക്കന്മാർ ഖഡ്ഗം പ്രയോഗിച്ചു; മോണ്ടലമ്പെർ തന്റെ നാവും തൂലികയും ആയുധമാക്കി. സന്താപം കലർന്ന അഭിമാനത്തോടെ അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "തൂലികകൊണ്ടു മാത്രം എന്റെ കൂട്ടം ബന്ധത്തിൽനിന്നു് ആദ്യമായി സമരംചെയ്യുന്നതു ഞാനാണു്; എന്നാൽ സത്യവും വ്യാജവും തമ്മിലുള്ള മത്സരത്തിൽ, എന്റെ തൂലിക ഖഡ്ഗംപോലെ ഭംഗിയായി സേവനംചെയ്തിരിക്കുന്നു."

ഫ്രഞ്ചു പ്രഭുക്കന്മാരെ കോരിത്തരിപ്പിച്ച മോണ്ടലമ്പെറിന്റെ ഒരു പ്രസംഗമുണ്ടു്. കത്തോലിക്കർ യോജിച്ചുനില്ക്കുവാൻ ആഹ്വാനംചെയ്തുകൊണ്ടു്, ലിബറൽവാദികളോടു് അദ്ദേഹം പറഞ്ഞ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും ഫ്രാൻസിൽ മാറ്റൊലിക്കൊണ്ടിരുന്നു. അദ്ദേഹം ചോദിക്കുകയാണു്: "യുക്തിവാദികൾക്കു നമ്മുടെ യുക്തിയും, സർവ്വകലാശാലയ്ക്കു നമ്മുടെ മനസ്സാക്ഷിയും, തിരുസ്സഭയുടെ തത്വങ്ങളും അവകാശങ്ങളും എന്തെല്ലാമാണെന്നു് അറിയാൻപാടില്ലാത്തവരും, സ്വാത

ന്ത്യത്തെ ശക്തിയുക്തം എതിർത്തുകൊണ്ടിരിക്കുന്നവരുമായ നിയമദാതാക്കൾക്കു നമ്മുടെ മഹത്വവും സ്വാതന്ത്ര്യവും കാണിക്കുവയ്ക്കുന്നതിക്കുവണ്ണം അത്ര അധഃപതിച്ചുവരായി, കത്തോലിക്കരായ നാം നമ്മേത്തന്നെ ആക്കിത്തീർക്കേണമോ.....ഒരു സ്വതന്ത്രജനതയുടെ ഇടയിൽ നാം അടിമകളായി ഇരിക്കയില്ല. നമ്മാം രക്തസാക്ഷികളുടെ പിൻഗാമികളാണു്. മതത്യാഗിയായ ജൂലിയന്റെ പിൻഗാമികളുടെ മുമ്പിൽ നമ്മാം വിറയ്ക്കുകയില്ല. ക്രൂശുയോദ്ധാക്കളുടെ മക്കളായ നമ്മാം, വോൾട്ടയറുടെ സന്താനങ്ങളുടെ മുമ്പിൽ വിരണ്ടോടുവാൻ പോകുന്നില്ല."

"വോൾട്ടയറുടെ സന്താനങ്ങളോ"ടു സമരംചെയ്യുവാനാണു മോണ്ടലമ്പെർ തന്റെ ജീവിതകാലം മുഴുവൻ വിനിയോഗിച്ചതു്. യുവാവായിരിക്കേ, പരാജയവിധേയമായ വിഷയങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നതായിരുന്ന അദ്ദേഹത്തിനു് ആഹ്ലാദം. "മർദ്ദിതരുടെ ഭാഗം വാദിക്കുന്ന പബ്ലിക്കു് പ്രോസിക്യൂട്ട"രായി അദ്ദേഹം സ്വയം പ്രത്യക്ഷപ്പെട്ടു. എല്ലായിടത്തും മർദ്ദിതർക്കുവേണ്ടി അദ്ദേഹം ന്യായവാദംനടത്തി. ഇംഗ്ലീഷുകാരുടെ മർദ്ദനവിഷയമായിരുന്ന ഐറിഷുജനതയും, റഷ്യ ഞെരുക്കിയിരുന്ന പോളൻകാരും, തുർക്കികളുടെ ആക്രമണപാത്രമായിരുന്ന ഗ്രീക്കുകാരുമായിരുന്ന അദ്ദേഹത്തിന്റെ കക്ഷികൾ. ഫ്രഞ്ചുസാമ്രാജ്യത്തിൽ അവശേഷിച്ച അടിമകൾക്കുവേണ്ടിയും, സിറിയായിലെ ക്രിസ്ത്യാനികൾക്കുവേണ്ടിയും, പോളീഷുജനതയ്ക്കുവേണ്ടിയും പലപ്പോഴും അദ്ദേഹം വീറോടെ ന്യായവാദം നടത്തിയിട്ടുണ്ടു്. ഓർലീൻ രാജകുടുംബം ഭരണത്തിലായിരിക്കുമ്പോൾ മോണ്ടലമ്പെർ ആ രാജകുടുംബത്തെ നിശിതമായി വിമർശിച്ചിരുന്നുവെങ്കിലും, 1848–ലെ

വിപ്ലവം അവരുടെ വാഴ്ചയ്ക്ക് അന്ത്യംവരുത്തുകയും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയുംചെയ്തപ്പോൾ മോണ്ടലമ്പെർ ഓർലീൻ രാജകുടുംബത്തിനുവേണ്ടി വാദംമുഴക്കുകയാണു ചെയ്തത്. മർട്ടിതന്റെ കരങ്ങളേയോ സേച്ഛാധിപതിയുടെ ഗുണവൈശിഷ്ട്യങ്ങളേയോ അദ്ദേഹം അവഗണിച്ചതുപോലെ കാണപ്പെട്ടിരുന്നു. ഏതെങ്കിലും ഒരാൾക്കു നൃായം ലഭിക്കുന്നില്ലെന്നു കണ്ടാൽ, അയാൾക്കുവേണ്ടി പോരാടുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ സ്ഥിരനിശ്ചയം. നല്ലതു നന്നായിട്ടും, ചീത്ത ചീത്തയായിട്ടുംതന്നെ അദ്ദേഹം വീക്ഷിച്ചു. മോണ്ടലമ്പെറിന്റെ ദൃഷ്ടിയിൽ പീഡനം തിന്മയാണു; അതിനാൽ മതമർദ്ദകനെ ദുഷ്ടനായും, മർദ്ദിതനെ നല്ലവനായും അദ്ദേഹം എപ്പോഴും ഭർത്സിച്ചു. ഈ വിഷയത്തിൽ മോണ്ടലമ്പെർ തന്റെ കാലത്തിന്റെ ഒരു സന്തതിതന്നെയായിരുന്നു.

സമകാലികഫ്രാൻസിൽ മോണ്ടലമ്പെറിനെ വെല്ലുന്ന പ്രാസംഗികരുണ്ടായിരുന്നില്ല. ഫ്രഞ്ചുകാർ സാഹിത്യഗുണവും വാഗ്വിലാസവും അത്യധികം സമാദരിക്കുന്നവരാകയാൽ, മോണ്ടലമ്പെർ പ്രഭുസഭയിൽനിന്നുകൊണ്ടു ചെയ്തിരുന്ന ആരോപണങ്ങളെ അവർ ക്ഷമയോടെ ശ്രവിച്ചു. മറെറാരാൾ അങ്ങനെ ചെയ്തിരുന്നെങ്കിൽ, അടങ്ങിയിരിക്കുവാൻ അവർ അയാളെ നിർബ്ബന്ധിക്കുമായിരുന്നു. വിമർശകപ്രധാനിയായ സാന്റെ ബോവ് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു: "തടസ്സമൊന്നുംകൂടാതെ പ്രതിനിധിസഭയിൽ സ്വതന്ത്രങ്ങളെ നിരത്തിവെയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. മറെറാരാൾ അവ പറയുകയായിരുന്നെങ്കിൽ, പ്രതിനിധിസഭ പ്രക്ഷുബ്ധമാകുമായിരുന്നു; എന്നാൽ മോണ്ടലമ്പെർ അക്കാര്യങ്ങൾ പ്രതിപാദിച്ചപ്പോൾ അവയ്ക്കു സംഗീതോന്മുകയാണു

ണ്ടായതു്.” വേറൊരു നിരീക്ഷകൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: “പണ്ടുകാലത്തു സജീവമായിരുന്നതും, ഇന്നു വൃദ്ധന്മാരുടെ സങ്കേതമായിത്തീർന്നിട്ടുള്ളതുമെന്നു പറയപ്പെട്ടിരുന്ന മതത്തിന്റെ അവകാശങ്ങളും സ്വാതന്ത്ര്യവും പ്രഭുസഭയിൽനിന്നു പുതിയ തലമുറയുടെപേരിൽ അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ, സഭയുടെ സവിശേഷമായ ശ്രദ്ധ അദ്ദേഹത്തിലേക്കു തിരിഞ്ഞുവെന്നുള്ളതു് അത്ഥഗർഭമാണു്.”

വാഗ്മികൾക്കു സഹജമായ ഒരു നൃന്നത മോണ്ടലമ്പെറിനുമുണ്ടായിരുന്നു. പ്രസംഗത്തിന്റെ തീക്ഷ്ണതയിൽ ഉദ്ദേശിക്കാത്തതു് അദ്ദേഹം പറഞ്ഞുപോയിരുന്നു; നീതീകരിക്കുവാൻ സാധിക്കാത്ത സംഗതികൾ പ്രസ്താവിച്ചിരുന്നു. കോപഭരിതനും ചൈതന്യസമ്പുഷ്ടനും തീപ്പൊരിയുമായിരുന്നതിനാൽ പലപ്പോഴും സ്വപക്ഷവാദികൾക്കുപോലും അദ്ദേഹം ഭയകാരണമായിത്തീർന്നിട്ടുണ്ടു്. അദ്ദേഹത്തിന്റെ വ്യാജസ്തുതികളും വ്യംഗ്യങ്ങളും ശത്രുവിനെ ബോധ്യപ്പെടുത്തുന്നതിനു പകരം പലപ്പോഴും ഭയപ്പെടുത്തുകയാണു ചെയ്തിരുന്നതു്. പ്രതിപക്ഷംപോലും അദ്ദേഹത്തിന്റെ സാമർത്ഥ്യവും സ്വാരസ്യവും സമ്മതിച്ചിരുന്നു. പ്രസംഗങ്ങളുടെ അവസാനത്തിൽ അനുമോദനങ്ങൾ “കൊട്ടുപടി”യായിട്ടാണു വന്നിരുന്നതു്. ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുവേണ്ടി സഭാനടപടികൾ നീട്ടിക്കൊണ്ടുപോയിരുന്നു; ഇതു സഭാംഗങ്ങളിൽ അദ്ദേഹം ജനിപ്പിച്ച കൗതുകത്തിനു ലക്ഷ്യമാണു്.

വാഗ്മിത്വംകൊണ്ടു മോണ്ടലമ്പെറിനു പല അമളികളും പിണഞ്ഞിട്ടുണ്ടു്. പ്രസംഗകർ വാഗ്മിത്വത്തിനുവേണ്ടി ചിന്തയെ ബലികഴിക്കുക സാധാരണ

മാണല്ലോ. ദൈവശാസ്ത്രജ്ഞനായിട്ടല്ല, രാഷ്ട്രതന്ത്രജ്ഞനായിട്ടാണു താൻ സംസാരിക്കുന്നതെന്നു് അദ്ദേഹം ഉന്നിപ്പറഞ്ഞിരുന്നു; എന്നാൽ രാഷ്ട്രീയപ്രസംഗകർക്കും വിമർശങ്ങളെ അഭിമുഖീകരിക്കുവാൻ വസ്തുതകളെപ്പറ്റി നല്ല നിശ്ചയവും ശരിയായ നിഗമനങ്ങളും സ്വായത്തമായിരിക്കണം. നാവും തൂലികയും ഉപയോഗിച്ചു കുരിശ്രയുദ്ധം നടത്തിയ ഒരു യോദ്ധാവായിരുന്നതുകൊണ്ടു മോണ്ടലമ്പെറിനു ഭീമമായ അബദ്ധങ്ങൾ പറ്റിയിട്ടുണ്ടു്; എന്നാൽ അബദ്ധങ്ങൾ ഏറ്റവുപറഞ്ഞു ശരിയായ പഥത്തിൽക്കൂടെ ചരിക്കുവാനുള്ള വിനയം അദ്ദേഹത്തിനുണ്ടായിരുന്നു. ലൂയി നെപ്പോളിയൻ ഭരണകൂടം കൈക്കലാക്കി ദ്വിതീയസാമ്രാജ്യം സ്ഥാപിച്ചതിനെ മോണ്ടലമ്പെർ അനുകൂലിച്ചു; ലൂയി നെപ്പോളിയനെപ്പോലെ ഒരാൾ ദുഷ്ടന്മാരായ എതിരാളികളാൽ ആക്രമിക്കപ്പെട്ടുന്നെങ്കിൽ, അയാളിൽ എന്തെങ്കിലും നന്മയുണ്ടായിരിക്കണമെന്നു് അദ്ദേഹം ന്യായവാദം ചെയ്തു. ഗുരുതരമായ വിഷയങ്ങളെ ഇപ്രകാരം ലഘൂപ്പെടുത്തുന്നതു വാഗ്മികളുടെ പ്രത്യേകതയാണു്.

ഇരുപതുവയസ്സു പ്രായമുള്ളപ്പോൾ, "ഭാവി" (L' Avenir) എന്ന കത്തോലിക്കാപത്രത്തെ അത്യുത്സാഹത്തോടെ അദ്ദേഹം പിന്താങ്ങി. സമുദായത്തിന്റെ രക്ഷ അതിലാണെന്നു് അദ്ദേഹം വിചാരിച്ചു. എന്നാൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രസ്തുതപത്രത്തെ നിരോധിച്ചപ്പോൾ, ആജ്ഞ അനുസരിക്കുന്ന ഒരു സൈനികന്റെ ഉത്സാഹത്തോടെ അദ്ദേഹം ആ ആജ്ഞാപനത്തിനു കീഴ്പ്പെട്ടു. പോപ്പൽ അപ്രമാദിത്വം അദ്ധ്യവസാനംചെയ്യുന്നതിനു മോണ്ടലമ്പെർ എതിരായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷമാണു് ആ പ്രഖ്യാപനം ഉണ്ടായതു്; എന്നു വരുകിലും

അതു് ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുകയാണെങ്കിൽ താൻ സന്തോഷത്തോടെ അതു സ്വീകരിക്കുമെന്നു മരണശയ്യയിൽക്കൂടി അദ്ദേഹം ഉദ്ഘോഷിച്ചു. അവിശ്വസിച്ചിരുന്നവരോടായി അദ്ദേഹം പറഞ്ഞു: "അതു് എത്രയും തെളിവായ ഒരു സംഗതിയാണു്; അസാധാരണമായി അതിൽ ഒന്നുമില്ല." അദ്ദേഹത്തിന്റെ സ്നേഹിതനായ ലമെന്നേയും ജർമ്മൻ ദൈവശാസ്ത്രജ്ഞനായ ഡോളിഞ്ചറും തിരുസ്സഭയിലെ മറ്റു ചില കുരിശ്ശുയോദ്ധാക്കളും തങ്ങളുടെ തത്വങ്ങളെ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു ശപിച്ചപ്പോഴും വഴങ്ങിക്കൊടുത്തില്ല; എന്നാൽ മോണ്ടലമ്പെറിന്റെ എളിമ അദ്ദേഹത്തെ രക്ഷിച്ചു. പ്രഭുകുമാരനായിരുന്നുവെങ്കിലും വിനീതഹൃദയനായിരുന്നു മോണ്ടലമ്പെർ. അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ രക്ഷ.

വിദ്യാഭ്യാസവും ജീവിതാദർശവും

സമർത്ഥനായ ഒരു ബാലനായിരുന്നു ചാൾസു് മോണ്ടലമ്പെർ. പള്ളിക്കൂടത്തിൽ ക്രമമായിട്ടൊന്നും പോയിരുന്നില്ല; എന്നാൽ സ്വന്തമായി ധാരാളം പുസ്തകങ്ങളുണ്ടായിരുന്നതുകൊണ്ടു് അവ വായിച്ചു് അവൻ ഹൃദിസ്ഥമാക്കിയിരുന്നു. ബാല്യകാലത്തു് ഇംഗ്ലണ്ടിൽവച്ചു കുറേക്കൊല്ലം പള്ളിക്കൂടത്തിൽ പോയി. പിന്നീടു ചാൾസു് മാതാപിതാക്കന്മാരോടുകൂടെ വളരെക്കൊല്ലം യൂറോപ്പിൽ ചുറ്റിത്തിരിഞ്ഞു നടന്നു. വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു പതിനാലാമത്തെ വയസ്സിൽ അവൻ പാരീസിലെത്തി. മൂന്നുകൊല്ലംകൊണ്ടു വളരെയധികം വിജ്ഞാനം നേടി. വലിയ ഗൗരവമുള്ള ഒരു യുവാവായിട്ടാണു ചാൾസു് പ്രത്യക്ഷപ്പെട്ടതു്. പതിനേഴാമത്തെ വയ

സ്സിൽ മിക്കകുട്ടികളും അങ്ങനെയാണല്ലോ. എന്നാൽ സ്വമനസ്സിലും ക്രിസ്തീയസമുദായത്തിലും ഒരു വിപ്ലവമുണ്ടാക്കണമെന്നുള്ള അവന്റെ ആഗ്രഹം മറ്റു കുട്ടികൾക്കു സഹജമായ ഒന്നായിരുന്നില്ല. ജീവിതശിഷ്ടം മുഴുവനും ചാൾസിനെ ഭരിച്ചിരുന്ന മൗലികാദർശങ്ങളെല്ലാം ആ പതിനേഴാമത്തെ വയസ്സിൽത്തന്നെ അദ്ദേഹത്തിൽ സ്ഥാനംപിടിച്ചുകഴിഞ്ഞിരുന്നുവെന്നു് അതിശയോക്തികൂടാതെ പറയാം.

പത്തൊൻപതാംശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഒരു പതിനേഴവയസ്സുകാരനും എഴുപതുവയസ്സുകാരനും ഒന്നുപോലെ ദുർഘടമായിത്തോന്നിയ ഒരു പ്രശ്നമാണു ചാൾസിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതു്. ഫ്രഞ്ചുവിപ്ലവം വളർത്തിക്കൊണ്ടുവന്ന നവ്യസമുദായവും മതവും തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടുപോകുകയെന്ന പ്രശ്നംതന്നെ. രണ്ടും പരസ്പരഭിന്നങ്ങളായിരുന്നു. വിപ്ലവാദർശം സ്വീകരിച്ചാൽ കത്തോലിക്കാവിശ്വാസം ത്യജിക്കണം; കത്തോലിക്കാവിശ്വാസം സ്വീകരിച്ചാൽ വിപ്ലവാദർശങ്ങളെ ചെറുക്കണം; ഇതായിരുന്നു നിലപാടു്. ലിബറൽവാദികൾ ദൈവത്തെ ഉപേക്ഷിച്ചു. കത്തോലിക്കർ, അന്നത്തെ സാഹചര്യങ്ങളിൽ എന്തുചെയ്യണമെന്നറിയാതെ, സ്വാതന്ത്ര്യവും, സമത്വവും, വിപ്ലവം ഇറക്കുമതിചെയ്ത നല്ലതും ചീത്തയുമായ സകല ആദർശങ്ങളും ത്യജിക്കുകയാണു ചെയ്തതു്. കത്തോലിക്കാവിശ്വാസവും വിപ്ലവവും തമ്മിൽ പൊരുത്തപ്പെടുത്തുവാനുള്ള ഒരു പരിശ്രമം മോണ്ടലമ്പെർ ചെയ്തു. പതിനേഴാമത്തെ പിറന്നാളിനു സ്വല്പം മുമ്പു് അദ്ദേഹം ഇപ്രകാരമെഴുതി: "എന്റെ ജീവിതത്തിലെ നോദനശക്തി ഈശ്വരനും സ്വാതന്ത്ര്യവു

മാണ്. ഈ രണ്ടു ശക്തികളും തമ്മിൽ പൊരുത്തമുണ്ടാക്കുന്നതായിരിക്കും എന്റെ ജീവിതായോധനം."

യഥാർത്ഥസ്വാതന്ത്ര്യത്തിനു തിരുസ്സഭ എതിരല്ലെന്നു തെളിയിക്കുകയായിരുന്നു മോണ്ടലമ്പെറിന്റെ ജോലി. കാല്പനികകഥകളുടെ ആ കാലത്തു "എടുത്തുചാട്ടക്കാരനായ" ആ യുവാവു് ഒരു പടികൂടി മുന്നോട്ടു പോയി, തിരുസ്സഭ കൂടാതെ സ്വാതന്ത്ര്യമില്ലെന്നു തെളിയിക്കുവാൻ യത്നിച്ചു. ഒരു സഹപാഠിക്കു് അദ്ദേഹം ഇപ്രകാരമെഴുതി: "തിരുസ്സഭയാണു സ്വാതന്ത്ര്യത്തിന്റെ മാതാവു് എന്നു തെളിയിക്കുന്നതു വലിയ ഒരു നേട്ടമായിരിക്കയില്ലേ?" ബൂർബൺ രാജകുടുംബം കത്തോലിക്കമായിരിക്കുന്നതുകൊണ്ടും, വിപ്ലവം കത്തോലിക്കമല്ലാത്തതുകൊണ്ടും, കത്തോലിക്കരായി കഴിയുന്ന പ്രഭുക്കന്മാരുടേയും മെത്രാന്മാരുടേയും മുമ്പിൽ ഇതു സാധിക്കുന്നതിനു് ഒരു വിപ്ലവം തന്നെ വേണ്ടിയിരിക്കുന്നു. ബലിപീഠവും രാജസിംഹാസനവും തമ്മിലുള്ള സന്ധി തല്ലിത്തകർക്കുവാൻ മെത്രാന്മാരും പ്രഭുക്കളും കർഷകരും സംഘടിക്കണമെന്നായിരുന്നു യുവാവായ ചാംസിന്റെ വാദം. പഴയ ഭരണകൂടത്തിൽനിന്നു കത്തോലിക്കർ പിന്തിരിഞ്ഞു വിപ്ലവത്തിന്റെ പുരോഗമനം മുഴുവനും സ്വീകരിക്കുവാനും, പുതിയ സമുദായത്തിൽ നഷ്ടപ്പെടുകയറി കത്തോലിക്കാസഭയ്ക്കു ജീവിക്കുകയും ശ്വസിക്കുകയും ചെയ്യാൻ സൗകര്യമുണ്ടാകത്തക്കവിധം അതിനെ രൂപാന്തരപ്പെടുത്തുവാനും മോണ്ടലമ്പെർ ആവശ്യപ്പെട്ടു.

അതുകയാൽ മോണ്ടലമ്പെർ തന്റെ ഒരു യുവസ്നേഹിതനോടു നവ്യസമുദായത്തിലേക്കു പ്രവേശിച്ചു് അതിനെ സൽപഥത്തിലൂടെ നയിക്കുവാനും, നിയ

ന്തിക്കുവാനും, അങ്ങനെ മതവിശ്വാസം പിന്തിരിപ്പനല്ലെന്നു തെളിയിക്കുവാനും ഉപദേശിച്ചു. ഈ വിപ്ലവം സാധിച്ചാൽ തിരുസ്സഭയും സമുദായവും പുരോഗമിക്കുമെന്നായിരുന്നു മോണ്ടലമ്പെറിന്റെ വിശ്വാസം. അങ്ങനെയായാൽ, മെത്രാന്മാരെ നിയമിക്കുന്നവരും, സെമിനരികളിലെ പഠനങ്ങളം നിയന്ത്രിക്കുന്നവരും, തിരുസ്സഭയെ ഒരു ഗവൺമെൻറ് ഡിപ്പാർട്ടുമെൻറാക്കി രാജസിംഹാസനത്തിനു താങ്ങിടുന്നവരുമായ ലൗകികരാജാക്കന്മാരുടെ പിടിയിൽ നിന്നു തിരുസ്സഭയെ മോചിക്കാം. സ്വാതന്ത്ര്യ സൂര്യന്റെ പ്രകാശത്തിൽ തഴച്ചുവളരുന്നതിനു തിരുസ്സഭയെ രാഷ്ട്രീയ അടിമത്തത്തിൽനിന്നു മോചിക്കുവാൻ മോണ്ടലമ്പെർ ആഗ്രഹിച്ചു.

1827-ൽ യുവാവായ ചാൾസ് ഈ ആശയങ്ങം ആദ്യമായി എഴുതിപ്പിടിപ്പിച്ചപ്പോൾ ഇവയെല്ലാം വിപ്ലവകരവും പാഷണ്ഡികവുമായി സമകാലികർക്കു തോന്നിയിട്ടുണ്ടായിരിക്കണം. അതിനാൽ ഈ ആദർശങ്ങളുടെ സനാതനത്വം സമകാലികരായ കത്തോലിക്കരെ ധരിപ്പിക്കുവാൻതന്നെ തന്റെ സമയത്തിൽ വലിയ ഒരു ഭാഗവും തന്റെ ഓജസ്സും അദ്ദേഹം വിനിയോഗിക്കേണ്ടിവന്നു. യൗവ്വനത്തിൽ യാതൊരു സംയമനവുംകൂടാതെ ഇവയെല്ലാം അദ്ദേഹം വെട്ടിപ്പൊളിച്ചെഴുതി. എന്നാൽ 1830-ലേയും 1848-ലേയും വിപ്ലവങ്ങം കണ്ടപ്പോൾ സ്വാതന്ത്ര്യലക്ഷ്യത്തെപ്പറ്റിയുള്ള ചില അഭിപ്രായങ്ങംക്കു മാറ്റംവന്നു. തന്റെ പരിപാടി ഒരാദർശം മാത്രമാണെന്നും, ഈ ലോകത്തിൽ അതു സാധിതമാകയില്ലെന്നും അദ്ദേഹത്തിനു തോന്നി. ക്രിസ്ത്യാനജനതതങ്ങളുടെ സ്വാതന്ത്ര്യത്തെ ഈശ്വരനെതിരായി ഉപയോഗിക്കാതിരിക്കുവാൻ എത്രകണ്ടു് അഭ്യസിക്കു

ന്നുവോ, അത്രകണ്ടുമാത്രമേ തന്റെ ആദർശം പ്രായോഗികമാകയുള്ളുവെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി.

രാഷ്ട്രീയപ്രവർത്തനത്തിൽനിന്നു വിരമിച്ചു സ്വസ്ഥമായി ദീർഘകാലം തന്റെ മനോരാജ്യത്തെപ്പറ്റി ചിന്തിച്ചതിനുശേഷം, 1863-ൽ, ജീവിതത്തിൽ ചെയ്ത ഒടുവിലത്തെ പ്രസംഗത്തിൽ, അദ്ദേഹം ഉന്നയിച്ച ആശയങ്ങളെ പതിനേഴു വയസ്സിൽ അദ്ദേഹം ജനങ്ങളുടെ മുമ്പിൽ നിരത്തിവച്ചവതന്നെയായിരുന്നു. നാലായിരംപേരോടായി ചെയ്ത പ്രസ്തുത പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ജനാധിപത്യം സ്വാതന്ത്ര്യത്തെ സമാദരിക്കുക, കത്തോലിക്കാസഭയും ജനാധിപത്യവും തമ്മിൽ പൊരുത്തപ്പെടുക, എന്നീ രണ്ടു സംഗതികളിലാണു് ആധുനികസമുദായത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നതു്. ഒരു പ്രത്യേകാനുഭവം ഇനി കത്തോലിക്കർ പ്രതീക്ഷിക്കേണ്ടതില്ല. കത്തോലിക്കാവിശ്വാസത്തിനു് അനുകൂലമായി പരിപൂർണ്ണ രാജവാഴ്ചയും ഇനി കത്തോലിക്കർ ആഗ്രഹിക്കേണ്ട..... ആധുനികസമുദായത്തെ ഇളക്കുകയോ വെറുപ്പിക്കുകയോ ചെയ്യുവാൻ പര്യാപ്തമായ ഒരു വ്യവസ്ഥിതിയിലേക്കു പ്രത്യാഗമിക്കുവാനുള്ള സകല അഭിവാഞ്ഛകളും നാം ധീരമായും പരസ്യമായും എല്ലായ്പോഴും എതിർക്കണം." "സ്വതന്ത്രരാഷ്ട്രത്തിൽ സ്വതന്ത്രസഭ" എന്ന വിഷയത്തെപ്പറ്റിയുള്ള ഈ പ്രസിദ്ധപ്രസംഗംചെയ്തിട്ടു്, അധികം വർഷങ്ങൾ കഴിയുന്നതിനുമുമ്പു മോണ്ടലമ്പെർ ദിവംഗതനായി. എന്നാൽ പ്രസ്തുതപ്രശ്നം ദിവംഗതമായില്ല. മോണ്ടലമ്പെർ പ്രസ്തുതപ്രശ്നം അവസാനിപ്പിച്ചില്ല. അതു പരിഹരിക്കുവാൻ അദ്ദേഹം കാര്യമായി പരിശ്രമിച്ചു. തിരുസ്സഭയും ജനാധിപത്യവും, തിരുസ്സഭയും സ്വാതന്ത്ര്യവും

തമ്മിൽ പൊരുത്തപ്പെടുത്തുവാൻ അദ്ദേഹം നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾ അദ്ദേഹത്തിന്റെ മരണശേഷം അനുധാനംചെയ്യപ്പെടുകയാണു്.

"ഭാവി" എന്ന പ്രസിദ്ധീകരണത്തെ മാർപ്പാപ്പാ ശപിക്കുന്നു

രാഷ്ട്രത്തിന്റെ വിദ്യാഭ്യാസക്രമത്തെയെ വെല്ലുവിളിച്ചുകൊണ്ടു്, തന്റെ സ്നേഹിതനായ ലക്കോർഡയറിനോടുകൂടെ ചേർന്നു്, ഒരു പള്ളിക്കൂടം സ്ഥാപിച്ചതാണു മോണ്ടലമ്പെറിന്റെ പ്രഥമപ്രവർത്തനം. അന്നു വയസ്സു് ഇരുപത്തൊന്നായിരുന്നില്ല. കുറേക്കാലമായി അയർലൻഡു് ഒന്നു സന്ദർശിക്കുവാനും, അവിടത്തെ ജനങ്ങളെ ഒന്നു് കാണുവാനും, തന്റെ ആരാധനാപാത്രമായ ഒക്കോണലിനോടു് ഒന്നു സംസാരിക്കുവാനും അദ്ദേഹം ആഗ്രഹിച്ചു. അക്കാലത്തു് അദ്ദേഹം ലക്കോർഡയറുമായി പരിചയപ്പെട്ടിട്ടില്ലായിരുന്നു.

പാരീസിലെ തെരുവീഥികളിൽ 1830 ജൂലായിമാസത്തിൽ പൊട്ടിപ്പുറപ്പെട്ട വിപ്ലവത്തിനു മുമ്പാണു മോണ്ടലമ്പെർ അയർലൻറിലേക്കു പോയതു്. ബൂർബൺ രാജാവിന്റെ പലായനത്തെപ്പറ്റിയുള്ള വാർത്ത ലണ്ടനിൽവച്ചു് അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു് അതു ജനങ്ങളുടെ ഒരു വിജയമാണെന്നത്രേ. മഹത്തരമായ ഈ സമരത്തിൽ പങ്കുകൊള്ളുന്നതിനു തൽക്ഷണം അദ്ദേഹം പാരീസിലേക്കു തിരിച്ചുവെങ്കിലും, അയർലൻഡു സന്ദർശിച്ചുശേഷം തിരിച്ചുവന്നാൽ മതിയെന്നുള്ള ഒരു താക്കീതു പിതാവു മകനു നല്കി. യഥാർത്ഥലോകത്തിൽ സ്ഥിതിചെയ്യി

രുന്ന ഒരു അയർലൻറല്ല, യുവാവായ മോണ്ടലമ്പെർ ഭാവനംചെയ്തിരുന്നതു്. ഒരു ചെറിയ ഫ്രാൻസു്പോലെ ആയിരിക്കും അയർലൻറു് എന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. പതിനെട്ടാംശതാബ്ദത്തിലെ ഫ്രാൻസിൽ വിരാജിച്ചിരുന്ന പ്രഭുക്കന്മാരെപ്പോലെ സംസ്കാരചിത്തരായ ഒരു ജനതയെ അദ്ദേഹം ഭാവനം ചെയ്തിരുന്നു. ഫ്രഞ്ചു് സംസ്കാരത്തോടുകൂടെ ഉൽപതിഷ്ണുമായ കത്തോലിക്കാവിശ്വാസവും പ്രസാദവരവും ചേർന്നു് അയർലൻറു് മനോഹരമായിരിക്കുമെന്നു് അദ്ദേഹം കരുതി.

അതിനാൽ ഐറിഷുകാരും മാംസരക്തങ്ങളുള്ളവരാണെന്നു കണ്ടപ്പോൾ മോണ്ടലമ്പെർ ഒന്നു ഞെട്ടിപ്പോയി. ക്ലെയറിൽ സ്ഥിതിചെയ്യുന്ന ഒക്കോണലിൻെറ ഉദ്യാനസന്ദർശനം തികച്ചും നിരാശാജനകമായിരുന്നു. ഗൗരവക്കാരനായ ആ ഫ്രഞ്ചുയുവാവു് അവിടെ കണ്ടതു് ഉല്ലാസപ്രിയരായ യുവാക്കൾ സംസ്കാരരഹിതമായി ആഹ്ലാദിക്കുന്നതാണു്. യുവസന്ദർശകനെ കണ്ടപ്പോൾ ഒക്കോണൽ ഒന്നു തലകുനിച്ചതല്ലാതെ മറെറാരു ആദരവും കാണിച്ചില്ല. ശേഷം യുവാക്കളുടെ ഗണത്തിൽ മോണ്ടലമ്പെറിനേയും തള്ളിവിട്ടു. ഇരുപത്തഞ്ചുപേർ അന്നു മേശയ്ക്കിരുന്നു; എന്നാൽ അവരെല്ലാവരും യാതൊരു പരിഷ്കാരവുമില്ലാതെ അലറി ഒച്ചപ്പാടുണ്ടാക്കുന്ന ഒരു ഗണമായിട്ടാണു് ഊണുസമയത്തു മോണ്ടലമ്പെറിനു തോന്നിയതു്. പിന്നീടു് അദ്ദേഹം ഒക്കോണലിൻെറ പ്രസിദ്ധമായ ഒരു പ്രസംഗം കേൾക്കുവാൻ പോയി. പ്രസംഗവേദിയിലെങ്കിലും ഐറിഷുനേതാവിൻെറ സാമർത്ഥ്യം കാണാമെന്നു മോണ്ടലമ്പെറിനു് ഒരു പ്രതീക്ഷയുണ്ടായിരുന്നു. അവിടെയും നിരാശയാണുണ്ടായതു്. ഒക്കോണലിൻെറ പ്രസംഗം അദ്ദേഹ

ത്തിനു രസിച്ചില്ല. ഇടക്കിടയ്ക്കു വാഗ്വിലാസത്തിന്റെ ചില തേജഃപുഞ്ജങ്ങൾ കണ്ടു. ജനക്കൂട്ടം ഒക്കോണലിന്റെ സാധാരണ പ്രസ്താവനകൾകേട്ടു കയ്യടിച്ചിരുന്നു; എന്നാൽ അത്ഥസമ്പുഷ്ടമായ പ്രഖ്യാപനങ്ങൾ അവരുടെ തലയ്ക്കുമീതെ കടന്നുപോകുന്നപോലെ തോന്നി.

യുവാവായ മോണ്ടലമ്പെറിനു് ഐറിഷ്ജനതയുടേയും ഒക്കോണലിന്റേയും സാമത്ഥ്യവിശേഷങ്ങളിലുള്ള അഭിപ്രായം മാറിമറഞ്ഞുപോയി; എന്നാൽ അയർലൻറിലുള്ള അദ്ദേഹത്തിന്റെ പ്രതീക്ഷയ്ക്കു് അന്തരം ഭവിച്ചില്ല. ഫ്രാൻസിൽ സ്ത്രീകൾ ദേവാലയത്തിൽ തിങ്ങിക്കൂടുന്നതുപോലെയാണു് അയർലൻറിൽ പുരുഷന്മാർ തിങ്ങിക്കൂടിയിരുന്നതു്. ഒരു കുഞ്ഞില്ലാതെ സകലരും ഞായറാഴ്ച പള്ളിയിൽ പോകുന്ന കാഴ്ച മോണ്ടലമ്പെറിന്റെ ഹൃദയത്തെ സ്പർശിച്ചു. അദ്ദേഹത്തിന്റെ സ്വപ്നത്തിൽ ഒരു ഭാഗം ഇങ്ങനെ നിറവേറി. അയർലൻറിലെ സ്ഥിതിഗതികൾ മോണ്ടലമ്പെറിന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു.

മോണ്ടലമ്പെർ പാരീസിൽ തിരിച്ചെത്തി. ആധുനികസമുദായത്തിൽ തിരസ്സുഭയ്ക്കുള്ള സ്ഥാനത്തെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായംതന്നെ, സ്വീകരിച്ചിരുന്ന രണ്ടുപേരെ അദ്ദേഹം കണ്ടുമുട്ടി. ലമെനെയും ലക്കോർഡയറുമാണു് ഈ രണ്ടു സ്നേഹിതർ. ലമെനെ വാഗ്മിയായ ഒരു വൈദികനായിരുന്നു. അന്നു വയസ്സു് അമ്പതു്. ദൈവത്തേയും സ്വാതന്ത്ര്യത്തേയും സ്നേഹിക്കുകയും, അവ തമ്മിൽ പൊരുത്തപ്പെടുവാനുള്ള മാർഗ്ഗം കണ്ടെത്തിയെന്നു് അഭിമാനിക്കുകയും ചെയ്തിരുന്ന ഒരു സ്വതന്ത്രചിന്തക

നായിരുന്ന ലമെനെ. അദ്ദേഹത്തിന്റെ പ്രഭാവവും ശക്തിയും ഉച്ചിയിലെത്തിയിരുന്ന കാലമാണതു്. പള്ളിക്കൂടങ്ങളിൽവച്ചു് ആദ്ദേഹിക്കുവാനിടയായ പേശനിസം ഉരിഞ്ഞുകളഞ്ഞു്, വൈദികനായി സേവനമാരംഭിച്ച ഒരു മുപ്പതുവയസ്സുകാരനായിരുന്ന ലക്കോർഡയർ. മാതൃരാജ്യത്തിനു സിദ്ധിച്ച സ്വാതന്ത്ര്യത്തിൽനിന്നുള്ള ഓഹരി അവകാശപ്പെടുവാനായി "ഭാവി" എന്നപേരിൽ ലമെനേയും ലക്കോർഡയറുംകൂടി ഒരു കത്തോലിക്കാപ്രസിദ്ധീകരണം നടത്തിപ്പോന്നിരുന്നു. "മതത്തിന്റെ പുരോഗതിക്കും, ഭിന്നാഭിപ്രായക്കാരുടെ യോജിപ്പിനും, തല്പരാ സമുദായപരിഷ്കരണത്തിനുമായി നിലകൊള്ളുന്ന കത്തോലിക്കവും ദേശീയവുമായ പ്രസിദ്ധീകരണ"മെന്നാണു് അവർ തങ്ങളുടെ പത്രത്തെപ്പറ്റി പറഞ്ഞിരുന്നതു്.

"മതസ്വാതന്ത്ര്യ സംരക്ഷണസംഘം" എന്ന പേരിൽ ഒരു സംഘവും ലമെനെ രൂപവൽക്കരിച്ചിരുന്നു. അതിന്റെ ഔദ്യോഗികജിഹ്വയായിരുന്നു "ഭാവി". ബൈറണും വിക്ടർഹ്യൂഗോയും ജീവിച്ചിരുന്ന ആ കാല്പനികഭൂമിയിലെ ഒരു യുവാവിനെസംബന്ധിച്ചിടത്തോളം ഇതു ധീരമായ ഒരു പ്രവർത്തനമായിരുന്നു. "ഭാവി"യിൽ മോണ്ടലമ്പെറിനും അഭിനിവേശമുണ്ടായി; കാരണം കത്തോലിക്കാസ്വാതന്ത്ര്യത്തെയും അവകാശങ്ങളേയും നിരസിച്ചിരുന്നവരെയെല്ലാം "ഭാവി" ശരിയാകുംവണ്ണം ആക്രമിച്ചിരുന്നു. ഒരു അവിശ്വാസിയെ പള്ളിയിൽ സംസ്കരിക്കുവാൻ വൈദികനെ ഒരു പ്രീഫെക്ടു് നിർബ്ബന്ധിക്കുന്നതുതുടങ്ങി പല സംഭവങ്ങളും, റഷ്യയിൽനിന്നു മോചനംനേടുവാൻ പോളിഷുകാർ നടത്തുന്ന "പരിശുദ്ധവിപ്ലവങ്ങളും", പ്രസ്തുതപ്രസിദ്ധീകരണത്തിലെ പംക്തികളിൽ അണിനിരന്നിരുന്നു. താല്ക്കാലമായ പ്രസി

ഭീകരണം, അന്നത്തെ കക്ഷമായ പ്രസിദ്ധീകരണനിയമങ്ങൾക്കു് എതിരായിത്തീരുമെന്നതിനു സന്ദേഹമില്ലല്ലോ. "ഭാവി" ആരംഭിച്ചിട്ടു രണ്ടു മാസം തികയുന്നതിനുമുമ്പു്, ലക്കോർഡയർ എഴുതിയ രണ്ടു ലേഖനങ്ങളെ അടിസ്ഥാനപ്പെടുത്തി, അതിനു നിരോധനോത്തരവു കിട്ടി. ആ മാസത്തിലാണു മോണ്ടലമ്പെർ ലക്കോർഡയറിനെ ആദ്യം കണ്ടു പരിചയപ്പെട്ടതു്. ഗവമ്മെൻറിന്റെ ഈ പീഡനനയം മോണ്ടലമ്പെറിനെ ലക്കോർഡയറിന്റെ പക്ഷത്തേക്കു ചേർത്തു. അന്നുമുതൽ ഫ്രാൻസിൽ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള കുരിശുയുദ്ധങ്ങളിലെല്ലാം മോണ്ടലമ്പെറും ലക്കോർഡയറും യോജിച്ചാണു പ്രവർത്തിച്ചിരുന്നതു്.

ഇവരുടെ ഒന്നാമത്തെ പ്രവർത്തനം അടുത്ത മേയ്മാസത്തിൽ സമാരംഭിച്ച സ്വകാര്യപള്ളിക്കൂടമാണു്. സ്വകാര്യവ്യക്തികൾക്കു പള്ളിക്കൂടങ്ങൾ ആരംഭിച്ചുകൂടാ എന്ന നിയമത്തെ നാടകീയമാകും വിധം ലംഘിച്ചുകൊണ്ടാണു് ഈ പള്ളിക്കൂടം ആരംഭിച്ചതു്. രാഷ്ട്രത്തിന്റെ വിദ്യാഭ്യാസക്കുത്തക തകർക്കാതെ ഫ്രാൻസു് കത്തോലിക്കാവിശ്വാസത്തിലേക്കു പിന്തിരിയുകയില്ലെന്നും, തിരുസ്സഭയ്ക്കു സ്വതന്ത്രവായി ശ്വസിക്കുവാൻ സാധിക്കുകയില്ലെന്നും ലക്കോർഡയർ പ്രഭൃതികൾക്കു് ഉറപ്പായിരുന്നു. 1814–ലെ ഭരണഘടനയ്ക്കു് എതിരാണു് ഈ കുത്തകയെന്നും അവർ വാദിച്ചു. സർവ്വകലാശാലയുടെ അധീനത്തിലായിരുന്നു ഫ്രാൻസിലെ വിദ്യാഭ്യാസനയം. അതുകൊണ്ടുകൂടി ഈ കുത്തക അവസാനിപ്പിക്കണമെന്നു് അവർക്കു നിർബ്ബന്ധമുണ്ടായിരുന്നു. ഒരു സമകാലികൻ പറയുന്നതു ഫ്രഞ്ചു പള്ളിക്കൂടങ്ങളിൽ ഈശ്വരനു സ്ഥാനമില്ലായിരുന്നുവെന്നാണു്.

ലക്കോർഡയറും മോണ്ടലമ്പെറും സെക്ക്വുംകൂടി പാരീസിൽ ഒരു പള്ളിക്കൂടം തുറന്നു. പന്ത്രണ്ടു കുട്ടികൾ ഈ പള്ളിക്കൂടത്തിൽ ഹാജരായി. അവിടെ ലക്കോർഡയറും പാരീസിലെ ഒരു പോലീസ് ഉദ്യോഗസ്ഥനുംകൂടി ഒരു പ്രഹസനംതന്നെ അഭിനയിച്ചു. പോലീസുകാരൻ കുട്ടികളോട് വീട്ടിലേക്കു പോകുവാൻ പറഞ്ഞു. ലക്കോർഡയർ അവരോട് അവിടെ നില്ക്കുവാൻ ആവശ്യപ്പെട്ടു. പോലീസുകാരനെ കുട്ടികൾ അനുസരിച്ചില്ല; അതിനാൽ ലക്കോർഡയറേയും കൂട്ടുകാരേയും പോലീസ് അറസ്റ്റുചെയ്തു. കേസ് വിചാരണയ്ക്കുവരാറായപ്പോഴേക്കും, പിതാവു മരിക്കുകയാൽ മോണ്ടലമ്പെർ പ്രഭുസ്ഥാനത്തേക്ക് ഉയർന്നു; അതിനാൽ അദ്ദേഹത്തിന്റെ കേസു പ്രഭുസഭയിൽ വിചാരണചെയ്യുവാൻ അദ്ദേഹത്തിനു് ആവശ്യപ്പെടാമായിരുന്നു. അദ്ദേഹം അങ്ങനെ ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ കേസിനു നല്ല പ്രസിദ്ധികിട്ടി. ഒരു അഭിഭാഷകനുംകൂടി ആയിരുന്ന ലക്കോർഡയർതന്നെ കേസിന്റെ വാദം തയ്യാറാക്കി; എന്നാൽ മോണ്ടലമ്പെറിന്റെ വാഗ്വിലാസമാണു പ്രഭുക്കളുടെ ശ്രദ്ധയിൽ പതിഞ്ഞതു്. തിരുസ്സഭയ്ക്കും വിദ്യാഭ്യാസത്തിനും ആവശ്യമായ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മോണ്ടലമ്പെറിന്റെ ഉജ്ജ്വലമായ വാദം അവർക്കു കൗതുകത്തിനും അതേസമയം സ്വല്പം മുഷിപ്പിനും കാരണമായി. മൂന്നുപേരും കുറക്കാരാണെന്നു കണ്ടെങ്കിലും, ലഘുവായ ഒരു ശാസനവും നൂറു ഫ്രാങ്കു പിഴയും മാത്രമാണു ശിക്ഷയായി നിശ്ചയിച്ചതു്. നിയമദൃഷ്ട്യാ പരാജയമടഞ്ഞുവെങ്കിലും, ധാർമ്മികമായ ഒരു വിജയം അവർ നേടി. അവരുടെ വാദം രാജ്യം മുഴുവനും അറിയിക്കുന്നതിനും, വിദ്യാഭ്യാസസ്വാതന്ത്ര്യത്തിന്റെ ആവശ്യകത എത്രമാത്ര

മെന്നു ജനങ്ങളെ ഗ്രഹിപ്പിക്കുന്നതിനും അവൎക്കു കഴിഞ്ഞു.

ഒരു കുരിശ്രുയുദ്ധത്തിലുംകൂടി മോണ്ടലമ്പെർ പങ്കെടുത്തു. "ഭാവി" എന്ന പ്രസിദ്ധീകരണത്തിന്റെ സമരമായിരുന്നു അതു്. ലമെനെയാണു് ഈ സമരത്തിനു നേതൃത്വം നല്കിയതു്; മോണ്ടലമ്പെർ അദ്ദേഹത്തെ പിന്താങ്ങിക്കൊണ്ടിരുന്നു. അവസാനം ലമെനെ വഴിതെറ്റി; തൽക്ഷണം മോണ്ടലമ്പെർ അദ്ദേഹവുമായുള്ള കൂട്ടുകെട്ടിൽനിന്നു പിരിഞ്ഞു.

"ഭാവി"യുടെ ചരിത്രം സംക്ഷിപ്തമായി ഇവിടെ വിവരിക്കാം. വോൾട്ടയറിന്റെ പിൻഗാമികളെപ്പോലെ കത്തോലിക്കാവൈദികരും ഈ പ്രസിദ്ധീകരണത്തിനു് 1831 മുതൽതന്നെ എതിരായിരുന്നു. വിവേകംകൂടാതെ വെട്ടിപ്പൊളിച്ചു് എഴുതിക്കൊണ്ടിരുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു "ഭാവി". സഭയും രാഷ്ട്രവും പരിപൂർണ്ണമായി വേർപിരിയണമെന്നും, മനസ്സാക്ഷിസ്വാതന്ത്ര്യത്തിൽ ആരും കൈകടത്തിക്കൂടെന്നും നിർവ്വിശങ്കം അവർ പ്രസ്താവിച്ചു. സാഹചര്യങ്ങളനുസരിച്ചു തീരുമാനിക്കേണ്ട മതവും രാഷ്ട്രവും ഇടകലർന്ന പ്രശ്നങ്ങളെപ്പറ്റി സൂനിശ്ചിതമായ പ്രസ്താവനകൾ അവർ ഇറക്കിക്കൊണ്ടിരുന്നു. പുതുതായി രൂപമെടുത്ത ലൗകികരാഷ്ട്രങ്ങളോടു വിപ്ലവകരമായ ബന്ധം പാലിക്കുന്നതിനു തിരുസ്സഭയ്ക്കു് ആ പ്രസിദ്ധീകരണം ആഹ്വാനം നല്കിക്കൊണ്ടിരുന്നു. ഫ്രഞ്ചുവിപ്ലവംവഴി ഉണ്ടായ ക്രമത്തെ ഒരു വിട്ടുവീഴ്ചയെന്നവണ്ണം സ്വീകരിക്കുന്നതിനുപകരം, ഒരാദർശമായി അവർ ചിത്രിച്ചു. അതുകൊണ്ടു് അനന്തരകാലങ്ങളിൽ ലക്കോർഡയർ ഇപ്രകാരമെഴുതി: "വൈദികർക്കും ഗവമ്മെൻറുകൾക്കും രാഷ്ട്രീയ

കക്ഷികൾക്കും ഞങ്ങൾക്കും മേലും കീഴും നോക്കാത്ത കൂട്ടികളെപ്പോലെ തോന്നി."

ഈ യുവാക്കന്മാർ തുങ്ങളുടെ സമരം തുടരുന്നതിനു മാത്രമല്ല, അതിനു് അംഗീകാരം നല്കുവാൻകൂടി തിരുസിംഹാസനത്തോടു് അനുമതി ചോദിച്ചു. നിത്യനഗരത്തിൽ പോയാൽ കാര്യം നേടാമെന്നു കുട്ടികളെപ്പോലെ അവർ നിനച്ചു. തന്മൂലം "ഭാവി"യുടെ പ്രസിദ്ധീകരണം താല്ക്കാലികമായി നിറുത്തിക്കൊണ്ടു മാർപ്പാപ്പാതിരുമേനിയുടെ അംഗീകാരത്തിനായി പ്രവർത്തകർ നിത്യനഗരത്തിലേക്കു പുറപ്പെട്ടു. അവിടെ അവർ വിശാലഭൂമിയിലെ മൺപൊടിപോലെയായി. നിത്യനഗരം സമയത്തെ ശതാബ്ദങ്ങളായിട്ടാണു് എണ്ണിയിരുന്നതു്; എന്നാൽ പാരീസിൽ സമയം മണിക്കൂറായിട്ടാണു് ഗണിച്ചിരുന്നതു്. ഈ മൂന്നു ഫ്രഞ്ചു പൗരന്മാരെപ്പറ്റി റോമയിൽ കേട്ടിട്ടില്ലാത്തപോലെ തോന്നി അവർക്കു്. മോണ്ടലമ്പെറിനേയും ലക്കോർഡയറിനേയും പറ്റി ഒന്നും അവിടെ കേട്ടിട്ടില്ലായിരുന്നു. അവർ ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നുപോലും അവിടെ ആരും ചിന്തിച്ചിരുന്നില്ല. കുറേനാൾ കാത്തുനിന്നതിനു ശേഷം പതിനാറാം ഗ്രിഗോരിയോസു് മാർപ്പാപ്പായെ കാണുവാൻ അവർക്കു് അനുമതി സിദ്ധിച്ചു. അവരുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനപരിപാടികളും എഴുതിക്കൊടുക്കുവാൻ തിരുസിംഹാസനം ആവശ്യപ്പെട്ടു. മാർപ്പാപ്പായുമായുണ്ടായ അഭിമുഖസംഭാഷണത്തിൽ അപ്രധാനവിഷയങ്ങളാണു പ്രതിപാദിച്ചതു്. മോണ്ടലമ്പെറിന്റെ അമ്മയുടെ ആരോഗ്യത്തേയും, ലമെന്നെയുടെ സഹോദരനേയും, മൈക്കൾ ആഞ്ചെലോയുടെ ഒരു ചിത്രത്തേയും സംബന്ധിച്ചു സംസാരിച്ചുകഴിഞ്ഞപ്പോൾ അഭിമുഖസംഭാഷണസമയം

കഴിഞ്ഞു. സമയത്തിന്റെ പൂർണ്ണതയിൽ ഒരു തീരുമാനമുണ്ടാകുമെന്നു് അനന്തരം ഒരു മറുപടിയും സിദ്ധിച്ചു.

"ഭാവി" പ്രസിദ്ധീകരണത്തിന്റെ പ്രവർത്തകരുടെ പരിപാടികളും അംഗീകരിക്കുന്നതു വിഹിതമായിരിക്കയില്ലെന്നു കർത്തിനാൾ ലക്സംബർഗിനി പരിശുദ്ധപിതാവിനെ നേരത്തേ അറിയിച്ചിരുന്നു. അങ്ങനെ ചെയ്യുന്നതു ലിബറലിസത്തിനു് ഒരു വലിയ താങ്ങായിരിക്കുമെന്നും, മാനസികമായ ഒരാത്മഹത്യയായി പരിണമിക്കുമെന്നുമായിരുന്നു ഫ്രഞ്ചു വൈദികമേലദ്ധ്യക്ഷന്മാരുടെ അഭിപ്രായം. ലക്കോർഡയർ വത്തിക്കാന്റെ തീരുമാനം ഗ്രഹിച്ചറിഞ്ഞു. സാഹചര്യങ്ങൾക്കു വിനീതമായി വഴങ്ങിക്കൊടുക്കുവാൻ അദ്ദേഹം ലമെന്നെയെ ഉപദേശിച്ചു. ലമെന്നെ അങ്ങനെ വഴങ്ങാൻ തയ്യാറായില്ല. തിരുസിംഹാസനത്തിന്റെ തീരുമാനം ലഭിക്കുന്നതുവരെ റോമയിൽ താമസിക്കുവാൻതന്നെ ലമെന്നെ നിശ്ചയിച്ചു. മോണ്ടലമ്പെറിനു് ഇറലിയിലെ ചരിത്രസ്ഥാനങ്ങളിലായിരുന്നു കൂടുതൽ കൗതുകം. ലക്കോർഡയറെപ്പോലെ മോണ്ടലമ്പെറും ലമെന്നയെ ഉപദേശിച്ചതു് എളിമയോടുകൂടെ സാഹചര്യങ്ങൾക്കു വഴങ്ങിക്കൊടുക്കുവാനാണു്. അവസാനം പ്രസിദ്ധനായ ജോസഫ് ഡോറെസ്സിന്റെ പ്രവർത്തനങ്ങൾ കാണുവാൻ മോണ്ടലമ്പെറും ലമെന്നെയുംകൂടി മൂന്നിച്ചു സന്ദർശിച്ചു. അവിടെ ലക്കോർഡയറും വന്നുചേരുവാനിടയായി.

മൂന്നിച്ചിൽവച്ചു "മിരാരി വോസു" എന്ന തിരുവെഴുത്തു് അവർക്കു ലഭിച്ചു. "ഭാവി" പ്രസിദ്ധീകരണത്തിന്റെ പരിപാടികളിൽ ചിലതു ശപിക്കുന്നതായിരുന്നു ആ തിരുവെഴുത്തു്. ലമെന്നെയുടെ അബദ്ധ

ങ്ങളുടെ ഒരു പട്ടിക ഫ്രഞ്ചു മെത്രാന്മാർ തിരുസിംഹാസനത്തിനു് അയച്ചുകൊടുത്തിരുന്നു. ഒരു പേപ്പൽ തിരുസംഘം അവ പരിശോധിച്ചതിനുശേഷം ചില അബദ്ധങ്ങൾ ശാപയോഗ്യമായി നിർദ്ദേശിച്ചു. പ്രസാധകന്മാരിലൊരുത്തടേയും പേരുകൾ തിരുവെഴുത്തിൽ കാണിച്ചിരുന്നില്ല; എന്നാൽ "ഭാവി"യുടെ പരിപാടികളാണു ശപിച്ചിരിക്കുന്നതെന്നു സ്പഷ്ടമായിരുന്നു. പരിപൂർണ്ണമായ പ്രസംഗസ്വാതന്ത്ര്യം പരിത്രുദ്ധപിതാവു അംഗീകരിച്ചില്ല. പ്രസിദ്ധീകരണങ്ങളെല്ലാം നല്ലതാണെന്നു സമ്മതിക്കുവാൻ തിരുമേനി സന്നദ്ധനല്ലായിരുന്നു. ലമെനെ അവകാശപ്പെട്ടതുപോലെ അഭിപ്രായസ്വാതന്ത്ര്യം അംഗീകരിക്കുവാനും മാർപ്പാപ്പാതിരുമേനി വിമുഖനായിരുന്നു. തിരുസ്സഭയ്ക്കു് ഇവ അംഗീകരിക്കാവുന്നതാണെങ്കിലും, പൊതുവേ എല്ലായ്പോഴും ഇവ നല്ലതാണെന്നു പ്രഖ്യാപിക്കുവാൻ റോമാ ഇഷ്ടപ്പെട്ടില്ല. തിരുസ്സഭയും രാഷ്ട്രവും വേർപിരിഞ്ഞിരിക്കുന്നതു് ഒരൊത്തുതീർപ്പെന്നല്ലാതെ ഒരാദർശമാണെന്നുള്ള ലമെനെയുടെ അഭിപ്രായം റോമാ അംഗീകരിച്ചില്ല.

മൂന്നു പത്രാധിപന്മാരും "മിരാരി വോസു്" എന്ന തിരുവെഴുത്തിലെ തീരുമാനത്തിനു കീഴ്പ്പെട്ടു് എഴുത്തുകൾ തിരുസിംഹാസനത്തിനു നല്കി; എന്നാൽ ലമെനെയുടെ മനസ്സു വഴങ്ങിയിട്ടില്ലായിരുന്നു. അതിനാൽ അദ്ദേഹം അയച്ച എഴുത്തു പിൻവലിക്കുകയും, തിരുസ്സഭയിൽനിന്നു പിരിഞ്ഞുപോകുകയും ചെയ്തു. രണ്ടുകൊല്ലത്തിനുശേഷം, 1834–ൽ, "സിങ്കുലാരി നോസു്" എന്ന തിരുവെഴുത്തുവഴി ലമെനെയുടെ പേരുപറഞ്ഞു് അബദ്ധങ്ങൾ ശപിച്ചു. ലമെനെ പരസ്യമായി തിരുസ്സഭയിൽനിന്നു വിട്ടുപോകുകയും

ചെയ്തു. ലമെന്നെയെപ്പോലെ മോണ്ടലമ്പെറും ലക്കോർഡയറും വളരെയധികം വികാരഭരിതരായെങ്കിലും രണ്ടുപേരും എളിമയോടുകൂടെ തിരുസിംഹാസനത്തിന്റെ തീരുമാനത്തിനു കീഴ്പ്പെട്ടുനിന്നു. ആധുനികസമുദായത്തിൽനിന്നു രക്ഷപെടേണ്ട പലതുമുണ്ടായിരുന്നതിനാൽ, മറ്റു പല കുരിശ്ശുയുദ്ധങ്ങളും നടക്കേണ്ടതുണ്ടായിരുന്നു.

അവർ അടിപ്പെട്ടുപോയി. എന്നാലും ചെറുപ്പമായിരുന്നതിനാൽ ഇനിയും ജീവിക്കണമെന്നുണ്ടായിരുന്ന അവക്കാഗ്രഹം. എന്നുവരുകിലും നെറ്റി ചുളിഞ്ഞാണ മോണ്ടലമ്പെർ പാരീസിൽ തിരിച്ചെത്തിയതു്. ദ്വിതീയക്രൂശ്ശുയുദ്ധവും ഇങ്ങനെ പരാജയമടഞ്ഞു. അനുസരണകൊണ്ടു നേടിയ വിജയം കാണാൻ അന്നു് അദ്ദേഹത്തിനു കഴിഞ്ഞില്ല. അനന്തരകാലങ്ങളിൽ മാർപ്പാപ്പാമാർതന്നെ അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിക്കുന്നതായിരിക്കുമെന്നു മുൻകൂട്ടി കാണുവാനുള്ള ദീർഘദർശനവരവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പാരീസിൽ ജീവിക്കുവാൻ അദ്ദേഹത്തിനു പ്രയാസമായിത്തോന്നി. 25 വയസ്സാകാതെ പ്രൊട്ടസ്റ്റന്റുസഭയിൽ ഇരിക്കുവാൻ അനുമതിയുമില്ലായിരുന്നു. അതിനാൽ അദ്ദേഹം ജർമ്മനിയിൽ ചുറ്റി സഞ്ചരിച്ചു. വിശുദ്ധ ഏലിസബത്തിന്റെ ജീവചരിത്രമെഴുതുവാൻ വേണ്ട വിവരങ്ങളും ആയാത്രയിലാണു ശേഖരിച്ചതു്. മദ്ധ്യയുഗങ്ങളിലെ സന്ന്യാസികളുടെ പ്രവർത്തനരംഗങ്ങളും അദ്ദേഹം ദർശിച്ചു. തന്മൂലം രാഷ്ട്രീയരംഗത്തുനിന്നു വിരമിച്ചതിനുശേഷം വിരചിച്ച മഹാഗ്രന്ഥത്തിനുള്ള വിഷയങ്ങളും ശേഖരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

1835-ൽ മോണ്ടലമ്പെർ പാരീസിലേക്കു മടങ്ങി പ്രഭുസഭയിൽ സ്ഥാനം സ്വീകരിച്ചു. അവിടെ അദ്ദേഹത്തിനു സംസാരിക്കാം; എന്നാൽ വോട്ടവകാശം ലഭിക്കുന്നതിനു് അഞ്ചുകൊല്ലവുംകൂടി കാത്തിരിക്കേണ്ടിയിരുന്നു. ദൈവത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരം അദ്ദേഹം കാര്യമായി സമാരംഭിച്ചു. മാനസികമായ വളർച്ചപ്രാപിച്ചിട്ടില്ലാത്ത ഒരു യുവാവിന്റേതുപോലെയായിരുന്നു ഇതുവരെയുള്ള പരിശ്രമങ്ങളം. ഒരു പതിമൂന്നുകൊല്ലത്തേക്കുകൂടി ഒരു ഭ്രാന്തനെപ്പോലെയാണു മോണ്ടലമ്പെർ സമരംചെയ്തിരുന്നതെങ്കിലും, നിശ്ചിതമായ ചില മാർഗ്ഗങ്ങളും താല്പര്യങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. വായുവിനോടു പടവെട്ടുകയല്ല മോണ്ടലമ്പെർ ചെയ്തതു്. എന്താണു നേടേണ്ടതെന്നും എങ്ങനെ നേടാമെന്നും അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു.

മോണ്ടലമ്പെറിന്റെ രാഷ്ട്രീയജീവിതം മുഴുവനും ഒരു കത്തോലിക്കാകക്ഷി രൂപവല്ക്കരിക്കുവാനുള്ള ശ്രമമായിരുന്നു. മറ്റു് അഭിപ്രായങ്ങളം എന്തുതന്നെയായിരുന്നാലും പ്രഥമതഃ കത്തോലിക്കരായ ഫ്രഞ്ചു പൗരന്മാരെ സംഘടിപ്പിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. കത്തോലിക്കർ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുത്തേ മതിയാവൂ എന്നു് എപ്പോഴും അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി നില്ക്കുന്നതിനു കത്തോലിക്കരെ അദ്ദേഹം നിശിതമായി ആക്ഷേപിച്ചു. ബൂർബർ രാജകുടുംബത്തെ അടിച്ചുപുറത്താക്കിയപ്പോഴും കത്തോലിക്കർ അനങ്ങാതിരുന്നതിൽ അദ്ദേഹം അവരെ കുറ്റപ്പെടുത്തി.

കത്തോലിക്കരെ അദ്ദേഹം ഇപ്രകാരം ആഹ്വാനംചെയ്തു: "ഫ്രാൻസിലെ ഭൂമിയിൽ പകുതിയും നിങ്ങളുടെ കൈയിലാണ്. ധനംകൊണ്ടും സംഖ്യാബലംകൊണ്ടും സുകൃതംകൊണ്ടും നിങ്ങൾ അജയ്യരാണ്. എന്നിട്ട് രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന അനുദിനമത്സരങ്ങളിൽനിന്നു നിങ്ങൾ അകന്നുനില്ക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പോക്കളത്തിൽ ഫ്രാൻസിനുവേണ്ടി ജീവൻ വയ്ക്കേണ്ട സമയത്തെ പാത്തിരിക്കുന്ന നിങ്ങൾ സമാധാനകാലത്തു സ്വതന്ത്രപൗരന്മാർക്കുള്ള ധർമ്മം എന്തുകൊണ്ടു നിർവ്വഹിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ രാഷ്ട്രീയാവകാശങ്ങൾ വിനിയോഗിക്കണം. നിങ്ങളുടെ പ്രധാനാവകാശങ്ങൾ സംരക്ഷിക്കുവാൻവേണ്ടി യാതൊരു സങ്കോചവുംകൂടാതെ നിങ്ങൾ രാഷ്ട്രീയരംഗത്തിറങ്ങണം. കത്തോലിക്കർ രാഷ്ട്രീയരംഗത്തു പ്രവേശിക്കണം; ഫ്രാൻസിൽ ഭരണഘടനയുടെ അടിസ്ഥാനത്തിൽനിന്നുകൊണ്ടു തിരുസ്സഭയുടെ അവകാശങ്ങൾ സംരക്ഷിക്കണം."

കത്തോലിക്കരുടെ യാഥാസ്ഥിതികത്വത്തെ മോണ്ടലമ്പെർ ശക്തിയുക്തം അധിക്ഷേപിച്ചു. ശാശ്വതസ്ഥാപനമായ സഭ രാജവാഴ്ചയോടു താല്ക്കാലികമായ ബന്ധമേ പാലിക്കാവൂ. ഏതു സമുദായത്തിലും കഴിച്ചുകൂട്ടുവാൻ സഭയ്ക്കു സാധിക്കണം. എന്നാൽ ഒരു സമുദായത്തോടും ഏകതാനത ഭാവിക്കരുതു്. ഇക്കാര്യത്തിൽ വൃദ്ധരായ കത്തോലിക്കരോടും ലക്കോർഡയറിനോടുകൂടെയും മോണ്ടലമ്പെർ വിയോജിക്കയാണു ചെയ്തതു്. വൃദ്ധരായ കത്തോലിക്കരുടെ വിചാരം രാജവാഴ്ചമാത്രമേ ശരിയായ ഭരണസമ്പ്രദായമാകയുള്ളുവെന്നായിരുന്നു. ജനാധിപത്യം മാത്രമാണു ശരിയായ ഭരണസമ്പ്രദായമെന്നായിരുന്നു

ലക്കോർഡയറിന്റെ അഭിമതം. 1814–ലെ പ്രഖ്യാപനമനുസരിച്ച് ഇംഗ്ലണ്ടിലെപ്പോലെ നിയന്ത്രിതാധികാരസമന്വിതമായ രാജവാഴ്ചയായിരുന്നു ഫ്രാൻസിന്റെ ഭരണഘടന. നിലവിലിരിക്കുന്ന ഗവർമ്മെന്റിനെ സ്വീകരിച്ചു കത്തോലിക്കാതാല്പര്യങ്ങളെ സംരക്ഷിക്കുവാൻ പ്രബലമായ ഒരു കക്ഷിയായി സംഘടിച്ചു പ്രവർത്തിക്കുവാനാണു മോണ്ടലമ്പെർ ഉപദേശിച്ചതു്.

ദ്രോഹമയമായ നിഷ്പക്ഷതാമനോഭാവം കത്തോലിക്കരെ സ്വദേശത്തുതന്നെ വിദേശികളാക്കിയിരിക്കുകയാണു്. ആ മനോഭാവത്തിൽനിന്നും മന്ദതയിൽനിന്നും കത്തോലിക്കാസഹോദരരെ തട്ടിയുണർത്തുകയെന്നതായിരുന്നു മോണ്ടലമ്പെർ ആദ്യമായി ചെയ്യേണ്ടിവന്നതു്. മോണ്ടലമ്പെറിന്റെ അധിക്ഷേപം പ്രളയംപോലെ ചിലപ്പോൾ പ്രഭുസഭയിൽ ഉയർന്നുവന്നിരുന്നു. കത്തോലിക്കരെ അദ്ദേഹം ഇപ്രകാരം അഭിവാദ്യംചെയ്തു: "ഫ്രാൻസിലെ കത്തോലിക്കർക്കു് ഇന്നു് എത്രയും പ്രധാനമായ ഒരു വാസനയുണ്ടു്. അതു് അവർക്കു പ്രത്യേകമുള്ളതാണു്: നിദ്ര. പ്രശാന്തമായി ഉറങ്ങുക, ദീർഘമായി ഉറങ്ങുക, അല്പമൊന്നു് എഴുന്നേറ്റു നടന്നിട്ടു വീണ്ടും ഉറങ്ങുക. ഇതുവരെ അതായിരുന്നു കത്തോലിക്കരുടെ സമ്പ്രദായവും നയവും എന്നുവേണ്ട അവരുടെ മഹത്തായ ഓഹരിയും.....ഒരു പ്രധാനകാര്യം, ഒരു ഫ്രഞ്ചുകത്തോലിക്കന്റെ വീക്ഷണപരിധിയിൽ, വാഗ്വിലാസത്തോടെ പ്രദർശിപ്പിച്ചു് അവന്റെ നിദ്ര നഷ്ടപ്പെടുത്തിയാൽ അവൻ കണ്ണൊന്നു മിഴിച്ചു സല്പനേരം നോക്കിനില്ക്കും. തന്റെ കൺമുമ്പിൽ നടക്കുന്ന സമരം കണ്ടു് അല്പമൊന്നു വിസ്മയിച്ചുപോകും. അനന്തരം ഒരു കോട്ടുവായ്വിടും. തന്റെ നിദ്രയെ അസ

ഹപ്പെട്ടത്തിയതിൽ നീരസംപ്രകാശിപ്പിച്ചു കൊണ്ട് അവൻ വീണ്ടും നിദ്രയിൽ അമരും."

ഈദൃശമായ അലക്ഷ്യതയെ വിപാടനംചെയ്യുവാൻ മോണ്ടലമ്പെർ സഹസ്രക്കണക്കിനു കത്തുകൾ എഴുതുകയും, പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. മെത്രാന്മാരെ പ്രേരിപ്പിച്ചു വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനുള്ള ഒരു ബിൽ കൊണ്ടുവരുവാൻ അംഗീകാരം സമ്പാദിക്കുകയും, 1850-ൽ തൽസംബന്ധമായ നിയമം പാസ്സാക്കുകയും ചെയ്തു. പ്രഥമതഃ കത്തോലിക്കരായി വർത്തിക്കുവാൻ കത്തോലിക്കാ അൽമേനികളെ അദ്ദേഹം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. കഠിനമായ ഒരദ്ധ്വാനമായിരുന്നു ഇതെന്നു മോണ്ടലമ്പെർ ആവലാതിപ്പെടുകയുണ്ടായിട്ടുണ്ട്. എല്ലാം തന്നെത്താൻ ചെയ്യേണ്ടിവന്നു. ഫ്രാൻസിൽ ഒരു കത്തോലിക്കാകക്ഷി രൂപവല്ക്കരിക്കുകയെന്നതു് ഏകമനുഷ്യന്റെ ഒരു ക്രൂരസമരമായി പരിണമിച്ചു.

അതു് ഒരു വിജയമായില്ല. അതു് ഒരു ഇരട്ട മാനസാന്തരം ആവശ്യമുള്ള ഒരു സംഗതിയാണെന്നു മോണ്ടലമ്പെർ മനസ്സിലാക്കിയില്ലായിരിക്കണം. ഫ്രഞ്ചുകത്തോലിക്കരുടെ ഒരു സംഘടനയുണ്ടാക്കുകമാത്രമല്ല അദ്ദേഹം ചെയ്തുകൊണ്ടിരുന്നതു്; പ്രതൃത ഇംഗ്ലണ്ടിലെപ്പോലെ ഒരു രാഷ്ട്രീയകക്ഷി രൂപവല്ക്കരിക്കുകയായിരുന്നു അദ്ദേഹം. ഫ്രഞ്ചുപൗരന്മാർക്കു പ്രഥമതഃ കത്തോലിക്കരാകുവാൻ കഴിയും; എന്നാൽ ഇംഗ്ലീഷു രാഷ്ട്രതന്ത്രജ്ഞനയം സ്വന്തമാക്കിയെടുക്കുക അവർക്കു് അസാദ്ധ്യമായിരുന്നു. ആംഗ്ലോ അമേരിക്കൻ രാജ്യതന്ത്രജ്ഞത ശരിയായി മനസ്സിലാക്കി സമാദരിച്ചിട്ടുള്ള ചുരുക്കം ചില ഫ്രഞ്ചുകാരിൽ ഒരാളാണു മോണ്ടലമ്പെർ. ഇംഗ്ലീഷുരാഷ്ട്രീയനയവും സ്വഭാ

ശത്തെ രാഷ്ട്രീയനയവും തമ്മിലുള്ള അന്തരം അദ്ദേഹം ശരിയായി മനസ്സിലാക്കിയിരുന്നില്ലെന്നു തോന്നുന്നു. ഇംഗ്ലീഷും ഫ്രഞ്ചും അദ്ദേഹത്തിനു സ്വായത്തമായിരുന്നതിനാൽ അദ്ദേഹം രണ്ടു ഭരണരീതിയും ശരിയായി മനസ്സിലാക്കിയിരുന്നു; എന്നാൽ ഇതര ഫ്രഞ്ചുപൗരന്മാർ ഇംഗ്ലീഷുരാഷ്ട്രീയനയം ഒരിക്കലും ശരിയായി മനസ്സിലാക്കുകയുണ്ടായിട്ടില്ല.

ബ്രിട്ടീഷ് പാർലമെൻറിലെ രാജ്യസ്നേഹമുള്ള പ്രതിപക്ഷകക്ഷിയുടെ പ്രവർത്തനങ്ങളെ ഫ്രഞ്ചുകാരെ പരിചയപ്പെടുത്തുവാൻ മോണ്ടലമ്പെർ ആവുന്നത്ര പരിശ്രമിച്ചു. ഓർലീൻ ഗവൺമെൻറിൻെറ കാലത്തു മോണ്ടലമ്പെർ താൻ മാത്രം അംഗമായുള്ള ഒരു പ്രതിപക്ഷകക്ഷിയായി വർത്തിച്ചു. എന്നാൽ അദ്ദേഹത്തിനു ഫ്രഞ്ചുജനതയുടെ ചിന്താഗതിയിൽ ഒരന്തരം വരുത്തുവാൻ കഴിഞ്ഞില്ല. ഫ്രഞ്ചുകാർക്കു രണ്ടുതരത്തിലുള്ള എതിർപ്പുമാത്രമേ പരിചയമുണ്ടായിരുന്നുള്ളൂ; നിലവിലിരിക്കുന്ന ഗവൺമെൻറിനെ തകിടംമറിക്കുവാൻ ശ്രദ്ധാലോചന നടത്തുക; അല്ലെങ്കിൽ അഹങ്കാരസമനചിതം പ്രവർത്തനരംഗത്തുനിന്നു് അപ്രത്യക്ഷരായി കഴിയുക. ഗവൺമെൻറിൻെറ വിദ്യാഭ്യാസക്രമത്തെ നിയമാനുസൃതമല്ല എന്നു തെളിയിക്കുവാൻ ചെയ്ത പ്രഥമരാഷ്ട്രീയപരിശ്രമം അദ്ദേഹത്തിൻെറ രാഷ്ട്രീയജീവിതത്തിൻെറ സ്വഭാവത്തെ പരിപൂർണ്ണമായി പ്രതിഫലിപ്പിക്കുന്നതാണു്. അതു് ആംഗ്ലോ അമേരിക്കൻ സമ്പ്രദായമാണു്; ഫ്രഞ്ചുസമ്പ്രദായമല്ല. അതു ഫ്രഞ്ചു സ്വഭാവത്തിനു കടകവിരുദ്ധമാണെന്നു് അന്നുതന്നെ അഭിപ്രായമുണ്ടായിരുന്നു. മോണ്ടലമ്പെറിൻേറയും ചങ്ങാതിമാരുടേയും ധീരമായ നിലപാടു പലരുടേയും ശ്രദ്ധയെ സമാകർഷിച്ചു

വെങ്കിലും അതിന്റെ ഉദ്ദേശ്യം ഫ്രാൻസിൽ ആക്കും ശരിയായി മനസ്സിലായില്ല.

കത്തോലിക്കർ തങ്ങളുടെ രാഷ്ട്രീയാവകാശങ്ങൾ ഉപയോഗിക്കുവാൻ ധാർമ്മികമായി ബാദ്ധ്യസ്ഥരാണെന്നു മോണ്ടലമ്പെർ എപ്പോഴും ഉന്നിപ്പറഞ്ഞുകൊണ്ടിരുന്നു. മതസ്വാതന്ത്ര്യം പ്രാപിക്കുവാൻ ആവശ്യമായ രാഷ്ട്രീയസ്വാതന്ത്ര്യം അനുഭവിച്ചിരിക്കുന്ന ഒരു രാജ്യത്തിലാണു തങ്ങൾ ജീവിക്കുന്നതെന്ന് അദ്ദേഹം വിശദമാക്കി. പ്രസംഗത്തിനും പ്രസിദ്ധീകരണത്തിനുമുള്ള സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അനുസൃതമായ പ്രചരണവും സംഘടിതകക്ഷിയുടെ പ്രാബല്യവുമാണു തിരുസ്സഭയെ സംരക്ഷിക്കുവാനുള്ള അമൂല്യമായ നവോപകരണങ്ങളെന്ന് അദ്ദേഹം വിശദമാക്കി. എല്ലാ തിരഞ്ഞെടുപ്പിലും കത്തോലിക്കർ വോട്ടുചെയ്യണം. "വോട്ടുചെയ്യാതിരിക്കുന്നതു് ഒരു അബദ്ധവും രാജ്യദ്രോഹവുമാണ്. സമരദിനത്തിൽ (തിരഞ്ഞെടുപ്പുദിനം) സമരത്തിനു അണിനിരക്കാത്തവർ സൈന്യത്തിൽനിന്നു് ഓടിയൊളിക്കുകയാണു ചെയ്യുന്നതു്.

വോട്ടുചെയ്യുവാനും, കത്തോലിക്കാ രാഷ്ട്രീയകക്ഷി രൂപവല്ക്കരിക്കുവാനും മാത്രമല്ല മോണ്ടലമ്പെർ ഉപദേശിച്ചുകൊണ്ടിരുന്നതു്. സംഘടിക്കേണ്ടവിധവും, യോഗ്യരായ പ്രതിനിധികളെ തിരഞ്ഞെടുക്കുവാനുള്ള മാർഗ്ഗവുംകൂടി അദ്ദേഹം നിർദ്ദേശിച്ചിരുന്നു. ഈ സംഗതിയിൽ ഒരമേരിക്കനെപ്പോലെയാണു മോണ്ടലമ്പെർ വ്യാപരിച്ചതു്. തങ്ങളുടെ വിദ്യാഭ്യാസബിൽ അനുകൂലിക്കാമെന്നു വാഗ്ദാനം ചെയ്യുന്നവർക്കേ വോട്ടു നല്കുകയുള്ളുവെന്നു നിർബ്ബന്ധി

ക്കുവാൻ 1844–ലെ തിരഞ്ഞെടുപ്പിനു മുമ്പു വോട്ടർമാരെ അദ്ദേഹം പരിശീലിപ്പിച്ചു. "മെത്രാന്മാരും കത്തോലിക്കാ രാഷ്ട്രീയകക്ഷിയുംകൂടി നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്ന വിദ്യാഭ്യാസബില്ലിനെ അനുകൂലിക്കാമെന്നു വ്യക്തമായി സമ്മതിക്കുന്നവർക്കേ നിങ്ങളുടെ വോട്ടുകൾ നല്കാവൂ". തിരഞ്ഞെടുപ്പിനു നില്ക്കുന്ന സ്ഥാനാർത്ഥികളെക്കൊണ്ടു മുന്നു വാഗ്ദാനങ്ങൾക്കു് ഒപ്പിടുവിക്കണം; അതിനുശേഷം മാത്രമേ വോട്ടു നല്കാമെന്നു വാഗ്ദാനംചെയ്യാവൂ എന്നുകൂടി മോണ്ടലമ്പെർ വോട്ടർമാരെ ഉദ്ബോധിപ്പിച്ചു. ഈ വിദ്യ ഫലിച്ചു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ 130 പേർ വിദ്യാഭ്യാസബില്ലിനെ അനുകൂലിക്കാമെന്നു് ഒപ്പിട്ടുകൊടുത്തവരായിരുന്നു.

ഒരു കത്തോലിക്കാ രാഷ്ട്രീയകക്ഷി രൂപവല്ക്കരിക്കുവാൻ മോണ്ടലമ്പെർ ചെയ്ത പരിശ്രമം ഇത്രത്തോളമെത്തി. തന്റെ ഉദ്ദേശ്യം സഫലമായെന്നു മോണ്ടലമ്പെർ വിചാരിച്ചു. എന്നാൽ മോണ്ടലമ്പെറിനാകട്ടെ മറ്റാർക്കെങ്കിലുമാകട്ടെ ആംഗ്ലോ അമേരിക്കൻ ക്രമത്തിൽ ഒരു കക്ഷി രൂപവല്ക്കരിക്കുവാൻ സാധിച്ചില്ല. 1848–ലെ വിപ്ലവത്തോടുകൂടി മോണ്ടലമ്പെറിനുണ്ടായിരുന്ന വിജയസാദ്ധ്യത നിശ്ശേഷം അവസാനിച്ചു. മോണ്ടലമ്പെർ ഉൾപ്പെടെ കത്തോലിക്കരെല്ലാം സ്വീകരിച്ച നിലപാടു് അത്തരമായിരുന്നു.

ഒരു കത്തോലിക്കാ രാഷ്ട്രീയകക്ഷി രൂപവല്ക്കരിക്കുകയായിരുന്നു മോണ്ടലമ്പെറിന്റെ പ്രഥമോദ്ദേശ്യമെന്നു പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിന്റെ രണ്ടാമത്തെ ഉദ്ദേശ്യം സ്വാതന്ത്ര്യത്തിനുവേണ്ടി

യാണ കത്തോലിക്കരും നിലകൊള്ളുന്നതെന്നു തെളിയിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സ്വാതന്ത്ര്യം അമൂല്യമായ ഒരു രത്നംതന്നെയായിരുന്നു. ഫ്രഞ്ചു വിപ്ലവത്തിൽനിന്നു സംസിദ്ധമായ ഒരു വിശിഷ്ടരത്നമായിട്ടാണു സ്വാതന്ത്ര്യത്തെ അദ്ദേഹം വീക്ഷിച്ചതു്. വിപ്ലവത്തിന്റെ ദുഷിച്ച ഫലങ്ങളായ കീടത്തോട്ടുകൂടെ സ്വാതന്ത്ര്യരത്നവും തിരസ്കൃതമാകരുതെന്നു് അദ്ദേഹം അത്യധികം താല്പര്യപ്പെട്ടിരുന്നു. പതിനേഴവയസ്സാകുന്നതിനു മുമ്പുതന്നെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടിട്ടുള്ളതാണു്. അനേകകൊല്ലങ്ങൾക്കുശേഷം പ്രൌഢസഭയിൽ നിന്നുകൊണ്ടു് അദ്ദേഹം ശ്രോതാക്കളെ ഇപ്രകാരം വെല്ലുവിളിച്ചു: "സ്വാതന്ത്ര്യത്തിനുവേണ്ടിയല്ലാതെ എന്റെ നാവിൽനിന്നോ തൂലികയിൽനിന്നോ അടർന്നുവീണിട്ടുള്ള ഒരു പദം കഴിയുമെങ്കിൽ അതെങ്കിലും എടുത്തു കാണിക്കുക". ആ വെല്ലുവിളി ആരും സ്വീകരിക്കയുണ്ടായില്ല.

സംയമനംകൂടാതെ സ്വാതന്ത്ര്യത്തെ മോണ്ടലമ്പെർ സ്നേഹിച്ചിരുന്നുവെങ്കിലും, ആ പ്രേമത്തിനുമുണ്ടായിരുന്ന ഒരു നിയന്ത്രണവിശേഷം. വൃദ്ധസഹജമായ വിജ്ഞാനത്തോട്ടുകൂടെ പതിനേഴാമത്തെ വയസ്സിൽത്തന്നെ അദ്ദേഹം ഇപ്രകാരമെഴുതി: "എന്റെ മുമ്പിൽ സ്വാതന്ത്ര്യത്തിനെന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം സത്യത്തിനാണുള്ളതു്". ഇരുപതു വയസ്സായപ്പോഴേക്കും മോണ്ടലമ്പെറിനു ബോദ്ധ്യമായി, സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുവാൻ പ്രാപ്തിയില്ലാത്തവർക്കു് അനിയന്ത്രിതമായ സ്വാതന്ത്ര്യം സിദ്ധിച്ചാലുണ്ടാകുന്ന ഭവിഷ്യത്തു്. സ്വാതന്ത്ര്യം മൂർച്ചയുള്ള ഒരു കത്തിപോലെയാണെന്നു് അദ്ദേഹം കണ്ടു. തന്റേടമുള്ളവരുടെ കയ്യിൽ അതു് ഒരു പരി

ഷ്ണാരോപകരണമായിരിക്കും; മനസ്സാക്ഷിയില്ലാത്തവന്റെ കയ്യിൽ അതു് ആപല്ക്കരമായ ഒരായുധമായിത്തീരും.

1830–ലെ വിപ്ലവത്തെ ഒരു വമ്പിച്ച വിജയമായി മോണ്ടലമ്പെർ സ്വാഗതംചെയ്തതാണു്. അനന്തരം അതിന്റെ ഇരുണ്ടവശങ്ങളും അദ്ദേഹം ദർശിച്ചു. വിപ്ലവകാരികൾ വധിച്ച ഡെബറി പ്രഭുവിന്റെ സ്മാരകസ്തൂപ്രതിഷ്ഠകൾ നടത്തിയിരുന്ന സെൻറ് ജെമ്മയിന്റെ പള്ളി കൊള്ളചെയ്തതും, ആർച്ചുബിഷപ്പിന്റെ അരമനയിൽ കയറി വിലയേറിയ വസ്തുക്കളെടുത്തു നശിപ്പിച്ചതും, വായനശാലയിലെ ഗ്രന്ഥങ്ങൾ സീൻനദിയിലേക്കു് എറിഞ്ഞുകളഞ്ഞതും, അക്ഷന്തവ്യമായ സ്വാതന്ത്ര്യാഭാസമായി അദ്ദേഹം കരുതി. തൽക്ഷണം യുവാവായിരുന്ന പ്രഭു ഇപ്രകാരമെഴുതി: "ഈദൃശമായ ഭീകരതകൊണ്ടു സ്വാതന്ത്ര്യം യാതൊന്നും നേടാൻപോകുന്നില്ല. ക്ഷമാപൂർവ്വം അവസാനംവരെ നിന്നു സാവധാനത്തിൽ വിജയം നേടുന്നതാണു സ്വാതന്ത്ര്യത്തിന്റെ ജീവൻ". തിരുസ്സഭയും സ്വാതന്ത്ര്യവും തമ്മിൽ പൊരുത്തപ്പെടുത്താമെന്നുണ്ടായ മോണ്ടലമ്പെറിന്റെ വ്യാമോഹം ഇങ്ങനെ അവസാനിച്ചു. സ്വാതന്ത്ര്യം വിപ്ലവഭീകരതയായി മാറുന്നതാണു മോണ്ടലമ്പെർ ദർശിച്ചതു്. എന്നാൽ കുറേ മുഴവനും തെരുവീഥികളിൽനിന്നു പടവെട്ടിയ വിപ്ലവകാരികളുടെ മേലല്ല മോണ്ടലമ്പെർ ആരോപിച്ചതു്. കത്തോലിക്കരെക്കൂടി അദ്ദേഹം കുറപ്പെടുത്തി. മോണ്ടലമ്പെർ അവരോടു് ഇപ്രകാരം പറഞ്ഞു: "ബൂർബൺ രാജകുടുംബത്തിന്റെ ചിഹ്നമായ ലില്ലിപുഷ്പം നിങ്ങൾ ക്രൂശിതരൂപത്തിൽ ചേർത്തു വച്ചു. ഒരു ദൈവദോഷംകൊണ്ടു ജനങ്ങൾ ഈ ഐക്യത്തെ ചെറുത്തു".

എന്നുവരികിലും, സ്വാതന്ത്ര്യത്തെ ഉരുപയോഗിക്കുന്ന പ്രായം ഫ്രഞ്ചുപൗരന്മാർ തരണംചെയ്തുവെന്നു വിചാരിച്ചു, പതിനെട്ടുകൊല്ലവും കൂടി സ്വാതന്ത്ര്യത്തിനുവേണ്ടി മോണ്ടലമ്പെർ സമരം ചെയ്തു. 1848–ലെ വിപ്ലവം ഈ ചിന്താഗതിക്കും ഒരുമാതിവരുത്തി. തന്നിഷ്ടത്തെ മൂടിവെക്കുവാൻ കണ്ടുപിടിച്ചിരിക്കുന്ന ഒരു മൂടുപടമാണു സ്വാതന്ത്ര്യമെന്നു് അദ്ദേഹം വിചാരിച്ചു. സ്വാതന്ത്ര്യത്തിന്റെ പേരിൽ അങ്ങേഅറ്റത്തെ കടുംകൈകൾ ചെയ്യപ്പെട്ടുന്നതു് അദ്ദേഹം കണ്ടു. 1848–ൽ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയവരുടെ ഉദ്ദേശ്യം, എതിരാളികളുടെ സ്വാതന്ത്ര്യം ഇല്ലാതാക്കുകയെന്നതായിരുന്നു. 1848–ലെ വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിനു് ഒരു മാസം മുമ്പു്, സ്വിറ്റ്സർലൻറിലെ ആഭ്യന്തര സമരത്തെപ്പറ്റി ചെയ്ത ഒരു പ്രസംഗത്തിൽ, യഥാർത്ഥസ്വാതന്ത്ര്യവും സ്വാതന്ത്ര്യാഭാസവും തമ്മിലുള്ള അന്തരം, ഇപ്രകാരം അദ്ദേഹം വിശദീകരിക്കുകയുണ്ടായി: "സ്വാതന്ത്ര്യം യുക്തിയുക്തമായ സഹിഷ്ണുതയാണു്. സോഷ്യലിസത്തോടു് അടുത്തതും, ലിബറലിസമെന്നു് അവകാശപ്പെടുന്നതുമായ റാഡിക്കലിസം ഒട്ടും സഹിഷ്ണുത പ്രദർശിപ്പിക്കുന്നില്ല. സ്വാതന്ത്ര്യം, ആരിൽനിന്നും അസാധാരണമായ ത്യാഗങ്ങളും ആവശ്യപ്പെടുന്നില്ല. എന്നാൽ സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നു് അവകാശപ്പെടുന്ന റാഡിക്കലിസം സ്വാഭീഷ്ടത്തിനെതിരായ ഒരു വാക്കോ വിചാരമോ ഒരു പ്രാർത്ഥനപോലുമോ അനുവദിക്കുന്നില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സ്വാതന്ത്ര്യം ബഹുമാനിക്കുന്നു; റാഡിക്കലിസം അവയെ തല്ലിത്തകർക്കുന്നു. സ്വാതന്ത്ര്യം മനുഷ്യനെ ബഹുമാനിക്കുമ്പോൾ, റാഡിക്കലിസം

മനുഷ്യനെ അങ്ങേഅറ്റം പുച്ഛിക്കുന്നു. മോസ്കോയിലെ സേച്ഛാപ്രഭുക്കളോ പൗരസ്ത്യഭരണകർത്താക്കളോ സ്വസഹോദരരെ ഇപ്രകാരം നിന്ദിച്ചിട്ടില്ല; സ്വാതന്ത്ര്യത്തിന്റേയും സമത്വത്തിന്റേയും പേരിൽ നിലംപതിച്ചുകിടക്കുന്ന ശത്രുക്കളെ ഇങ്ങനെ ശ്വാസം മുട്ടിച്ചിട്ടില്ല".

ജനാധിപത്യത്തോട് മോണ്ടലമ്പെറിനു പ്രത്യേകതാല്പര്യമൊന്നുമുണ്ടായിരുന്നില്ല. സേച്ഛാധിപത്യത്തിലേക്കുള്ള ഒരു ചവിട്ടുപടിയായിട്ടാണ് അദ്ദേഹം ജനാധിപത്യത്തെ ഭാവനംചെയ്തത്. റൊബെസ് പീയേയുടേയും നെപ്പോളിയന്റേയും കാലത്തെ സ്ഥിതി അങ്ങനെയായിരുന്നു. നെപ്പോളിയൻ തൃതീയന്റെ കാലത്തും സ്ഥിതിഗതികൾക്ക് അന്തരമുണ്ടായില്ല. എന്നുവരുകിലും ജനാധിപത്യമായിരിക്കും ഭാവി ഭരണരീതിയെന്ന് അദ്ദേഹം മുൻകൂട്ടി കണ്ടു. അതിനാൽ ജനാധിപത്യത്തെ കത്തോലിക്കർ സ്വീകരിച്ച് ക്രൈസ്തവീകരിച്ചെടുക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. ജനാധിപത്യം സ്വതവേ തിന്മയല്ലാത്തതുകൊണ്ടും, മേലിൽ ആ ഭരണരീതി അനിവാര്യമാകുമെന്നതുകൊണ്ടും, ജനാധിപത്യത്തെ സ്വീകരിച്ച് പ്രായോഗികമാക്കുവാൻ കത്തോലിക്കർ ശ്രമിക്കണമെന്നു മോണ്ടലമ്പെർ ഉദ്ബോധിപ്പിച്ചു. അങ്ങനെ ചെയ്യാത്തപക്ഷം ജനാധിപത്യം ഒരു ഹിതപരിശോധനയായിത്തീരും. വോട്ടർമാരുടെ അംഗീകാരത്തോടുകൂടെ സേച്ഛാപ്രഭുക്കൾ ഭരണസാരഥ്യം വഹിക്കുകയും ചെയ്യും. ജനാധിപത്യം മനുഷ്യർ എന്ന നിലയിലുള്ള അവകാശങ്ങൾ ആക്കും നിഷേധിക്കാതിരിക്കുവാനും, പൊതുതാല്പര്യങ്ങൾക്ക് അവരെ അടിമപ്പെടുത്തി, റൂസോ പറയുന്ന തരത്തിൽ "സ്വതന്ത്രരായിരിക്കുവാൻ അവരെ നിർബ്ബന്ധിക്കാ"തിരിക്കുവാ

ന്നമായി തന്റെ പിൻഗാമികളോട് ജനാധിപത്യത്തിൽ ചേർന്നു പ്രവർത്തിക്കുവാൻ മോണ്ടലമ്പെർ ഉപദേശിച്ചു. ജനാധിപത്യം സ്വാതന്ത്ര്യത്തിന്റെ ശത്രുവാണെന്നു നമ്മൾക്കു മനസ്സിലാക്കുവാൻ സാധിക്കുകയില്ലെങ്കിലും, മോണ്ടലമ്പെറിന്റെ കാലത്തും ദേശത്തും അങ്ങനെ വിചാരിക്കുവാൻ മതിയായ ന്യായമുണ്ടായിരുന്നു.

കത്തോലിക്കർ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുന്നതിനൊപ്പററിയും, ജനാധിപത്യഭരണരീതി സ്വീകരിക്കുന്നതുസംബന്ധിച്ചും, സ്വാതന്ത്ര്യത്തെപ്പററിയും മോണ്ടലമ്പെർ നല്കിയ നിർദ്ദേശങ്ങൾ കത്തോലിക്കർ സ്വീകരിക്കയുണ്ടായില്ലെന്നു് അദ്ദേഹം ന്യായപൂർവ്വം ആവലാതിപ്പെട്ടു. 1848–നു ശേഷം തിരുസ്സഭയ്ക്ക് അനുകൂലമായ പല നിയമങ്ങളും പാസ്സാക്കിക്കുന്നതിനു മോണ്ടലമ്പെറിനു സാധിച്ചു. മോണ്ടലമ്പെർ രാഷ്ട്രീയരംഗത്തുനിന്നു മാറിയതിനുശേഷവും നെപ്പോളിയൻ തൃതീയൻ തിരുസ്സഭയ്ക്കു ചില അനുകൂല്യങ്ങൾ നല്കി. മോണ്ടലമ്പെറിന്റെ സ്വാധീനശക്തിയാലാണു് ഈ അനുകൂല്യങ്ങൾ നല്കുവാനിടയായതെന്നുള്ളതിനു പക്ഷാന്തരമില്ല. 1852–നു ശേഷം, കത്തോലിക്കർ നവസ്വേച്ഛാധിപതിയെ പിന്താങ്ങിക്കൊണ്ടുനിന്നു. സ്വാതന്ത്ര്യത്തേയും ഇംഗ്ലീഷു രാഷ്ട്രീയസമ്പ്രദായത്തേയും പററി മോണ്ടലമ്പെർ നല്കിയ നിർദ്ദേശങ്ങൾ അവർ വകവച്ചുമില്ല. മോണ്ടലമ്പെറിന്റെ മരണശേഷം, ഇരുപതുകൊല്ലവുംകൂടി കഴിഞ്ഞു്, ഈ പ്രഭുവിന്റെ അഭിപ്രായങ്ങൾതന്നെ പതിമൂന്നാം ലെയോ മാർപ്പാപ്പാ പ്രസ്താവിച്ചപ്പോഴും ഫ്രഞ്ചുകാരിൽ പലരും ആ അഭിപ്രായം ആദരിച്ചില്ല. ജനാധിപത്യഭരണത്തെ സ്വാഗതംചെയ്യുവാനാണു മാർപ്പാപ്പാ തിരു

മേനി ഉദ്ബോധിപ്പിച്ചതു്. മോണ്ടലമ്പെറിന്റെ അഭിപ്രായങ്ങൾ കത്തോലിക്കർ സ്വീകരിക്കാതിരുന്നതു ഫ്രാൻസിനും ഫ്രഞ്ചു് പൗരന്മാക്കും ഒരു തീരാനഷ്ടമായിത്തീർന്നു. പത്തൊമ്പതാം ശതാബ്ദത്തിന്റെ അവസാനത്തിൽ മാത്രമാണു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കത്തോലിക്കർ സമാദരിക്കുവാൻ തുടങ്ങിയതു്.

മോണ്ടലമ്പെറും സോഷ്യലിസവും

1848–ലെ വിപ്ലവം മോണ്ടലമ്പെറിന്റെ സമചിത്തതയെ ഭഞ്ജിച്ചു. ആരുംതന്നെ ഈ വിപ്ലവം പ്രതീക്ഷിച്ചിരുന്നില്ല. "കാരണംകൂടാതെയുള്ള ഒരു കാര്യം" എന്നാണു് ഈ വിപ്ലവത്തെപ്പറ്റി പറഞ്ഞിരുന്നതു്. ഫെബ്രുവരി മാസത്തിൽ, തികച്ചും അപ്രതീക്ഷിതമായി, വിപ്ലവം വന്നുചേർന്നു. ലൂയിഫിലിപ്പു രാജാവു ധൃതിയിൽ പലായനംചെയ്തു. വിവിധസമൂഹങ്ങൾ ഭരണാധികാരത്തിനുവേണ്ടി മത്സരിക്കുവാൻ തുടങ്ങി. ബ്ളാങ്കിയുടേയും ലൂയി ബ്ളാങ്കിന്റേയും നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ്കാരാണു മുന്നണിയിൽനിന്നു വീറോടെ മത്സരിച്ചതു്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതിത്തീർത്തതു് ആ മാസത്തിലാണെങ്കിലും അന്നത്തെ സോഷ്യലിസ്റ്റ്കാർ മാർക്സിനെപ്പറ്റി കേട്ടിരുന്നില്ല. എന്നുവരുകിലും മതവിദ്വേഷത്തിലും രാഷ്ട്രീയവ്യാമോഹങ്ങളിലും ഈ സോഷ്യലിസ്റ്റ്കാർ കാറൽ മാർക്സിന്റെ ഒട്ടും പിറകിലായിരുന്നില്ല. യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ വിരുദ്ധകോലമെന്നു മോണ്ടലമ്പെർ ആക്ഷേപിച്ചിരുന്ന റാഡിക്കലിസം മൂർത്തീകരിച്ചതായിരുന്നു ആ സോഷ്യലിസ്റ്റ് പരിഷ.

എന്തുത്യാഗം സഹിച്ചും അവസാനിപ്പിക്കേണ്ട ഒരു ശത്രുവാണു സോഷ്യലിസം എന്നു മോണ്ടലമ്പെറിനു പരമബോദ്ധ്യമായിരുന്നു. അതു് ഒരു മതംപോലെയാണു് അദ്ദേഹത്തിനു തോന്നിയതു്. "മനുഷ്യൻ താൻ തന്നെ ദൈവമാണെന്നു വിശ്വസിക്കുന്ന മതം". സഹിഷ്ണുതയില്ലാത്തതും കാപട്യം നിറഞ്ഞതും ക്രമരഹിതവും തനിനവ്യവുമായ സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും ന്യായമായ ഫലമാണതു്. താൻ കൊതിച്ചിരുന്ന കത്തോലിക്കാകക്ഷിയേയും സ്വാതന്ത്ര്യത്തേയുംകൂടി വേണ്ടിവന്നാൽ ബലിചെയ്യും നശിപ്പിക്കേണ്ട ഒരു ശത്രുവായി അദ്ദേഹം സോഷ്യലിസത്തെ ഭാവനംചെയ്തു. സ്വാതന്ത്ര്യപ്രേമികളും സകലരോടും, തന്റെ കത്തോലിക്കാഅനുഗാമികളോടും, സത്യമായ ജനാധിപത്യവാദികളും അഖിലരോടും, യോജിച്ചു സോഷ്യലിസത്തോടു സമരംചെയ്യുവാൻ മോണ്ടലമ്പെർ ആഹ്വാനംചെയ്തു. "രാജ്യസ്നേഹത്തോടും ആത്മാർത്ഥതയോടും ഉത്സാഹത്തോടുംകൂടെ നടത്തുവുന്ന ഒരു സമരമാണിതു്. നീതിയും ഭരണഘടനയും ഈ സമരത്തെ പിന്താങ്ങുന്നുണ്ടു്".

സോഷ്യലിസ്റ്റു് വോട്ടർമാരുടെ സംഖ്യാബലം കുറയ്ക്കുവാൻ ന്യായമായ ഒരു മാർഗ്ഗം തുറന്നു കിടന്നിരുന്നു. ഒരു സ്ഥലത്തു വോട്ടുചെയ്യണമെങ്കിൽ അവിടെ മൂന്നു കൊല്ലം സ്ഥിരമായി താമസിച്ചിരിക്കണമെന്ന വ്യവസ്ഥയടങ്ങിയ ബില്ലിനെ മോണ്ടലമ്പെർ അനുകൂലിച്ചു. ഇതുവഴി സോഷ്യലിസ്റ്റു് അനുഭാവികളായ മുപ്പതുലക്ഷംപേരുടെ വോട്ടു നഷ്ടപ്പെട്ടു. 1849-ൽ, പ്രസിദ്ധീകരണസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഒരു ബില്ലിനേയും മോണ്ടലമ്പെർ അനുകൂലിച്ചു. 1835-ൽ, അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗത്തിൽ, അങ്ങനെയൊരു ബില്ലിനെ അദ്ദേഹം എതിർത്തിട്ടുള്ളതാണു്;

എന്നാൽ 14 കൊല്ലത്തെ അനുഭവം അദ്ദേഹത്തിന്റെ അഭിപ്രായത്തിനു് അന്തരംവരുത്തിയിരുന്നു. സ്വാതന്ത്ര്യം ആത്മഹത്യചെയ്യാതിരിക്കുന്നതിനു് അതിനെ നിയന്ത്രിച്ചേ മതിയാവൂ എന്നു മോണ്ടലമ്പെറിനു ബോദ്ധ്യമായി. പരിപൂർണ്ണമായ സ്വാതന്ത്ര്യം തന്നിഷ്ടത്തിനു ലൈസൻസു് കൊടുക്കുകയും, യഥാർത്ഥസ്വാതന്ത്ര്യത്തെ നിഹനിക്കുകയുമാണു ചെയ്യുന്നതെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. ഇക്കാലത്താണു ദൈവവും സ്വാതന്ത്ര്യവും എന്ന മുദ്രാവാക്യം മാറ്റി, ദൈവവും സമുദായവും എന്ന മുദ്രാവാക്യം അദ്ദേഹം സ്വീകരിച്ചതു്. സ്വകാര്യഉടമ, കുടുംബം, മതം എന്നീ മൂന്നു സ്തംഭങ്ങളിലാണു ഭാവിയുടെ സുരക്ഷിതത്വം എന്നു മോണ്ടലമ്പെർ ഉറച്ചു വിശ്വസിച്ചിരുന്നു; എന്നാൽ സോഷ്യലിസം ഈ മൂന്നു സ്തംഭങ്ങളേയും തട്ടിമറിച്ചിടുവാനുള്ള പരിപാടിയുംകൊണ്ടാണു മുന്നേറിയിരുന്നതു്.

സോഷ്യലിസത്തിന്റെ ആഗമനത്തോടുകൂടി മോണ്ടലമ്പെർ കൂടുതൽ യാഥാസ്ഥിതികനായി. 1848–നു മുമ്പുണ്ടായിരുന്ന ഉൽപതിഷ്ണുക്കളായ ആശയങ്ങളം താനേ വഴിമാറിക്കൊടുത്തു. ഏകാംഗപ്രതിപക്ഷകക്ഷിയായി നിന്നു് എതിർക്കുന്നതിൽ കൗതുകം പ്രദർശിപ്പിച്ചിരുന്ന മോണ്ടലമ്പെർ ഒരു സോഷ്യലിസ്റ്റ്വിരുദ്ധമുന്നണിയുണ്ടാക്കുവാൻ കിണഞ്ഞു പരിശ്രമിച്ചുതുടങ്ങി. ഫ്രാൻസിലെ നിസ്തുലവാഗ്മിയായി വിരാജിച്ചിരുന്ന ഈ മനുഷ്യൻ ഒരു തികഞ്ഞ രാഷ്ട്രീയപ്രവർത്തകനായി. അന്നു നിയമസഭയിൽ വിജയമൊന്നും അദ്ദേഹം നേടിയിരുന്നില്ല; ഇന്നു ബില്ലുകളെ അനുകൂലിച്ച നല്ല നിയമങ്ങളം പലതും പാസാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ആദർശങ്ങൾക്കുവേണ്ടി വിജയം കാണാതെ സമരം ചെയ്തി

രുന്ന ഈ മനുഷ്യൻ, ഇന്നു് അനുസ്യൂതമായി പല വിജയങ്ങളും നേടി. വരുന്നവരോടെല്ലാം പോരാടിയിരുന്ന ഒരു യോദ്ധാവായിരുന്ന മോണ്ടലമ്പെർ അക്കാലങ്ങളിൽ; തന്റെ ലക്ഷ്യം പ്രാപിക്കുന്ന തികഞ്ഞ ഒരു രാഷ്ട്രതന്ത്രജ്ഞനായിത്തീർന്ന ഇന്നു് അദ്ദേഹം.

വിദ്യാഭ്യാസസ്വാതന്ത്ര്യനിയമം പാസ്സാക്കുവാൻ സാധിച്ചതാണു്. അദ്ദേഹത്തിന്റെ വലിയ നേട്ടം. ഇരുപതു വയസ്സു മുതൽ അതിനു പരിശ്രമിച്ചുകൊണ്ടിരുന്നതാണു്; പ്രഭുസഭയിൽ കയറിയ നാൾ മുതൽ അതിനുവേണ്ടി വാദം മുഴക്കിയിരുന്നതുമാണു്. മെത്രാന്മാരോടും കത്തോലിക്കാ അൽമേനികളോടും ചേർന്നു നടത്തിയ തീവ്രമായ പരിശ്രമംവഴിയാണു ഫാല്യൂവിന്റെ വിദ്യാഭ്യാസനിയമം പാസായതു്. ദീർഘകാലം തനിച്ചുനിന്നു മോണ്ടലമ്പെർ പടവെട്ടി; വിട്ടുവീഴ്ചയില്ലാത്ത ഒരു ക്രൂദ്ധയോദ്ധാവായി സമരംചെയ്തു. പക്ഷെ വിജയം വരിച്ചില്ല. ഇന്നു് അദ്ദേഹം പാകതവന്ന ഒരു രാജ്യതന്ത്രജ്ഞനായി. വിട്ടുവീഴ്ചകളും ഒത്തുതീർപ്പുകളുംചേർന്ന പല ബില്ലുകളും, ലൂയി ഫിലിപ്പു രാജാവിന്റെ കാലത്തു്, 1844–നു ശേഷം, അദ്ദേഹം എതിർക്കുകയുണ്ടായിട്ടുണ്ടു്. മെത്രാന്മാർക്കുടി ഒത്തുതീർപ്പിനു സമ്മതം പ്രകടിപ്പിക്കുവാൻ തുടങ്ങിയപ്പോൾ, പ്രത്യേകിച്ചു വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനുവേണ്ടി ഈശോസഭ നിറുത്തൽചെയ്യാമെന്നുവരെ സമ്മതിക്കുവാൻ സന്നദ്ധമായപ്പോൾ, മോണ്ടലമ്പെർ ക്രുദ്ധനായിരുന്നു.

ഫ്രാൻസിൽ ഈശോസഭയെ പിരിച്ചുവിട്ടു; എന്നാൽ അവർ ഫ്രാൻസിൽ തുടരുകതന്നെ ചെയ്തു. അങ്ങനെ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനു മാർഗ്ഗം തെളിഞ്ഞു. ഇതു് ഒരു വിജയമാണെന്നു മോണ്ടല

ന്മെർ കണ്ടു; എന്നാൽ വിജയലബ്ധിക്കു് ഉപയോഗിച്ച മാർഗ്ഗം ലജ്ജാവഹമായി അദ്ദേഹത്തിനു തോന്നി. ക്രൂത്തുയോദ്ധാക്കളുടെ സന്താനമാണു താനെന്നും, വോൾട്ടയറിന്റെ സന്താനങ്ങളുടെ മുമ്പിൽ താൻ പലായനം ചെയ്യുകയില്ലെന്നും അഭിമാനിച്ചിരുന്ന മോണ്ടലമ്പെറിനു്, ഈശോസഭയെ പരിച്ഛേദിച്ചു ലൂയി ഫിലിപ്പിന്റെ ഭരണത്തിനു മുൻപിൽ തലകുനിച്ചും വിജയം നേടുന്ന സമ്പ്രദായം അത്യധികം മനോവേദനയ്ക്കു കാരണമായി.

എന്നാൽ 1850-ൽ നിലപാടു മാറിയിരുന്നു വിട്ടുവീഴ്ചകൾ നല്കി ഒത്തുതീർപ്പുണ്ടാക്കുവാൻ മോണ്ടലമ്പെർ സന്നദ്ധനായി. വിദ്യാഭ്യാസനിയമംതന്നെ ഒരു വിട്ടുവീഴ്ചയായിരുന്നു. ഫ്രാൻസിലെ ആ നിയമത്തെ ചില ചരിത്രകാരന്മാർ വിളിക്കുന്നതു സ്വതന്ത്രകലാശാലയും തിരുസ്സഭയും തമ്മിലുണ്ടായ ഒരു കൺകോർദത്തെന്നാണു്. ഫ്രഞ്ചുവിദ്യാലയങ്ങൾക്കുള്ള പാഠ്യപദ്ധതി നിശ്ചയിക്കുന്നതിൽ മെത്രാന്മാർക്കും ചില അവകാശങ്ങൾ ലഭിച്ചു. ചില നിശ്ചിതവ്യവസ്ഥകൾ പാലിക്കുന്നപക്ഷം സ്വകാര്യവിദ്യാലയങ്ങൾ ആരംഭിക്കാമെന്നായി. സർക്കാർസ്കൂളുകളിൽ വൈദികർക്കും പഠിപ്പിക്കുവാൻ അവകാശം സിദ്ധിച്ചു. അങ്ങനെ സർക്കാർസ്കൂളുകളോടൊപ്പം സ്വകാര്യവിദ്യാലയങ്ങളും സ്ഥാപിക്കുവാൻ തടസ്സമില്ലാതായി. സർക്കാർസ്കൂളുകളിൽനിന്നു ജയിക്കുന്ന വിദ്യാർത്ഥികൾക്കുള്ള അവകാശങ്ങളെല്ലാം സ്വകാര്യവിദ്യാലയങ്ങളിൽനിന്നു ജയിക്കുന്ന വിദ്യാർത്ഥികൾക്കും അനുവദിക്കപ്പെട്ടു.

ഫാല്ലൂവിന്റെ നിയമം, ഒരു ഒത്തുതീർപ്പെന്ന നിലയിൽ, ആരേയും സംതൃപ്തിപ്പെടുത്തിയില്ല.

കത്തോലിക്കരിൽ ചിലർ മോണ്ടലമ്പെറിന്റെ സ്വാതന്ത്ര്യാഭിലാഷത്തെയും "റാഡിക്കലിസ"ത്തെയും അധിക്ഷേപിച്ചു. ഈ വിജയംകൊണ്ടു മോണ്ടലമ്പെറിന് ഒരു കക്ഷിയില്ലാതായി; അദ്ദേഹം അനുഗാമികളില്ലാത്ത നേതാവായി. തീക്ഷ്ണരായ കത്തോലിക്കർക്കു വിദ്യാഭ്യാസനിയമം അപര്യാപ്തമായിത്തോന്നി. പേശനിസത്തോടുള്ള ലജ്ജാവഹമായ ഒരു ഒത്തുതീർപ്പെന്നാണു് യൂനിവേഴ്സു് പത്രാധിപരായ ലൂയി വോയിലോയും കൂട്ടുകാരും അഭിപ്രായപ്പെട്ടതു്. ലിബറൽവാദികൾ വിചാരിച്ചു വിദ്യാഭ്യാസനിയമം തിരുസ്സഭയ്ക്കു് അതിരറ്റ അധികാരം നല്കിയെന്നു്. ബൂർബൺരാജകുടുംബത്തിന്റെ പുനരുദ്ധാരണത്തിനുള്ള ഒന്നാമത്തെ ചവിട്ടുപടിയായിട്ടാണു് അവർ ആ നിയമത്തെ വീക്ഷിച്ചതു്. ഒരു വിധത്തിൽ അവരുടെ അഭിപ്രായം ശരിയായിരുന്നു; കാരണം വോയിലോപ്പട്ടതികൾക്കു നിലവിലിരുന്ന രാഷ്ട്രീയക്രമം ഇഷ്ടപ്പെട്ടിരുന്നില്ല.

മോണ്ടലമ്പെറിനു പറ്റിയ ഒരബദ്ധം

സോഷ്യലിസത്തോടു മോണ്ടലമ്പെറിനുണ്ടായിരുന്ന ഭയം, അദ്ദേഹത്തെ വലിയ ഒരു അബദ്ധത്തിൽ കൊണ്ടുപോയി ചാടിച്ചു. 1922-ൽ ഇറ്റലിയിലും, 1933-ൽ ജർമ്മനിയിലും ഇതേ തെറ്റുതന്നെ പല കത്തോലിക്കരും വരുത്തുകയുണ്ടായി. ആധുനികകാലത്തു പല കത്തോലിക്കർക്കും ഈ അബദ്ധം പിണയുന്നുണ്ടു്. 1852-ൽ ഒരു സ്വേച്ഛാധിപതി അധികാരത്തിലേറുവാൻ ഇടയായതു മോണ്ടലമ്പെറിന്റെ അബദ്ധത്താലാണു്. മോണ്ടലമ്പെർ ഒരു ചിന്തകനെന്നതിനേക്കാൾ കൂടുതൽ ഒരു വാഗ്മിയായിരുന്നതുകൊണ്ടാണു് ഈ അബദ്ധം സംഭവിച്ചതു്. എല്ലാം

അദ്ദേഹം ഇരുണ്ടും വെളുത്തുമാണ ദർശിച്ചതു്; മഴവി ല്ലിലെ മറവ വർണ്ണങ്ങളം അദ്ദേഹം കണ്ടില്ല. 1851–ൽ ഫ്രഞ്ചുജനതയെ അഭിമുഖീകരിച്ചിരുന്ന പ്രശ്നത്തെ അദ്ദേഹം വളരെ ലഘൂകരിച്ചു കാണിച്ചു: നെപ്പോ ളിയൻരുതീയനെ വേണമോ, സോഷ്യലിസം വേണമോ എന്നു്. മൂന്നാമതൊരു മാർഗ്ഗമുള്ളതായി അദ്ദേഹത്തിനു് അന്നു തോന്നിയില്ല. തമ്മിൽ ഭേദം നെപ്പോളിയനെ സ്വീകരിക്കുന്നതാണെന്നു് അദ്ദേഹം വിചാരിച്ചു. ഈ തിരഞ്ഞെടുപ്പു ഭീമമായ ഒരബ ദ്ധമായിപ്പോയെന്നു താമസിയാതെ അദ്ദേഹം മന സ്സിലാക്കുകയും ആ നിലപാടു് ഉപേക്ഷിക്കുകയും ചെയ്തു.

1851 ഡിസമ്പർ 1–ാംനു-, ഫ്രഞ്ചു റിപ്പബ്ളി ക്കിന്റെ പ്രസിഡൻറായ ലൂയി നെപ്പോളിയൻ, അന്നത്തെ നിയമസഭ പിരിച്ചുവിട്ടു. മോണ്ടലമ്പെർ അതിലെ ഒരംഗമായിരുന്നു. പ്രായപൂർത്തിവോട്ടി ന്മേൽ ഒരു ഹിതപരിശോധനനടത്തി, ഒരു ഭരണ ഘടനയുണ്ടാക്കുവാൻ ഫ്രഞ്ചു ജനതയോടു് അനുവാദ മാവശ്യപ്പെടുന്നതാണെന്നുകൂടി നെപ്പോളിയൻ പ്രഖ്യാപിച്ചു. പുതിയ ഭരണംഘടന ഏഴുതിയുണ്ടാക്കു വാൻ പ്രസിഡൻറിനെ സഹായിക്കുന്നതിനു് ഒരു കമ്മീഷൻ നിയമിതമായി. മോണ്ടലമ്പെർ അതിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ആ കമ്മീ ഷൻ ഒരിക്കലെങ്കിലും സമ്മേളിക്കുകയുണ്ടായില്ല. ഫ്രഞ്ചുകത്തോലിക്കർ എന്തുചെയ്യണമെന്നു് അറി യാതെ കുഴങ്ങി. അവർ വോട്ടിൽ പങ്കെടുക്കണമോ, അതോ വരാൻപോകുന്ന കലഹത്തിനു രാജ്യത്തെ വിട്ടുകൊടുക്കണമോ എന്നതായിരുന്നു പ്രശ്നം. അവർ മോണ്ടലമ്പെറിന്റെ അഭിപ്രായം ആരാഞ്ഞു. പലരും അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചതിനാൽ,

പരസ്യമായ ഒരു കത്തുവഴി അദ്ദേഹം തന്റെ അഭിപ്രായം രേഖപ്പെടുത്തി.

അദ്ദേഹം ഇപ്രകാരമെഴുതി: "ഡിസമ്പർ 2–ാംനു-യിലെ പ്രസിഡന്റിന്റെ പ്രവൃത്തിവഴി എല്ലാ വിപ്ലവകാരികളും, സോഷ്യലിസ്റ്റുകാരും, ഫ്രാൻസിലെ എന്നുവേണ്ട യൂറോപ്പിലെ സകല കൊള്ളക്കാരും പലായനംചെയ്തിരിക്കയാണെന്നും, നല്ല മനുഷ്യർക്കെല്ലാം ആനന്ദിക്കുവാൻ ഇതു മതിയായ ന്യായമാണെന്നും ഞാൻ പ്രഖ്യാപനംചെയ്യുന്നു.....വോട്ടർമാർക്കു മുന്നു കാര്യമാണു ചെയ്യാവുന്നതു്: "ലൂയി നെപ്പോളിയനു് എതിരായി വോട്ടുചെയ്യാം; അല്ലെങ്കിൽ വോട്ടു ചെയ്യാതിരിക്കാം; അതുമല്ലെങ്കിൽ അദ്ദേഹത്തെ അനുകൂലിച്ചു് വോട്ടുചെയ്യാം." "ലൂയി നെപ്പോളിയനു് എതിരായി വോട്ടുചെയ്യുകയാണെങ്കിൽ അതു സോഷ്യലിസ്റ്റു വിപ്ലവത്തിനു വളംവച്ചുകൊടുക്കുകയായിരിക്കും. നിലവിലിരിക്കുന്ന ഗവമ്മെൻറിനു പകരം ഭരണം ഏറെറടുക്കുവാൻ തല്ക്കാലം അവർ മാത്രമേയുള്ളു." വോട്ടുചെയ്യാതിരിക്കുന്നതു നല്ല മനുഷ്യർക്കു യോജിച്ചതല്ല; കാരണം എല്ലാവരും വോട്ടുചെയ്യുവാൻ കടപ്പെട്ടിട്ടുണ്ടെന്നായിരുന്നു മോണ്ടലമ്പെറിന്റെ അഭിപ്രായം.

അവശേഷിച്ചിരിക്കുന്നതു ലൂയി നെപ്പോളിയനെ അനുകൂലിക്കുകയെന്ന നിലപാടാണു്. പ്രസ്തുതകത്തിൽ ലൂയി നെപ്പോളിയൻ ചെയ്തിട്ടുള്ളതു് എല്ലാം താൻ അംഗീകരിക്കുന്നില്ലെന്നു മൂണ്ടിക്കാണിച്ചിരുന്നു. മാത്രമല്ല, ലൂയിയുടെ ഗവമ്മെൻറു് ആദർശപരമാണെന്നു വ്യഞ്ജിപ്പിക്കുകപോലും ചെയ്തിരുന്നില്ല. തന്റേടവും ദൃഢനിശ്ചയവുമുള്ള ഈ രാജാവിനെ, കൊള്ളയും കൊലപാതകവും പരിപാടിയാക്കിയി

രിക്കുന്ന സോഷ്യലിസ്റ്റുകാരേക്കാൾ ഭേദമായി കരുതുന്നുവെന്നുമാത്രമേ തന്റെ വോട്ടിനു് അർത്ഥമുള്ളൂ എന്നു് അദ്ദേഹം വ്യക്തമാക്കി. ആ കത്തു് ഇങ്ങനെ സമാപിച്ചിരിക്കുന്നു: "ഞാൻ എന്റെ തീരുമാനമെടുത്തുകഴിഞ്ഞിരിക്കുന്നു. വിപ്ലവത്തിനെതിരായി അധികാരത്തേയും, നശീകരണത്തിനെതിരായി രക്ഷണത്തേയും, സോഷ്യലിസത്തിനെതിരായി സമൂഹായത്തേയും, തിന്മയ്ക്കു സുനിശ്ചിതമായ സ്വതന്ത്രവിളയാട്ടത്തിനെതിരായി നന്മയ്ക്കു കൈവന്നേക്കാവുന്ന സ്വാതന്ത്ര്യത്തേയും, ഞാൻ ഇഷ്ടപ്പെടുന്നു. ലോകത്തെ രണ്ടായി വിഭജിക്കുന്ന രണ്ടു ശക്തികൾ തമ്മിലുള്ള ഭയങ്കരമത്സരത്തിൽ ഇപ്രകാരം ഞാൻ വർത്തിക്കുമ്പോൾ, വിപ്ലവത്തിനെതിരായി കത്തോലിക്കാതിരുസ്സഭയുടെ പക്ഷത്തു പണ്ടു മുതല്ക്കുന്നതുപോലെ ഇപ്പോഴും ഞാൻ നില്ക്കുകയാണെന്നു വിശ്വസിക്കുന്നു."

മോണ്ടലമ്പെറിന്റെ ഈ തീരുമാനം ശരിയാണോ തെറ്റാണോ എന്നു നമുക്കു വിധിക്കുവാൻ വഹിയാ. പുതിയ ഭരണഘടനയുണ്ടാക്കുവാൻ ജനങ്ങൾ വോട്ടുചെയ്തില്ലെങ്കിൽ ഫ്രാൻസിനു് എന്തു സംഭവിക്കുമായിരുന്നുവെന്നു നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ ഒന്നു തീർത്തുപറയാം. ഈ വോട്ടവഴി നെപ്പോളിയൻ ഒരു ചക്രവർത്തിയാകുവാൻ കളമൊരുക്കുകയായിരിക്കുമെന്നു മോണ്ടലമ്പെർ വിചാരിച്ചിരുന്നില്ല. നല്ല ആദർശങ്ങളും നിഷ്ഠയുമുള്ള ഒരാളായിട്ടാണു മോണ്ടലമ്പെർ അദ്ദേഹത്തെ കരുതിപ്പോന്നിരുന്നതു്. എന്നുവരുകിലും മോണ്ടലമ്പെർ വലിയ ഒരബദ്ധമാണു ചെയ്തതു്. അധികം താമസിയാതെ അദ്ദേഹം അതു മനസ്സിലാക്കി. ഭരണഘടനാകമ്മീഷനിൽനിന്നു് ഒരു മാസം കഴിയുന്നതിനുമുമ്പു് അദ്ദേഹം പിന്മാറിയെന്നു മാത്രമല്ല, ഭരണഘടന പ്രസി

ദ്ധംചെയ്യുമ്പോൾ അതിനെ കഠിനമായി വിമർശിക്കുകയും ചെയ്തു. നിയമസഭയിലിരുന്നു നെപ്പോളിയന്റെ ഭരണത്തെ അദ്ദേഹം തുടർച്ചയായി അധിക്ഷേപിച്ചുകൊണ്ടിരുന്നു. നവസേച്ഛാധിപത്യത്തിനെതിരായി അദ്ദേഹത്തിന്റെ സ്വരം മാത്രമാണു് ഉയർന്നുവന്നതു്.

1857–ൽ മോണ്ടലമ്പെറിന്റെ രാഷ്ട്രീയ ജീവിതത്തിനു വിരാമംവന്നു. ഗവമ്മെൻറിനെ വിമർശിച്ചുകൊണ്ടിരുന്നതുതന്നെയാണു് അതിനുള്ള കാരണം. അക്കൊല്ലം ഗവമ്മെൻറിന്റെ ഔദ്യോഗിക സ്ഥാനാർത്ഥി അദ്ദേഹത്തെ പരാജയപ്പെടുത്തി. ഈ പരാജയം അദ്ദേഹത്തിന്റെ മനസ്സിനു ദുഃഖകാരണമായി. ചില കത്തോലിക്കാസംഘടനകളും തന്റെ ഡിസ്ട്രിക്ടിലെ വൈദികരുമായിരുന്നു ഈ പരാജയത്തിനു കാരണം. ഒരു സ്നേഹിതനു് അദ്ദേഹം ഇപ്രകാരമെഴുതി: "ഇരുപത്തിയാറുകൊല്ലത്തെ രാഷ്ട്രീയ ജീവിതത്തിനുശേഷം, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഞാൻ വലിച്ചു ദൂരെ എറിയപ്പെട്ടിരിക്കുന്നതു പത്രങ്ങളിൽനിന്നു താങ്കൾ മനസ്സിലാക്കിയിരിക്കുമല്ലോ. പ്രായമായതിനുശേഷം എന്റെ മാതൃരാജ്യത്തിലെ നിയമസഭയിൽ വോട്ടുചെയ്യുവാനുള്ള അവകാശം ആദ്യമായിട്ടാണു് എനിക്കു നഷ്ടപ്പെടുന്നതു്. ഇതു ഫ്രഞ്ചു വൈദികർ വഴിയാണു സംഭവിച്ചതെന്നു മനസ്സിലാക്കണം. അവരിൽ പകുതിപ്പേർ എനിക്കെതിരായി വോട്ടുചെയ്തു; ശേഷംപേർ വോട്ടുചെയ്യാൻ വന്നതേയില്ല. ലൂയി വോയിലോ പ്രസിദ്ധംചെയ്യുന്ന യൂനിവേഴ്സു് എന്ന കത്തോലിക്കാപത്രം ഏഴുകൊല്ലം തുടർച്ചയായി പ്രസിദ്ധംചെയ്ത ഏഷണികളും നിമിത്തമാണു് ഇതു സംഭവിച്ചതു്." ക്ഷതഹൃദയനായ ഒരു മനുഷ്യന്റെ വാക്കുകളാണിവയെന്നു സ്പഷ്ടമാണല്ലോ.

ഉപസംഹാരം

പതിമൂന്നുകൊല്ലവുംകൂടി മോണ്ടലമ്പെർ ജീവിച്ചു. നല്ല ഒരു ഫ്രഞ്ചുപ്രഭുവിന്റെ ജീവിതമായിരുന്നു അതു്. "പാശ്ചാത്യസന്ന്യാസികൾ" എന്ന ബൃഹത് ഗ്രന്ഥമെഴുതിയതു് അക്കാലത്താണു്. കത്തോലിക്കാ യുവസ്നേഹിതന്മാരെ ഉപദേശിച്ചുകൊണ്ടും, യൂറോപ്പിലെ കത്തോലിക്കാനേതാക്കന്മാരുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടും അദ്ദേഹം കാലംകഴിച്ചു. 1850 വരെ മോണ്ടലമ്പെറിന്റെ അഭിപ്രായങ്ങൾ ഫ്രഞ്ചു രാഷ്ട്രീയജീവിതത്തിനു് ആകൃതിയും പ്രകൃതിയും നല്കി. അതിനുശേഷം "പഴയ കത്തോലിക്കാ"പാരമ്പര്യത്തെ മുറുകെപ്പിടിച്ചുകൊണ്ടിരുന്ന ഒരു യുവഗണം ഉയർന്നുവന്നു. അവർ ആധുനികസമുദായത്തോടു് ഒരുവിധത്തിലുള്ള ഒത്തുതീർപ്പിനും തയ്യാറില്ലായിരുന്നു. ഈശ്വരനും സ്വാതന്ത്ര്യവും തമ്മിൽ ഒരു സന്ധിയുണ്ടാക്കുവാനുള്ള മോണ്ടലമ്പെറിന്റെ അഭിപ്രായത്തിനു കടകവിരുദ്ധമായിരുന്നു അവരുടെ നിലപാടു്. മോണ്ടലമ്പെർ തന്റെ കാലത്തിനു മുന്നേറി ചിന്തിച്ചു; അതിനാൽ സമകാലികർ അദ്ദേഹത്തെ പഴിക്കുകയാണു ചെയ്തതു്.

അദ്ദേഹത്തിന്റെ മരണം കഴിഞ്ഞു് എട്ടാംവത്സരം ഒരു മഹാൻ റോമാസിംഹാസനത്തെ ആരോഹണംചെയ്തു—പതിമൂന്നാംലെയോ മാർപ്പാപ്പാ. അപകടമായ സാഹചര്യങ്ങളിൽ അയോഗ്യമായ സമയത്തു മോണ്ടലമ്പെർപ്രഭു നടപ്പിലാക്കുവാൻ ഉദ്ദേശിച്ച സംഗതികൾ, അതുല്യമായ അധികാരസമന്വിതം ലെയോ മാർപ്പാപ്പാ പ്രായോഗികമാക്കി. മോണ്ടലമ്പെറിന്റെ പരിപാടികൾ പ്രവൃത്തിയിൽ വരുത്തുവാൻ മാത്രം ഫ്രഞ്ചു കത്തോലിക്കാസഭ അന്നു

ശക്തി പ്രാപിച്ചിരുന്നില്ല. എന്നുമാത്രമല്ല വളരെ നല്ലകാര്യങ്ങളോടുകൂടെ കലർന്നിരുന്ന ചെറിയ അബദ്ധങ്ങളും ചൂഴിഞ്ഞുമാറുവാൻ സമയവും സാവകാശവും ആവശ്യവുമായിരുന്നു. 1914-ലേക്ക് ഈ പരിശോധനകളെല്ലാം കഴിഞ്ഞു. അങ്ങനെ മോണ്ടലമ്പെറിന്റെ പരിപാടികളും ഈ ഇരുപതാംശതാബ്ദത്തിൽ നടപ്പിൽ വന്നുകൊണ്ടിരിക്കയാണു്.

മോണ്ടലമ്പെർ ഒരു വിനീതഹൃദയനായിരുന്നതിനാൽ, വാർദ്ധക്യത്തിൽ അദ്ദേഹം വിരസനായിത്തീർന്നില്ല. തിരുസ്സഭയോടുള്ള അദ്ദേഹത്തിന്റെ ഭക്തി ആത്മാർത്ഥവും തൃപ്തിസമ്പുഷ്ടവുമായിത്തന്നെ നിന്നു. സമ്പത്തും പ്രഭുത്വവും പ്രതിഭയും സ്വാധീനതയും ഉണ്ടായിരുന്ന മോണ്ടലമ്പെർ പ്രഭുവിനു്; അവയെല്ലാം തിരുസ്സഭയും ആധുനികസ്വതന്ത്രസമുദായവും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനുള്ള തന്റെ കുരിശുയുദ്ധത്തിനായി അദ്ദേഹം വിനിയോഗിച്ചു. ഈ ലക്ഷ്യം മോണ്ടലമ്പെറിനു തനിച്ചു പ്രാപിക്കുവാൻ കഴിഞ്ഞില്ല; എന്നാൽ അനന്തരകാലത്തു് ഇതരർ ആ ഉദ്ദേശ്യസിദ്ധിയുടെ ഉദയം കണ്ടു. അവരുടെ വിജയത്തിനെല്ലാം ആവശ്യമായിരുന്ന പ്രാരംഭവേലകൾ ചെയ്തതു മോണ്ടലമ്പെർതന്നെയാണു്. വിജയമാകട്ടെ, പരാജയമാകട്ടെ, ആ കുരിശുയുദ്ധങ്ങളിൽ, ശ്രേഷ്ഠമായ നിരാശതകളുടേയും പ്രതീക്ഷാഭംഗങ്ങളുടേയും മദ്ധ്യേ, ഉൽകൃഷ്ടമായ ഒരു മനസ്സും നിർമ്മലമായ ഒരു ഹൃദയവും അദ്ദേഹത്തിൽ തിളങ്ങിനിന്നു. പരേതനായ ഫാദർ കോറിൽസന്റെ വാക്കുകളിൽ പറയുകയാണെങ്കിൽ, "ഏതു തലമുറയിലെ അൽമേനികൾക്കും മോണ്ടലമ്പെർ ഒരു വിശിഷ്ടമാതൃകയായിരിക്കുന്നു".

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

വാർഷിക വരിസംഖ്യ	18 രൂപാ
ആയുഷ്കാല വരിസംഖ്യ	200 രൂപാ

എല്ലാ മാസവും ഇതുപോലെ
ഒരു ഗ്രന്ഥം നിങ്ങളുടെ മുമ്പിൽ

ക്ലബ്ബ് ഇതാ നാലാം വയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു

1. കമ്മ്യോഗി
2. ആധുനിക നേതാക്കൾ (ഒന്നാം ഭാഗം)

എന്ന രണ്ടു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു.
ഇതു് ഇക്കൊല്ലത്തെ മൂന്നാം പുസ്തകമാണു്.

1956–ൽ ഇനി 9 പുസ്തകങ്ങൾ
വരിസംഖ്യ 18 രൂപാ മാത്രം.

വരിസംഖ്യ (അഞ്ചുവർഷത്തെയെങ്കിലും)
മുൻകൂർ അടയ്ക്കാതെ പുസ്തകം അയക്കുന്നതല്ല.

മുൻ പ്രസിദ്ധീകരണങ്ങൾ

പ്രഥമവർഷം

1. ആത്മാർപ്പണം
2. അമൂല്യനിമിഷങ്ങൾ
3. വള്ളത്തോൾ കണ്ട റഷ്യ
4. ഏഴകളുടെ തോഴർ (മൂന്നാം പതിപ്പ്)
5. സൗന്ദര്യപൂജ
6. മിൻസെന്തി
7. അണ്ടർഗ്രൗണ്ട്
8. സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ (ഒന്നാം ഭാഗം)
9. സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ (രണ്ടാം ഭാഗം)

ദ്വിതീയവർഷം

10. വില്ലാർവട്ടം
11. വിപ്ലവച്ചൂഴിയിൽ
12. റൂസ്വെൽറ്റ്
13. ഇതാണ് എന്റെ കഥ
14. സുകൃതിയായ വികൃതി
15. എന്റെ ത്രിവിധ ജീവിതം I
16. എന്റെ ത്രിവിധ ജീവിതം II
17. ബാലനഗരം
18. പതിമൂന്നു ചെറുകഥകൾ
19. ഐസനോവർ
20. കുരിശും കൊട്ടങ്കാറും

തൃതീയവർഷം

21. അത്ഭുതങ്ങളുടെ മദ്ധ്യേ
22. അന്തർദ്ദേശീയ കമ്മ്യൂണിസം
23. ലോകയാത്രാസ്മരണകൾ I
24. ലോകയാത്രാസ്മരണകൾ II
25. രജതചഷകം I
26. രജതചഷകം II
27. സോവ്യറ്റ് ജയിലറകളിൽ
28. രജതചഷകം III
29. രജതചഷകം IV
30. രക്തചിന
31. ഭാരത് സേവക്
32. ബ്രഹ്മചര്യവും യുവാക്കളും

ടിസറാങ് ഗ്രന്ഥാവലി

1.	ഏഴകളുടെ തോഴർ	0—8—0
2.	തൊഴിലാളികളുടെ മണിക്കൂർ	0—4—0
3.	മോസ്കോ കത്തുകൾ	0—8—0

ആവശ്യപ്പെടുക:—

സിക്രട്ടറി

പ്രതിമാസഗ്രന്ഥക്ലബ്ബ്,

ചിറ്റൂർ റോഡ്, എറണാകുളം.

A Book of Daily Meditations

First published by Bruce & Co. under the title 'Meditations for every day' is now available as an Indian Edition under the title

"GOD'S WAYS WITH MEN"

(In two volumes)

"To the busy pastor they should prove a priceless treasure, to the cloistered nun they will open vistas ever new for her flight of soul, to the Christian father and mother they can be an aid to turn their home into a vestibule of heaven."

Vol. I PP. 476. **Vol. II PP. 470.**

Each vol. Rs. 8 only
Both vols, together Rs. 15 only
Postage extra

ORDER TO

BOOK-A-MONTH CLUB, ERNAKULAM.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
20 NOV 93		
26 NOV 02		

DC Library
00003924
LR M92

ആധുനികനേതാക്കന്മാർ - 2

1. ഫ്രഡറിക്ക് ഒസ്സാനാം
2. ഡൊണോസോ കോർട്ടേസ്സ്
3. ചാർലസ്സ് മൊണ്ടാലംബർ
4. ജോസഫ് ഗോരെസ്സ്

(തുടരും)

ഈ മഹാന്മാരുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനു ഒന്നാം ഭാഗത്തിൽ ചേർത്തിരുന്ന രാഷ്ട്രീയ സമീപനം, സാമുദായിക സമീപനം, മാനസിക പ്രവർത്തനം, എന്നാ മൂന്നു ലേഖനങ്ങൾകൂടി വായിച്ചിരിക്കേണ്ടതാണു്. ഒന്നാം ഭാഗത്തിൽ, ഒക്കോണൽ, ഷെറിക്കൊ, ഡമസ്റ്റർ, ഇവരുടെ ജീവചരിത്രങ്ങളും കൊടുത്തിട്ടുണ്ടു്.

I. S. PRESS, ERNAKULAM-1